വാല്യം – 7 ലക്കം – 1

# ക്ഷാത്രസ്പന്ദനം

## ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

ജനുവരി 2021 1196 മകരം








കോഴിക്കോട് SBI കോളനി റോഡ് 'നവമി' യിൽ ഡോ. സി.കെ. യാമിനി വർമ്മയുടെയും ഡോ. പി.സി. നന്ദകുമാറിന്റെയും പുത്രി **ദേബശ്രീ വർമ്മ**യും ശ്രീമതി ആർ. ശോഭാ വർമ്മ (രാമർ കോവിലകം, എളങ്കുന്നപ്പുഴ)യുടെയും ശ്രീ. വി.കെ. ഉദയന്റെയും (വലവൂർ കിഴക്കേക്കര കോവിലകം, പഴയന്നൂർ) പുത്രൻ **അജയ് വർമ്മ**യും തമ്മിലുള്ള വിവാഹം 2020 നവംബർ 25 ബുധനാഴ്ച കൊച്ചി മരട് BTH സരോവര'ത്തിൽ വെച്ച് സമംഗളം നടന്നു.







Kshatraspandanam
Quarterly News Magazine of
Kshatriya Kshema Sabha
JANUARY 2021
M.E.1196 Makaram
Volume 7 Issue 1

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ
ത്രൈമാസ വാർത്താപത്രിക
ജനുവരി 2021
1196 മകരം
വാല്യം 7 ലക്കം 1

**ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ**
**(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)**



# വിഷയവിവരം

**REACT** 4,10,11
**പത്രാധിപക്കുറിപ്പ്** 5
**പ്രസിഡന്റിന്റെ കത്ത്** 7
**കേന്ദ്രസഭാ വാർത്തകൾ** 8
**ജ്ഞാനോദയം** 9
രഘുവർമ്മ പി.കെ.
**ഭക്തി സാഗരത്തിലെ അക്ഷരപൂജ** 12
**നന്മ നിറഞ്ഞോരമ്മ** 14
കെ.എൽ. ശ്രീകൃഷ്ണദാസ്
**അനശ്വരനായ മഹാകവി പന്തളം കേരളവർമ്മ** 17
പി. ജി. ശശികുമാർ വർമ്മ
**ഡീഗോ അർമാൻഡോ മറഡോണ** 19
കെ.എൻ.എസ്. വർമ്മ
**യഃ പശ്യതി സ പശ്യതിഃ** 21
കെ.സി. രാമവർമ്മ രാജ
**അക്ഷരമുറ്റത്ത് വീണ്ടും** 22
സുധീർ ചെറുതാഴം
**വിഷ്ണുരാതൻ** 23
ചന്ദ്രാവലി തമ്പുരാൻ
**Happiness** 25
അശ്വതി ലക്ഷ്മി വർമ്മ
**നരസിംഹ മൂർത്തി വിവിധ രൂപങ്ങളിലും ഭാവങ്ങളിലും** 26
ഗായത്രി വർമ്മ
**കവി സിദ്ധി വരുത്തുന്ന അക്ഷരശ്ലോകം.** 28
വേലൂർ പരമേശ്വരൻ നമ്പൂതിരി
**സപ്തപദി** 29
താരാശങ്കർ ബന്ദ്യോപാധ്യായ (വിവ. കെ. സി.എം. രാജ)
**തുടക്കം** 32
ആദിത്യവർമ്മ ടി. എൻ

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി:* റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ
*എക്സ് ഒഫീഷ്യോ അംഗങ്ങൾ :* പ്രസിഡന്റ്/ജനറൽ സെക്രട്ടറി/ട്രഷറർ: *ക്ഷത്രിയക്ഷേമസഭ*

**വാരണാസി യാത്ര അഥവാ....** 33
ശ്രീദേവി വർമ്മ
**അനന്തം അജ്ഞാതം അപാരം** 36
ഹൈമവതി വർമ്മ
**മാടായിക്കാവിലമ്മ** 45
ഡോ. സി.കെ. അശോകവർമ്മ
**പ്രഭാതഭേരി** 48
സുലേഖ വർമ്മ
**Kottaram Sri. Krishna Swamy** 49
ഇ. രാമവർമ്മ രാജ
**The Sky Stands Still...** 50
രോഷ്നി വർമ്മ
**കോയിയ്ക്കലിൽ നിന്നുമൊരു ക്രോസ്ബെൽറ്റുകാരൻ** 51
റ്റി.ആർ. രാമവർമ്മരാജ
**ഭക്തിയും വിഭക്തിയും** 54
പി.കെ. നന്ദനവർമ്മ
**ധനവും ഭാഗ്യവും** 55
ധനഞ്ജയ വർമ്മ
**Snow Flakes** 56
അനശ്വര വർമ്മ
**നെപ്പോളിയന്റെ നാട്ടിൽ** 57
ശ്രീപ്രസാദ് വടക്കേപ്പാട്ട്
**ഭീമന് ദ്രൗപദി കൊടുത്തയച്ച പാഥേയം** 60
കെ. ഗോദവർമ്മ
**അനന്തപദ്മനാഭൻ** 63
യു. അപർണ്ണ മുള്ളത്ത്
**നവോത്ഥാനം** 64
രാധിക വർമ്മ
**പറഞ്ഞറിവുകൾ** 65
സൂര്യകുമാർ എം.കെ
**പുസ്തകജാലകം** 66
**ബാലവേദി** (ദേവിക, തന്വി, ശ്രീദ, ഭാവന) 68
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** 70
**വൈവാഹികം** 78

**മുഖചിത്രം: മകയിരംനാൾ അംബ തമ്പുരാട്ടി**

ഇതിൽവരുന്ന വാർത്തകൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2020 ലെ കൊറോണ മഹാമാരി നമ്മുടെ ദൈനംദിന ജീവിതത്തെ സാരമായി ബാധിച്ച സാഹചര്യത്തിലും നാം നമ്മുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഒരു കോട്ടവും തട്ടാൻ അനുവദിച്ചില്ല. 2019–'20 ലെ കണക്കുകളുടെ ഓഡിറ്റിംഗും കഴിഞ്ഞു.

ഓഡിറ്റ് ചെയ്ത കണക്ക് വായനക്കാരുടെ അറിവിലേക്കായി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വേണ്ട സമയത്തു തന്നെ ഓഡിറ്റിംഗ് പൂർത്തിയാക്കിയതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് കെ. സുരേഷ് കുമാർ വർമ്മയെ 'റിയാക്ടി'ന്റെ അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

2020 നവംബർ-ഡിസംബർ മാസങ്ങളിൽ REACT ലേക്ക് കിട്ടിയ സംഭാവനകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ₹ |
|---|---|
| ഡോ. എം. ലളിതാംബിക, തിരുവനന്തപുരം | 100,000 |
| ഡോ.വി. പ്രസന്നകുമാർ, തിരുവനന്തപുരം | 20,000 |
| ഡോ. യാമിനി സി.കെ. കോഴിക്കോട് | 10,001 |
| പ്രസാദ് പൂക്കോട്ട് | 10,000 |
| പി.എം. സുബ്രഹ്മണ്യൻ, കരിവെള്ളൂർ | 10,000 |
| ഡോ. ആദർശ് വർമ്മ, കോട്ടയം | 10,000 |
| സുഷമ കുമാരി, കോഴിക്കോട് | 10,000 |
| കെ. എ. തമ്പുരാൻ, തിരുവനന്തപുരം | 10,000 |
| അശോക വർമ്മ പി.ആർ., പൂഞ്ഞാർ | 5,000 |
| പ്രീത വർമ്മ ജി | 5,000 |
| ഒരു അഭ്യുദയകാംക്ഷി | 5,000 |
| ബാലചന്ദ്രൻ തമ്പുരാൻ, തിരുവനന്തപുരം | 5,000 |
| വൃന്ദ വർമ്മ പി.ബി. തിരുവനന്തപുരം | 4,000 |
| സുഭദ്ര വർമ്മ | 2,002 |
| അജയകുമാർ വർമ്മ എസ്., തിരുവനന്തപുരം | 2,000 |
| സഞ്ജയ് വർമ്മ പി.കെ., തിരുവല്ല | 1,001 |
| അജയവർമ്മ രാജ എം. തിരുവനന്തപുരം | 500 |
| ആകെ | **₹2,09,504** |

(രണ്ടു ലക്ഷത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാല് രൂപ)

ജീവകാരുണ്യപ്രവർത്തനത്തിൽ ഭാഗഭാക്കായ എല്ലാവർക്കും റിയാക്ടിന്റെ നന്ദി രേഖപ്പെടുത്തുന്നു.

കഴിഞ്ഞ രണ്ടു മാസങ്ങളിൽ ദീപാവലി പ്രമാണിച്ച് 45 പേർക്കും രോഗബാധിതരായ 5 പേർക്കും അല്ലാതെ പല തരത്തിലുള്ള ദുരിതമനുഭവിക്കുന്ന രണ്ടുപേർക്കും ഒരു കൊല്ലത്തേക്കുള്ള വിദ്യാഭ്യാസ സഹായമായി ഒരാൾക്കും ധനസഹായം നല്കുകയുണ്ടായി.

**ആകെ ചിലവായത് ₹4.45 ലക്ഷം**

**(നാലു ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ)**

**കഴിഞ്ഞ മൂന്നു മാസങ്ങളിൽ ആകെ 53 പേർക്കാണ് സഹായം എത്തിച്ചത്.**

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സഹായങ്ങൾക്കും വേണ്ടി സമാഹരിക്കുന്ന ഈ ഫണ്ടിലേക്ക് സംഭാവന ചെയ്ത് സഹായിക്കുവാൻ ബന്ധുജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950
IFS Code SYNB 0004005
Canara Bank, Fort Branch
Thiruvananthapuram - 695023

**ഇതുവരെ REACT ന് സഹായം എത്തിക്കാൻ കഴിഞ്ഞവരുടെ എണ്ണം 432. അർഹിക്കുന്ന കൈകളിൽ എത്തിച്ച തുക ₹69.4 ലക്ഷം)**





*(2019-20ലെ ഓഡിറ്റ് ചെയ്ത റിപ്പോർട്ട് പേജ് 10, 11 ൽ കൊടുത്തിരിക്കുന്നു)*



പത്രാധിപക്കുറിപ്പ്

# ഇന്നത്തെ ചിന്തകൾ- നൈപുണി വികസനം



കോവിഡ് മഹാവ്യാധി നമ്മെ പിടികൂടിയിട്ട് ഏതാണ്ട് ഒരു വർഷമാകുന്നു. ഇതെന്നു നമ്മെ വിട്ടുപോകുമെന്ന് ആർക്കും പറയാനുമാകുന്നില്ല. ഈ അവസരത്തിൽ എന്തെല്ലാം ചിന്തകളാണ് മനസ്സിൽ കൂടി കടന്നുപോകുന്നത്. നാട്ടിൽ നടമാടുന്ന അഴിമതിക്കഥകൾ, അടിസ്ഥാന വികസനത്തിനെപ്പറ്റിയുള്ള വിവാദങ്ങൾ, വടക്കേ ഇൻഡ്യയിലെ കർഷകപ്രക്ഷോഭങ്ങൾ, സ്തുത്യർഹമായ അതിർത്തി പരിരക്ഷയും വിദേശനയവും, കോവിഡ് കൊണ്ട് ജീവിതമാർഗ്ഗം അവതാളത്തിലാകുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ അവസ്ഥ, അതു മെച്ചപ്പെടുത്താൻ നമ്മുടെ സർക്കാരുകൾ ഏർപ്പെടുത്തുന്ന ക്ഷേമപദ്ധതികൾ, ഈ മഹാമാരിയെ ചെറുക്കാനുള്ള പ്രതിരോധ കുത്തിവയ്പ് തുടങ്ങിയെന്നുള്ള ശുഭചിന്ത - അങ്ങനെ പോകുന്നു. കടിഞ്ഞാൺ ഇല്ലാത്ത കുതിരയാണ് മനുഷ്യമനസ്സ് എന്നാണല്ലോ പറയുക. അതുകൊണ്ട് എന്തും ചിന്തിക്കാം. പക്ഷെ, വീണ്ടും വീണ്ടും ചിന്തയിൽ വരുന്നത് കോവിഡ് സമയത്ത് മനുഷ്യരുടെ ജീവിതമാർഗ്ഗങ്ങളെപ്പറ്റിയാണ്. ആളുകൾക്ക് സ്വതന്ത്രമായി ഇറങ്ങി നടക്കാൻ കഴിയാത്തയവസ്ഥയിൽ സുരക്ഷാനിയമങ്ങൾ പാലിച്ചുകൊണ്ട് പുറത്തിറങ്ങാൻ ആളുകൾ മടിയ്ക്കും. പിന്നെ, പണി ചെയ്തില്ലെങ്കിൽ അന്നം മുട്ടും എന്നുള്ളവർക്ക് പുറത്തിറങ്ങാതെ പറ്റുകയില്ലല്ലോ. ഇങ്ങനെയൊക്കെയാണെങ്കിലും പല തരത്തിലുള്ള ഒത്തുകൂടലുകളും സമരമുറകൾ അരങ്ങേറുന്നതുമൊക്കെ നാം കാണുന്നുണ്ട് എന്നുള്ളത് വേറെ കാര്യം.

ഏതായാലും ആളുകളുടെ ഉപജീവനമാർഗ്ഗം ഒരു പ്രശ്നം തന്നെയാണല്ലോ. ആ പ്രശ്നം ചെറുതായി പരിഹരിക്കാനോ, അല്പം ലഘൂകരിക്കാനോ പറ്റുമോ എന്നാലോചിച്ചാൽ ഒന്നു ശ്രമിച്ചു നോക്കുന്നതിൽ തെറ്റില്ലല്ലോ എന്നല്ലേ തോന്നുകയുള്ളു. ചെറിയ കൈത്തൊഴിലുകളിൽ ഏർപ്പെടുന്നത് ഒരു നല്ല കാര്യമാണ്. അത് വീട്ടിലിരുന്നു ചെയ്യാവുന്നതാകണം. പ്രോഡക്ട് വിറ്റഴിക്കാൻ പറ്റുന്നവയാകണം, ഓർഡർ വാങ്ങി ചെയ്യാൻ കഴിയണം. ചെറിയ തോതിലെങ്കിലും വരുമാനം പ്രതീക്ഷിക്കാവുന്നതുമാകണം. അങ്ങനെ നോക്കുമ്പോൾ ചിലതൊക്കെ നമുക്കു ചെയ്യാൻ പറ്റുന്നതാണ്. അവയെ ഒന്നൊന്നായി പരിശോധിക്കാം.

കൃഷിയിലേക്കു ശ്രദ്ധ തിരിക്കുക എന്നത് എല്ലാവർക്കും ചെയ്യാവുന്നതാണ്. വീട്ടുമുറ്റത്ത് വളർത്താൻ എളുപ്പമുള്ള ചീര, മുളക്, വെണ്ട, കോവൽ എന്നിവയും ഓമ (പപ്പായ), മുരിങ്ങ മുതലായവും നമുക്കു നട്ടുവളർത്താവുന്നതാണ്. മുരിങ്ങയില ലോകമെല്ലാം അംഗീകരിച്ച ഇലക്കറി. പപ്പായയും നമുക്ക് പ്രകൃതി കനിഞ്ഞു നൽകിയ ഫലം. മേൽപ്പറഞ്ഞ രണ്ടും മനുഷ്യശരീരത്തിന്റെ ഇമ്മ്യൂണിറ്റി മെച്ചപ്പെടുത്താൻ നല്ല പച്ചക്കറികൾ. ഇതൊക്കെ നാം സ്വന്തം കൈകൾ കൊണ്ട് നട്ടു പരിപാലിക്കണം. എങ്കിലേ അതിൽ നിന്ന് ആനന്ദം കിട്ടുകയുള്ളു. ഇതിന്റെ കൂടെ തന്നെ കൂൺ (mushroom) വളർത്താനും പറ്റും. തുടക്കത്തിൽ, വിത്തു വാങ്ങാനും വൈക്കോൽ ബെഡ് ഉണ്ടാക്കാനും മറ്റും അല്പം പരിശീലനം വേണം അത്രമാത്രം. കൂണിന് നല്ല ഡിമാൻഡാണ് - "poorman's meat' എന്നാണല്ലോ കൂണിനെ വിശേഷിപ്പിക്കുന്നത്.

അലങ്കാര മത്സ്യകൃഷി നല്ല ഒരു കൈത്തൊഴിലാണ്. നാലടി നീളം, നാലടി വീതി, 3 അടി പൊക്കമുള്ള ഒരു സിമന്റ് ടാങ്കോ, പ്ലാസ്റ്റിക്കിന്റെ ടാങ്കോ വീട്ടുമുറ്റത്തുണ്ടെങ്കിൽ നമുക്ക് ഈ കൈത്തൊഴിൽ ചെയ്യാവുന്നതാണ്. വീട്ടിനകത്ത് സ്വർണ്ണമത്സ്യങ്ങൾ നീന്തിക്കളിക്കുന്ന ഒരു കണ്ണാടിക്കൂട് ആരും ഇഷ്ടപ്പെടും. പ്രത്യേകിച്ച് കുട്ടികൾ. നീന്തുന്ന മീനിനെ നോക്കിയിരിക്കുക അവർക്ക് വലിയ സന്തോഷമാണ്.

അല്പം കലാവാസനയുള്ള ഏവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്ക് ചെയ്യാവുന്ന ഒരു കൈത്തൊഴിലാണ് പോട്ടറി പെയിന്റിംഗ് അഥവാ 'ഡെക്കോപാഷ്.' ഇതൊരു ഫ്രെഞ്ചു വാക്കാണ് അർത്ഥം Decoration of Pot. ഇത് പലകയുടേയും കുപ്പിയുടേയും പുറത്തും ചെയ്യാവുന്നതാണ്. നമുക്ക് ഇഷ്ടമുള്ള ഫോട്ടോ പ്രിന്റ് ഒട്ടിച്ച് ആർട്ടിസ്റ്റിന്റെ കഴിവനുസരിച്ച് മറ്റു ഭാഗങ്ങൾ പെയിന്റു ചെയ്തെടുക്കുന്ന കലയാണിത്. നല്ലൊരു 'ഗിഫ്റ്റ് ഐറ്റം' . ആരും ഇഷ്ടപ്പെടും.

ടോയ്‌ലറ്റ് സോപ്പ്, വാഷിംഗ് സോപ്പ്, വാഷിംഗ് പൗഡർ തുടങ്ങിയവ നമുക്ക് വീട്ടിലിരുന്ന് ഉണ്ടാക്കാവുന്നതാണ്. ശുദ്ധമായ ചേരുവകൾ കൃത്യമായ അളവിൽ മാർക്കറ്റിൽ നിന്നും ലഭിക്കണം. 'ട്രാൻസ്പേരന്റ് സോപ്പ്' നിർമ്മാണവും വീട്ടിലിരുന്നു ചെയ്യാം. ഈ കൈത്തൊഴിലിന് ഒരു ട്രെയിനിംഗിന്റെ ആവശ്യമുണ്ട് എന്നു മാത്രം.

വീട്ടിലുണ്ടാകുന്ന പച്ചക്കറി വേസ്റ്റുകൾ, ആഹാര അവശിഷ്ടങ്ങൾ മുതലായവ 'ബയോഗ്യാസാക്കി വീട്ടിലെ ഇന്ധനാവശ്യത്തിനായി ഉപയോഗിക്കാനും മേൽപ്പറഞ്ഞ ജൈവമാലിന്യങ്ങളെ ബയോഗ്യാസാക്കാതെ നേരിട്ട് കമ്പോസ്റ്റാക്കി മാറ്റാനും സാധിക്കും. ഇങ്ങനെയുണ്ടാക്കുന്ന കമ്പോസ്റ്റ് നമ്മുടെ പച്ചക്കറി തോട്ടത്തിൽ വളമായി ഉപയോഗിക്കാനും അധികമുണ്ടെങ്കിൽ വില്ക്കാനും സാധിക്കും.

സ്ഥലസൗകര്യം ഉള്ളവർക്ക് പശു, ആട് ഇവയുടെ പരിപാലനവും ഒരു കയ്ത്തൊഴിലാക്കാം. ഇവയെല്ലാം കൂടി ഒരു കുടക്കീഴിൽ ഉണ്ടെങ്കിൽ എത്ര നന്നായിരിക്കും. ആളുകൾക്ക് തിരഞ്ഞെടുക്കുന്ന സ്കിൽ പഠിക്കുകയും ചെയ്യാം. മറ്റെല്ലാം കണ്ട് മനസ്സിലാക്കുകയും ചെയ്യാം. ●

## 'ക്ഷാത്രസ്പന്ദന'ത്തിന് മംഗളാശംസ


**കുട്ടി അനിയൻ രാജ**, പാലക്കാട്

രണ്ടായിരത്താണ്ടിരുപത്തിയൊന്ന്
മണ്ടിക്കരേറീട്ടിഹ വന്നുവല്ലോ
'ഒന്നാന്തി'യാണിന്നിഹ ചൊല്ലിടട്ടേ
ഉണ്ടാകണേ മംഗളമൊക്കെ മേന്മേൽ ●

# റിയാക്ടിന്റെ ധനസഹായം



*റിയാക്ടിൽ നിന്നും അനുവദിച്ച 10,000 രൂപയുടെ ചെക്ക് ശ്രീദേവി അന്തർജ്ജനത്തിന് കരിവെള്ളൂർ യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ കൈമാറുന്നു. യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ, ട്രഷറർ എൻ.കെ.കെ. ഉണിത്തിരി എന്നിവർ സമീപം*



*ബി.എൽ. നന്ദുവിന്റെ റീനൽ ട്രാൻസ്പ്ലാന്റേഷനു വേണ്ടിയുള്ള 25,000/- രൂപയുടെ ചെക്ക് സംസ്ഥാന പ്രസിഡന്റ് പി.കെ. രഘുവർമ്മ നന്ദുവിന്റെ പിതാവിന് കൈമാറുന്നു*



പ്രസിഡന്റിന്റെ കത്ത്

# നാം ഒരു കുടുംബം



എല്ലാ ക്ഷത്രിയ സമുദായാംഗങ്ങൾക്കും എന്റെ ഹൃദയംഗമമായ നവവത്സരാശംസകൾ! കോവിഡ് - 19 എന്ന മഹാമാരി നമ്മിൽ അടിച്ചേൽപ്പിച്ച നിയന്ത്രണങ്ങൾ മൂലമുണ്ടായ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു തന്നെ അനേകം ക്രിയാത്മകവും സാർത്ഥകവും ആയ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ 2020-ൽ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെയാണ് നാം പുതുവർഷത്തെ വരവേൽക്കുന്നത്. സമുദായാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണം കൊണ്ടാണ് ഇത് സാധ്യമായത് എന്നു ഞങ്ങൾ നന്ദിപൂർവം അനുസ്മരിക്കുന്നു. ഈ സഹകരണവും സൗഹാർദ്ദവും ശക്തിപ്പെടുത്തുകയാണ് നമ്മുടെ പ്രഥമവും പ്രധാനവുമായ കടമ. തിരമാലകൾ ചേർന്ന് സമുദ്രം ആകുന്നതുപോലെ, യൂണിറ്റുകളുടെ ഫലപ്രദമായ പ്രവർത്തനമാണ് കേന്ദ്രസഭയെ സുശക്തമാക്കുന്നത്. ഓരോ യൂണിറ്റിന്റെയും പരിധിയിലുള്ള എല്ലാ ക്ഷത്രിയരെയും അംഗങ്ങളാക്കുക. അവിടുത്തെ എല്ലാം കുടുംബചടങ്ങുകളിലും സഭാഭാരവാഹികളിൽ ഒരാളെയെങ്കിലും നിർബന്ധമായും പങ്കെടുപ്പിക്കുക, സഭയുടെ പരിപാടികളിൽ സജീവമായി പങ്കെടുക്കുക തുടങ്ങിയ കാര്യങ്ങൾ ഏവർക്കും സ്വീകാര്യം ആയിരിക്കുമല്ലോ. അത്തരം ഒരു പാരസ്പര്യം ഭാരവാഹികളും സഭാംഗങ്ങളും തമ്മിൽ വളർത്തിയെടുക്കാൻ നാം ഓരോരുത്തരും ശ്രദ്ധിക്കണം.

ഈശ്വരന്റെ സൃഷ്ടികളിൽ ഏറ്റവും മഹത്തായതാണ് മനുഷ്യജന്മം. അതിൽ തന്നെ സാമൂഹിക, സാഹിത്യ, ആദ്ധ്യാത്മിക മേഖലകളിലെ അതിമഹത്തായ പൈതൃകത്തിന്റെ ഉടമകളായ ക്ഷത്രിയർ ഏറെ ഭാഗ്യവാന്മാരാണ്. അവശരെ സഹായിക്കുന്നതിനും അർഹതയുള്ളവരെ അംഗീകരിക്കുന്നതിനും നമ്മുടെ പൂർവ്വികർ പ്രത്യേകം താല്പര്യം കാണിച്ചിരുന്നു. ആ പാരമ്പര്യം നാം നിലനിർത്തണം. സമുദായാംഗങ്ങളിൽ ഓരോരുത്തരും ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കണം. മാനവസേവയാണ് മാധവസേവയെന്നും നരസേവയാണ് നാരായണസേവയെന്നും ഉള്ള ആപ്തവാക്യങ്ങൾ എന്നും നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമാകണം. കഴിഞ്ഞ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളിലേക്ക് ഈ അവസരത്തിൽ ഒരു തിരിഞ്ഞുനോട്ടം നടത്തുന്നത് അനുചിതമാവില്ലല്ലോ.

സഹജീവികളോടുള്ള സഹാനുഭൂതി പ്രകടിപ്പിക്കാൻ സാമ്പത്തിക സഹായവുമായി ഭാരവാഹികൾ എല്ലാ യൂണിറ്റുകളിലും മൂന്നു തവണ എത്തി. കൊറോണക്കാലത്തും തിരുവോണക്കാലത്തും ദീപാവലിക്കാലത്തും.

'ക്ഷാത്രജാലക'ത്തിന് പുതിയ ആകർഷകമായ രൂപകൽപ്പന നൽകി.

കോറോണക്കാലത്ത് ബാഹ്യബന്ധങ്ങൾ പരിമിതമായ സാഹചര്യത്തിൽ സമുദായാംഗങ്ങളുടെ കലാസാഹിത്യ സംരംഭങ്ങൾക്ക് 'ക്ഷാത്രജാലക'ത്തിലൂടെയും 'ക്ഷാത്രസ്പന്ദന'ത്തിലൂടെയും പ്രോത്സാഹനം നൽകി.

സമുദായത്തിലെ അവിവാഹിതരായ യുവതീ യുവാക്കൾക്കായി വധൂവരന്മാരെ കണ്ടെത്താൻ സ്വയംവരം എന്ന വൈവാഹിക സംവിധാനം ഏർപ്പെടുത്തി.

രാമായണ മാസക്കാലത്ത് സംസ്ഥാനതലത്തിൽ 'ക്ഷാത്രജാലകം' വഴി രാമായണ ക്വിസ് വിജയകരമായി നടത്തി.

സിവിൽ സർവീസ് പരീക്ഷക്കായി സൗജന്യ മോട്ടിവേഷൻ ക്ലാസ് നടത്തിവരുന്നു,

കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ച പാമ്പാടിയിലെ ഗൃഹനിർമ്മാണ സഹായം പോലെയുള്ള പ്രവർത്തനങ്ങൾക്ക് ഒട്ടേറെ സുമനസ്സുകളുടെ സഹകരണം ലഭിച്ചു.

സഭയുടെ വനിതാവിഭാഗം പ്രവർത്തനവും കഴിഞ്ഞ വർഷം മികവുറ്റതായിരുന്നു.

ഈ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ നവവത്സരത്തിലെ നമ്മുടെ കടമകൾ ഒന്നു പരിശോധിക്കാം.

1. 'ക്ഷതാത് ത്രായതെ ഇതി ക്ഷത്രിയ' എന്ന വാക്യം ഉൾക്കൊണ്ട് കഷ്ടപ്പെടുന്നവരെ രക്ഷിക്കുന്നതിനായി നമുക്ക് പരിശ്രമിക്കാം.

2. 'ക്ഷയാത് ത്രായതെ ഇതി ക്ഷേത്രം' എന്ന ആപ്തവാക്യത്തിന് അനുസൃതമായി കൊട്ടാരങ്ങളോടും കോവിലകങ്ങളോടും ചേർന്നുള്ള ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കാം.

3. 'ഗായന്തം ത്രായതെ ഇതി ഗായത്രി' എന്ന വാക്യത്തിന് അനുരൂപമായി ഗായത്രീമന്ത്രജപം ഒരു ശീലമാക്കുക.

4. ഇതര സമുദായങ്ങളിലെപ്പോലെ ക്ഷത്രിയ സമുദായത്തിലെയും യുവജനങ്ങൾ കൂടുതൽ സജീവമായി സമുദായ സേവന രംഗത്തു വരണം.

ഒരിക്കൽ കൂടി എല്ലാ സമുദായാംഗങ്ങൾക്കും സ്നേഹോഷ്മളമായ നവവത്സരാശംസകൾ! ●

# കേന്ദ്ര സഭാ വാർത്തകൾ

## സംഘടനാ പ്രവർത്തനം ശക്തമാക്കണം

ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്രഭാരവാഹികളുടെ യോഗം ഗൂഗിൾ മീറ്റ് വഴി നടന്നു. കോവിഡ് വ്യാപന ഭീഷണി ഉള്ളതിനാൽ വെർച്വൽ മീറ്റിംഗ് മാത്രമാണ് നടത്താൻ കഴിയുന്നത്. കഴിഞ്ഞ മാസങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ് നടക്കുന്ന വേളയായതിനാൽ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറിമാരുടെ യോഗം ചേരാൻ കഴിഞ്ഞില്ല. കഴിയുന്നതും മുടക്കം കൂടാതെ യോഗങ്ങൾ നടത്താൻ കേന്ദ്രഭാരവാഹികളുടെ യോഗം തീരുമാനിച്ചു.

യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, കേന്ദ്രഭാരവാഹികൾ എന്നിവരുടെ യോഗം ജനുവരിയിൽ ചേരാനുള്ള തീയതി ഉടനെ നിശ്ചയിച്ച് അറിയിക്കുന്നതാണ്.

'ക്ഷാത്രസ്പന്ദനം' കഴിഞ്ഞ ലക്കവും എല്ലാവർക്കും വേഗം കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു. മാസികയുടെ 2021 ലേക്കുള്ള വരിസംഖ്യയും മുൻ വർഷത്തെ കുടിശികയും അടച്ചു തീർക്കുന്നതിനു എല്ലാ യൂണിറ്റുകളും ശ്രദ്ധിക്കണം. വിശദാംശങ്ങൾ 'ക്ഷാത്രസ്പന്ദനം' വഴി അറിയിച്ച ശേഷം എല്ലാ യൂണിറ്റുകളെയും നേരിട്ടും അറിയിക്കാൻ തീരുമാനിച്ചു. യൂണിറ്റുകളുടെ സഹകരണത്തോടെ വരിക്കാരുടെ ആകെ എണ്ണം 1500 ആയി ഉയർത്താൻ ശ്രമിക്കണമെന്ന് തീരുമാനിച്ചു.

ജനുവരിയിൽ 'ക്ഷാത്രസ്പന്ദനം' വരിക്കാരെ ചേർക്കുന്നതിനുള്ള മാസാചരണമായി നടത്തണമെന്ന നിർദേശവും അംഗീകരിച്ചു.

വനിതാസംഘടനയുടെ മേൽനോട്ടത്തിൽ ഗുരുവായൂർ ഏകാദശി സമുചിതമായി ആഘോഷിക്കുന്നതിനു നിർദേശം ഉണ്ടായി. എല്ലാ യൂണിറ്റും ചേർന്നുള്ള ഭഗവത് ഗീതാപാരായണം ഓഡിയോ വീഡിയോ ക്ഷാത്ര ജാലകം വെബ്സൈറ്റിൽ ചേർക്കാൻ കഴിഞ്ഞു. സംസ്ഥാന പ്രസിഡന്റ് പി.കെ. രഘുവർമ്മ അധ്യക്ഷത വഹിക്കുകയും യോഗം നിയന്ത്രിക്കുകയും ചെയ്തു.

### നിവേദനം നൽകി

തിരുവാഭരണഘോഷയാത്ര സംഘത്തിനു സൗജന്യ കോവിഡ് പരിശോധന അനുവദിക്കണമെന്നാവശ്യപ്പെട്ട് ക്ഷത്രിയക്ഷേമ സഭ സംസ്ഥാനജനറൽ സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ മുഖ്യ മന്ത്രിക്കും മറ്റു ബന്ധപ്പെട്ട മന്ത്രിമാർക്കും നിവേദനം നൽകി. മുഖ്യമന്ത്രി, ദേവസ്വം, ആരോഗ്യ വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, ദേവസ്വം ബോർഡ് പ്രസിഡന്റ്, ജില്ലാ കലക്ടർ എന്നിവർക്കാണ് നിവേദനം നൽകിയത്.



### നിവേദനം പരിഗണിച്ചു

ക്ഷത്രിയക്ഷേമസഭ നൽകിയ നിവേദനം പരിഗണിച്ച് തിരുവാഭരണ ഘോഷയാത്രാ സംഘത്തിനു സൗജന്യ കോവിഡ് പരിശോധനയ്ക്ക് അനുമതി ലഭിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നു ഹെൽത്ത് ഡയറക്ടർക്ക് നിർദേശം നൽകി. തുടർന്നു പത്തനംതിട്ട കലക്ടർ, മെഡിക്കൽ ഓഫീസർ തുടങ്ങിയവരുടെ യോഗത്തിൽ വേഗം തീരുമാനം കൈക്കൊള്ളുകയായിരുന്നു. പന്തളം കൊട്ടാരം നിർവാഹക സംഘം ഭാരവാഹികൾ ദേവസ്വം ബോർഡിനോടും മെഡിക്കൽ ഓഫീസറോടും ഇതേ ആവശ്യം ഉന്നയിച്ചിരുന്നു. ഇവർ നേരിൽ കണ്ട് കത്ത് നൽകിയിരുന്നു.



റിയാക്കിൽ നിന്നും ചികിത്സാ സഹായമായി അനുവദിച്ച 10000 രൂപയുടെ ചെക്ക് വള്ളിക്കോട് സ്വദേശി സോമനാഥൻ നായരുടെ ഭാര്യക്ക് ഹരികൃഷ്ണൻ കെ.ആർ. (ആറന്മുള) കൈമാറുന്നു. ക്ഷത്രിയസഭാംഗങ്ങളായ മാർത്താണ്ഡവർമ്മ, രാജേന്ദ്രവർമ്മ, സോമനാഥൻനായരുടെ മകൾ സവിത എന്നിവർ സമീപം.



# ജ്ഞാനോദയം

**രഘുവർമ്മ പി.കെ.** തിരുവനന്തപുരം

ഒരു മലഞ്ചെരുവിലെ ഉറവയിൽ നിന്നും ഉത്ഭവിച്ച ഒരു ചെറിയ അരുവിയുണ്ട്. അത് ആയുസ്സിലും ആകാരത്തിലും ചെറുതു തന്നെ. അതിനാൽ തന്നെ എത്രയും വേഗം കടലിലെത്താനുള്ള അഭിവാഞ്ഛ അതിനെ ഗ്രസിച്ചു. സമാധാനത്തോടെ വർത്തമാനകാലത്തിൽ അഭിരമിക്കാനുള്ള തന്ത്രം സ്വായത്തമാക്കിയിരുന്നില്ല. അതിനാൽ തന്നെ ചെറുപ്പത്തിന്റെ ആവേശ ത്താലും ധൃതി മൂലവും അതി വേഗം സമതലത്തിലെത്തി നദിയായി മാറി.

നദി സ്വഛന്ദം ഒഴുകേണ്ടതാണ്. പക്ഷേ അങ്ങിനെയൊഴുകിയാൽ അടുത്തെങ്ങും കടലിൽ എത്താൻ കഴിഞ്ഞില്ലെങ്കിലോ എന്ന ചിന്ത വ്യഥയായി, അസ്വസ്ഥതയുണ്ടാക്കി.വേഗത കുറഞ്ഞപ്പോൾ, കുറയ്ക്കാൻ നിർബ്ബന്ധിതമായപ്പോൾ നദി നിശ്ചലമായി. അപ്പോഴാകട്ടെ പല വർണ്ണങ്ങളിലുള്ള മേഘങ്ങൾ വെള്ളത്തിൽ പ്രതിഫലിക്കാൻ തുടങ്ങി. വെള്ളിമേഘങ്ങളും, വെള്ള മേഘങ്ങളും, കാർമേഘങ്ങളും, അരുണവർണ്ണമേഘങ്ങളുമെല്ലാം. അവയാകട്ടെ സുന്ദരമായ പല രൂപങ്ങളായാണ് പ്രത്യക്ഷപ്പെട്ടത്. തുടർന്ന് എല്ലാ ദിവസവും നദി മേഘത്തെ പിന്തുടരാൻ തുടങ്ങി. എങ്കിലും അസ്ഥിരമായ മേഘങ്ങൾ നദിക്ക് അസ്വസ്ഥതയുണ്ടാക്കി തുടങ്ങി. കാരണം കാറ്റിന്റെ ഗതിക്കനുസരിച്ച് മേഘം വഴി മാറുകയും മേഘത്തെ പിന്തുടരുന്ന നദിക്ക് അതിന്റെ സ്വന്തമായ പാത നഷ്ടപ്പെടുവാനും തുടങ്ങി. എങ്കിലും കഷ്ടപ്പെട്ടുകൊണ്ട് നിരന്തരം പരിശ്രമിച്ച നദിക്ക് നിരാശയായി കാരണമെന്തെന്നല്ലേ? മേഘം സ്ഥിരമായും സ്വസ്ഥമായും നിലയുറപ്പിക്കുന്നതേയില്ല എന്നതു തന്നെ.

പെട്ടെന്നൊരു ദിവസം വന്ന കൊടുങ്കാറ്റ് മേഘങ്ങളെ മുഴുവൻ ചിതറിപ്പായിച്ചു. അതിനാൽ മേഘരഹിതമായ, വ്യക്തമായ ആകാശം നീലിമയാർന്നതു മാത്രമായി. നദിക്കാകട്ടെ നിരാശയായിരുന്നു. പിന്തുടരാൻ മേഘങ്ങളില്ലാതെ വന്നാലെന്തു ചെയ്യാൻ.

നീലിമയുടെ കടന്നുകയറ്റം നദിയുടെ ഹൃദയത്തിൽ നിരാശയുണ്ടാക്കി. മേഘങ്ങളില്ലാതെ, എന്റെ പ്രിയപ്പെട്ട മേഘങ്ങളില്ലാതെ ഞാൻ എന്തിനു ജീവിക്കണം? മരിച്ചാലോ എന്ന് ആലോചിച്ചു. പക്ഷേ ഒരു നദിക്ക് എങ്ങിനെ ആത്മഹത്യ ചെയ്യാൻ കഴിയും? കഴിയില്ല. രാത്രി മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. ആ രാത്രി കരഞ്ഞുകൊണ്ടാണെങ്കിലും സ്വയം ശ്രദ്ധിച്ചു നോക്കി. കരയിൽ വന്നുചേരുന്ന ഓളങ്ങളുടെ ശബ്ദവും തന്റെ കരച്ചിലിന്റെ ശബ്ദവും ഒന്നു തന്നെയല്ലേ. വീണ്ടും ശ്രദ്ധിച്ചപ്പോൾ ഒരു ഉൾവിളി/ഉദ്ബോധനം തോന്നി. തന്റെയും മേഘത്തിന്റെയും പ്രകൃതം ഒന്നു തന്നെയല്ലേ. നദിയെപ്പോലെ തന്നെ മേഘവും നദിയിൽ സ്ഥിരമായിരിക്കുന്നു; ആഴത്തിൽ സ്ഥിതി ചെയ്യുന്നു. ആ സ്ഥിതിക്ക് ഞാൻ മേഘത്തിന്റെ പിറകേ പായേണ്ടതുണ്ടോ? ഏകാന്തതയുടേയും നൈരാശ്യത്തിന്റെയും ആ രാത്രി നദിക്ക് സമ്മാനിച്ചത് ഒരു പുതിയ ഉണർവ്വുള്ള നവോന്മേഷദായകമായ പകലായിരുന്നു.

ശൂന്യവും വ്യക്തവുമായ നീലാകാശം, നദിയെ ഏകാന്ത പഥികയാക്കിയ അതേ ആകാശം അന്ന് ആ പുതിയ പ്രഭാതത്തിൽ വ്യക്തമായതും പ്രകാശപൂർണ്ണവുമായിരുന്നു.

ആ നീലാകാശം നദിയുടെ നിഷ്കളങ്കതയുടേയും നവീന സ്വാതന്ത്ര്യത്തിന്റെയും മാത്രമല്ല എല്ലാ മേഘങ്ങളുടേയും വാസസ്ഥലമായിരുന്നു. മേഘങ്ങൾക്ക് ആ സ്ഥലം വിട്ട് നിലനില്ക്കാൻ കഴിവില്ലായിരുന്നു. മേഘങ്ങളുടെ സ്വഭാവം വരികയും പോകുകയും ആയിരുന്നില്ല എന്ന് നദിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു

അന്നു രാവിലെ നദിക്ക് മറ്റൊരു വെളിപാട് ഉണ്ടായി. ആകാശത്തിന്റെ ജനനവും മരണവും ഇല്ലാത്ത അവസ്ഥ മനസ്സിൽ പതിഞ്ഞു. സമാധാനത്തോടെയും സ്വസ്ഥതയോടെയും ആകാശത്തെ സ്വാഗതം ചെയ്യാനും പ്രതിഫലിപ്പിക്കാനും തുടങ്ങി. രാപകൽ ഭേദമില്ലാതെ നദിക്കു പ്രതിഫലിപ്പിക്കാൻ തക്കവിധം ആകാശത്തിന്റെ സാന്നിദ്ധ്യം ഉണ്ടായി. മുൻകാലങ്ങളിൽ ആകാശത്തിന്റ തനതു പ്രകൃതവുമായി യോജിക്കാൻ നദിക്കു വിഷമമായിരുന്നു. ജനനത്തോടും മരണത്തോടും മാറ്റങ്ങളോടുമൊക്കെയായിരുന്നു ബന്ധം.

അന്നു വൈകിട്ട് മേഘങ്ങൾ തിരിച്ചു വന്നപ്പോൾ ഒരു മേഘത്തോടും പ്രത്യേക മമത കാട്ടിയില്ല. എല്ലാവരേയും സ്വാഗതം ചെയ്തു, സ്നേഹിച്ചു, ചിരിച്ചു.

സമതയുടെ ഒരുമയുടെ ഭേദമില്ലായ്മയുടെ സുഖം, സന്തോഷം, നിർവൃതി അനുഭവിച്ചു. സ്വതന്ത്രമായി കടലിലേക്കു പോകണമെന്നു തോന്നിയില്ല. ആ രാത്രി പൂർണ്ണചന്ദ്രൻ ഉദിച്ചു. അത് നദിയിൽ പ്രതിഫലിച്ചു. ചന്ദ്രനും നദിയും വെള്ളവും ഒന്നിച്ച് ധ്യാനിച്ചു. വർത്തമാനകാലത്തെ, (താനെവിടെയാണോ എപ്പോഴാണോ ആ സമയകാലങ്ങളിലെ), സ്വാതന്ത്ര്യം അനുഭവിച്ചു. എല്ലാ ദു:ഖത്തിൽ നിന്നും മോചനം നേടി. ഭൂതകാലത്തെ ഓർത്തു പരിതപിക്കാതെ, ഭാവികാലത്തെ ഓർത്ത് ഉത്കണ്ഠപ്പെടാതെ വർത്തമാനകാലസ്ഥിതിയിൽ അഭിരമിച്ച് കഴിയാൻ തുടങ്ങി ●

# ROYAL EDUCATIONAL & CHARITABLE TRUST

## SUNDARAVILASOM PALACE, FORT, THIRUVANANTHAPURAM

## BALANCE SHEET AS AT 31st MARCH, 2020

| Liabilities | | Amount (Rs.Ps) | Assets | | Amount (Rs.) |
|---|---|---|---|---|---|
| **CORPUS FUND** | | | **CURRENT ASSETS** | | |
| Contributions from Trustees and Others as per last Balance Sheet | 7,36,317.00 | | **Investments:** Fixed Deposit with Syndicate Bank, Fort, Tvpm. | | 9,18,320.39 |
| Add:- Corpus Fund additions during the year | - | | No.1952/1 | 1,50,000.00 | |
| | 7,36,317.00 | | No.4352/1 | 75,800.00 | |
| ss Endowment Fund for Medical Aid-K.G.Reghu | 1,50,000.00 | 5,86,317.00 | No.4353/1 | 1,50,000.00 | |
| | | | No.4742/1 | 75,000.00 | |
| Endowment Fund for Medical Aid-K.G.Reghu | | 1,50,000.00 | No.4904/1 | 25,700.00 | |
| | | | No.4904 | 3,36,000.00 | |
| | | | No.4742/6 | 1,00,000.00 | |
| | | | Interest receivable | 5,820.39 | |
| | | | **Tax Deducted at Source** | | 12,380.37 |
| | | | F.Y. 2018-19 | 5,562.96 | |
| | | | F.Y. 2019-20 | 6,817.41 | |
| **CURRENT LIABILITIES & PROVISIONS** | | | | | |
| Advance from Hon.Secretary as per | | | **CASH & BANK BALANCE** | | |
| last Balance Sheet | | 500.00 | Balance with Syndicate Bank-Fort, Trivandrum in SB A/c | 2,87,238.87 | |
| **INCOME & EXPENDITURE ACCOUNT** | | | Cash in Hand as certified by the Hon.Secretary | 4.00 | 2,87,242.87 |
| Surplus as per last balance sheet | 30,61,375.62 | | | | |
| Less :- Excess of Expenditre over Income for the year | 25,80,248.99 | 4,81,126.63 | | | |
| **TOTAL** | | **12,17,943.63** | **TOTAL** | | **12,17,943.63** |

Notes to Acounts - Schedule 1

**AUDITORS' REPORT**

As per my report of even date attachec

**Sd/-**
**Chairman**

**Sd/-**
**Hon. Secretary**

**Sd/-**
**Hon.Treasurer**

**Sd/-**
**CA. K. Suresh Kumar Varma**
Isha, K.R.A.131, Near Lotus Garden, In Fort
Tripunithura - 682301
Ernakulam
**M.No.201105**

Place: Ernakulam
Date: 28/12/2020

# ROYAL EDUCATIONAL & CHARITABLE TRUST

## SUNDARAVILASOM PALACE, FORT, THIRUVANANTHAPURAM

### INCOME AND EXPENDITURE ACCOUNTS FOR THE YEAR ENDED 31ST MARCH, 2020

| Expenditure | | Amount (Rs.) | Income | | Amount (Rs.) |
|---|---|---|---|---|---|
| To Medical Aid | | 19,57,000.00 | By Donations received | | 5,18,201.00 |
| " Education Assistance | | 4,45,000.00 | " Interest from Bank | | |
| " Financial Aid to Flood Victims | | 1,65,000.00 | Fixed Deposit | 61,487.20 | |
| " Financial Aid to Poor | | 6,30,000.00 | Savings Bank | 37,735.83 | 99,223.03 |
| " Printing & Stationary | | 1,000.00 | Interest on Income tax Refund | | 595.58 |
| " Bank Charges | | 268.60 | Excess of Expenditre over Income | | 25,80,248.99 |
| **TOTAL** | | **31,98,268.60** | **TOTAL** | | **31,98,268.60** |

Notes to Acounts - Schedule 1

**AUDITORS' REPORT**

As per my report of even date attached

Sd/- Sd/- Sd/-

**Chairman** **Hon. Secretary** **Hon.Treasurer**

Date: 28/12/2020

Date: 28/12/2020

**Sd/-**

**CA. K. Suresh Kumar Varma**

Isha, K.R.A.131, Near Lotus Garden, In Fort

Tripunithura - 682301

Ernakulam


**M.No.201105**

# ഭക്തി സാഗരത്തിലെ അക്ഷരപൂജ



## മകയിരം നാൾ അംബ തമ്പുരാട്ടി

കുടുംബപാരമ്പര്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് തന്നെ സഹോദരന്മാരുടെയും ശ്രേഷ്ഠരായ ഗുരുക്കന്മാരുടെയും ശിക്ഷണത്തിൽ വിവിധ ഭാഷകളിൽ പാണ്ഡിത്യം നേടി നിരവധി ശ്ലോകങ്ങൾ രചിച്ചു ഭക്തി സാഗരത്തിൽ അക്ഷരപൂജ നടത്തിയ മഹിളാരത്നമാണ് പൂഞ്ഞാർ രാജകുടുംബത്തിലെ മകയിരം നാൾ അംബ തമ്പുരാട്ടി. പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ കാർത്തികനാൾ അംബ തമ്പുരാട്ടിയുടെയും പുതുശ്ശേരി മനയിൽ നാരായണൻ നമ്പൂതിരിയുടെയും മകളായ അംബ തമ്പുരാട്ടി 1917-ൽ ഭൂജാതയായി. 'ആലക്കോട് രാജാവ്' എന്നറിയപ്പെട്ട പി.ആർ രാമവർമ്മ രാജ, കേണൽ ജി.വി.രാജ, ആർ.വി. രാജ, അംബാലിക തമ്പുരാട്ടി, ഗോദവർമ്മ രാജ, പി. കേരളവർമ്മ രാജ, രാമവർമ്മ രാജ, അംബാലിക തമ്പുരാട്ടി, ലീല തമ്പുരാട്ടി എന്നിവർ സഹോദരങ്ങളാണ്. പാലക്കാട് ശ്രീകൃഷ്ണപുരത്ത് കോടനാട് മനയ്ക്കൽ നാരായണൻ നമ്പൂതിരിയായിരുന്നു ഭർത്താവ്. പരേതരായ പി.കെ. രാമവർമ്മ രാജ, റ്റി. കേരളവർമ്മ രാജ എന്നിവരെ കൂടാതെ പി.എ. ഗോദവർമ്മ രാജ, കുമാരി വർമ്മ, പി.ആർ. അശോക് വർമ്മ രാജ, മാലിനി നമ്പൂതിരി, പി.ജി. മായാദേവി, ദിലീപ് കുമാർ വർമ്മ, പി. മീര വർമ്മ, പ്രദീപ് കുമാർ വർമ്മ എന്നിവർ മക്കളാണ്. ചെറുപ്പത്തിൽ തന്നെ മൂത്ത സഹോദരനായ പി.ആർ. രാമവർമ്മയുടെ ശിക്ഷണത്തിൽ ഇംഗ്ലീഷും കൃഷ്ണശാസ്ത്രികളുടെ കീഴിൽ സംസ്കൃതവും പഠിച്ചു. മലയാളവും ഇംഗ്ലീഷും സംസ്കൃതവും അടക്കമുള്ള ഭാഷാ പുസ്തകങ്ങൾ ധാരാളം വായിച്ചു. കാഴ്ചയ്ക്കും കേൾവിക്കും തകരാറുണ്ടായിരുന്നെങ്കിലും മക്കളോടൊപ്പം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പുണ്യ ക്ഷേത്രങ്ങൾ സന്ദർശിച്ച് അവിടെ വച്ചു തന്നെ പ്രാർത്ഥനാശ്ലോകങ്ങൾ രചിക്കുമായിരുന്നു. രാമായണകഥയെ ലളിതമായ സംസ്കൃത ശ്ലോകങ്ങളിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. 'രാമായണ സ്മൃതി'എന്ന ഗ്രന്ഥവും രചിച്ചിട്ടുണ്ട്. 'ഭക്തി സാഗരം' എന്ന പുസ്തകം പ്രസിദ്ധീകൃതമായിട്ടുണ്ട്. ഈ ഗ്രന്ഥത്തിലെ പ്രസക്തമായ 'സരസ്വതി സ്തുതി' എന്ന കവിത പദാനുപദം വിവർത്തനത്തോടുകൂടി ഇവിടെ കൊടുത്തിരിക്കുന്നു. 2010 മെയ് മാസം 19ന് അംബതമ്പുരാട്ടി ഇഹലോകവാസം വെടിഞ്ഞു.



***'ആലക്കോട് രാജാവ്'***
***പി.ആർ രാമവർമ്മ രാജ***
*(ക്ഷത്രിയക്ഷേമസഭ പ്രഥമ സംസ്ഥാന പ്രസിഡന്റ്)*



***കേണൽ ജി.വി.രാജ***
*(കേരള കായിക രംഗത്തിന്റെ കുലപതി)*



***പി. കേരളവർമ്മ രാജ***
*(രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ ഉന്നത വ്യക്തിത്വം)*

# സരസ്വതി



1. വിദ്യാപ്രദാനായ പദാനതാനാം
ഗ്രന്ഥം ച മാലാമഥ ബിഭ്രതീം ത്വാം
ശിഞ്ജദ്വിപഞ്ചീക്വണിതേന ലോകാ-
നാനന്ദയന്തീം സതതം നമാമി.

2. വത്സാമിവൈനാം പരിഗൃഹ്യ വീണാ-
മുത്സംഗദേശേ വിനിധായ മന്ദം
ചഞ്ചത് കരാഗ്രൈരനിശം ക്വണന്തി-
മാലോലനേത്രാമനിശം നമാമി.

3. വർണ്ണസ്വരൂപിണീ ദേവി
വരദേ വിശ്വവന്ദിതേ
പ്രസീദ സതതം മഹ്യം
വാഗീശ്വരി നമോഽസ്തുതേ

4. വീണാ പുസ്തകമാല്യഭൂഷിതകരാ-
മാരണ്യവാസപ്രിയാം
പാർശ്വേ നർത്തിത ബർഹിസേവിതപദാ-
മാനന്ദസന്ദായിനീം
വിദ്യാദാനസമുത്സുകാഞ്ച വരദാം
മന്ദാരകുന്ദാദിഭിഃ
സുനൈരർച്ചിത പാദപത്മയുഗളാം
വന്ദേ രമാസേവിതാം

5. കനകരചിതരേഖാലങ്കൃതേനാതിഭംഗ്യാ
സിതമൃദുലദുകുലേനാവൃതാംഗീം സുകേശീം
സനകമകമുനീന്ദ്രൈഃ സേവിതാം വേദവേദ്യാം
അഖില ജഗദധീശാം നൗമി വാണീം സദാ * പി

6. വീണാഗാനവിനോദിനീം വനതലേ
മാണിക്യപീഠേ സ്ഥിതാം
വാണീമേണവിലോചനാമവിരതം
വിദ്യാപ്രദാനേ രതാം
ഗാനാസ്വാദരസേന വൽഗിതദൃശാ
സംവീക്ഷമാണാം പുന-
സ്സാനന്ദേന മയൂരകേന സതതം
വന്ദേ ജഗന്മാതരം

*അർത്ഥം:*

1 വിദ്യയെ പ്രദാനം ചെയ്യുന്നവളും പാദത്തിൽ നമസ്ക്കരിക്കുന്നവർക്ക് അനുഗ്രഹം ചൊരിയുന്നവളും ഗ്രന്ഥവും മാലയും കൈയ്യിൽ ഏന്തിയവളും വീണാനാദം കൊണ്ട് ലോകത്തെ ആനന്ദിപ്പിക്കുന്നവളുമായ ദേവിയെ നമസ്ക്കരിക്കുന്നു.

2. വീണയെ ശിശുവിനെപ്പോലെ മടിയിൽ വച്ച് മന്ദം മന്ദം ചലിക്കുന്ന കൈകൾ കൊണ്ട് വായിക്കുന്ന സുന്ദരിയായ ദേവിയെ നമിക്കുന്നു.

3. അക്ഷരരൂപിണിയും വിശ്വവന്ദിതയും വരദയും ആയ ദേവി വാഗീശ്വരി എന്നിലെന്നും പ്രസാദിക്കണെ!

4. വീണ, പുസ്തകം, മാല എന്നിവ ധരിച്ചവളും ആനന്ദനൃത്തം ചെയ്യുന്ന മയിൽ സമീപത്തുള്ളവളും വിദ്യാപ്രദാനനിരതയും വരദയും മന്ദാരം, മുല്ല തുടങ്ങിയ പുഷ്പങ്ങളാൽ ആരാധിക്കപ്പെട്ടവളും ആയ ദേവിയെ വന്ദിക്കുന്നു.

5. സുവർണ്ണരേഖ കൊണ്ട് അലങ്കരിച്ച വെളുത്ത മൃദുവായ പട്ടുടുത്തവളും സുകേശിയും സനകാദി മുനികളാൽ സേവിക്കപ്പെട്ടവളും വേദവേദ്യയും സർവ്വലോകങ്ങൾക്കും അധീശയും ആയ വാണീ ദേവിയെ നമസ്ക്കരിക്കുന്നു.

6. വീണാഗാന വിനോദിനിയും വനമദ്ധ്യത്തിൽ മാണിക്യപീഠത്തിൽ ഇരിക്കുന്നവളും മാനിന്റെ കണ്ണുള്ളവളും ഗാനാസ്വാദന രസത്തിൽ പാതിയടഞ്ഞ കണ്ണുകൾ കൊണ്ട് മയിലിനോടൊപ്പം ആനന്ദിച്ചിരിക്കുന്നവളുമായ ജഗന്മാതാവായ വാണിയെ വന്ദിക്കുന്നു.

അനുസ്മരണം

# നന്മ നിറഞ്ഞോരമ്മ

**കെ.എൽ.ശ്രീകൃഷ്ണദാസ്,** തിരുവനന്തപുരം



മനുഷ്യനെയും മണ്ണിനെയും മൃഗങ്ങളെയും മലകളെയും സ്നേഹിച്ച മാതൃഹൃദയത്തിന്റെ സ്പന്ദനം നിലച്ചു! പ്രകൃതിയിലെ സകല ചരാചരങ്ങളെയും വാത്സല്യപൂർവം അണച്ചാശ്ലേഷിച്ച, അവരുടെ നൊമ്പരങ്ങളെ അക്ഷരങ്ങളിലേക്ക് ആവാഹിച്ച സുഗതകുമാരി ടീച്ചർ പ്രകൃതിദേവിയുടെ മടിത്തട്ടിലേക്ക് മടങ്ങിപ്പോയി! ഒരു യുഗം ഇവിടെ അവസാനിച്ചു!

ന്യൂഡൽഹിയിൽ 1970-ൽ മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ രാജഘട്ടിൽ നില്ക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞുനിന്നത് സുഗതകുമാരി ടീച്ചറിന്റെ 'രാജഘട്ടത്തിൽ' എന്ന കവിതയും വയലാർ രാമവർമ്മയുടെ 'പുരുഷാന്തരങ്ങളിലൂടെ' എന്ന യാത്രാവിവരണത്തിൽ രാജഘട്ടിനെ കുറിച്ചു എഴുതിയ വരികളുമാണ്. സുഗതകുമാരിയുടെ കവിത ഇങ്ങനെ തുടങ്ങുന്നു:

*"വിമലാഭയാർന്നിന്നും*
*ശാന്തയായൊഴുകുന്ന*
*യമുനേ, നിന്നെക്കണ്ടെൻ*
*കണ്ണുകൾ നിറയുന്നു;*
*കരൾ നോവുന്നു കരം കൂമ്പുന്നു*
*വിശുദ്ധം നിൻ*
*കരയിൽ കതിർ വീശും കല്ത്ത*
*റയിതു കാൺകെ!"*

കവിത ഇങ്ങനെ അവസാനിക്കുന്നു:

*"ഒന്നു വീഴട്ടെ ഞങ്ങളീ മണ്ണിൽ*
*തവ പാദ-*
*മെന്നോർത്തു തണുത്തൊരീ*
*തറയിൽ ചുംബിക്കട്ടെ!*
*ഒന്നു കേഴട്ടെ ഞങ്ങളിന്ത്യ തൻ*
*കടപ്പാടിൻ*
*കണ്ണുനീർ മാത്രം ഗുരോ!*
*കാഴ്ചയായർപ്പിക്കട്ടെ!'*

വയലാറിന്റെ യാത്രാവിവരണത്തിൽ ഇങ്ങനെ എഴുതുന്നു:

'ഇവിടെ അംബരചുംബികളായ ഗോപുരങ്ങളില്ല. കനകമേൽകട്ടികളില്ല; പുഷ്യരാഗവും മരതകവും പതിച്ച രത്നപീഠങ്ങളില്ല. ഒരു കല്ത്തറയും കുറെ പൂക്കളും മാത്രമേയുള്ളൂ. പക്ഷേ, ഇവിടെയാണ്, ഇവിടെ മാത്രമാണ് ഒരു യുഗത്തോളം വ്യാസമുണ്ടായിരുന്ന ഇന്ത്യയുടെ മനസ്സാക്ഷി നിത്യവിശ്രമം കൊള്ളുന്നത്."



രണ്ടു മഹാപ്രതിഭകളുടെ തൂലികത്തുമ്പിൽ നിന്നും ഒഴുകിയെത്തിയ ഈ അനശ്വര വചനങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. വയലാർ രാമവർമ്മ എന്നും എനിക്കു പ്രിയപ്പെട്ട കുട്ടൻ ചേട്ടൻ ആയിരുന്നല്ലോ. സുഗതകുമാരി ടീച്ചറെ എനിക്കു പരിചയം ഉണ്ടായിരുന്നില്ല. എന്നാൽ ഏറെ വൈകാതെ അതിനു അവസരം ലഭിച്ചു. 1970 ജൂണിൽ എനിക്കു തിരുവനന്തപുരത്ത് ഫീൽഡ് പബ്ലിസിറ്റി ഓഫീസറായി നിയമനം ലഭിച്ചു. ഏതാണ്ട് ഒരു മാസം കഴിഞ്ഞപ്പോൾ വൈ.എം.സി.എ. ഹാളിൽ നടന്ന ഒരു സാഹിത്യ സമ്മേളനത്തിൽ വെച്ചു ഞാൻ ടീച്ചറെ പരിചയപ്പെട്ടു. ആദ്യദർശനത്തിൽ തന്നെ സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ പെരുമാറ്റം എന്നെ അത്ഭുതപ്പെടുത്തി. പിന്നീട് പലപ്പോഴും പൊതുവേദികളിൽ വെച്ചു കണ്ടിരുന്നു. രണ്ടോ മൂന്നോ പ്രാവശ്യം നന്ദാവനത്തുള്ള ടീച്ചറുടെ വീട്ടിലും പോയിട്ടുണ്ട്. 1973-ൽ എറണാകുളത്തേക്കും 1976-ൽ ന്യൂഡൽഹിയിലേക്കും മാറ്റം ആയതോടെ വളരെക്കാലം ടീച്ചറുടെ കവിതകളിലൂടെയാണ് ആ സൗഹൃദം മനസ്സിൽ സൂക്ഷിച്ചത്.

കേന്ദ്ര ഫിലിം സെൻസർ ബോർഡിന്റെ കേരളത്തിലെ മേധാവിയായി 1988 മെയ് മാസത്തിൽ ഞാൻ നിയമിതനായി. ഓഫീസ് തിരുവനന്തപുരത്ത് വഴുതക്കാട്ടുള്ള കലാഭവനിൽ ആയിരുന്നു. തിരുവനന്തപുരം പോലെയുള്ള ഓരോ റീജിയണൽ ഓഫീസിലും ഓരോ അനൗദ്യോഗിക ഉപദേശക സമിതിയും ഉണ്ടായിരുന്നു. ഇരുപത്തഞ്ചോ മുപ്പതോ പേരുള്ള ആ പാനലിൽ സമൂഹത്തിലെ പ്രമുഖ വ്യക്തികളാണ് ഉണ്ടാവുക. അതിൽ നിന്നു ഓഫീസർ തിരഞ്ഞെടു

ക്കുന്ന നാലുപേരും ഓഫീസറും ചേർന്നാണ് ഓരോ ചിത്രവും സെൻസറിംഗിന് വിധേയമാക്കുക. ആ പാനലിൽ ആദ്യം മുതലേ സുഗതകുമാരി ടീച്ചർ ഉണ്ടായിരുന്നു. അങ്ങിനെ പല ചിത്രങ്ങളുടെയും സെൻസറിംഗിന് ടീച്ചർ വന്നിരുന്നു. '1921', 'മാളൂട്ടി', 'ഉണ്ണിക്കുട്ടന് ജോലി കിട്ടി' തുടങ്ങിയ പല ചിത്രങ്ങളുടെയും സെൻസറിംഗിന് സുഗതകുമാരി ടീച്ചർ ഉണ്ടായിരുന്നു. ഓരോ ചിത്രവും കണ്ടു കഴിഞ്ഞു ഓഫീസറുടെ ചേംബറിൽ നടക്കുന്ന ചർച്ചയിലാണ് തീരുമാനം എടുക്കുക. പ്രേക്ഷകരെ അലോസരപ്പെടുത്തിയേക്കാൻ സാധ്യതയുള്ള ഏതെങ്കിലും ദൃശ്യമോ സംഭാഷണമോ ചിത്രത്തിൽ കണ്ടാൽ ടീച്ചർ പറയും :

'ശ്രീകൃഷ്ണദാസേ! ഈ സീൻ എങ്ങിനെ അനുവദിക്കും? "

ഞാൻ പ്രതിവചിക്കും:

''നമ്മൾ ഒരു ചിത്രത്തിന്റെ അന്തിമ ഫലമല്ലേ നോക്കേണ്ടത് ടീച്ചറെ? നിയമലംഘനം ഉണ്ടാകരുത്. സെക്സും വയലൻസും അതിര് കടക്കരുത്. അതല്ലേ വേണ്ടൂ. തിന്മയുടെ മേൽ നന്മ വിജയം വരിക്കുന്ന കഥയാണ് പറയുന്നതെങ്കിൽ തിന്മ അല്പ്പമെങ്കിലും കാണിക്കാതെ പറ്റുമോ?"

ടീച്ചർ മനസ്സില്ലാമനസ്സോടെ സമ്മതിക്കും. എങ്കിലും ആർക്കെങ്കിലും വേദനിക്കുന്നത് ആ കവി ഹൃദയത്തിന് അസഹനീയം ആയിരുന്നു.

അഞ്ചു വർഷക്കാലത്തോളം ആ സൗഹൃദം തുടർന്നു. ഉപദേശകസമിതിയിൽ ഉണ്ടായിരുന്ന മറ്റുള്ളവരും പ്രശസ്തരും പ്രഗത്ഭരും ആയിരുന്നു. പെരുമ്പടവം ശ്രീധരൻ, ഡോ.ജോർജ് ഓണക്കൂർ, പി.കെ.ബാലകൃഷ്ണൻ, എൻ. മോഹനൻ, വിജയകൃഷ്ണൻ, ശ്രീമതി സാറാ തോമസ്, ചെമ്മനം ചാക്കോ, ടി.എൻ.ജയദേവൻ, ഡോ.വി.രാജകൃഷ്ണൻ തുടങ്ങിയവരൊക്കെ ചേർന്ന് ഞങ്ങൾ ഒരു സാംസ്കാരിക സംഗമം തന്നെ രൂപീകരിച്ചിരുന്നു. സുഗതകുമാരി ടീച്ചറുടെ സാന്നിധ്യം ആ സംഗമ വേദികൾക്ക് നവചൈതന്യം നല്കി.

എന്റെ അമ്മ 1989 നവംബർ മൂന്നിന് തിരുവനന്തപുരം കോസ്മോപൊളിറ്റൻ ആശുപത്രിയിൽ വെച്ചു നിര്യാതയായി. അന്ന് ശ്രീ ഉത്രാടം തിരുനാൾ (SUT) ആശുപത്രിയിൽ ചികിത്സയിലായിരുന്ന സുഗതകുമാരി ടീച്ചർ അതീവ ഹൃദയസ്പർശിയായ ഒരു അനുശോചനക്കത്ത് അയച്ചുതന്നു. 'പ്രിയ സഹോദരാ' എന്നു സംബോധന ചെയ്തുകൊണ്ട് എഴുതിയ ആ കത്തിൽ മാതൃസ്നേഹത്തിന്റെ മഹനീയതയെക്കുറിച്ച് പരാമർശിച്ചിരുന്ന ഭാഗങ്ങൾ ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ:

"എന്റെ അമ്മ യാത്രയായിട്ടു അഞ്ചു വർഷം കഴിഞ്ഞിട്ടും ഇന്നും നെഞ്ചിൽ ആ നോവ് ആറിയിട്ടില്ല. She was my closest friend. ആ തണൽ പോയപ്പോൾ മുതലാണ് വെയിൽച്ചൂട് നേരിട്ടു ഉച്ചിയിലടിച്ചു തുടങ്ങിയത്. ആ അനുഭവം സ്നേഹമറിഞ്ഞു വളർന്ന എല്ലാ മക്കൾക്കും ഉണ്ടാകുന്നു.

"അമ്മ ദൈവത്തിനും മക്കൾക്കും ഇടയ്ക്കു നിന്നിരുന്നു. ഇപ്പോൾ ദൈവത്തിന്റെ കൂടെയായി.. ഞാൻ അങ്ങിനെയാണ് ആശ്വാസം തേടിയത്."

ആ കത്ത് ഞാൻ നിധിപോലെ സൂക്ഷിക്കുന്നു.

2003-ൽ ആണ് എന്റെ ആദ്യ കവിതാസമാഹാരം ('മഴ വരുന്നു') തയാറാക്കിയത്. അതിനു അവതാരിക എഴുതിയത് സുഗതകുമാരി ടീച്ചർ ആയിരുന്നു. അവതാരികയിൽ അവർ അവസാനം ഇങ്ങനെ എഴുതി.:

"ദീർഘ യാത്രയിലെ പാഥേയമാണ്, ജീവിതക്ലേശത്തിന് സാന്ത്വനമാണ് ശ്രീകൃഷ്ണദാസിന് കവിത. കവിതയെ ഉപാസിക്കുവാനുള്ള ആത്മാർത്ഥവും ദു:ഖമയവും ആയ ഈ യത്നത്തിന് സാഫല്യം കൈവരട്ടെ എന്നു നേരുന്നു."

ഡോ.കെ.അയ്യപ്പപണിക്കർ ഭരത് ഗോപിക്ക് ആദ്യപ്രതി നല്കിക്കൊണ്ടാണ് കവിതാസമാഹാരത്തിന്റെ പ്രകാശനം നിർവഹിച്ചത്. പെരുമ്പടവം ശ്രീധരൻ, വിഷ്ണുനാരായണൻ നമ്പൂതിരി, കെ.എൽ. മോഹനവർമ്മ ഡോ: എഴുമറ്റൂർ രാജരാജവർമ്മ തുടങ്ങിയ പ്രമുഖരൊക്കെ വേദിയിൽ ഉണ്ടായിരുന്നു. അസുഖമായിരുന്നതിനാൽ ആ ചടങ്ങിൽ സംബന്ധിക്കാൻ കഴിയാത്തതിലുള്ള വിഷമം സുഗതകുമാരി ടീച്ചർ പ്രത്യേകം വിളിച്ചറിയിച്ചിരുന്നു.

ഞാൻ രചനയും സംവിധാനവും നിർമ്മാണവും നിർവഹിച്ച 'ദി മിറക്കിൾ' എന്ന ഹ്രസ്വചിത്രത്തെക്കുറിച്ച് പത്രപംക്തികളിൽ വാർത്തകൾ വന്നപ്പോൾ ടീച്ചറും അത് വായിക്കാനിടയായി. അതേക്കുറിച്ചു സംസാരിച്ചപ്പോൾ ടീച്ചർക്ക് ആ ചിത്രം കാണാൻ താൽപ്പര്യമുണ്ടെന്ന് ആഹ്ലാദത്തോടെ ഞാൻ മനസ്സിലാക്കി. അമേരിക്കയിൽ നടന്ന ഒരു യഥാർത്ഥ സംഭവത്തെ ആസ്പദമാക്കി കേരളീയ പശ്ചാത്തലത്തിൽ രചിച്ച ഒരു ഹ്രസ്വ ചിത്രമായിരുന്നു അത്. മാരകരോഗം ബാധിച്ച തന്റെ കുഞ്ഞനിയനോടുള്ള ഒരു ഏഴു വയസ്സുകാരിയുടെ സ്നേഹത്തിന്റെ കഥ. ഇനി മകനെ രക്ഷിക്കാൻ ഒരു മിറക്കിളിന് മാത്രമേ കഴിയൂ എന്നു മാതാപിതാക്കൾ പറയുന്നതു കേട്ടു 'മിറക്കിൾ' ഒരു മരുന്നാണെന്ന് തെറ്റിദ്ധരിച്ചു ആ മരുന്നു വാങ്ങാനായി അച്ഛനമ്മമാർ അറിയാതെ തന്റെ പോക്കറ്റ് മണിയുമെടുത്ത് അടുത്തുള്ള മെഡിക്കൽ ഷോപ്പിലേക്ക് പോകുന്ന ഏഴുവയസ്സുകാരി. അവിടെ സംഭവിക്കുന്ന മിറക്കിൾ. (ഇടയ്ക്കൊന്നു പറഞ്ഞോട്ടെ, ഈ ചിത്രത്തിന്റെ പ്രധാന ലൊക്കേഷൻ 'ക്ഷാത്ര

സ്പന്ദന'ത്തിന്റെ അസോസിയേറ്റ് എഡിറ്റർ അജയകുമാർവർമ്മയുടെ 'ശ്രീകോവിലകം' എന്ന മനോഹരഭവനം ആയിരുന്നു.)

2014 ജൂലൈ 23 നു ഞാനും ഭാര്യ ഗിരിജയും കൂടി ലാപ്ടോപ്പും ഫിലിമിന്റെ സിഡിയുമായി നന്ദാവനത്തുള്ള സുഗതകുമാരി ടീച്ചറിന്റെ വസതിയിലെത്തി. അവിടെ അപ്പോൾ ഹൃദയകുമാരി ടീച്ചറും ഉണ്ടായിരുന്നു. സുഗതകുമാരി ടീച്ചർ അസുഖബാധിതയായിരുന്നു. ശയ്യാവലംബി ആയിരുന്നു. തലയിണയിൽ തല ഉയർത്തി വെച്ചു ടീച്ചർ സഹോദരിയോടൊപ്പം ചിത്രം സശ്രദ്ധം കണ്ടു. ആ മുഖം വികാരനിർഭരമാകുന്നതും കണ്ണുകൾ സജലങ്ങളാകുന്നതും എനിക്കു കാണാൻ കഴിഞ്ഞു. ടീച്ചർ പറഞ്ഞു.:

"ഞാൻ എന്റെ അഭിപ്രായം പറയാം. എനിക്കു എഴുതാൻ പ്രയാസമുണ്ട്. ശ്രീകൃഷ്ണദാസ് എഴുതാമോ. ഞാൻ ഒപ്പിട്ടു തരാം."

ഞാൻ കടലാസും പേനയുമെടുത്ത്കാത്തിരുന്നു. ടീച്ചർ അല്പ്പനേരം കണ്ണടച്ചിരുന്നു. പിന്നെ പറയാൻ തുടങ്ങി:

"ഈ പ്രപഞ്ചം തന്നെ ഒരു അത്ഭുതമാണ്. നമ്മുടെ ഓരോ നിമിഷവും അത്ഭുതസ്പർശങ്ങളാൽ ചൈതന്യനിർഭരമാകുന്നു. അതിമനോഹരമായ ഒരു കൊച്ചുവിസ്മയത്തിന്റെ സംഭവകഥയാണ് ദി മിറക്കിൾ എന്ന ഹ്രസ്വചിത്രത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. ഈശ്വരന്റെ ചിരിച്ചുകൊണ്ടുള്ള ഒരു ദ്രുതകാരുണ്യസ്പർശം. ശ്രീകൃഷ്ണദാസിന് എന്റെ നന്ദി.

ഹ്രസ്വചിത്രങ്ങൾക്ക് മറ്റു തരത്തിലുള്ള പ്രദർശനസാധ്യതകൾ കുറവായതിനാൽ യു ട്യൂബിൽ ഇടണമെന്നും അതിന്റെ ലിങ്ക് അയച്ചുകൊടുക്കണമെന്നും പറഞ്ഞു. അധികം താമസിയാതെ ഞാൻ ചിത്രം യു ട്യൂബിൽ ഇടുകയും അതിന്റെ ലിങ്ക് (the miracle short film klsreekrishna das) അയച്ചുകൊടുക്കുകയും ചെയ്തു.

എന്നും ഞാൻ സുഗതകുമാരി ക്കവിതകളുടെ ആരാധകനായിരുന്നു. 'അമ്പലമണി', 'കൃഷ്ണ നീയെന്നെയറിയില്ല', 'മഴത്തുള്ളി' , 'അമൃതം ഗമയ', 'രാജഘട്ടത്തിൽ' തുടങ്ങി പല കവിതകളും എനിക്കു ഹൃദിസ്ഥമാണ് . നന്മയ്ക്കും നീതിക്കും വേണ്ടിയുള്ള ടീച്ചറുടെ സമരങ്ങളെ അത്ഭുതാദരങ്ങളോടെ വീക്ഷിച്ചവനാണ് ഞാൻ. 'അഭയ' യും 'അത്താണി'യും സന്ദർശിക്കുവാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. അവയെക്കുറിച്ചൊന്നും വിശദീകരിക്കാൻ എനിക്കാവില്ല. എന്നോടു ഏറെ സ്നേഹവാൽസല്യങ്ങൾ കാണിച്ച ഒരു ജ്യേഷ്ഠ സഹോദരിയായിരുന്നു ടീച്ചർ. ആ ധന്യസ്മരണ അനശ്വരമാണ്! ●


## ക്ഷാത്രസ്പന്ദനം പ്രചാര മാസം

ജനുവരി ഒന്നു മുതൽ 31 വരെ 'ക്ഷാത്രസ്പന്ദനം' പ്രചാരമാസമായതിനാൽ എല്ലാ യൂണിറ്റുകളും കൂടുതൽ അംഗങ്ങളെ വരിക്കാരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്, നമ്മുടെ മാസികയുടെ സർക്കുലേഷൻ കൂട്ടുകയും, വരിസംഖ്യ കൃത്യമായി അടയ്ക്കുകയും ചെയ്താൽ മാത്രമേ നമുക്ക് മാഗസിൻ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളു, എല്ലാ ക്ഷത്രിയ കുടുംബങ്ങളും 'ക്ഷാത്രസ്പന്ദനം' വരിക്കാരാകേണ്ടത് നമ്മുടെ ലക്ഷ്യമായി കരുതി യൂണിറ്റ് ഭാരവാഹികൾ അതിന് വേണ്ട പ്രവർത്തനം ഉടനെ തുടങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ ക്ഷാത്രസ്പന്ദനത്തിലേക്കുള്ള പരസ്യം പിടിക്കുവാൻ യൂണിറ്റുകൾ ശ്രദ്ധിക്കേണ്ടതാണ്, ഷഷ്ട്യബ്ദപൂർത്തി, സപ്തതി, ശതാഭിഷേകം, നവതി, വിവാഹ ആശംസകൾ, മറ്റ് പരസ്യങ്ങൾ എല്ലാം കൊടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം എന്നും അപേക്ഷിക്കുന്നു. അതോടൊപ്പം 2021 ലെ വരിസംഖ്യ ജനുവരി 31ന് മുൻപായി എല്ലാ യൂണിറ്റുകളും, അംഗങ്ങളും ഓൺലൈനായി അടക്കണമെന്നും അറിയിക്കുന്നു. ജനുവരി മുതൽ ഡിസംബർ വരെ വരിസംഖ്യയുടെ കാലയളവ് ആയതിനാൽ മുൻകൂറായി തന്നെ പണം അടക്കേണ്ടതാണ്. ഓൺലൈൻ ഇടപാടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

**ACCOUNT NAME: KSHATRIYA KHEMA SABHA**
**ACCOUNT NO: 40052010052603**
**IFSC: SYNB0004005**
**BANK: SYNDICATE BANK (NOW: CANARA BANK)**
**BRANCH: WEST FORT**
**THIRUVANANTHAPURAM**

കാഷ് അയക്കുന്ന അംഗങ്ങൾ/യൂണിറ്റുകൾ വാട്ട്സ്ആപ്പ് വഴിയോ SMS വഴിയോ, മെയിൽ വഴിയോ ട്രഷററെ വിവരംഅറിയിക്കേണ്ടതാണ്. എങ്കിൽ മാത്രമേ യഥാസമയം രസീത് മേൽവിലാസത്തിൽ അയയ്ക്കുവാൻ സാധിക്കുകയുള്ളു.

**ട്രഷറർ: മഹേഷ് രാമവർമ്മ**
**ഫോൺ: 9895347928, OR 8589939383**
**Mail ID: kshathriyakshemasabha@gmail.com**
**maheshramavarma@gmail.com**



# അനശ്വരനായ മഹാകവി പന്തളം കേരളവർമ്മ

**പി. ജി. ശശികുമാർ വർമ്മ, പന്തളം**

ഹ്രസ്വമായ ഒരു കാലം മാത്രം ഇവിടെ ജീവിക്കുകയും നൂറ്റാണ്ടുകൾക്കിപ്പുറം തന്റെ സാഹിത്യസംഭാവനകൾ ചർച്ച ചെയ്യപ്പെടുകയും ചെയ്യപ്പെട്ട മഹാരഥനായ കവിയായിരുന്നു. മഹാകവി, കവി തിലകൻ പന്തളം കേരളവർമ്മ തമ്പുരാൻ കേവലം 40 വർഷക്കാലത്തെ ജീവിതത്തിനിടയിൽ മഹാകവി പന്തളം കേരളവർമ്മ തന്റെ കുടുംബസംസ്കാരത്തിൽ നിന്നും വളർത്തിയെടുത്ത ഒരേ സമയം ഏറ്റവും ലളിതവും അതികഠിനവുമായ പദങ്ങൾ കൊണ്ട് മലയാള സംസ്കൃത ഭാഷകളിൽ രചന നടത്തിയ അഗാധപാണ്ഡിത്യത്തിന്റെയും അനിർവചനീയ കവിഭാവനയുടെയും സമന്വയമായിരുന്നു അദ്ദേഹത്തിന്റെ സൃഷ്ടികൾ.

മലയാളഭാഷയുടെ നവോത്ഥാനക്കാലത്ത് വളരെയേറെ രചനകൾ നിർവ്വഹിച്ച പ്രതിഭാധനനാണദ്ദേഹം. ക്ലാസ്സിസത്തിൽ നിന്നും നിയോക്ലാസ്സിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ കാലഘട്ടത്തിലായിരുന്നു അദ്ദേഹം സാഹിത്യസപര്യ നിർവ്വഹിച്ചത്. നിലവിലുള്ള രചനാരീതി സ്വായത്തമാക്കിക്കൊണ്ട് നവനവമായ രീതിയിലുള്ള കവന സമ്പ്രദായത്തിലേക്ക് നീങ്ങിയതോടെ അദ്ദേഹം നവക്ലാസ്സിസത്തിന്റെ വക്താക്കളിൽ ഒരാളായി മാറി. കാലഘട്ടത്തിന്റെ പ്രവണതകൾ മാത്രമല്ല, കുടുംബപാരമ്പര്യത്തിന്റെ പ്രഭാവവും അദ്ദേഹത്തിന് സഹായകമായി. പന്തളം രാജകുടുംബത്തിലെ അംഗമായ അദ്ദേഹം അന്ന് കൊട്ടാരത്തിൽ നിലനിന്ന വിദ്യാഭ്യാസ സമ്പ്രദായം



സംസ്കൃതപഠനവും ഭാഷാപഠനവും ഹൃദിസ്ഥമാക്കി. സംസ്കൃത ഭാഷയിൽ അപാര പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം ആദ്യകാലത്ത് സംസ്കൃതത്തിലാണ് രചന നിർവ്വഹിച്ചിരുന്നത്. പിന്നീട് മാതൃഭാഷയോടുള്ള കൂറും കടപ്പാടും മുൻനിർത്തി ലളിതസുഭഗ മലയാളത്തിലേക്ക് മാറി. അക്കാലത്ത് പന്തളം കൊട്ടാരം ഒരു ഗുരുകുലം പോലെയായിരുന്നു. കുടുംബാംഗങ്ങൾ മാത്രമല്ല, പുറത്തുനിന്നുള്ള പണ്ഡിതന്മാരും വിജ്ഞന്മാരും കലാകാരന്മാരും മറ്റും വന്ന് താമസിച്ച് പഠനം പൂർത്തിയാക്കി പോകുമായിരുന്നു. ഇവർക്കിടയിൽ ശ്ലോകങ്ങളും കീർത്തനങ്ങളും കാവ്യങ്ങളും രചിക്കുവാനുള്ള അന്തരീക്ഷവുമുണ്ടായിരുന്നു. ഇവയിലെല്ലാം ഇടയ്ക്കിടയ്ക്ക് മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാറുമുണ്ടായിരുന്നു. കൂട്ടുകവിതാ പ്രസ്ഥാനം നിലനിന്നിരുന്ന കാലമായതിനാൽ കൂട്ടുകൃതികൾ നിരവധി രചിക്കുവാൻ ഈ ഗുരുകല സമ്പ്രദായം സഹായകമായി.

കൊട്ടാരത്തിലെ അംഗങ്ങൾ കവന പ്രവർത്തനത്തിൽ മാത്രമല്ല, സംഗീതം, നൃത്തം, കഥകളി, ചിത്രരചന, നാടൻ കലകൾ, രാജകുടുംബാംഗങ്ങൾക്ക് നിഷിദ്ധമായിരുന്ന ആശാരിപ്പണി, ചെണ്ട, മദ്ദള, മൃദംഗാദികൾ, വൈദ്യം, ജ്യോതിഷം തുടങ്ങിയവയിലും കലാ-സാഹിത്യ-ശാസ്ത്ര വിഷയങ്ങളിലും അഗാധ വൈഭവം പ്രകടിപ്പിച്ച നിരവധി പണ്ഡിതന്മാർ ഉണ്ടായിരുന്നു. അവിടെയുള്ള ചില പഴയ കെട്ടിടങ്ങൾ ആശാരി അമ്മാവൻ എന്നു വിളിച്ചിരുന്ന ഒരമ്മാവൻ പണിഞ്ഞതാണ്. വക്കീലമ്മാവൻ, വൈദ്യനമ്മാവൻ, കഥകളിയമ്മാവൻ, ആനയമ്മാവൻ, ചിത്രമെഴുത്ത് അമ്മാവൻ എന്നിങ്ങനെ താല്പര്യമുള്ള വിഷയവുമായി ബന്ധപ്പെട്ട പേരുള്ള അമ്മാവന്മാരുണ്ടായിരുന്നു. അവരുടെ സാമീപ്യത്തോടൊപ്പം അനുഗ്രഹത്തോടെയുമായിരുന്നു കേരളവർമ്മ സാഹിതീപൂജ നിർവ്വഹിച്ചത്.

രുഗ്മാംഗദചരിതം മഹാകാവ്യം വിജയോദയം മഹാകാവ്യം വേണീസംഹാരം എന്നീ മൂന്നു കൃതികൾ മാത്രം മതി സർഗ്ഗപ്രതിഭയുടെയും പാണ്ഡിത്യത്തിന്റെയും അനിർവചനീയമായ കവിഭാവനയുടെയും മാറ്റ് അളക്കുവാൻ. ഭുജംഗസന്ദേശം, വഞ്ചീശ ശതകം, സൂക്തിമാല, കഥാകൗമുദി, സുംഭനി സുംഭവധം മണിപ്രവാളം, ഭാഗീരഥി വഞ്ചിപ്പാട്ട്, ശ്രീമൂല രാജ വിജയം ഓട്ടൻതുള്ളൽ, ശബരിമലയാത്ര,

ശ്രീമൂല പ്രകാശിക ഭാഷാ ദൂത വാക്യം, വ്യായോഗം, മുദ്രാരാക്ഷസം നാടകം, കര സൗമോപാഖ്യാനം കിളിപ്പാട്ട് തുടങ്ങിയവ കൂടാതെ അസംഖ്യം കൂട്ടു കവിതകളും അദ്ദേഹം രചിച്ചു.

മഹാകവിയുടെ കാവ്യ സപര്യയെപ്പറ്റി ഗൗരവമായ ചർച്ച നടത്തുകയല്ല, ഈ ലേഖനത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ സംഭാവനകളിലൂടെ ഒരോട്ട പ്രദക്ഷിണം മാത്രം. കവി എന്നതുപോലെ തന്നെ പത്രാധിപർ എന്ന നിലയിലും അദ്ദേഹം പ്രശസ്തനായിരുന്നു. എല്ലാ വിഭവങ്ങളും പദ്യത്തിൽ വിളമ്പിയ പ്രസിദ്ധീകരണമായിരുന്നു പന്തളം കേരളവർമ്മയുടെ പത്രാധിപത്യത്തിലും ഉടമസ്ഥതയിലും ആരംഭിച്ച 'കവനകൗമുദി' എന്ന പാക്ഷികം (ദ്വൈവാരിക). ഒരു പക്ഷേ ലോകത്തിൽത്തന്നെ ഇത്തരമൊന്ന് ആദ്യത്തേതായിരിക്കും. ആദ്യത്തെ മൂന്നു വർഷം വർത്തമാനപ്പത്രമായാണ് പ്രസിദ്ധീകരിച്ചത്. സമകാലികമായ പത്രമാധ്യമങ്ങളിലുള്ളതുപോലെ വാർത്തകൾ, മുഖപ്രസംഗങ്ങൾ, കത്തുകൾ, പുസ്തകനിരൂപണങ്ങൾ, അറിയിപ്പുകൾ, വിവർത്തനങ്ങൾ എന്നിവയെല്ലാം കവനകൗമുദിയിലുണ്ടായിരുന്നു. എന്നാൽ അവയെല്ലാം പദ്യത്തിലായിരുന്നു എന്നതാണ് കവനകൗമുദിയെ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്നത്. എന്തിനേറെ പരസ്യം പോലും പദ്യത്തിലായിരുന്നുവെന്ന് പറഞ്ഞാൽ ചിത്രം വ്യക്തമാകുമല്ലോ?

'കവനകൗമുദിയുടെ ആദ്യലക്കം 1904 നവംബർ 16 (1080 വൃശ്ചികം വൃശ്ചികം ഒന്ന്) മണ്ഡലക്കാലം ആരംഭിക്കുന്ന ദിവസവും ശാസ്താവിനെ സ്തുതിക്കുന്ന ഒരു ശ്ലോകത്തോടെയാണ് ആരംഭിച്ചത്. അതിനു മുമ്പുതന്നെ പാക്ഷികം ആരംഭിക്കുന്ന വിവരം സുഹൃത്തുക്കളേയും കവികളേയും അറിയിച്ചിരുന്നു.

*പ്രത്യഗ്രമായ് 'കവനകൗമുദി'*
*യെന്ന പേരായ്*
*പ്രത്യേകമിങ്ങിവിടെ നിന്നൊരു*
*പദ്യപത്രം*
*പ്രീത്യാ നടത്തിടുവതിന്നുഭവാ*
*ദൃശന്മാർ*
*പ്രത്യാദരത്തൊടു സഹായി*
*കളായിടേണം"*

സഹായം കവിതകളായി ധാരാളം ലഭിച്ചു. മാസത്തിൽ രണ്ടു തവണ പ്രസിദ്ധീകരിക്കുന്നതായ അറിയിപ്പ് ഇങ്ങനെ.

*എന്നും തീയതി മാസത്തിലൊ*
*ന്നിലും പതിനഞ്ചിലും*
*മന്നിൽ പ്രസിദ്ധി ചെയ്തിടും മന്യാ*
*കവനകൗമുദി*

കവനകൗമുദിയുടെ വാർഷിക വരിസംഖ്യ തുടക്കത്തിൽ മൂന്നു രൂപയായിരുന്നു. 'അല്പം കുറഞ്ഞ വിലയാണിതൊരാണ്ടിൽ മുൻകുറേൽപ്പിക്കണം പരമതിന്നിഹ മൂന്നു രൂപ.' അക്കാലത്ത് പന്തളത്ത് അച്ചടിശാലകളൊന്നും ഉണ്ടായിരുന്നില്ല ആയതിനാൽ കായംകുളത്ത് 'സുവർണ്ണപ്രഭ' എന്ന മുദ്രണാലയത്തിൽ അച്ചടിപ്പിച്ച് പന്തളത്തു നിന്നും പ്രസിദ്ധപ്പെടുത്തുകയായിരുന്നു. 1081 വൃശ്ചികം 1 മുതൽ അച്ചടി തൃശ്ശിവപേരൂരിലെ 'കേരള കല്പദ്രുമം' മുദ്രണാലയത്തിലായിരുന്നു. 1083 വൃശ്ചികം മുതൽ ഇത് മാസികയാക്കി മാറ്റി. തൃശൂരിൽ നിന്നും വീണ്ടും തിരുവിതാംകൂറിലേക്കും പിന്നീട് കോട്ടയ്ക്കലേയ്ക്കും മാറി എങ്കിലും മുഖ്യ പത്രാധിപർ പന്തളം കേരളവർമ്മ തന്നെയായി അദ്ദേഹത്തിന്റെ മരണംവരെ തുടർന്നു. മലയാളത്തിൽ വിശേഷാൽ പ്രതി ആരംഭിച്ചത് കവനകൗമുദിയാണ് കവനകൗമുദിയുടെ വിശേഷാൽ പതിപ്പ് 'ഭാഷാവിലാസം' ആയിരുന്നു.

കവനകൗമുദിയിൽ പ്രസിദ്ധീകരിച്ച എഡിറ്റോറിയലുകൾ ജനകീയ പ്രശ്നങ്ങളെ കേന്ദ്രീകരിച്ചും നാട്ടിലെ ദുരിതങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനുമായിരുന്നു. രാജഭരണകാലത്ത് ഒരു രാജകുടുംബാംഗം തന്നെയായ കേരളവർമ്മ പോലീസിനേയും മറ്റു സർക്കാർ പരിഷ്കാരങ്ങളെയും വിമർശിച്ച് എഡിറ്റോറിയലുകൾ എഴുതിയത് ശ്രദ്ധേയമായിരുന്നു.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി കിടന്നിരുന്ന കേരളത്തെ ഒന്നാക്കി ദേശീയോത്ഗ്രഥനം ശക്തിപ്പെടുത്തുവാൻ കവനകൗമുദിക്കു കഴിഞ്ഞു. ഈ മേഖലകളിലെ കവികളെ ഒരേ പ്രസിദ്ധീകരണത്തിൽ ഒന്നിച്ചു ചേർത്താണ് കൂട്ടായ്മ സൃഷ്ടിച്ചത്.

പന്തളം കേരളവർമ്മയുടെ ബാലകവിതകൾ വളരെ പ്രസിദ്ധമാണ്. കുട്ടികളിൽ സന്മാർഗ്ഗ തത്വം വളർത്തുന്നതിനും ശരിയായ ജീവിതചര്യ, പ്രകൃതിസ്നേഹം തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിനും ബാലകവിതകളിൽ പ്രാധാന്യം നൽകി. മലയാളികളുടെ ഭാവനയേയും മൂല്യബോധത്തേയും ഉത്തേജിപ്പിക്കുവാൻ പോന്നവയായിരുന്നു അവ. ഈണവും താളവും ഭാഷാലാളിത്യവും മാത്രമല്ല മൂർത്തമായ ജീവിത ചിത്രങ്ങളും നാടകീയതയുള്ള ഘടനയും മനസ്സിനെ പിടിച്ചെടുക്കുന്ന ബോധനപരതയും ഈ കവിതകൾക്കുണ്ട്.


തൃശൂർ ജില്ലയിൽ വടക്കാഞ്ചേരിയിൽ പ്രശസ്തമായ ഒടുവിൽ തറവാട്ടിൽ നിന്നും പ്രശസ്ത കവി ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റെ സഹോദരി കുഞ്ഞിക്കുട്ടിയമ്മയെ 1906ൽ വിവാഹം ചെയ്തു. 13 വർഷത്തെ ദാമ്പത്യത്തിൽ അവർക്ക് 5 മക്കൾ (3 പെണ്ണും 2 ആണും) ഉണ്ടായി. കൊല്ലവർഷം 1089 മുതൽ തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ മലയാളം പണ്ഡിതനായി മരണം വരെ തുടർന്നു. വഞ്ചിയൂർ കൈതമുക്കിൽ ഒരു വീട് വാങ്ങി സകുടുംബം താമസമായി

*ശേഷം പേജ് 20 ൽ*

# ഡീഗോ അർമാൻഡോ മറഡോണ



## (വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും)



കെ. എൻ.എസ്. വർമ്മ, ചേർത്തല

അത്ഭുതങ്ങളും ആകസ്മികതകളും കൊണ്ട് അമ്മാനമാടിയ ജീവിതത്തിൽ ലോകം കണ്ട ഏറ്റവും വലിയ ഫുട്ബോൾ ഇതിഹാസമായി വളർന്ന ഡീഗോ അർമാൻഡോ മറഡോണയുടെ അപ്രതീക്ഷിത അന്ത്യവും അവിശ്വസനീയമായ ആകസ്മികതയുടെ പര്യായമായി തീർന്നു.

അർദ്ധ മനുഷ്യായുസ്സ് കടന്നു രോഗത്തിൽ നിന്നു മുക്തി നേടി വിശ്രമജീവിതം നയിക്കുന്നതിനിടയിലാണ് ആ ഫുട്ബോൾ പ്രതിഭ കളിക്കളത്തിൽ നിന്നു ശാശ്വതമായി നിഷ്ക്രിയനായത്.

ബ്യൂനോസ് എയേഴ്സിന്റെ മലീമസമായ ചേരിപ്രദേശത്തു നിന്നു ഉയിർത്തെഴുന്നേറ്റ് ഔന്നത്യങ്ങൾ ഒന്നൊന്നായി കീഴടക്കി പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിയത് 1986-ൽ ഡീഗോയുടെ നേതൃത്വത്തിലുള്ള അർജന്റീന ഫുട്ബോൾ ടീം ലോകകപ്പു നേടിയപ്പോഴാണ്.

കളിക്കളത്തിലെ ഫുട്ബോൾ മാന്ത്രികതയും അപൂർവ്വ പാദസിദ്ധികളും കൊണ്ട് മറഡോണ കായിക പ്രേമികളുടെ മനസ്സിൽ ആരാധനാ മനോഭാവം തന്നെ വളർത്തിയിരുന്നു. 1960 ഒക്ടോബർ 30നു ബ്യൂനോസ് എയേഴ്സിലെ ലാനസ് എന്ന നഗരപ്രാന്തത്തിൽ ഡീഗോ മറഡോണ എന്ന ഫാക്ടറി തൊഴിലാളിയുടെ 8 മക്കളിൽ അഞ്ചാമനായി ജനിച്ചു. കുട്ടിക്കാലം മുതൽ തന്നെ മറഡോണ പന്തുകളിയോട് അന്യാദൃശമായ താല്പര്യം കാണിച്ചിരുന്നു. മൂന്നാം വയസ്സിൽ അമ്മ



സമ്മാനിച്ച ഫുട്ബോൾ കെട്ടിപിടിച്ചു കൊണ്ടാണ് പയ്യൻ ഉറങ്ങിയിരുന്നത്. ചെറുപ്പം മുതൽ കളിപ്പന്തിനോട് തോന്നിയ ആത്മബന്ധം ലോകപ്രശസ്ത ഫുട്ബോൾ താരമായി തീർന്നപ്പോഴും മനസ്സിൽ താലോലിച്ചിരുന്നു. കളിക്കു മുമ്പ് പന്ത് കാൽ കൊണ്ടുയർത്തി രണ്ടു കൈകൾ കൊണ്ടും ആലിംഗനം ചെയ്തു നിൽക്കുന്നത് പതിവു കാഴ്ചയായിരുന്നു. “അയാളുടെ തീവ്രമായ ആത്മപ്രകാശമാണ് പന്ത്. അയാൾ പന്തിനെ തൊഴിക്കുന്നില്ല. പരിചരിക്കുകയാണ്” എന്നു ഒരു സ്പോർട്ട്സ് ലേഖകൻ കുറിച്ചതു തികച്ചും അർത്ഥവത്താണ്. തന്റെ ഹൃദയവികാരം മുഴുവൻ പന്തിലേക്കാവാഹിച്ച് മുത്തം നൽകിയതിനു ശേഷമാണ് കളത്തിലേക്കുള്ള പ്രവേശനം പോലും.

1978-ൽ അർജന്റീനയിൽ വച്ചു നടന്ന ലോകകപ്പു മത്സരത്തിൽ വിജയിച്ച അർജന്റീന ടീമിൽ കേവലം 17 വയസ്സു മാത്രം ഉള്ള മറഡോണ ഉൾപ്പെടാതിരുന്നത് നിർഭാഗ്യം കൊണ്ടു മാത്രമാണ്. 1986ലെ ഐതിഹാസികമായ വിജയത്തിനുശേഷം ഒരു ഇടത്തരം അർജന്റീന ടീമിനെ മെരുക്കിയെടുത്ത് 1990-ൽ ഫൈനലിൽ എത്തിച്ചു എങ്കിലും വിജയത്തിന്റെ വക്കിൽ പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. പിന്നീടുള്ള ജീവിതത്തിൽ മയക്കുമരുന്നുകളും മദ്യവും മറഡോണയുടെ ജീവിതത്തിൽ കൂടുതൽ ആധിപത്യം ഉറപ്പിച്ചു. വർഷങ്ങൾ കടന്നുപോയെങ്കിലും ജീവിത ശൈലിയിൽ മാറ്റങ്ങളൊന്നും സംഭവിച്ചില്ല. മയക്കുമരുന്നു പരിശോധനയിൽ പരാജയപ്പെട്ടു 1994ൽ അമേരിക്കൻ ലോകകപ്പിൽ നിന്നു ദയനീയമായി പുറത്താക്കപ്പെടുകയും ചെയ്തു.

മറഡോണ സഹപ്രവർത്തകർക്ക് എന്നും പ്രചോദനത്തിന്റെ ഉറവിടമായിരുന്നു. അതേസമയം ചുറ്റും തിങ്ങി നിറഞ്ഞിരുന്ന, ആർത്തിരമ്പുന്ന കാണികളിൽ നിന്നാണ് ഡീഗോക്ക് ഏറ്റവും ഉദാത്തമായ പ്രചോദനം കിട്ടിയിരുന്നത്. ദൈവത്തിനു സ്തുതി ചൊല്ലി കാണികളെ അഭിവാദ്യം ചെയ്തു കളത്തിലിറങ്ങുമ്പോൾ കാണികൾ നിർലോഭം ചൊരിയുന്ന ജയാരവങ്ങളിൽ അന്തർലീനമായ ആക്രമണ ത്വരയെ സ്വാംശീകരിച്ചു തന്റെ അജയ്യത വിസ്മയകരമാക്കി.

1986ലെ ലോക കപ്പു നേട്ടത്തിന്റെ വിജയോന്മാദം പൂർണ്ണമായും കെട്ടടങ്ങുന്നതിനു മുമ്പു

തന്നെ മറഡോണയുടെ ആസക്തികളിൽ മാറ്റം വന്നുകൊണ്ടിരുന്നു. എങ്കിലും കായികലോകം അർപ്പിച്ച ആരാധന ക്ഷയിക്കാതെ നിലനിന്നു. വർഷങ്ങളോളം നീണ്ട മയക്കുമരുന്നുപയോഗവും അമിതാഹാരവും മദ്യപാനവും അദ്ദേഹത്തിന്റെ നക്ഷത്ര ജീവിതശൈലിയെ വെട്ടിമുറിച്ചു.

ശീലങ്ങളിലും ആസക്തികളിലും മുങ്ങിയിരുന്ന മറഡോണ കളിക്കളത്തിൽ നിന്നു പൂർണ്ണമായും വിട്ടുനിന്നില്ല. 1994ൽ അമേരിക്കയിൽ ബോസ്റ്റണടുത്തുള്ള ഫോക്സ്ബൊറോ സ്റ്റേഡിയത്തിൽ നടന്ന ലോകകപ്പു മത്സരത്തിൽ രണ്ടു കളികളിൽ മാത്രമെ പങ്കെടുക്കാൻ പറ്റിയുള്ളു ഗ്രീസിനെതിരായുള്ള മത്സരത്തിൽ അതിഗംഭീരമായ വിജയം നേടിയെങ്കിലും മയക്കുമരുന്നുപയോഗത്തിന്റെ പേരിൽ, പിന്നീടുള്ള മത്സരങ്ങളിൽ നിന്നു പുറത്താക്കപ്പെട്ടു. അത് മറഡോണയുടെ ജീവിതത്തിലെ അവസാനത്തെ ഇന്റർനാഷണൽ മത്സരമായി പരിണമിച്ചു. പക്ഷെ 2008ൽ, മറ്റൊരു വേഷത്തിൽ മറഡോണയുടെ തിരിച്ചുവരവ് കായികപ്രേമികളെ അത്ഭുതപ്പെടുത്തി. അർജന്റീന ഫുട്ബോൾ താരങ്ങളെ പരിശീലിപ്പിക്കുന്ന കോച്ചായി രംഗത്തു വന്നു. യാതൊരു മുൻപരിചയവുമില്ലാതെ പരിശീലകനായി അരങ്ങേറ്റം കുറിച്ചപ്പോൾ, തന്റെ വ്യക്തിപ്രഭാവം കൊണ്ടും ദൈവദത്തമായ ആത്മീയശക്തി കൊണ്ടും ടീമിനെ വിജയത്തിലെത്തിക്കാൻ സാധിക്കുമെന്നു ഡീഗോ അവകാശപ്പെട്ടിരുന്നു. താരങ്ങളെക്കാൾ കൂടുതൽ ആകർഷകത്വം കോച്ചിനായിരുന്നതുകൊണ്ട്, മറഡോണയെ ഒരു നോക്കു കാണുവാൻ ജനങ്ങൾ തിക്കിത്തിരക്കി ബഹളം വച്ചിരുന്നത് ചരിത്രസത്യം മാത്രം.

പ്രശസ്തിയും സമ്പത്തും അംഗീകാരങ്ങളും കുമിഞ്ഞു കൂടിയപ്പോഴും തന്റെ ബാല്യകാല ജീവിതത്തിന്റെ യാതനകളെ മറക്കാതെ, മറഡോണ മനസ്സിൽ സൂക്ഷിച്ചിരുന്നു. ദാരിദ്ര്യവും പട്ടിണിയും അനുഭവിച്ചറിഞ്ഞവരുടെ പ്രതിനിധിയായി എക്കാലവും ജീവിച്ചു. ഏതു വിപരീത സാഹചര്യങ്ങളിൽ പോലും സത്യത്തിനും നീതിയ്ക്കും വേണ്ടി നിലകൊണ്ടു. സമ്പന്ന വർഗ്ഗത്തെയും കൊട്ടാര ജീവിതത്തെയും വിമർശിക്കുവാൻ മടിച്ചിരുന്നില്ല. നഗരത്തിലെ ഉന്നതരായ പരിഷ്കൃതരുടെ കളിയായ ക്രിക്കറ്റു വിട്ടു ഇടത്തരക്കാരുടെയും നാട്ടുമ്പുറത്തുകാരുടെയും ഫുട്ബോൾ കളിയെ ആഗോളതലത്തിൽ ഉയർത്തിക്കെട്ടിയവരിൽ ഒരാളാണു മറഡോണ. ''ഡീഗോ ഭൂമിയിലേക്കിറങ്ങി വന്നതു പന്തു കളിക്കാൻ വേണ്ടി മാത്രമാണ്. അതുകൊണ്ടാണ് ഫുട്ബോളിലെ ദൈവമായതും'' എന്നു ഐ.എം. വിജയൻ പറഞ്ഞതു ശരി തന്നെ. തന്റെ പ്രതിഭയിൽ ബോധവാനായിരുന്നെങ്കിലും അത്ഭുതപ്പെട്ടില്ല; അഹങ്കരിച്ചുമില്ല.

എതിരാളികളെ വെട്ടിച്ചു അനായാസം പന്തുരുട്ടി (dribble ചെയ്തു) വളരെ വേഗത്തിൽ ഒറ്റയ്ക്ക് ഗോൾ വലയത്തിലേക്ക് ഒഴുകി നീങ്ങുന്ന കാഴ്ച അത്ഭുതകരമെന്നേ പറയാവൂ. കാലിൽ പന്തു തുന്നിച്ചേർത്ത പ്രതീതി ജനിപ്പിച്ചുകൊണ്ടായിരുന്നു, ആ മരണപ്പാച്ചിലുകൾ. മറഡോണ, പല ക്ലബ്ബുകൾക്കും വേണ്ടി കളിച്ചിട്ടുണ്ട്. നേടിയെടുത്ത ഗോളുകളുടെ എണ്ണവും കളിക്കളത്തിൽ പ്രദർശിപ്പിച്ച അനുകരണാതീതമായ ഇന്ദ്രജാലങ്ങളും കണക്കിലെടുത്തു മറഡോണയെ ബ്രസീലിയൻ ലെജന്റായ പെലേക്ക് മുന്നിൽ പ്രതിഷ്ഠിക്കാൻ പലരും മുതിർന്നിട്ടുണ്ട്.

ശാരീരികമായ അസ്വസ്ഥതകൾ മറഡോണയുടെ മനസ്സിനെ വല്ലാതെ വേട്ടയാടിക്കൊണ്ടിരുന്നു. ഗുളിക കഴിക്കാതെ ഉറക്കം വരില്ലെന്ന സ്ഥിതിയായി. മറ്റുള്ളവർക്ക് അസൂയ തോന്നുന്ന പ്രശസ്തി ആഹ്ലാദം പകരുന്നതിനു പകരം മറഡോണയിൽ നിന്നു മനഃശാന്തി ചോർന്നൊലിച്ചു പോകുന്നതിനാണ് സഹായിച്ചത്. പ്രശസ്തിയെപ്പറ്റിയുള്ള അമിതമായ ഉൽക്കണ്ഠ മറക്കുവാനുള്ള ശ്രമത്തിൽ, കോർട്ടിസോണും, വേദനസംഹാരികളും മയക്കുമരുന്നുകളും ക്രമാതീതമായി ഉപയോഗിച്ചു സായൂജ്യം നേടുന്നതിനു ശ്രമിച്ചു. പക്ഷെ മത്സരങ്ങൾക്കു മുൻപ് മറഡോണ ഉത്തേജക മരുന്നു ഒരിക്കൽ പോലും കഴിച്ചിരുന്നില്ലെന്ന് പറയുന്നത് സത്യമായിരിക്കാം.

"വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും" നിറഞ്ഞതായിരുന്നു മറഡോണയുടെ ജീവിതം എങ്കിലും സമ്പൂർണ്ണ ഫുട്ബോളർ ആരെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളു! ഡീഗോ അർമാൻഡോ മറഡോണ. മറഡോണക്കു തുല്യൻ മറഡോണ മാത്രം!! ●


---

*18 ൽ നിന്നും*

രുന്നു. അധികം വൈകാതെ തന്നെ ജോലി ഉപേക്ഷിച്ച് പന്തളത്തേക്ക് മടങ്ങുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ ഇന്ന് നാം നേരിടുന്ന മഹാമാരിയായ 'കോവിഡ് 19' പോലെ അന്ന് നാട്ടിൽ പടർന്നുപിടിച്ച 'ബോംബെ പനി' പിടിച്ച് 1919 ജൂൺ 11ന് (1094 ഇടവം 28) ബുധനാഴ്ച രാത്രി തികച്ചും ആകസ്മികമായി അദ്ദേഹം വിട പറഞ്ഞു. മരണദിവസവും അദ്ദേഹം പതിവുപോലെ സ്കൂളിൽ പോയിരുന്നു. അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണം ഭാഷയ്ക്കും കവിതയ്ക്കും വരുത്തിവെച്ച തീരാനഷ്ടം അന്ന് ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച പദ്യങ്ങളിലും മുഖപ്രസംഗങ്ങളിലും എടുത്തു പറഞ്ഞിട്ടുണ്ട്.

മറ്റു പല മഹാരഥന്മാരെപ്പോലെ മഹാകവി പന്തളവും കാവ്യമേഖലയ്ക്കു നൽകിയിട്ടുള്ള സംഭാവനകൾ വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. അത് ഈ തലമുറ നിർവ്വഹിക്കുമെന്നു പ്രതീക്ഷിക്കാം. ●

# യഃ പശ്യതി സ പശ്യതിഃ



**കെ.സി. രാമവർമ്മ രാജ,** തിരുവനന്തപുരം
(നീലേശ്വരം വലിയരാജ)

എന്താണ് വേദം? വിദ് എന്നാൽ അറിവ്. എന്തിനെക്കുറിച്ചുള്ള അറിവാണ്? അറിവിന്ന് അറ്റമില്ല. ജീവ, ജഗത്, ഈശ്വരനെ പറ്റിയുള്ള അറിവ്, ധ്യാനത്തിലൂടെ വെളിവായതാണ്. ഭാരതത്തിലെ ഋഷിവര്യന്മാർ പറഞ്ഞത് അനുഭവപ്പെട്ടതാണ്. വേദാന്തം എന്നാൽ, അറിവിന്റെ അവസാനത്തെ വാക്കാണ്.

*"ദ്വാവിമൌ പുരുഷൗ ലോകേ*
*ക്ഷരശ്ചാക്ഷര ഏവ ച*
*ക്ഷര സർവാണി ഭൂതാനി*
*കൂടസ്ഥോഽക്ഷര ഉചത്യേ"*

ഗീത (Ch- 15 – ശ്ലോകം 16)

സാരം: ലോകത്ത്, ക്ഷരമെന്നും അക്ഷരമെന്നും, പുരുഷന്മാർ രണ്ടാണ്. അതിൽ ഭൂതങ്ങളെല്ലാം (ശരീരം) ക്ഷരപുരുഷനും ജീവാത്മാവ് അക്ഷര പുരുഷനും ആണ്.

ജീവാത്മാവ്, ശരീരം മാറിമാറി എടുക്കുകയല്ലാതെ ഒരിക്കലും നശിക്കുന്നില്ല. പരമാത്മാവ് (ബോധം) ഉത്തമ പുരുഷനാണ്. ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയാണെന്ന് ശ്രീരാമൻ പഞ്ചവടിയിൽ വെച്ച് ലക്ഷ്മണന് നൽകിയ ഉപദേശത്തിൽ നിന്ന് മനസ്സിലാകുന്നതാണ്.

*"ജീവാത്മാവെന്നും പരമാത്മാവെന്നതുമോർക്കിൽ*
*കേവലം പര്യായ ശബ്ദങ്ങളെന്നറിഞ്ഞാലും*
*ഭേദമേതുമേയില്ല രണ്ടുമൊന്നത്രേ നൂനം*
*ഭേദമുണ്ടെന്ന് പറയുന്നതജ്ഞന്മാരല്ലോ"*

അദ്ധ്യാത്മ രാമായണം – തുഞ്ചത്ത് എഴുത്തച്ഛൻ.

ബോധം പ്രവർത്തിക്കുന്നത് രണ്ട് വിധത്തിലാണ്. ഒന്ന് പ്രകൃതി മൂലവും രണ്ട് നേരിട്ട് സാക്ഷിരൂപത്തിലും. പ്രകൃതിനിയമങ്ങൾ ഉണ്ടാക്കിയ നിയാമകൻ 'ബോധ'മാണ്. ആ പ്രകൃതിയുടെ ഗുണങ്ങളാണ് സത്വരജസ്തമോഗുണങ്ങൾ. ഈ ഗുണങ്ങളാൽ, ഒരു വ്യക്തിക്കും, വെറുതെ ഇരിക്കാൻ സാധിക്കുകയില്ല. എന്തെങ്കിലും, നിർബന്ധമായി ചെയ്തുകൊണ്ടെയിരിക്കണം.

*"നഹി കശ്ചിത് ക്ഷണമപി*
*ജാതു തിഷ്ഠത്യ കർമ്മകൃത്*
*കാര്യതേ ഹ്യവശഃ കർമ്മ*
*സർവ്വഃ പ്രകൃതിജൈർ ഗുണൈഃ"*

ഗീത (ch 3 ശ്ലോകം 5)

കർമ്മത്തിലൂടെ മനസ്സിനെ ഉയർത്തണം. തമോഗുണത്തെ, രജോഗുണമാക്കി ഉയർത്തി മനസ്സിന്റെ ഊർജ്ജം മാറ്റിയെടുക്കണം. രജോഗുണത്തിൽ നിന്ന്, സത്വഗുണത്തിലേക്കും, അതിൽ നിന്ന് ഗുണാതീതനും ആകണം. ചിന്മയാനന്ദ സ്വാമിജിയുടെ പോൾവാൾട്ട് ഉദാഹരണം. വളരെ പ്രസിദ്ധമാണ്. ഏറ്റവും ഉയരത്തിൽ എത്തിയാൽ, കമ്പ് (Pole) ഉപേക്ഷിച്ച്, ചാടുന്നത് പോലെയാണ് ത്രിഗുണങ്ങളെ ഉപയോഗിക്കേണ്ടത്. "നിശ്ചലതത്വേ ജീവന്മുക്തിഃ" എന്ന് 'ഭജഗോവിന്ദ' ത്തിൽ ശ്രീ ശങ്കരാചാര്യർ പറഞ്ഞതനുസരിച്ച് ഗുണാതീതനാകുമ്പോൾ മനസ്സ് നിശ്ചലമാകുന്നതിനാൽ, മോക്ഷം അനുഭവിക്കുന്നതാണ്.

"ഗുണാനേ താനതീത്യത്രീൻ
ദേഹി ദേഹ സമുത്ഭവാൻ
ജന്മമൃത്യു ജരാദുഃഖൈർ
വിമുക്തോഽമൃത മശ്നുതേ"

ഗീത (ഇവ 14 ശ്ലോകം 20)

സാരം: ജീവാത്മാവ്, മൂന്ന് ഗുണങ്ങളെയും കടന്നിട്ട് ജനന മരണ വാർദ്ധക്യ ദുഃഖത്തിൽ നിന്ന് വേർപെട്ടവനായി മോക്ഷത്തെ അനുഭവിക്കുന്നു.

ഇനി, ബോധം, നേരിട്ട്, പ്രവർത്തിക്കുന്നത് എങ്ങിനെയെന്ന് നോക്കാം. വെറും മാംസപിണ്ഡം മാത്രമാണ്, ഒരു ഗർഭത്തിലെ, മാതാപിതാക്കന്മാരുടെ സംഭാവന. അതിൽ, ഓരോ അവയവങ്ങൾ വേണ്ടുന്ന സ്ഥലത്ത്, വേണ്ടുംപോലെ ഘടിപ്പിക്കുന്നത് ബോധമാണ്. ദഹന പ്രക്രിയ, നാം അറിയാതെ മുറക്ക് നടത്തുന്നത്, ഈ ഉത്തമ പുരുഷനല്ലാതെ മറ്റാരുമല്ല. ഈ പരമാത്മാവ് എങ്ങിനെയുള്ളവനാണ്?

*"ന ജായതേ മ്രിയതേ വാ കദാ പി-*
*ന്നായം ഭൂത്വാ ഭവിതാ ന ഭൂയഃ*
*അജോ നിത്യഃ ശാശ്വതോ ഽയം പുരാണേ*
*ന ഹന്യതേ ഹന്യമാനേ ശരീരേ"*

ഗീത (Ch2 – ശ്ലോകം 20)

സാരം: ആത്മാവിന്ന് ജനനമരണമില്ല; ഉണ്ടായിട്ട് ഇല്ലാതാവുകയുമില്ല. അത് നിത്യനാണ്. ശരീരം കൊല്ലപ്പെടുമ്പോൾ, അത് കൊല്ലപ്പെടുന്നുമില്ല.

ആഭരണം മാറും സ്വർണ്ണം മാറുന്നില്ല; എന്നതുപോലെയാണ് ബോധം. സ്വർണ്ണം നിലനിർത്താൻ

ആഭരണം വേണ്ട, എന്നാൽ, ആഭരണം നിലനിർത്താൻ സ്വർണ്ണം വേണം.

*"സമം സർവ്വേഷു ഭൂതേഷു*
*തിഷ്ഠന്തം പരമേശ്വരം*
*വിനശ്യ ത്സ്വ വിനശ്യന്തം*
*യഃ പശ്യതി സ പശ്യതി"*

ഗീത (Ch 13-ശ്ലോകം 28)

സാരം: ഭൂതങ്ങളുടെ ജഢപ്രകൃതി നശിക്കുമ്പോഴും, അവയിലെല്ലാം നാശരഹിതമായി വർത്തിക്കുന്ന ചൈതന്യപ്രകൃതിയായ പരമാത്മാവിനെ, (ഉത്തമപുരുഷനെ) ആര് കാണുമോ, അവൻ മാത്രമാണ്, വസ്തു തത്വമറിയുന്നവൻ.

ഋഗ്വേദത്തിൽ ഈ ഉത്തമപുരുഷനെ സ്തുതിക്കുന്ന ഭാഗമാണ് 'പുരുഷ സൂക്തം.' സാധാരണ വേദത്തിലെ മന്ത്രങ്ങൾക്ക് 'സൂക്തം' എന്നോ 'ഋക്' എന്നൊക്കെ പറയുന്നു. 'ശ്ലോകം' എന്ന് പറയാറില്ല. ഇതിൽ 24 'സൂക്ത'ങ്ങളാണ് ഉള്ളത്. അതിൽ മൂന്നു 'സൂക്ത'ങ്ങൾ മാത്രം വിവരിച്ച് ഈ ലേഖനം ഉപസംഹരിക്കുന്നു.

**ഋക് 1**

*"സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത്*
*സ ഭൂമിം വിശ്വതോവൃത്വാ്യതിഷ്ഠദ്ദശാം ഗുലം"*

സാരം: പുരുഷന്, ആയിരം തലകളും, കണ്ണുകളും കാലുകളും ഉണ്ട്. അത് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. നാഭിയിൽ നിന്ന്, പത്ത് വിരൽ മുകളിലാണ് ഇതിന്റെ സ്ഥാനം. ഈ 'ബോധം' എല്ലാ ജീവജാലങ്ങളിലും ഒരുപോലെ സ്ഥിതി ചെയ്യുന്നു. എല്ലാ വൈദ്യുത (Electric) ഉപകരണങ്ങളേയും പ്രവർത്തിപ്പിക്കുന്നത്, ഒരേ വിദ്യുത്ശക്തിയാണെന്നതുപോലെ, എല്ലാം നില നില്ക്കുന്നത് ഒരേ ബോധത്തിലാണ്. ശ്രദ്ധ ലോകത്തിൽ നിന്നും, ഈ ബോധത്തിലേക്ക്, തിരിക്കുന്ന ഇടനാഴിയുടെ പേരാണ് നാമസ്മരണ.

**ഋക് 20**

*'വേദാഹമേതം പുരുഷം മഹാന്തം ſആദിത്യ വർണ്ണം തമസഃ പരിസ്താത്*
*തമേവം വിദ്യാനമൃത ഇഹ ഭവതി! നാന്യപാന്ഥാവി ദ്യതേſനായ"*

*സാരം:* ആദിത്യനെ പോലെ തിളങ്ങുന്നതും അന്ധകാരത്തിന്നതീതനുമായ പുരുഷനെ ഞാൻ അറിയുന്നു. അതറിയുന്നവൻ, ഇവിടെ തന്നെ മുക്തി നേടുന്നതാണ്. ഇതല്ലാതെ മോക്ഷത്തിന് വേറെ വഴിയില്ല. ഈശാവാസ്യ ഉപനിഷത്തിൽ പറയുന്നത്, ആദിത്യനിലുള്ള 'ബോധ' വും നമ്മളിലുള്ള ബോധവും ഒന്നു തന്നെയാണെന്നാണ്.

# അക്ഷരമുറ്റത്ത് വീണ്ടും

**സുധീർ ചെറുതാഴം**



കല്പവൃക്ഷങ്ങൾ കുടകൾ ചൂടിയ
കേരള നാട്ടിലെ പുണ്യഭൂമി...
മാമലനാട്ടിലെ മാടായി സ്കൂളിൽ
അക്ഷരമുറ്റത്ത് വീണ്ടും... ഈ-
അക്ഷരമുറ്റത്ത് വീണ്ടും...

മാടായി ദേശത്തിൻ മാസ്മര ഭംഗികൾ
പല നാളുണ്ടെന്റെ ഓർമ്മകളിൽ
സാഗരക്കാറ്റേറ്റ് സൗഹൃദം നിറയുന്ന
മാടായി സ്കൂളെൻ ആത്മാവ് - ഈ
മാടായി സ്കൂളെൻ നിറച്ചാർത്ത്
കാലങ്ങളെത്ര കഴിച്ചു നമ്മൾ - ഈ
സുന്ദര സ്വപ്നങ്ങൾ കാത്തുവെച്ചു.
ഇന്നീ മുറ്റത്ത് കൈകോർത്തിരിക്കാൻ
ഓർമ്മകൾ നമ്മെ ബാക്കിയാക്കി
ഓർമ്മകൾ നമ്മെ വിളിച്ചുണർത്തി
ഓർമ്മകൾ നമ്മെ തൊട്ടുണർത്തി.

ഗുരുശിഷ്യ ബന്ധങ്ങൾ നിലനിർത്തിപ്പോയൊരു
ഗതകാല ബന്ധത്തെ കൈപിടിക്കാം.
കൈപിടിച്ചേറ്റിയ ഗുരുജന വൃന്ദങ്ങൾ - ഈ
അക്ഷര മുറ്റത്തുണ്ടെന്നോർത്തു വെയ്ക്കാം.

താണു വണങ്ങാം തൊഴുതു നമിക്കാം
ഈ ദേശഭൂമിയെ കൂട്ടുകാരെ.
സ്വാഗതമേകുന്നു ഏവർക്കുമിപ്പോൾ
അൻപോട് ഞാനിതാ കുമ്പിടുന്നേൻ! ●

**ഋക് - 24**

*ഹ്രിശ്ച തേ ലക്ഷമീശ്ച പത്നൃൗ അഹോരാത്രേ പാർശ്വേ*
*നക്ഷത്രാണി രൂപം! അശ്വിനൗവ്യാത്തമ്!*
*ഇഷ്ടം മനിഷാണ! അമൃം മനിഷാണ!സർവം മനിഷാണ'*

*സാരം:* ദേവിമാർ ഹ്രീയും (ക്ഷമ) ശ്രീയും (ലക്ഷ്മി) പുരുഷന്റെ പത്നിമാരാണ്. രാവും പകലും കൈകാലുകളാണ്. നക്ഷത്രങ്ങൾ രൂപമാണ്. രണ്ട് അശ്വനിമാർ തുറന്ന വായയാണ്. ആത്മീയജ്ഞാനം, ആയുരാരോഗ്യം എന്നിങ്ങനെ ഞങ്ങൾക്ക് വേണ്ടതെല്ലാം തന്ന് ഞങ്ങളെ രക്ഷിക്കേണമേ.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*



# വിഷ്ണുരാതൻ

**ചന്ദ്രാവലി തമ്പുരാൻ,** തിരുവനന്തപുരം

ശ്രീകൃഷ്ണഭഗവാന്റെ സ്വധാമാfഗമനം അറിഞ്ഞ യുധിഷ്ഠിര ചക്രവർത്തി, രാജകീയ ചിഹ്നങ്ങളെല്ലാം ഉപേക്ഷിച്ച്, പൗത്രൻ പരീക്ഷിത്തിന്റെ സ്ഥാനാരോഹണം നടത്തി, ശുഭ്രവസ്ത്രധാരിയായി വടക്കോട്ട് യാത്ര തിരിച്ചു. വലിയ മുത്തച്ഛനെ സാഷ്ടാംഗം നമസ്ക്കരിച്ച പരീക്ഷിത്തിനെ, ഒന്നും ഉരിയാടാതെ കടാക്ഷിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. ആ നോട്ടത്തിൽ, വാത്സല്യവും അനുഗ്രഹവും മാത്രമല്ലാ ഭാവിയിൽ ഭരണത്തിനുവേണ്ട നിർദ്ദേശങ്ങളും പ്രചോദനവും ആത്മവിശ്വാസവും എല്ലാം എല്ലാം ഉൾക്കൊണ്ടിരുന്നു. അനുജന്മാരും പാഞ്ചാലിയും അദ്ദേഹത്തെ അനുഗമിച്ചു. മഹാപ്രസ്ഥാനത്തിനു പുറപ്പെട്ട അവരെ ഗോപുര കവാടം വരെ പരീക്ഷിത്ത് അനുഗമിച്ചെങ്കിലും തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ അവർ യാത്ര തുടർന്നു. അവർ കണ്ണിൽ നിന്നും മറഞ്ഞപ്പോൾ അദ്ദേഹത്തിന് അഗാധമായ നഷ്ടബോധം! ആകെ ശൂന്യത!

സ്വന്തം കൊട്ടാരത്തിലെത്തിയ പരീക്ഷിത്തിന്റെ മനസ്സിൽ പല പല ചിന്തകൾ ഉരുത്തിരിഞ്ഞു. കഴിഞ്ഞ അല്പ സമയത്തിനുള്ളിൽ എന്തെല്ലാം സംഭവ വികാസങ്ങൾ!! കുറച്ചു മാസങ്ങൾക്കു മുമ്പായി ദ്വാരകയിൽ പോയ അർജ്ജുനൻ തിരിച്ചെത്തിയിട്ടില്ല, ഒരു സന്ദേശം പോലുമില്ലാ, ദുർനിമിത്തങ്ങൾ കാണുന്നു, നാരദമഹർഷി മുൻപു സൂചിപ്പിച്ച ശ്രീകൃഷ്ണ സ്വർഗ്ഗാരോഹണം നടന്നിരിക്കുമോ? തന്റെ ആശങ്കകൾ ഭീമസേനനുമായി പങ്കുവെച്ചുകൊണ്ടിരിക്കെ ചിന്നിച്ചിതറിയ മുടിയും മലീമസമായ വസ്ത്രധാരണവും കുനിഞ്ഞ ശിരസ്സുമായി അർജ്ജുനൻ വന്നെത്തി. അഭിമാനത്തോടെ സദാ കൈയ്യിൽ ഉയർത്തിപ്പിടിച്ചിരുന്ന ഗാണ്ഡീവം, ആ വില്ലാളിവീരൻ വലിച്ചിഴച്ചുകൊണ്ടാണ് വരവ്! രാജസഭയിലെത്തിയ ഉടനെ "മഹാരാജൻ" എന്ന് സംബോധനയോടെ നമസ്ക്കരിച്ച് തേങ്ങി തേങ്ങി കരയുവാൻ തുടങ്ങി. ഓമനപ്പുത്രൻ അഭിമന്യുവിനെ ദുര്യോധനാദികൾ അധർമ്മത്തിലൂടെ ചതിച്ചുകൊന്നപ്പോൾ പോലും ദുഃഖം അടക്കിയ അദ്ദേഹം, തന്റെ ബന്ധുവും സുഹൃത്തും അഭ്യുദയകാംക്ഷിയുമായ വാസുദേവൻ ഇഹലോകവാസം വെടിഞ്ഞതിന്റെ ദുഃഖം നിയന്ത്രിക്കാനാകാതെ വിവശനാണ്. പാഞ്ചാലിസ്വയംവരം മുതൽ തനിക്ക് ദിവ്യാസ്ത്രങ്ങൾ ലഭ്യമാക്കിയത്, കൗരവസഭയിൽ പാഞ്ചാലീദേവിയുടെ മാനം കാത്തത്, വനവാസക്കാലത്ത് ദുർവ്വാസാവിന്റെ ശാപത്തെ തടഞ്ഞത്, രാജസൂയ നിർവ്വഹണം, ജരാസന്ധവധം, കുരുക്ഷേത്രയുദ്ധത്തിലെ വിജയം തുടങ്ങി കൃഷ്ണൻ ചെയ്ത സഹായങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞാണ് അർജ്ജുനന്റെ വിലാപം. ഇന്നിതാ ഗാണ്ഡീവം പൊക്കുവാൻ പോലും അശക്തനാണ്! ശ്രീകൃഷ്ണന്റെ അസാന്നിദ്ധ്യത്തിൽ സർവ്വവും നഷ്ടപ്പെട്ട പ്രതീതി! തന്നോട് ഒരു വാക്കു പോലും പറയാതെ മറഞ്ഞുപോയതിന്റെ പരിഭവം!!! ദുഃഖവും നിരാശയും നിറഞ്ഞ അർജ്ജുനന്റെ വിലാപത്തിൽ നിന്നും (ഭാഗവതം സ്കന്ധം അദ്ധ്യായം 1.15) ശ്രീകൃഷ്ണഭഗവാന്റെ തിരോധാനത്തെപ്പറ്റി അറിഞ്ഞ പാണ്ഡവന്മാർ സർവ്വസംഗ പരിത്യാഗികളായതിലെന്തദ്ഭുതം! അവിടുന്നില്ലാത്ത ലോകം അവർക്ക് തികച്ചും ശൂന്യം!

പിതാമഹന്മാരുടെ അവിചാരിതമായ സ്ഥാനത്യാഗം പരീക്ഷിത്തിനെ അസ്വസ്ഥനാക്കി. ചിന്താമഗ്നനായിരുന്ന അദ്ദേഹത്തിന്റെ ചുമലിൽ ഒരു മൃദുസ്പർശം. മാതാവ് ഉത്തരാദേവി! പരീക്ഷിത്ത് അമ്മയെ അഭിവാദ്യം ചെയ്ത് ആസനസ്ഥയാക്കി. ഉത്തരയുടെ കണ്ണുകളിൽ ദുഃഖം തളം കെട്ടിയിരുന്നെങ്കിലും മുഖത്ത് നിശ്ചയദാർഢ്യം! പുത്രനെ ചേർത്തു നിർത്തി അവർ പറഞ്ഞു "ഉണ്ണീ, നീ വിഷ്ണുരാതനാണ്." പലപ്പോഴും ആവർത്തിക്കപ്പെടുന്ന ആ വാചകത്തിന്റെ ഗരിമ പരീക്ഷിത്തിന് വ്യക്തമാണ്. ഗർഭിണിയായ ഉത്തരാദേവി, പാണ്ഡവകുലത്തിന്റെ ഉന്മൂലനാശത്തിന്നായി അശ്വത്ഥാമാവയച്ച ബ്രഹ്മാസ്ത്രത്താൽ വിവശയായപ്പോൾ, അംഗുഷ്ഠമാത്ര ശരീരനായി ഗർഭത്തിൽ പ്രവേശിച്ച് ഗദയും ചുഴറ്റി പ്രസവം വരെ പരിരക്ഷിച്ചതും "ചാപിള്ള" ജനിച്ച കുഞ്ഞിനെ വെള്ളം തളിച്ച് ജീവിപ്പിച്ചതും മൂലമാണ് വിഷ്ണുരാതൻ എന്ന നാമധേയം ലഭിച്ചത്.

ഗർഭസ്ഥനായിരുന്നപ്പോൾ കണ്ട മനോഹര രൂപം എവിടെ എന്ന മട്ടിൽ ഓരോരുത്തരിലും പരീക്ഷിച്ചതിനാൽ ആണ് പരീക്ഷിത് എന്ന ഓമനപ്പേരു വന്നത് എന്ന് അമ്മയും മുത്തശ്ശിമാരും എത്രയെത്ര പ്രാവശ്യം പറഞ്ഞിരിക്കുന്നു! അകാലത്തിൽ ചതിയിലൂടെ വീരസ്വർഗ്ഗം പ്രാപിയ്ക്കേണ്ടി വന്ന അഭിമന്യുവിന്റെ പുത്രനെ സദാ സംരക്ഷണ വലയത്തിൽ നിർത്തിയിരുന്നതും നീ വിഷ്ണുരാതനാണെന്നതിലൂടെ അതെല്ലാം ഓർമ്മപ്പെടുത്തലാണ്. തന്മൂലം ഒരു നവോന്മേഷം സംജാതമാകുന്നു.

ധർമ്മത്തിൽ അധിഷ്ഠിതമായ യുധിഷ്ഠിരന്റെ ഭരണസംവിധാനം പരീക്ഷിത്തിന്റെ രാജ്യഭരണം അനായാസമാക്കിയെങ്കിലും കലി രംഗപ്രവേശനം ചെയ്തതിന്റെ സൂചന അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. പ്രജാക്ഷേമമുദ്ദേശിച്ച് സഞ്ചരിയ്ക്കാറുണ്ടായിരുന്ന പരീക്ഷിത്ത് ഒരു പ്രത്യേക ദൃശ്യത്തിന് സാക്ഷിയായി. പട്ടിണിക്കോലമായ ഒരു പശുവും മൂന്നു കാലുകളുമൊടിഞ്ഞ് ഒറ്റക്കാലിൽ നില്ക്കുന്ന ഒരു കാളയും തങ്ങളുടെ വ്യസനം പങ്കുവെച്ചുകൊണ്ടിരിക്കുമ്പോൾ ഒരു രാജവേഷധാരി കാളയുടെ നാലാമത്തെ കാലും വെട്ടുവാനായി വാളോങ്ങി നില്ക്കുന്നു. പരീക്ഷിത്ത് ഉടനടി ആ കശ്മലനെ വധിക്കുവാൻ തുനിയുമ്പോൾ, അയാൾ പരീക്ഷിത്തിന്റെ കാൽക്കൽ വീണു. "ഞാൻ കലിയാണ്, എന്നെ വധിക്കരുതേ!" ഭൂമിയുടെ സമ്പദ്സമൃദ്ധി കവർന്നെടുത്തു; ധർമ്മത്തിന്റെ അവശേഷിച്ച പാദം – സത്യം–കൂടി വെട്ടി മാറ്റിയിട്ട് (ശൗചം, ദയ, തപസ്സ് എന്നീ കാലുകൾ ഇതിനകം നഷ്ടപ്പെട്ടിരുന്നു) അതിന് നിലനില്പില്ലാതാക്കാനുമാണ് കലിയുടെ ശ്രമമെന്നറിയാമായിരുന്നിട്ടും ശരണം പ്രാപിച്ചവനെന്ന നിലയിൽ കലിയെ വധിക്കുന്നില്ല, അല്ലെങ്കിലും യുഗപുരുഷൻ വധ്യനല്ലല്ലോ.അധർമ്മചിത്രമായ കലി തന്റെ രാജ്യത്ത് ധർമ്മച്യുതിയ്ക്ക് കാരണമാകുമെന്നതിനാൽ അന്യത്ര പോയി വസിക്കുവാൻ പരീക്ഷിത്ത് ആവശ്യപ്പെട്ടു. ചക്രവർത്തിയുടേതല്ലാത്ത മറ്റൊരിടം ഇല്ലല്ലോ!–കലി തന്റെ ആശങ്ക പ്രകടിപ്പിച്ചപ്പോൾ, സജ്ജനങ്ങൾക്ക് പ്രശ്നമാകാത്ത നാലു സ്ഥാനങ്ങൾ – ചൂതുകളി, മദ്യപാനം, സ്ത്രീസേവ, ഹിംസ – നൽകിയെങ്കിലും അവയിലേയ്ക്കുള്ള പ്രവേശന മാർഗ്ഗമെന്ന നിലയിൽ അഞ്ചാമതായി സ്വർണ്ണം–അനധികൃത സമ്പത്ത്–കൂടി കലി കൈക്കലാക്കി.

ഒരു ദിവസം പരീക്ഷിത്ത് ഖജനാവു സന്ദർശിച്ചപ്പോൾ മനോഹരമായ ഒരു കിരീടം അലക്ഷ്യമായി മൂലയിൽ വെച്ചിരിക്കുന്നതായി കണ്ടു. കൗതുകം തോന്നിയ അദ്ദേഹം അത് ധരിച്ചു. നല്ല ചേർച്ച. ഉടനെ നായാട്ടിനു പോകാൻ മോഹം. സ്വന്തം കുതിരപ്പുറത്തു കയറി നായാട്ടിനു പുറപ്പെട്ടു. കുറച്ചു സമയത്തെ നായാട്ടിനു ശേഷം അദ്ദേഹത്തിന് കലശലായ ദാഹവും വിശപ്പും. അടുത്തുള്ള ആശ്രമത്തിൽ ചെന്നു. അവിടെ ശമീക മഹർഷി സമാധിസ്ഥനായി നിലകൊള്ളുന്നുണ്ടായിരുന്നു. തന്നെ സൽക്കരിക്കുവാനുള്ള വൈമുഖ്യം കാരണമുള്ള കള്ള സമാധിയാണോ എന്ന് പരീക്ഷിക്കുവാനോ, തന്നോടു കാണിച്ച അനാദരവിലുള്ള ദേഷ്യം തീർക്കുവാനോ എന്തോ, അടുത്തു കിടന്നിരുന്ന ഒരു ചത്ത പാമ്പിനെ വില്ലിന്റെ അഗ്രം കൊണ്ടെടുത്ത് മഹർഷിയുടെ ചുമലിലിട്ടശേഷം തിരിച്ചുപോയി. കൊട്ടാരത്തിലെത്തി കിരീടം പൂർവ്വസ്ഥാനത്തു വെച്ചതോടെ മഹാരാജാവിന് താൻ ചെയ്ത തെറ്റിന്റെ ഗുരുത്വം മനസ്സിലായി. ജരാസന്ധന്റെ അനധികൃതമായ സമ്പത്തിന്റെ പ്രതീകമായിരുന്നു ആ കിരീടം; കലിയുടെ ആസ്ഥാനം. അതാണ് നായാട്ടിന്നുള്ള (ഹിംസ) പ്രേരണ, മദം മൂലം വന്ന കോപം.

പശ്ചാത്താപവിവശനായ പരീക്ഷിത്ത് ഭഗവാനോട് ക്ഷമ യാചിക്കുന്നില്ലാ, തനിക്ക് ഉചിതമായ ശിക്ഷ തരുവാനാണ് ആ അഭിമന്യുസുതൻ അഭ്യർത്ഥിക്കുന്നത്. പ്രാർത്ഥന വിഫലമാകുന്നില്ല.

ശമീക മഹർഷിയുടെ പുത്രൻ ശൃംഗി ആശ്രമത്തിന്നു സമീപം കൂട്ടുകാരുമായി കളിയ്ക്കുന്നിതിനിടയിൽ അച്ഛനു നേരിട്ട അപമാനം അറിഞ്ഞു. തത്ക്ഷണം 'രോഷതാമ്രാക്ഷ' നായി ശപിക്കുന്നു – ഏഴാം ദിവസം പരീക്ഷിത്തിന് തക്ഷകദംശനം സംഭവിക്കട്ടെ! സമാധിയിൽ നിന്നും ഉണർന്ന മഹർഷി, ഇതറിഞ്ഞ് പുത്രനെ വിഢ്ഢി (അജ്ഞ) ബുദ്ധിയുറയ്ക്കാത്തവനേ (അവിപക്വബുദ്ധേ) എന്നെല്ലാം സംബോധന ചെയ്ത്, വിമർശിക്കുകയാണ് ചെയ്തത്!!! കാവൽനായ്ക്കൾ, കാക്കകൾ, എന്നെല്ലാം ശൃംഗി അധിക്ഷേപിച്ച പരീക്ഷിത്തിനെ അശ്വമേധ യാഗം ചെയ്തവൻ, രാജർഷി, ധർമ്മരക്ഷകൻ എന്നെല്ലാം നിലയിൽ മാനിയ്ക്കുകയാണ് അദ്ദേഹം. മനുഷ്യസഹജമായ വിശപ്പും ദാഹവും കാരണം വലഞ്ഞ മഹാരാജാവ് ചെയ്ത ചെറിയ തെറ്റിന് ഇത്ര വലിയ ശാപം നൽകിയതിൽ പുത്രനെ കുറ്റപ്പെടുത്തുന്നു. ഭാഗവത കഥകളിലേക്കുള്ള പ്രവേശന കവാടത്തിൽ കാണുന്ന ശമീക മഹർഷിയുടെ ചിത്രം അത്യന്തം ആകർഷണീയം തന്നെ! ബ്രാഹ്മണൻ ബ്രഹ്മത്തെ ഉൾക്കൊണ്ടവൻ എന്നാണ് ഭാഗവത രചയിതാവ്

അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ശാപവൃത്താന്തമറിഞ്ഞ പരീക്ഷിത്ത് രാജ്യഭാരം പുത്രൻ ജനമേജയനെ ഏല്പിച്ച്, ഗംഗാനദിയുടെ തെക്കേക്കരയിൽ, കിഴക്കോട്ടു തലയാക്കി വിരിച്ച ദർഭയുടെ മുകളിൽ വടക്കോട്ടു നോക്കിയിരുന്ന് പ്രായോപവേശം ചെയ്തു. വിശപ്പും ദാഹവും സഹിക്കുവാനുള്ള തന്റെ ബലഹീനതയാണല്ലോ, ഈ ദുഷ്പ്രവർത്തിക്ക് തന്നെ പ്രേരിപ്പിച്ചത് എന്നതായിരിക്കണം പ്രായോപവേശത്തിനുള്ള പ്രചോദനം. വിവരമറിഞ്ഞ് നിരവധി മഹർഷിമാർ അവിടെ എത്തി. അവരെ വന്ദിച്ച ശേഷം പരീക്ഷിത്ത് ചോദിച്ചു "മരണം ഉറപ്പാക്കപ്പെട്ട മനുഷ്യൻ. എന്തു ചെയ്യണം? മർത്ത്യൻ എന്ന വാക്കു തന്നെ മരണം നിശ്ചയിക്കപ്പെട്ടവൻ എന്നാണല്ലോ" അവിടേയും പരീക്ഷിത്തിന്റെ ലോകക്ഷേമവാഞ്ഛ വ്യക്തം! സ്വന്തം ഉത്കർഷമല്ലാ ഉദ്ദേശ്യം. കൃത്യമായ മറുപടി നൽകുവാൻ മഹർഷിമാർ അശക്തരായിരിക്കെ ഭഗവാൻ വ്യാസപുത്രൻ അവിടെ ആവിർഭവിച്ച്, ശ്രീമദ് ഭാഗവതം ഉപദേശിച്ചു. ഭക്തി-ജ്ഞാന വൈരാഗ്യ വർദ്ധകമായുള്ള തത്ത്വോപദേശം മാത്രമല്ലാ, ഭാവനാസമ്പന്നമായ കഥകൾ, പ്രകൃതി വർണ്ണന, ഭൗമശാസ്ത്രം ജ്യോതിശാസ്ത്രം, യുദ്ധരംഗങ്ങൾ, പ്രണയം, കാലഗണന, ഗർഭസ്ഥിതി എല്ലാം എല്ലാം ഉൾക്കൊള്ളുന്ന അദ്ഭുതജ്ഞാന ഭണ്ഡാരം.' യദിഹാfസ്തി തദന്യത്ര, യന്നേഹാfസ്തി ന തത് ക്വ ചിത് എന്ന് വേദവ്യാസ മഹർഷി മഹാഭാരതത്തെ വിശേഷിപ്പിച്ചത് ഈ ഗ്രന്ഥത്തിനെക്കുറിച്ചും തികച്ചും വാസ്തവം! ശ്രീശുകമുഖത്തു നിന്നും നിർഗ്ഗളിച്ച ഭാഗവതാമൃതം ഏഴു ദിവസം പാനം ചെയ്ത പരീക്ഷിത്ത് "അഹം ബ്രഹ്മപരം ധാമ ബ്രഹ്മാfഹം പരമം പദം" (12.5.11) എന്ന ബ്രഹ്മോപദേശം ഉൾക്കൊണ്ട് "സിദ്ധോfസ്മി അനുഗൃഹീതോfസ്മി ഭവതാ കരുണാത്മനാ" (12.6.2) എന്ന മനോനിലയിൽ ആത്മാവിനെ ആത്മാവിൽ വിന്യസിച്ച് ഭഗവദ്പദം പൂകി. അതിന്നു ശേഷമാണ്. മുനികുമാരന്റെ ശാപമനുസരിച്ച് തക്ഷക ദംശനത്തിലൂടെ അദ്ദേഹത്തിന്റെ ശരീരം ഭസ്മമാകുന്നത്. തക്ഷകൻ കടിച്ചു മരിക്കട്ടെ എന്നായിരുന്നു ശാപമെങ്കിൽ, ഇത് അതിലംഘിക്കുകയായിത്തീർന്നേനെ!

ഗർഭസ്ഥനായിരിക്കുമ്പോൾ അശ്വത്ഥാമാവിന്റെ അമോഘമായ ബ്രഹ്മാസ്ത്രത്തിൽ നിന്നും ശ്രീകൃഷ്ണ പരമാത്മാവിനാൽ രക്ഷിക്കപ്പെട്ട വിഷ്ണുരാതൻ, ശൃംഗിയുടെ വാഗ്വജ്രത്തിൽ നിന്നും ശ്രീശുക ബ്രഹ്മർഷിയിൽ നിന്നും ഒഴുകിയ വാങ്മയമായ ശ്രീമദ് ഭാഗവതത്താൽ പരിരക്ഷിയ്ക്കപ്പെട്ട് സ്വന്തം നാമം ജീവിതാന്ത്യത്തിലും സാർത്ഥകമാക്കി.

*ശ്രീകൃഷ്ണാർപ്പണമസ്തു.*



# HAPPINESS

**- Aswathy Lekshmi Varma**

It is when someone smiles
because of you

It is when you give up your smiles,
to see the smile in your dear ones.

It is when you lend a hand of help
When someone is in need

It is when your words bring out,
The smiles of happiness from the inside
of whom you care.

It is when you be the part of someone's victory
And appreciate them whole heartedly

It is when you read the painof others
Assuring that "I am always with you."

Yes, the real happiness is the invaluable joy,
That you explore in the journey from Selfishness to
Selflessness...

# നരസിംഹമൂർത്തി വിവിധ രൂപങ്ങളിലും ഭാവങ്ങളിലും

ഗായത്രി വർമ്മ, എറണാകുളം





കേവലം അഞ്ചു വയസ്സുള്ള ഒരു പിഞ്ചുബാലന്റെ പ്രാർത്ഥന കേട്ട് അവനെ അച്ഛന്റെ പീഡനത്തിൽ നിന്നു രക്ഷിക്കാനായി മാത്രം എടുത്ത അവതാരമാണിത്. നരസിംഹാവതാരം അതായത് ഈശ്വരന്റെ ദൃഷ്ടിയിൽ, പ്രാർത്ഥിക്കുന്നത് ആറു വയസ്സുകാരനായാലും അറുപതു വയസ്സുകാരനായാലും ഒരു പോലെയാണ്. തന്നെയുമല്ല, ഒരാളുടെ പ്രാർത്ഥനയായാലും ഒരു സമൂഹത്തിന്റെ പ്രാർത്ഥനയായാലും ഒരുപോലെ പരിഗണിക്കപ്പെടും എന്നതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ് നരസിംഹാവതാരം.

പല പല ഭാവങ്ങളിലും രൂപങ്ങളിലും വിവിധ പേരുകളിലും നരസിംഹമൂർത്തി ആരാധിയ്ക്കപ്പെടുന്നു. ഗണപതിയുടെ ഇഷ്ടദൈവമായതുകൊണ്ടാവാം നരസിംഹമൂർത്തി വിഘ്നവിനാശക രൂപത്തിലും ആരാധിക്കപ്പെടുന്നുണ്ട്. ഗണേശൻ ഭൗതികജീവിതത്തിലെ നമ്മുടെ വിഘ്നങ്ങൾ വഴിത്താരയിൽ നിന്നു മാറ്റി ജീവിതം സുഗമമാക്കിത്തരുന്നു. പക്ഷേ നരസിംഹമാകട്ടെ നമ്മുടെ ആദ്ധ്യാത്മിക ജീവിതപാതയിലെ തടസ്സങ്ങൾ നീക്കി മോക്ഷത്തിന്റെ പാതയിലേക്ക് നമ്മെ നയിക്കുന്നു.

ഋഗ്വേദത്തിൽ പറയുന്നുണ്ട് മനുഷ്യന്റെ ജനനത്തോടൊപ്പം തന്നെ ചില ഋണങ്ങളും വ്യക്തികളെ പിൻതുടരുന്നു. പതിനാറു ഋണങ്ങൾ നമ്മൾ വീട്ടേണ്ടതായിട്ടുണ്ട്. എങ്കിലും അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂന്നു ഋണങ്ങളാണ്. പിതൃഋണം, ഋഷിഋണം, ദേവഋണം. ഈ കടങ്ങൾ നമ്മൾ എത്ര കഠിനശ്രമം ചെയ്തും വീട്ടിയേ പറ്റൂ – എന്നു നിരസിംഹപുരാണം ഉറപ്പിച്ചുപറയുന്നു. എന്നാൽ നരസിംഹമൂർത്തിയുടെ പ്രാർത്ഥനയാൽ ഈ ഋണങ്ങൾ പൂർത്തീകരിക്കപ്പെടുമെന്നും പുരാണം പറയുന്നു.

*"നരസിംഹമഹാവീര്യം*
*നമാമി ഋണമുക്തയേ"*

എന്നാണു പുരാണഭാഷ്യം. എല്ലാ സിദ്ധികൾക്കും ഋണങ്ങൾക്കും മുക്തിയ്ക്കും ആശ്വാസമരുളും, സഭാസ്തംഭത്തിൽ നിന്നും പുറത്തെത്തിയ ആ ഉഗ്രമൂർത്തി. പല ഭാവത്തിലും വിവിധ നാമങ്ങളിലും നരസിംഹമൂർത്തി ആരാധിയ്ക്കപ്പെടുന്നു. പ്രത്യേകിച്ചും കർണ്ണാടകയിലും പ്രാന്തപ്രദേശങ്ങളിലും ആരാധിക്കപ്പെടുന്ന പ്രമുഖ ഈശ്വര സങ്കല്പവും ഇതത്രെ. ആന്ധ്രാപ്രദേശത്തും അധികമായി കാണപ്പെടുന്ന ക്ഷേത്രങ്ങൾ നരസിംഹമൂർത്തിയുടേതാണ്.

ബ്രഹ്മാ, രുദ്ര, ആദി ദേവന്മാരാൽ സേവിക്കപ്പെടുന്ന ഈ ഉഗ്രമൂർത്തി അശുഭ ഗ്രഹങ്ങൾ പീഡിപ്പിക്കപ്പെടുന്നവർക്ക് ആശ്വാസമരുളും എന്നു വിശ്വാസമുണ്ട്.

*"ക്രൂരഗ്രഹൈഹി പീഡിതാനാം*
*ഭക്താനാം അഭയപ്രദം."*

ആയി സദാ നിലകൊള്ളുന്ന നിരസിംഹം ലക്ഷ്മിയെ വാമഭാഗത്തിരുത്തി അഭയമുദ്രയിലുള്ള ഈ ദേവന്റെ ഉടൽ മനുഷ്യാകൃതിയും ശിരസ്സ് സിംഹാകൃതിയുമാണ്. രക്താഭിഷിക്തനായി ആന്ത്രമാലാധാരിയായ ധ്യാനരൂപങ്ങളും ഉണ്ട്. എന്നാൽ പ്രഹ്ലാദ സ്തുതിയിൽ നരസിംഹത്തിനെ അഷ്ടഭുജങ്ങളും അഗ്നിനേത്രങ്ങളും ദുന്നിരീക്ഷ ശോഭയുമുള്ള രൂപത്തിലാണ് പ്രത്യക്ഷമായി കണ്ടു പ്രാർത്ഥിക്കുന്നത്. പക്ഷേ അത്യന്തം ശാന്തരൂപത്തിലുള്ള പ്രതിഷ്ഠകളും ചില ക്ഷേത്രങ്ങളിൽ കാണപ്പെടുന്നുണ്ട്. എങ്കിലും വലുതും ചെറുതുമായ പ്രതിഷ്ഠകൾ അധികവും ശാന്തരൂപിയാണ്. പൊതുവേ രൗദ്രഭാവത്തിലുള്ള മൂർത്തിപൂജ വിരളമാണ്.

നരസിംഹക്ഷേത്രങ്ങൾ ജനമദ്ധ്യത്തിലോ നഗരപ്രാന്തങ്ങളിലോ പ്രായേണ കുറവാണ്. വനാന്തരംഗങ്ങളിലും ഗുഹകളിലും മറ്റുമാണ് ഈ ക്ഷേത്രങ്ങൾ അധികവും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അത്ര അനായാസമായി ജനങ്ങൾക്ക് എത്തിപ്പറ്റാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളാണവ.

കർണ്ണാകടയിലെ ഹംപി എന്ന സ്ഥലത്താണ് ഏറ്റവും വലിയ നരസിംഹ വിഗ്രഹ പ്രതിഷ്ഠയുള്ളത്. പല പല ആക്രമണങ്ങളിലൂടെ ഇതിനു സാരമായ ക്ഷതം സംഭവിച്ചിട്ടുണ്ടെങ്കിലും പ്രാർത്ഥനകളർപ്പിക്കുവാൻ ധാരാളമാളുകൾ നിത്യമെന്നോണം ഇവിടെ വരുന്നുണ്ട്. ഋണനിവൃത്തകൻ, വിഘ്നേശ്വരൻ എന്നീ സങ്കല്പത്തിലാണ് പ്രാർത്ഥനകൾ അർപ്പിക്കപ്പെടുന്നത്.

പ്രഹ്ലാദന്റെ മുമ്പിൽ നരസിംഹം പ്രത്യക്ഷപ്പെട്ടത് അഹോബല എന്ന സ്ഥലത്തായിരുന്നു. ഒരു പക്ഷേ ഒരു കാലത്ത് ഒരു രാജകൊട്ടാരവും സ്തംഭവും മറ്റും ഉണ്ടായിരുന്നിരിക്കും. പക്ഷേ ഇപ്പോൾ ഇവിടെ ഉയരമുള്ള ഒരു പർവ്വത ശിഖരം മാത്രമുണ്ട്. ബാക്കിയൊക്കെ കാലപ്രവാഹത്തിൽ മാഞ്ഞുപോയി. എന്നാലും ചരിത്രാന്വേഷികൾ ഇപ്പോഴുമാ പർവ്വതസാനുക്കളിലെത്താറുണ്ട്.

യോഗമുദ്രയിൽ ഇരിക്കുന്ന നരസിംഹമൂർത്തിയുടെ ഒരപൂർവ്വ വിഗ്രഹം ഗുലാന്റായിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ആ ക്ഷേത്രത്തിലെ പൂജാരിയുടെ എതോപ്രപിതാമഹന് പർവ്വതത്തിലെ ഇരുൾമൂടിയ ഒരു ഗുഹയിൽ നിന്നും ലഭിച്ചതാണാ വിഗ്രഹം. ആ വിഗ്രഹം കൈയ്യിലെടുക്കുന്ന സമയത്ത് സിംഹത്തിന്റെ സാന്നിദ്ധ്യം അദ്ദേഹത്തിന് അനുഭവപ്പെട്ടതായി സമീപവാസികൾ പറഞ്ഞു. അവിടുത്തെ പൂജാവിധികൾ അല്പമെങ്കിലും ഉപേക്ഷയോ അശ്രദ്ധയോ വന്നാൽ പുറത്തുനിന്നും സിംഹഗർജ്ജനം ഇപ്പോഴും കേൾക്കുമെന്ന് ഭക്തജനങ്ങൾ പറയാറുണ്ട്. ചെറിയ തോതിൽ സിംഹത്തിന്റെ ചെറുത്തുനില്പുണ്ടാകുമെന്നു പൂജാരി പറയുന്നു. പക്ഷേ മറ്റാർക്കും അനുഭവപ്പെടാറില്ല.

തുംഗഭദ്രനദിയും സമുദ്രവും കൂടി ചേരുന്ന സംഗമസ്ഥലത്തിനടുത്താണ് ശാന്തി നരസിംഹക്ഷേത്രം. "മാർവ്വന്തി" നരസിംഹക്ഷേത്രമെന്നും ഇതിനെ പറയുന്നു. ശ്രീ മഹാദേവനും മറ്റനേകം യോഗികളും ഇവിടെ പൂജ ചെയ്യുന്നതായി ഐതിഹ്യം പറയുന്നുണ്ട്. ഇപ്പോഴുള്ള വിഗ്രഹത്തിന് ഏതാണ്ട് 200 -ലധികം വർഷം പഴക്കമുണ്ടെന്നു കണക്കാക്കുന്നു. പ്രാർത്ഥിക്കുന്നവർക്ക് ശാന്തിയും സമാധാനവുമുണ്ടാകുമത്രെ.

പ്രഹ്ലാദസ്തുതിയിൽ മനമലിഞ്ഞ മഹാവിഷ്ണുവിന്റെ ശാന്തമായ നിരസിംഹമൂർത്തിയുടെ ഈ പ്രസിദ്ധ ക്ഷേത്രം ഉടുപ്പിക്കടുത്ത് നാലുവശവും മലകളാൽ ചുറ്റപ്പെട്ട സ്ഥലത്താണ് ഗംഗനാട് ശാന്തി നരസിഹക്ഷേത്രമെന്ന പേരിൽ ഇതറിയപ്പെടുന്നു. അത്യന്തം ശക്തിശാലിയെങ്കിലും ഭാവം ശാന്തമാണ്. ഇതിനടുത്തു തന്നെയാണ് ഭദ്രനിരസിംഹക്ഷേത്രവും. ഭക്തന്മാരുടെ സഹായത്തിനായി, എപ്പോഴും പുറപ്പെടാൻ സന്നദ്ധനായി എഴുന്നേൽക്കാൻ ഭാവിക്കുന്ന മട്ടിലാണിവിടുത്തെ പ്രതിഷ്ഠ.

നരസിംഹ ക്ഷേത്രങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് ചിന്താമണി നരസിംഹ ക്ഷേത്രമാണ്. കോഡലി ഗ്രാമത്തിലെ ഏകാന്ത സുന്ദരമായ വനസ്ഥലി പ്രദേശത്ത് ഏതാണ്ട് പന്ത്രണ്ടാം നൂറ്റാണ്ടിൽ പണി കഴിപ്പിച്ച ഈ ക്ഷേത്രം ഏറ്റവും പ്രാചീനമാണ്.

ഈ നരസിംഹ മൂർത്തി വിഗ്രഹം സാക്ഷാൽ പ്രഹ്ലാദ മഹാരാജാവ് പൂജിച്ചിരുന്നതായിരുന്നു എന്നും ഐതിഹ്യമുണ്ട്. രോഗശമനമാണ് പ്രാർത്ഥനയുടെ ഉദ്ദേശം. പ്രത്യേകിച്ചും ചിത്തരോഗങ്ങൾ, മാനസിക രോഗ ആശ്വാസത്തിനായി വളരെയകലെ നിന്നു പോലും രോഗികൾ ഇവിടെയെത്തി ചിത്ത ദൗർബല്യം മാറ്റി സുഖമായി പോകുന്നു. അതുകൊണ്ട് തന്നെ ഈ ഗ്രാമം ഒരു ചെറിയ തീർത്ഥാടന കേന്ദ്രം കൂടിയാണ്. "ഹാലേബിഡു" വിലെ ചുമർ ചിത്രങ്ങളിൽ നരസിംഹസ്വാമിയുടെ വിവിധഭാവ രസങ്ങൾ അത്യന്തം സുന്ദരമായി ആലേഖനം ചെയ്തിട്ടുണ്ട്. 1008 നാമങ്ങളിലായി ദേവൻ വാഴ്ത്തപ്പെടുന്നുമുണ്ട്. അനന്തൻ കുടപിടിക്കുന്ന, ലക്ഷ്മി ദേവി ഇടതു തുടയിലിരിക്കുന്ന നരസിംഹം കുടുംബഭദ്രതയും ശാന്തിയും നൽകുന്നു.

കേരളത്തിൽ കോട്ടയം താലൂക്കിലെ വാഴപ്പള്ളി ഗ്രാമത്തിൽ നരസിംഹമൂർത്തിയുടെ ഒരു വിശേഷപ്പെട്ട വിഗ്രഹം പ്രതിഷ്ഠക്കപ്പെട്ടിട്ടുണ്ട്. ചക്രം, ഗദ, നഖം, കൈപ്പത്തി എന്നിവയാണ് ആയുധങ്ങളായി ഈ നാലാമത്തെ അവതാരം സ്വീകരിച്ചിരിക്കുന്നത്.

ഈ അടുത്ത കാലത്ത് തമിഴ്നാട്ടിലുള്ള 'തലമ്പൂർ' ഗ്രാമത്തിൽ ഉഗ്രമൂർത്തിയായ നരസിംഹമൂർത്തിയുടെ കുംഭാഭിഷേകം നടന്നുകൊണ്ടിരിക്കുമ്പോൾ, ഭക്തന്മാർ ഭക്തിപരവശരായി നോക്കിനില്ക്കേ എവിടെ നിന്നോ ഒരു മൂർഖൻപാമ്പ് ഇഴഞ്ഞുവന്ന് വിഗ്രഹത്തിൽ ചുറ്റി കയറി പത്തി ഉയർത്തി നിന്നു. ഭക്തർ ആ ദൃശ്യം ക്യാമറയിൽ പകർത്തുന്നതിനിടെ അത് ഇഴഞ്ഞുമറഞ്ഞു

*(പത്രവാർത്ത)*

പാമ്പുകൾ ഹിന്ദുപുരാണത്തിൽ ആരാദ്ധ്യരാണല്ലോ. ●

# കവി സിദ്ധി വരുത്തുന്ന അക്ഷരശ്ലോകം



വേലൂർ പരമേശ്വരൻ നമ്പൂതിരി

അക്ഷരശ്ലോകം ചൊല്ലുന്നതും കേൾക്കുന്നതും സദസ്സിൽ പങ്കെടുക്കുന്നതും പാണ്ഡിത്യത്തിന്റെ ലക്ഷണമാണ്. പാണ്ഡിത്യ ലക്ഷണമായി കണക്കാക്കുന്നവരും പണ്ഡിതനായി കാണുന്നവരുമുണ്ട്. ഏതാണ്ടിതുപോലെതന്നെയാണ് 'കഥകളി' യെ വാഴ്ത്തുന്നതും. കഥയറിയാതെ ആട്ടം കാണുന്നവരാണി കൂട്ടർ. എന്നാൽ ശ്ലോകം ചൊല്ലാൻ കഴിവില്ലെങ്കിലും കുറച്ചു നേരം ശ്ലോകം ചൊല്ലൽ കേട്ടിരിക്കുവാനുള്ള ക്ഷമയും ആധുനിക സമൂഹത്തിനില്ല. രസിക്കാൻ പുതുപുത്തൻ മാധ്യമങ്ങളുള്ളപ്പോൾ ശ്ലോകം ക്ലേശിച്ചു പഠിച്ചും കേട്ടും ആധുനിക സമൂഹത്തിൽ മെനക്കെടുവാൻ ആരെ കിട്ടും? മലയാള ഭാഷാപഠനം പോരായ്മയായി കാണുന്ന പുത്തൻ സായിപ്പന്മാരുടെ പാവം സന്ദേശ കാവ്യങ്ങളും ആട്ടക്കഥകളും അച്ചീചരിതങ്ങളും (ഉണ്ണിയാടി ചരിതം, ഉണ്ണിച്ചിരുതേവി ചരിതം, മാരലേഖാമലർ ബാണകേളി, കൗണോത്തര, ചന്ദ്രോത്സവം തുടങ്ങിയവ) ആശാൻ, ഉള്ളൂർ, വള്ളത്തോൾ കവിതകളും ശ്ലോകങ്ങളും എങ്ങനെ രക്ഷപ്പെടാനാണ്.

അക്ഷരശ്ലോകം ഒരു ശ്രാവ്യകലയായി അംഗീകരിക്കുന്നവർ കുറവാണ്. കുറച്ച് വയസ്സന്മാരുടെ നേരം കൊല്ലി പരിപാടിയായോ തൊഴിലില്ലാപ്പരിപാടിയായോ യുവതലമുറ ഈ ശ്ലോകം ചൊല്ലലിനെ വിശേഷിപ്പിക്കാറുണ്ട്. അവർക്ക് കമ്പ്യൂട്ടറും മൊബൈൽ ഗയിംസും വാട്ട്സാപ്പും ഫെയ്സ്ബുക്ക് വാർത്തകളും ആണല്ലോ പ്രധാനം. 'സ്പോൺസർമാർ' ഏറ്റെടുക്കാത്തതുകൊണ്ട് ടി.വി.ക്കാർക്കും ഈ സാഹിത്യകേളിയോട് താല്പര്യം വളരെ കുറവു തന്നെ. ''സ്വാന്തഃസുഖഃ'' യ്ക്കുവേണ്ടിയാണ് പലരും ശ്ലോകങ്ങൾ പഠിക്കുന്നതും രചിയ്ക്കുന്നതും ചൊല്ലുന്നതും. എന്നാൽ ഓർമ്മ നിലനിർത്തുന്നതിനും കൃതികളോടുള്ള ബന്ധം ഉറപ്പിക്കുന്നതിനും വൃത്തം അറിയുന്നതിനും, മനഃപാഠം പരീക്ഷിക്കുന്നതിനും ഈ സാഹിത്യ അഭ്യാസം ക്ഷമയുള്ള ഒരു സാഹിത്യപി പഠിഷുവിനു മാത്രമേ ലഭിക്കുകയുള്ളു. ധാരാളം സാഹിത്യകൃതികളുമായുള്ള ബന്ധവും ആഴത്തിലുള്ള പഠനവും ശ്ലോകം കാണാതെ പഠിക്കുന്നതിനുള്ള കഴിവും സമാർജ്ജിച്ചവർക്കേ ശ്ലോകവേദികളിൽ ശോഭിക്കാൻ കഴിയൂ. മഹാക്ഷേത്രങ്ങളിലെ ഉത്സവ വേളകളിൽ ക്ഷേത്ര പരിസരത്തും (മിക്കവാറും ആൽത്തറകൾക്കു സമീപം) കൊട്ടാരങ്ങളിലെ പിറന്നാളു ദിവസവും ബ്രാഹ്മണ ഇല്ലങ്ങളിലും ശ്ലോക സദസ്സുകൾ കൂടിയിരുന്നു. നാലും കൂട്ടി മുറുക്കിയശേഷം നാലു ശ്ലോകം ചൊല്ലാൻ പഴയ പ്രതിഭാധനന്മാർ സമയവും കണ്ടെത്തിയിരുന്നു. ഇപ്പോൾ ഈ സ്ഥാപനങ്ങൾക്കുണ്ടായ അപചയങ്ങൾ മൂലം ശ്ലോക വേദികൾക്കും നഷ്ടം സംഭവിച്ചു. ശ്ലോകം ചൊല്ലുന്നവരും കുറഞ്ഞുകൊണ്ടിരിക്കുന്നു.

കലോത്സവ വേദികളിൽ കൂടിയാണ് ഇപ്പോൾ അക്ഷരശ്ലോകം ജീവൻ തുടിച്ചു നിൽക്കുന്നത്. അതും ഗ്രേഡിനു വേണ്ടി മാത്രമുള്ള പഠിപ്പു മാത്രം. ഉയർന്ന ക്ലാസുകളിൽ പ്രവേശനം കിട്ടിയാൽ അഥവാ കലോത്സവ വേദികൾ അവിടെയില്ലെങ്കിൽ ഈ ശ്ലോകപഠനവും അവസാനിക്കുകയും ചെയ്യും. ഉപജില്ലാ തലത്തിൽ സ്കൂൾ കലോത്സവങ്ങളിൽ മത്സരാർത്ഥികൾ കുറവാണ്. പിന്നെ കുട്ടിക്കും സ്കൂളിനും പോയിന്റ് നേടുവാൻ വേണ്ടി മാത്രം കുട്ടിയെ വിടുന്നു എന്നു മാത്രം. ചില സന്ധ്യാനാമങ്ങൾ മാത്രമാണ് ഇവർ ചൊല്ലുന്നതും. ജില്ലാ മത്സരത്തിൽ കുട്ടികൾ വേണമല്ലോ എന്നു മാത്രം കരുതി ഇക്കൂട്ടരെ ഗ്രേഡു നൽകി അയയ്ക്കാറുമുണ്ട്. എന്നാൽ ചില ശ്ലോക വിദഗ്ദ്ധരുടെ കീഴിൽ അഭ്യാസം നടത്തിവരുന്ന വിദ്യാർത്ഥികളും ഉണ്ടെന്ന് നാം മനസ്സിലാക്കണം. കേരളത്തിൽ ധാരാളം അക്ഷരശ്ലോക സമിതികളുണ്ട്. അവിടങ്ങളിൽ നിന്നും പരിശീലനംനേടി വന്ന് നല്ല രീതിയിൽ ശ്ലോകാവതരണം നടത്തുന്ന കുട്ടികളുടെ ചൊല്ലൽ ശരീരഭാഷ ഇതെല്ലാം കാണുമ്പോൾ ഭാവിയുടെ വരദാനമാണ് ഈ കുഞ്ഞുങ്ങളെന്നും തോന്നാറുണ്ട്.

ധാരാളം കുട്ടികളെ ശ്ലോകം പഠിപ്പിക്കുകയും സ്കൂൾ തലം, ഉപജില്ലാ-ജില്ലാ – സംസ്ഥാന തലങ്ങളിൽ വിധി കർത്താവായി പോകുന്ന പരിചയത്താൽ മാത്രമാണ് ഇതൊക്കെ സൂചിപ്പിച്ചതും. അക്ഷരസ്ഫുടത, മനഃപാഠം, ശബ്ദനിയന്ത്രണം, ശ്ലോകങ്ങളുടെ

*ശേഷം പേജ് 49 ൽ*



# സപ്തപദി

7

## താരാശങ്കർ ബന്ദ്യോപാധ്യായ

**വിവർത്തനം : ഡോ. കെ.സി. എം. രാജ**

*ഹിന്ദി വിവർത്തനത്തോട് കടപ്പാട് : നേമിചന്ദ്രജയിൻ, രാജ്കമൽ പ്രസിദ്ധീകരണം*

കഴിഞ്ഞലക്കം തുടർച്ച...

**അ**ച്ഛന്റെ മുൻപിൽ കൃഷ്ണേന്ദു ചെന്നു നിന്നു.

''നീ ഇപ്പോൾ പെട്ടെന്നു വരാൻ?'' അച്ഛൻ ആശ്ചര്യപ്പെട്ടു ചോദിച്ചു.

''അങ്ങയുടെ അനുവാദത്തിനു വേണ്ടി വന്നതാണ്. ഒരു ആംഗ്ലോ ഇന്ത്യൻ കുട്ടിയെ വിവാഹം ചെയ്യാൻ എനിക്ക് ആഗ്രഹമുണ്ട്.'' കൃഷ്ണേന്ദു തന്റെ ആഗ്രഹം പ്രകടിപ്പിച്ചു.

കൃഷ്ണേന്ദുവിന്റെ പിതാവ് ഒച്ചയും ബഹളവും ഒന്നും വെയ്ക്കാതെ അക്ഷോഭ്യനായി ഇരുന്ന് മകന് പറയാനുള്ളതെല്ലാം കേട്ടശേഷം ഇങ്ങനെ പ്രതികരിച്ചു. ''ഞാൻ നേരത്തെ തന്നെ ഈയൊരു കാര്യം ഊഹിച്ചതാണ്!''

പിതാവിന്റെ പാദങ്ങൾ തൊട്ടു വന്ദിച്ച്, ഒരു അവസാന തീരുമാനമെടുക്കാൻ കഴിയാത്തവനെപ്പോലെ കൃഷ്ണേന്ദു അഭ്യർത്ഥിച്ചു.

''അങ്ങ് എനിക്ക് ഒരു ഉചിതമായ ഉപദേശം തരണം!''

ശ്യാമസുന്ദർ ഗുപ്ത പ്രതിവചിച്ചു. ''ഇപ്പോൾ നിനക്ക്, മനസ്സിന്നു യാതൊരു സ്വസ്തതയുമില്ല, അല്ലേ? അല്ലെങ്കിൽ പിന്നെ എന്റെ പാദം തൊട്ടു വന്ദിച്ച് ഒരു ലജ്ജയുമില്ലാതെ ഈ തരം കാര്യങ്ങൾ എന്നോടു പറയാൻ നിനക്കു തോന്നുമായിരുന്നില്ല.''

''എനിക്ക് അവളെ കൂടാതെ ജീവിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.'' കൃഷ്ണേന്ദു തന്റെ നിസ്സഹായത പ്രകടിപ്പിച്ചു.

''നീ മരിച്ചുവെന്നറിഞ്ഞാൽ ഞാൻ ആത്മഹത്യ ചെയ്യുമെന്നു പറഞ്ഞാൽ അതു കളവാകും. കാരണം, ഞാൻ മരിക്കാനൊന്നും പോകുന്നില്ല. അല്പം സങ്കടമൊക്കെ തോന്നും. എന്നാലും ഞാൻ ജീവിതം തുടരുക തന്നെ ചെയ്യും.''

''അച്ഛാ!'' കൃഷ്ണേന്ദു സ്വയമറിയാതെ വിളിച്ചുപോയി.

പിതാവ് ശാന്തനായിത്തന്നെ സംസാരം തുടർന്നു. ''കൃഷ്ണേന്ദു, ഞാൻ നിനക്കു എന്റെ മറുപടി തന്നുകഴിഞ്ഞു. ആ പെൺകുട്ടിയെ വിവാഹം ചെയ്താൽ എന്നെ സംബന്ധിച്ചിടത്തോളം നീ മരിച്ചു കഴിഞ്ഞു. അവളെ വിവാഹം ചെയ്തില്ലെങ്കിലും നീ ജീവിക്കയില്ല. അന്നു തന്നെ ഞാൻ നിന്നോടു സൂചിപ്പിക്കുകയുണ്ടായി. ''ഇനിയുമധികം മുന്നോട്ട് പോകരുത്!'' എന്ന്. പ്രാണനെ അഗ്നി സാക്ഷിയാക്കി നിങ്ങൾ ഇരുവരും ഒരുമിച്ച് ഏഴു ചുവടു വെച്ചു കഴിഞ്ഞുവെങ്കിൽ ഇനി തിരിച്ചു പോരുക അസാധ്യമാണ്.''

ഒരു ദീർഘനിശ്വാസത്തോടെ കൃഷ്ണേന്ദുവിന്റെ പിതാവ് ഇനിയൊന്നും പറയാനില്ലെന്നപോലെ അവിടെ നിന്നെഴുന്നേറ്റു പോയി. കൃഷ്ണേന്ദു അല്പ സമയം കൂടി അവിടെ കാത്തിരുന്ന ശേഷം, ഈ വീട്ടിലേക്കു വന്ന അതേ വിഭ്രാന്തിയോടെ തിരിച്ചു സ്റ്റേഷനിൽ ചെന്നു വണ്ടികയറി. കൽക്കത്തയ്ക്കു മുന്നോടിയായുള്ള ഒരു സ്റ്റേഷനിൽ വണ്ടിയിറങ്ങി രാത്രി മുഴുവൻ പ്ലാറ്റുഫോമിൽ കഴിച്ചുകൂട്ടി, പുലർച്ചെ ആദ്യത്തെ വണ്ടിയിൽത്തന്നെ കൽക്കത്തയിലെത്തി. വീട്ടിൽ വന്നു കയറിയ ഉടൻ തന്നെ റീനയുടെ ഒരു കത്ത് അവിടെ കിടക്കുന്നതു കണ്ടു.

''അരുത് കൃഷ്ണേന്ദു! നീ അതു ചെയ്യരുത്! ഞാൻ നിന്റെ കാലുപിടിച്ച് അപേക്ഷിക്കുകയാണ്. ഞാൻ അസൻസോളിലേക്ക് പോകുകയാണ്. റവറണ്ട് ഏർണസ്റ്റിന്റെ അടുത്തേക്ക്. അദ്ദേഹത്തിന്റെ സാമീപ്യം എനിക്കു മനസ്സമാധാനം നല്കുമെന്ന പ്രതീക്ഷയിലാണ് ഞാൻ പോകുന്നത്.''

പക്ഷെ, കൃഷ്ണേന്ദു അപ്പോഴേക്കും ഒരു ദൃഢപ്രതിജ്ഞ ചെയ്തിരുന്നു. എന്തു തന്നെ നേരിടേണ്ടി വന്നാലും റീനയെ സംരക്ഷിക്കണമെന്ന് അയാൾ തീരുമാനിച്ചിരുന്നു. എന്തു വില കൊടുത്തും റീനയെ തന്റെ ജീവിതത്തിലേക്ക് കൊണ്ടുവരുവാൻ കൃഷ്ണേന്ദു ഉറപ്പിച്ചുകഴിഞ്ഞിരുന്നു. മതം, ജാതി, ജോലി എന്തു വേണമെങ്കിലും അവൾക്കുവേണ്ടി ത്യജിക്കാം. റവറണ്ട് ഏർണസ്റ്റിന്റെ സാമീപ്യം അവൾക്കു ഒരിക്കലും മനശ്ശാന്തി നല്കുകയില്ല. അതിനു അയാൾക്കു കഴിയുകയുമില്ല.

ജീവിതത്തിൽ സുഖം, ശാന്തി,

സംതൃപ്തി ഇവയൊന്നും ലൗകിക ജീവിതാസ്വാദനം കൊണ്ടുമാത്രം ലഭിക്കുകയില്ല. അതുപോലെ, സാധാരണ ജീവിതവും ജീവിത ധർമ്മങ്ങളും ഉപേക്ഷിച്ച്, ജപവും മന്ത്രവുമായി തപസ്സ് അനുഷ്ഠിക്കുന്നതുകൊണ്ടും മേൽപ്പറഞ്ഞ മനശ്ശാന്തി ലഭിക്കുകയില്ല. ജീവിതമെന്നു പറഞ്ഞാൽ കേവലം ഭൗതികമല്ല എന്നു പറയുന്നതുപോലെത്തന്നെ വെറും ഒരു മിഥ്യയുമല്ല, ഇവ രണ്ടിന്നും ഇടയിലൊന്നാണ് ജീവിതം. ഭൗതികവും മിഥ്യയുമായതിന്റെ ഒരു സങ്കലനം. ജീവിത്തിൽ അഭികാമ്യമായതെല്ലാം തന്നെ അവനവനിൽ ഉൾക്കൊണ്ടിരിക്കുന്നതാണ്. അതല്ലാതെ സ്വത്വത്തിൽ നിന്നു വേറിട്ടു നില്ക്കുന്നതല്ല. നീ എന്തു മോഹിക്കുന്നുവോ അത് എന്നിലുണ്ട് എന്നതുപോലെ, ഞാൻ മോഹിക്കുന്നത് നിന്നിലും ഉൾക്കൊണ്ടിരിക്കുന്നു. സൗന്ദര്യം, സ്നേഹം, സഹാനുഭൂതി, മനസൗഖ്യം ഇവയെല്ലാമാണ് ഒരുവന്റെ ജീവിതത്തിലെ അഭികാമ്യമായ സവിശേഷതകൾ. ഇവയെല്ലാം എല്ലാ ജീവികളും ഉൾക്കൊള്ളുന്നുണ്ട്. ജീവികളിൽ മാത്രമേയുള്ളൂ. മറ്റൊരു വസ്തുവിലും ഇല്ല താനും.

കൃഷ്ണേന്ദു ജേയിംസ് ബ്രൗണിന്റെ മുന്നിൽ ചെന്നു നിന്നു പറഞ്ഞു. "ഞാൻ ഒരു കൃസ്ത്യാനിയാകാൻ തീരുമാനിച്ചു, മിസ്റ്റർ ബ്രൗൺ!'' ഏതാനും നിമിഷം അയാൾ കൃഷ്ണേന്ദുവിനെ ഉറ്റു നോക്കി. പിന്നെ, ഒട്ടും ഗൗരവം വിടാതെ കൃഷ്ണേന്ദുവിനെ ഹസ്തദാനം ചെയ്തുകൊണ്ട് പറഞ്ഞു. "നിന്നെ ഞാൻ ഹാർദ്ദമായി സ്വീകരിക്കുന്നു!"

"ഇനി റീനയെ എനിക്കു വിവാഹം ചെയ്തുതരുന്നതിനു എതിർപ്പൊന്നും ഇല്ലല്ലോ?" കൃഷ്ണേന്ദു ചോദിച്ചു.

"ഒട്ടും ഇല്ല! വളരെ സന്തോഷത്തോടെ സമ്മതിക്കാം.!"

"ശരി. ഇന്നുതന്നെ ഞാൻ പള്ളിയിൽ പോകുന്നുണ്ട്." കൃഷ്ണേന്ദു പറഞ്ഞു.

''എന്റെ വല്ല സഹായവും വേണമെങ്കിൽ പറഞ്ഞുകൊള്ളൂ. ഞാൻ ചെയ്തുതരാം!'' മിസ്റ്റർ ബ്രൗൺ ഉറപ്പുകൊടുത്തു.

''എങ്കിൽ വലിയ ഉപകാരമാവും!" കൃഷ്ണേന്ദു നന്ദിപൂർവ്വം പ്രതികരിച്ചു.

മിസ്റ്റർ ജേയിംസിന്റെ ഇടപെടലും സഹായവും കാരണം കൃഷ്ണേന്ദുവിന്റെ മതംമാറ്റ ചടങ്ങുകളെല്ലാം എളുപ്പം നടന്നു. മതംമാറിയ കൃഷ്ണേന്ദുവിനോട് മിസ്റ്റർ ബ്രൗൺ പറഞ്ഞു. "ഇനി റീനയുടെ അടുത്തേക്കു പോയി അവളെ കൂട്ടിക്കൊണ്ടു വരൂ... അവൾ കരഞ്ഞുകൊണ്ടിരിക്കുകയാണ്."

"ഞാൻ നാളെത്തന്നെ പോയി കൂട്ടിക്കൊണ്ടു വരാം" കൃഷ്ണേന്ദു സമാധാനിപ്പിച്ചു.

കൃഷ്ണേന്ദു വീട്ടിലെത്തി. തലേന്നു തന്നെ അയാൾ ധർമ്മതലയിൽ വീടെടുത്തിട്ടുണ്ടായിരുന്നു, റീനയുമൊത്ത് ഒരു കുടുംബമായി താമസിക്കാൻ. മുൻപു താമസിച്ചിരുന്ന വീട്ടിൽ, മതം മാറിയ കാരണം തുടർന്നു താമസിക്കാൻ അയാൾക്കു മനസ്സു വന്നില്ല. അയൽപക്കക്കാർ പരിഹസിച്ചെങ്കിലോ എന്നൊരു വിചാരം കൃഷ്ണേന്ദുവിനുണ്ടായിരുന്നു. മതം ദൈവീകമാണെന്നിരിക്കെ അന്യമതക്കാരോട് എന്തിനാണ് ഈ അനാദരവും ശത്രുതയും! മനുഷ്യർ എങ്ങനെ ഇത്രയും സ്നേഹശൂന്യരായിത്തീരുന്നത്. ഒരൊറ്റ ദിവസം കൊണ്ട് അത്രയും നാളത്തെ അടുപ്പവും സ്നേഹവുമെല്ലാം തകർന്നു തരിപ്പണമാകുമെന്നോ! ഇത്രയും സ്നേഹശൂന്യനും വിദ്വേഷിയുമാണോ ദൈവം! എല്ലാവരെയും വ്രണിതഹൃദയരാക്കുകയാണോ ഈശ്വരധർമ്മം!

കൃഷ്ണേന്ദുവിന്റെ മനസ്സ് കലുഷിതമായിത്തീർന്നു. അയാളെ സംബന്ധിച്ചിടത്തോളം ദൈവം എന്നൊന്നില്ല എന്നതാണ് സ്ഥായിയായ സത്യം. എന്നിട്ടും ഹിന്ദുമതം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചത് എന്തുകൊണ്ടാണെന്നു അയാൾക്കുതന്നെ അറിഞ്ഞുകൂട. അന്നുരാത്രി മുഴുവൻ ഒരു ചാരുകസേരയിലിരുന്ന് ബൈബിൾ വായിക്കുവാൻ ശ്രമിച്ചു. പക്ഷെ, അതിലും മനസ്സു നിന്നില്ല. റീനയുടെ ഒരു ഫോട്ടോ കയ്യിലെടുത്ത് അതും നോക്കിക്കൊണ്ട് ഇരുന്നു. ഭക്ഷണം പോലും കഴിക്കാതെ ആ രാത്രി മുഴുവൻ തള്ളിനീക്കി. അയാളുടെ മനസ്സ് ഉത്സാഹം വീണ്ടെടുത്തു. മനസ്സുനിറയെ റീനയുമൊത്തു ജീവിക്കുന്നതിന്റെ സുന്ദരസ്വപ്നങ്ങളായിരുന്നു ആ രാത്രി മുഴുവൻ. അയാൾ എഴുന്നേറ്റു. ഒട്ടും വൈകാതെ അയാൾ നിശ്ചയിച്ചു. പൊന്നുരുക്കിയൊഴിച്ചപോലെ പ്രഭാതത്തിലെ വെയിൽ പരന്നൊഴുകി. സ്വയം വഞ്ചിക്കുക എന്നതാണ് ഒരു മനുഷ്യനെ നാശത്തിലേക്ക് വലിച്ചിഴക്കുന്നത്. സ്വന്തം കാപട്യങ്ങൾ അന്യർ ചെയ്യുന്ന ചതികളേക്കാൾ തീവ്രമാണ്. അവ അധികം നാശങ്ങൾ വരുത്തിവെയ്ക്കുന്നു. ജീവിതകാലമത്രയും മിഥ്യകളെ യാഥാർത്ഥ്യങ്ങളാണെന്നു കരുതി, അവയുടെ പിറകെ ഓടി ഒടുവിൽ ക്ഷീണിച്ച വശനായി ആർത്തനാദവുമായി ചെന്നെത്തപ്പെടുന്നത് മരണവക്ത്രത്തിലാണ്. ആ തരം മിഥ്യാബോധം കാരണമാണ് യഥാർത്ഥ സ്വർണ്ണം മണ്ണാണെന്നു കരുതി, ഭക്ഷണമെല്ലാം ഉപേക്ഷിച്ച്, ഉപവസിച്ച് സ്വയം പീഢനങ്ങൾ അനുഭവിക്കുന്നതും.

റീനയുടെ വിസ്മയവും സംഭ്രമവും കലർന്ന ആ മുഖം ഇന്നും അയാളുടെ മനസ്സിൽ ഒട്ടും മങ്ങലേല്ക്കാതെ നിലനില്ക്കുന്നുണ്ട്. അസൻസോളിൽ ചെന്ന് കൃഷ്ണേന്ദു റീനയെ കാണുക തന്നെ ചെയ്തു. റവറണ്ട് ഏർണസ്റ്റിന്റെ ബംഗ്ലാവിനു മുന്നിൽ

അവൾ എന്തോ ആലോചനയിൽ മുഴുകി മുകളിലോട്ടു നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു.

"അവളെ ദൂരെ നിന്നു കണ്ടയുടൻ തന്നെ കൃഷ്ണേന്ദു വിളിച്ചു. "റീനാ... റീനാ!" റീന പെട്ടെന്ന് അമ്പരന്ന് അസ്പഷ്ടമായി വിളിച്ചു. "കൃഷ്ണേന്ദു!"

"അതെ, റീനാ! ഞാൻ ഇന്നലെ പള്ളിയിൽ പോയി ക്രിസ്തുമതം സ്വീകരിച്ചു. നിന്നെ കൂടെ കൊണ്ടുപോകുവാൻ വേണ്ടിയാണ് ഇങ്ങോട്ടു വന്നത്! ഇനി യാതൊരു പ്രശ്നവുമില്ല. നീ എന്റേതാണ്. You are now mine!"

റീനയിൽ വിചിത്രമായൊരു മാറ്റം സംഭവിച്ചിരുന്നു. കൃഷ്ണേന്ദു അവളുടെ കൈ പിടിച്ചു സ്തംഭിച്ചു നിന്നു! എന്തൊരു മാറ്റം! ഇമകൾ പൂട്ടാതെ ദൃഷ്ടികൾ തറപ്പിച്ച് അവൾ കൃഷ്ണേന്ദുവിനെ നോക്കിക്കൊണ്ടു നിന്നു. അവളുടെ ദൃഷ്ടികൾ അയാളുടെ മുഖത്തു പതിഞ്ഞിരുന്നുവെങ്കിൽ കൂടി അയാളെ കണ്ടു മനസ്സിലാകാത്തപോലെയായിരുന്നു റീനയുടെ ആ നോട്ടം. യൗവ്വനത്തിന്റെ മനോഹാരിതകൊണ്ട് പ്രകാശിതമായിരുന്ന അവളുടെ മുഖത്ത് എന്തൊക്കെയോ അവ്യക്തമായ മാറ്റങ്ങൾ തെളിഞ്ഞുനിന്നു. നെറ്റിയിലും, പുരികങ്ങളിലും, ചുണ്ടുകളിലും, അങ്ങനെയെല്ലായിടത്തും അവിശ്വസനീയമായ ഒരു മാറ്റം. മുഖത്തെ ഓരോ രേഖയിലും, മനസ്സിലെ വിസ്മയത്തേക്കാൾ ഉപരിയായ ഒരു മാറ്റം പ്രതിഫലിച്ചു. വളരെ വിചിത്രമായ ഒരു നിശ്ചയദാർഢ്യം! അതുപോലെത്തന്നെ അതിശയിപ്പിക്കുന്ന ഒരു വിശിഷ്ട ചൈതന്യം. അതെ, ചൈതന്യം എന്നുതന്നെ വിശേഷിപ്പിക്കണം.

വളരെ പതിഞ്ഞ സ്വരത്തിൽ റീന ചോദിച്ചു. "അപ്പോൾ നീ ഒരു ക്രിസ്ത്യാനിയായി! അല്ലേ, കൃഷ്ണേന്ദു?"

"നീയെന്താ ഇങ്ങനെ ചോദിക്കുന്നത്, റീനാ?"

"നിനക്കു മനസ്സിലാകുന്നില്ല?" റീന ചോദിച്ചു.

കൃഷ്ണേന്ദു: "മനസ്സിലാകുന്നുണ്ട്! നല്ലപോലെ! നിനക്കു വേണ്ടി ജീവൻ വരെ നൽകാൻ എനിക്കു കഴിയും."

റീന ഇങ്ങനെയാണ് പ്രതികരിച്ചത്. "കൃഷ്ണേന്ദു Life is mortal! ഒരുദിവസം നമുക്ക് അത് ഉപേക്ഷിക്കേണ്ടിവരും. ദിവസവും നിരവധി ജീവജാലങ്ങൾ ഇവിടംവിട്ടു പോകുന്നു, കൃഷ്ണേന്ദു! ചിലർ കരുതിക്കൂട്ടി വിഷം കഴിച്ചും, കെട്ടിത്തൂങ്ങിയും മറ്റും സ്വയം മരണം വരിക്കുന്നു. എല്ലാം നിശ്ചയിച്ചുറച്ച് ഒരുവൻ മറ്റൊരുത്തനെ കൊലചെയ്തശേഷം സ്വയം മരണത്തെ ആശ്ലേഷിക്കുന്നു, കൃഷ്ണേന്ദു! ഇവിടെ നിന്നും അല്പം ദൂരത്തായ ഹജാരിബാദിൽ, ഒരു സിംഹത്തിനെ കൊല്ലാനുള്ള ശ്രമത്തിൽ, ആ സിംഹത്താൽ തന്നെ ഒരുവൻ കൊല്ലപ്പെട്ടു. ജോൺ ക്ലേറ്റൻ ഏതെങ്കിലും യുദ്ധഭൂമിയിൽ തോക്കിന്നു മുന്നിൽ പോയി സ്വയം ജീവൻ ബലിയർപ്പിച്ചിട്ടുണ്ടാകാം. ഈ തരത്തിലുള്ള ജീവന്റെ ദാനം ഒരിക്കലും ഒരു ഭൂഷണമല്ല കൃഷ്ണേന്ദു! ദൈവം എനിക്ക് ജീവൻ തന്നിട്ടുള്ളത്, അദ്ദേഹത്തിൽ സർവ്വവും സമർപ്പിച്ച് എന്റെ കർത്തവ്യങ്ങൾ നിറവേറ്റുവാനാണ്. നീയാണെങ്കിൽ എനിക്കുവേണ്ടി നിന്റെ ദൈവത്തെ ഉപേക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. "For a girl, for the eyes of mine which you a dore..."

റീനയിൽ നിന്നുമുണ്ടായ ഇത്തരത്തിലുള്ള ഒരു പ്രതികരണം കൃഷ്ണേന്ദുവിനെ അല്പമൊന്നു നടുക്കി. ഈ രൂപത്തിലും ഭാവത്തിലുമുള്ള റീനയെ അയാൾ ആദ്യമായിട്ടാണ് കാണുന്നത്. തീവ്രമായ മതാന്ധതയിൽ കുരുങ്ങിയ ഒരു ചിത്തഭ്രമക്കാരിയെപ്പോലെ! കൃഷ്ണേന്ദു സ്വയം നിയന്ത്രിച്ചുകൊണ്ടു പറഞ്ഞു. "Don't be silly Reena!"

''Silly?'' ആ വാക്കുകൾ കേൾക്കേണ്ട താമസം റീന ക്ഷുഭിതയായി ചോദിച്ചു

"അതെ മാനുഷികമായ ധർമ്മങ്ങൾ ഒട്ടാകെ ഉൾക്കൊണ്ടാണ് ഒരുവൻ ഒരു മതം സ്വീകരിക്കുന്നത്. അല്ലാതെ, ഒരു ചട്ടക്കൂടിൽ ബന്ധനസ്ഥനായി ജീവിക്കാൻ വേണ്ടിയല്ല." കൃഷ്ണേന്ദു പ്രതികരിച്ചു.

റീന ചിരിച്ചുകൊണ്ട് പറഞ്ഞു. "അതൊക്കെ എനിക്കുമറിയാം. പണ്ടുമുതലേ എല്ലാവരും പറയുന്നതാണ് ഈ കാര്യങ്ങളെല്ലാം. പക്ഷെ, എനിക്കു മനസ്സിലാകാത്ത ഒന്നാണ്. കേവലം ഒരു വ്യക്തിയെ സംരക്ഷിക്കാൻ വേണ്ടി മാത്രം ഇത്രയും ത്യാഗം അവർ അനുഷ്ഠിക്കാറില്ല. അവരുടെ എല്ലാ ത്യാഗങ്ങളും മാനവരാശിയുടെ അഭ്യുദയത്തിനു വേണ്ടിയാണ്. അവർ ആരും ഒരു സ്ത്രീയുടെ മുന്നിൽ സ്വന്തം ജീവിതം അടിയറ വെയ്ക്കാറില്ല. പകരം, സർവ്വരുടേയും നന്മയ്ക്കുവേണ്ടി അവരോടൊപ്പം അലിഞ്ഞുചേരുകയാണ് ചെയ്യുന്നത്. സർവ്വേശ്വരന്റെ ശക്തി പവിത്രവും പരിശുദ്ധവുമാണ്. ആ ഒരു ദൈവത്തെ നിനക്ക് എങ്ങനെ പാടെ ഉപേക്ഷിക്കാൻ തോന്നി? അതും എന്നെപ്പോലെയുള്ള വെറുമൊരു സാധാരണ സ്ത്രീക്കു വേണ്ടി? അരുത് കൃഷ്ണേന്ദു! നീ അങ്ങനെ ഒരിക്കലും ചെയ്യരുത്!"

"റീനാ, നീ എന്തൊക്കെയാണ് പറയുന്നത്?"

റീന വീണ്ടും അയാളെ തറപ്പിച്ചു നോക്കി.

"റീനാ!"

"അരുത് കൃഷ്ണേന്ദു! എനിക്കുവേണ്ടി നീ അങ്ങനെ ചെയ്യരുത്! നീ എന്നിൽ എന്തു സൗന്ദര്യം കണ്ടിട്ടാണ് ഇത്ര ഭ്രമിക്കുന്നത്?" അവളുടെ ശബ്ദം ഇടറിയിരുന്നു, കണ്ണുകൾ നിറഞ്ഞി

രുന്നു. കൃഷ്ണേന്ദുവിനു ദുഃഖം സഹിക്കാൻ വയ്യാതായി. അയാൾ റീനയുടെ കൈകൾ കൂട്ടിപ്പിടിച്ചു കൊണ്ട് കേണു വിളിച്ചു. "റീനാ!" റീന കരഞ്ഞുകൊണ്ടു പറഞ്ഞു. ''നിങ്ങൾ ഒരു ഭയങ്കരനാണ് കൃഷ്ണേന്ദു! ഒരു ഭയങ്കരൻ! ഒരു സ്ത്രീക്കു വേണ്ടി നിങ്ങൾക്ക് എങ്ങനെ ഒരു ദൈവത്തെ തൂത്തെറിയാൻ കഴിഞ്ഞു? കൃഷ്ണേന്ദു, എന്നേക്കാൾ സൗന്ദര്യമുള്ള എത്രയോ സ്ത്രീകൾ ഉണ്ട്. അവരുമായി അടുത്തു ഇടപഴകാൻ അവസരം ലഭിച്ചാൽ നീ എന്നെയും ഒരു വിലയും കല്പിക്കാതെ ഉപേക്ഷിച്ചു പോകും. നിങ്ങൾ ഇന്നു വരെ പൂജിച്ചുവന്ന ദൈവത്തെ ഉപേക്ഷിച്ച്, ഇപ്പോൾ... വേണ്ട! പോകൂ! എനിക്ക് നിങ്ങളെ ഇഷ്ടമാണ്, പക്ഷെ നിങ്ങളെ വിവാഹം ചെയ്യാൻ എനിക്ക് ഒരിക്കലും സാധ്യമല്ല! നിങ്ങൾ അത്രയ്ക്ക് ഭയങ്കരനാണ്!"

ഇതെല്ലാം കേട്ട് കൃഷ്ണേന്ദു ഒരു ശിലയെപ്പോലെ അനങ്ങാതെ നിന്നു. റീന പിന്നീടൊന്നും പറയാൻ നില്ക്കാതെ റവറണ്ടിന്റെ ബംഗ്ലാവിലേക്ക് നടന്നുപോയി. ഇതെല്ലാം കണ്ടും കേട്ടുംകൊണ്ട് ഏർണസ്റ്റ് വരാന്തയിൽ നില്ക്കുന്നുണ്ടായിരുന്നു. പക്ഷെ, അവരുടെ സംഭാഷണത്തിൽ ഇടപെടാൻ അദ്ദേഹം തുനിഞ്ഞില്ല. എന്നാൽ, ഇപ്പോൾ കൃഷ്ണേന്ദുവിന്റെ സമീപം വന്ന് ഏർണസ്റ്റ് വിളിച്ചു "Young man!"

"ഗുഡ് മോർണിങ് ഫാദർ!"


"ഗുഡ് മോർണിങ്! വരൂ! ഉള്ളിലേക്കു കയറി വരൂ!"

" Thank you father! എനിക്ക് ഒരു വിശ്രമത്തിന്റെ ആവശ്യമില്ല. അടുത്ത വണ്ടിക്കുതന്നെ തിരിച്ചു പോകണം!"

കൃഷ്ണേന്ദു ബംഗ്ലാവിൽ നിന്നു പുറത്തേക്കു കടന്ന് നടന്ന് അകന്നു.

❖ ❖ ❖ ❖

# തുടക്കം



**ആദിത്യ വർമ്മ ടി.എൻ,** തിരുവനന്തപുരം

ആരു പറഞ്ഞു ഭിഷഗ്വരന്മാർക്കു ചെ
റ്റാമയം പോലും വരില്ലയെന്നിങ്ങനെ
എങ്കിലിദ്ദേഹത്തിനെന്തു പറ്റീ വയ-
റിങ്കലൊരോപ്പറേഷൻ കഴിച്ചീടുവാൻ
രണ്ടു മാസത്തേക്കവധിയെടുത്തു കൊ
ണ്ടങ്ങനെ വിശ്രമം കൊക്കൊണ്ടിരിയ്ക്കവേ
നേരം കളയുവാനായൊരു നോവലി-
ന്നാരംഭമൊന്നു കുറിച്ചൂ ഭിഷഗ്വരൻ
ഒന്നുരണ്ടാഴ്ച കൊണ്ടാ നോവലങ്ങനെ
അന്ത്യം വരെയ്ക്കും പകർത്തിവച്ചീടിനാൻ
പിന്നീടൊരു ദിനം കയ്യെഴുത്തിൻ പകർ-
പ്പൊന്നുകൂടൊന്നു വായിച്ചു നോക്കീടവേ
ഒട്ടേറെ വൈകല്യമുണ്ടെന്നു തോന്നിയി
ട്ടൊക്കെയെടുത്തു പുറത്തെറിഞ്ഞീടിനാൻ
തൂത്തുവാരുന്നയാളാക്കടലാസുകൾ
തൂക്കി വില്ക്കാനായ് കടയിലേക്കെത്തിനാൻ
വില്ക്കുവാൻ കൊണ്ടുവന്നാ കടലാസ്സിലൊ
രെത്തിനോട്ടം നടത്തീ കടക്കാരനും
സാഹിത്യസൃഷ്ടികൾ വായിച്ചിടുന്നൊരു
ശീലമുണ്ടായതു മൂലമാവാം അയാൾ
അച്ചടിശാലയിലുള്ളൊരാൾക്കായതൊ
ങ്ങൊട്ടു പരിശോധനയ്ക്കു നല്കീടിനാൻ
അദ്ദേഹമാക്കടലാസിലെ സാഹിത്യ
സൃഷ്ടിയെ നല്ലവണ്ണം അറിഞ്ഞിട്ടുടൻ
സാഹിത്യകാരനെ കണ്ടുപിടിച്ചതു
"നോവലാ"യിട്ടു പ്രസിദ്ധീകരിക്കുവാൻ
സാഹിത്യവാരികയ്ക്കേകിനാനായതു
ഖണ്ഡശയായിട്ട് വന്നു തുടങ്ങിതു
"വാരിക തന്നിലായ് വന്നൊരു നോവലി
ന്നാരംഭമൊട്ടു വിജയം വരിച്ചിതു
വാരിക തന്റെ വളർച്ച കൂടീ പിന്നെ
നോവലിസ്റ്റിന്റെ പ്രസിദ്ധിയുമേറിനാൻ
കീറിക്കഞ്ഞു കത്തിയ്ക്കാൻ നിനച്ചോരു
താളുകൾ ലോകപ്രശസ്തി നേടീടിനാൻ
സ്കോട്ട്ലൻഡുകാരനാം ഡോക്ടർ അക്രോണിന്റെ
ആദ്യമാം നോവൽ പുറത്തിറങ്ങി തദാ – ●

യാത്രാവിവരണം



# വാരണാസി യാത്ര അഥവാ എന്റെ ആദ്യത്തെ വിമാനയാത്ര

ശ്രീദേവി വർമ്മ

പെട്ടെന്ന് ഒരു ദിവസം ഉഷേച്ചി വിളിച്ച് നമുക്ക് ബനാറസിൽ പോകാം എന്ന് പറഞ്ഞപ്പോൾ ആദ്യമൊന്ന് ഞെട്ടി. പക്ഷേ സാവകാശം ഇതു പറയുന്നത് വാസ്തവമാണോ? എന്താ ഇപ്പോൾ ഇങ്ങിനെ തോന്നാൻ എന്നെല്ലാം ചോദിച്ചു. കുറെ ആയില്ലേ നമ്മൾ ഒരു യാത്ര പോയിട്ട്. അതുകൊണ്ട് നമുക്ക് ഒരു ട്രിപ്പ് പോയാലോ? എന്നൊരു തോന്നൽ എന്ന് മറുപടിയും പറഞ്ഞു. മിനി (ഉഷേച്ചിയുടെ മകൾ) എല്ലാ സൗകര്യങ്ങളും അതായത് പ്ലെയിൻ ടിക്കറ്റ്, താമസസൗകര്യം എല്ലാം അറേഞ്ച് ചെയ്യാം എന്ന് പറഞ്ഞിട്ടുണ്ട്.

നമ്മൾ എല്ലാവരും കൂടി ചേർന്ന് പ്ലാൻ ചെയ്തു. നമ്മുടെ ഗ്രൂപ്പ് ലീഡർ രമേച്ചിയാണ് ഏറ്റവും ഉത്സാഹം പ്രകടിപ്പിച്ചത്. അനാരോഗ്യം ഉണ്ടെങ്കിലും ആരോഗ്യം ഉള്ള മനസ്സിന്റെ പ്രേരണ. ഉടനെ മിനിയെ വിളിച്ച് എത്രയും വേഗം ഉത്സാഹിക്കാൻ പറഞ്ഞു.

നമുക്ക് എല്ലാവർക്കും രമേച്ചിയുടെ ആരോഗ്യത്തിൽ ആശങ്കയുണ്ടായിരുന്നെങ്കിലും ആ ഉത്സാഹവും ഒരുക്കങ്ങളും ഒരു പ്രത്യേക സന്തോഷത്തിലായിരുന്നു. അങ്ങനെ ഞങ്ങൾ രമേച്ചി, രഞ്ജിത്ത്, കുഞ്ഞപ്പേട്ടൻ, വിജയേടത്തി, ഉഷേച്ചി, ജനാർദ്ദനേട്ടൻ, സുജാത പിന്നെ ഞാൻ യാത്രയ്ക്ക് തയ്യാറെടുത്തു. എനിക്കു വേണ്ട എല്ലാ പാക്കിംഗുകളും ശ്രീനാഥും പാർവ്വതിയും ചെയ്തു തന്നു.

2020 ഫെബ്രുവരി 19-ാം തീയതി കണ്ണൂർ, മട്ടന്നൂർ വിമാനത്താവളത്തിൽ നിന്നും രാത്രി 2 മണിക്ക് പ്ലെയിൻ കയറി. ആകാശവീഥിയിലൂടെയുള്ള ആദ്യയാത്ര ആയതുകൊണ്ട് അല്പം ആശങ്കയുണ്ടായിരുന്നെങ്കിലും മക്കൾ ധൈര്യവും പ്രോത്സാഹനവും തന്നിരുന്നു.

അങ്ങിനെ മുംബൈ എയർപോർട്ടിൽ 20-ാം തീയതി രാവിലെ ഇറങ്ങി. ടാക്സിയിൽ അടുത്ത എയർപോർട്ടിലേക്ക് തിരിച്ചു. അവിടെ നിന്ന് വാരണാസിയിലേക്ക് പ്ലെയിൻ കയറി. അന്ന് വൈകുന്നേരം 4 മണിയോടു കൂടി വാരണാസിയിലെത്തി. അവിടെ ഞങ്ങളെ കൂട്ടികൊണ്ടുപോകാൻ ട്രാവൽ ഏജൻസി ഒരു ടെമ്പോ ട്രാവലർ ഏർപ്പെടുത്തിയിരുന്നു. പിന്നീടുള്ള യാത്രയെല്ലാം ആ വണ്ടിയിലായിരുന്നു. താമസിക്കാൻ ഏർപ്പാടു ചെയ്ത ഹോട്ടലിൽ എത്തി അല്പം വിശ്രമിച്ചതിനു ശേഷം ഫ്രഷായി വാരണാസി വിശ്വനാഥദർശനത്തിനു പുറപ്പെട്ടു. പിറ്റേ ദിവസം ശിവരാത്രിയായതുകൊണ്ട് ഭയങ്കര തിരക്കായിരിക്കും. തൊഴാൻ, അകത്തു കയറാൻ അനുവദിക്കില്ല എന്ന് ഗൈഡ് പറഞ്ഞതുകൊണ്ടാണ് അന്നു തന്നെ പുറപ്പെട്ടത്.

അന്ന് ഒരു പ്രദോഷ സന്ധ്യയായിരുന്നു. അന്നും നല്ല തിരക്കായിരുന്നു. എങ്കിലും ഭഗവാന്റെ അനുഗ്രഹം കൊണ്ട് സ്പെഷ്യൽ ചാർജ് കൊടുത്തിട്ടാണെങ്കിലും ക്ഷീരധാരയും വില്വപത്ര അർച്ചനയും പ്രദോഷസന്ധ്യയ്ക്ക് ശ്രീ മഹാദേവന് സ്വന്തം കൈ കൊണ്ട് ചെയ്യുവാൻ സാധിച്ചുവല്ലോ എന്നത് മഹാഭാഗ്യമായി. ആ സന്തോഷം, ആ ആത്മനിർവൃതി ഒന്നും എഴുതി അറിയിക്കാനോ പറഞ്ഞറിയിക്കുവാനോ അസാധ്യം. ജീവിതത്തിലെ സഫലമായ നിമിഷങ്ങൾ...

പെട്ടെന്ന് പുറത്തേക്ക് അവർ വലിച്ചിടുകയായിരുന്നു. അത്രയും തിരക്കായിരുന്നു. എങ്കിലും തിരിച്ചു താമസസ്ഥലത്തെത്തി. രാത്രി ഭക്ഷണം. പല തരത്തിലുള്ള പാത്രങ്ങളിൽ പല തരത്തിലുള്ള ഭക്ഷണം. രുചിക്കനുസരിച്ച് തിരഞ്ഞെടുക്കാനുള്ളത്ര ഭക്ഷണ വിഭവങ്ങൾ. എല്ലാവരും അവരവരുടെ ഇഷ്ടത്തിനനുസരിച്ച് എടുത്ത് കഴിച്ചു. സ്വയം കഴിക്കുക മാത്രമല്ല, മറ്റുള്ളവരെ കഴിപ്പിക്കാൻ കൂടി കുഞ്ഞപ്പേട്ടൻ ഉത്സാഹം കാണിച്ചിരുന്നു. പ്രത്യേകിച്ച് ഭക്ഷണം കഴിക്കാൻ മടി കാണിച്ചിരുന്ന രമേച്ചിയെ നിർബന്ധിക്കുകയായിരുന്നു.

പിറ്റേ ദിവസം 21-ന് രാവിലെ പ്രഭാത ഭക്ഷണം കഴിഞ്ഞ് യാത്ര തുടർന്നു. അലഹബാദിലേക്കായിരുന്നു യാത്ര. തികച്ചും 6 മണിക്കൂർ യാത്ര. ത്രിവേണി സംഗമം കാണാൻ ബോട്ടിൽ യാത്ര. ഒന്നു മുങ്ങണമെന്നുണ്ടായിരുന്നു. പക്ഷെ, കൂടെയുള്ളവരാരും തന്നെ ആ തയ്യാറെടുപ്പിലല്ലായിരുന്നു. അതുകൊണ്ട് ആ ആഗ്രഹം വേണ്ടെന്നു വെച്ച് കുറച്ച് ജലം എടുത്ത് തലയിൽ ഒഴിച്ച് തൃപ്തിപ്പെട്ടു. സ്നാനം പഞ്ചവിധം എന്നല്ലെ? പിന്നെ തീൻമൂർത്തി ഭവൻ, ബുദ്ധ സ്റ്റാച്യു എന്നിവയെല്ലാം കണ്ട് വാരണാസിയിലേക്ക് മടങ്ങി.

അടുത്ത ദിവസം 22-ാം തീയതി പ്രഭാത ഭക്ഷണം കഴിഞ്ഞ് യാത്ര തുടർന്നു. പ്രഭാഷ ഭക്ഷണം താമസിക്കുന്ന ഹോട്ടലിൽ തന്നെയായിരുന്നു. അത്താഴം പോലെ തന്നെ വിവിധതരം ഭക്ഷണസാധനങ്ങൾ. കണ്ടാൽത്തന്നെ വയറു നിറയും. പിന്നെ കഴിച്ചുകഴിഞ്ഞാൽ പറയേണ്ടല്ലോ. ഏതായാലും ഒരുപാട് എരിവും, പുളിയും എണ്ണയും ഇല്ലാത്ത പോഷകാഹാരങ്ങൾ തന്നെ. അതുകൊണ്ട് എല്ലാവരും തൃപ്തിയോടെ കഴിച്ചു. രമേച്ചി മാത്രം ഭക്ഷണത്തിനു വല്ലാതെ വിമുഖത കാണിച്ചിരുന്നു. അതിന്റെ ക്ഷീണവും ഉണ്ടായിരുന്നു. ഇടയ്ക്കിടെ ജ്യൂസ് മാത്രം കുടിക്കും. അതിനുശേഷം യാത്ര തുടർന്നു. ബിർളാ ടെംപിൾ, സങ്കട് മോചൻ, ഹനുമാൻ ടെംപിൾ വിശേഷപ്പെട്ട ഗംഗാ ആരതി എല്ലാം കണ്ട് രാത്രി തിരിച്ചെത്തി. കാലഭൈരവ ദർശനം അല്പം കഠിനം തന്നെയായിരുന്നു. തിരക്കു കാരണം വാഹനങ്ങൾ പോകാത്തതുകൊണ്ട് അല്പം ദൂരം നടക്കേണ്ടതായും സ്ഥലപരിമിതി മൂലം അകത്തു കയറിയാൻ പുറത്തിറങ്ങാൻ പ്രയാസമുള്ള ഒരു സ്ഥലമായതു കൊണ്ടാണ് ഇത്രയും പ്രയാസം തോന്നിയത്.

23-ാം തീയതി ബോധി ഗയയിലേക്ക് യാത്ര തുടങ്ങി. ആ യാത്രയിൽ വിഷ്ണുപാദ ടെംപിൾ, സീതാകുണ്ഡ്, രാമപാദം എന്നീ ദർശനത്തിനുശേഷം ബോധിഗയയിലേക്കു യാത്ര തുടർന്നു. ബുദ്ധ ഭഗവാന്റെ എല്ലാ പ്രഭാവവും അവിടെ ദർശിച്ചു. വിശാലമായി പരന്നു കിടക്കുന്ന വർണ്ണ ശബളമായ ക്ഷേത്രാങ്കണം. ശ്രീബുദ്ധന് ബോധോദയം സിദ്ധിച്ച ബോധി വൃക്ഷം എല്ലാം ദർശിച്ച് അന്ന് അവിടെ താമസിച്ച് പിറ്റേദിവസം രാവിലെ 24ന് വാരണാസി എയർപോർട്ടിലെത്തി ബോംബെയിലേക്ക് തിരിച്ചുള്ള യാത്ര. വാരണാസി - മുബൈ പ്ലെയിൻ 2 മണിക്കൂർ വൈകിയതുകൊണ്ട് മുംബൈ - കണ്ണൂർ പ്ലെയിൻ ഞങ്ങൾക്ക് കിട്ടില്ല. എങ്കിലും ജനാർദ്ദനേട്ടന്റെ പരിചയം കാരണം എയർപോർട്ടിനടുത്തുള്ള ഒരു ഹോട്ടലിൽ തന്നെ താമസ സൗകര്യം കിട്ടി. അന്ന് ഉച്ചയ്ക്ക് രാഖിയുടെ (സുകുമാരേട്ടന്റെ മകൾ) അടുത്ത് ഉച്ചഭക്ഷണം. തിരിച്ച് വൈകുന്നേരം ഹോട്ടലിൽ തന്നെ വന്നു. രാത്രി ഭക്ഷണം, ജനാർദ്ദനേട്ടന്റെ ഫ്രണ്ടിന്റെ വകയായിരുന്നു. നല്ല ഭക്ഷണം. ഏതായാലും എല്ലാംകൊണ്ടും ട്രിപ്പ് സൂപ്പർ ആയിരുന്നു.

ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത യാത്ര. ഒരു ചെറിയ വിഷമം മാത്രം. കൂടുതൽ ഷോപ്പിംഗിനൊന്നും സാധിച്ചില്ല. ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കുള്ള ദൂരവും യാത്രാ സമയവും കാരണം ഒന്നിനും സമയം കിട്ടിയില്ല എന്നു മാത്രം. ആകെ ബനാറസ് സാരി ഉണ്ടാക്കുന്ന മില്ല് കാണാൻ പോയതു കൊണ്ട് അവിടെ നിന്ന് എല്ലാവരും ഓരോ സാരി വാങ്ങി. അത്രമാത്രം. അങ്ങിനെ 25ന് രാത്രി 12.35ന് കണ്ണൂരിലേക്ക് പ്ലെയിൻ കയറി. 26ന് രാവിലെ 2 മണിയോടെ കണ്ണൂരിൽ എത്തി. അവിടെ ആ സമയം വരുവാൻ ഒരു ടെമ്പോ ട്രാവലർ ഏർപ്പെടുത്തിയിരുന്നു. അതിൽ കയറി 4 മണിയോടെ ചിറയ്ക്കൽ എത്തി.

ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത ഈ യാത്രയുടെയും താമസത്തിന്റെയും സൗകര്യങ്ങൾ ഒരുക്കിത്തന്ന മിനിക്ക് (ഉഷേച്ചിയുടെ മകൾ) എല്ലാവിധ സൗഭാഗ്യങ്ങളും സർവ്വേശ്വരൻ നൽകട്ടെ എന്ന് ഞാൻ മാത്രമല്ല, ഞങ്ങൾ എല്ലാവരും ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു. ഒപ്പം ആശീർവാദവും.

**രമേച്ചിയ്ക്ക് ആദരാഞ്ജലികൾ**

രമേച്ചി എനിക്ക് ആരായിരുന്നു? എന്തായിരുന്നു? എഴുതാനറിയില്ലെങ്കിലും ഒന്നും എഴുതിയില്ലെങ്കിൽ ഒരു സമാധാനവും ഉണ്ടാവില്ല. ഊഷ്മളവും ഉദാത്തവുമായ ഒരു സ്നേഹബന്ധത്തിന്റെ ഉദാഹരണം. കേവലം ഒരു സഹോദര ഭാര്യ മാത്രമായിരുന്ന എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു സ്നേഹബന്ധമായിരുന്നു അത്. എന്റെ ഭർത്തൃസഹോദരി മാത്രമായിരുന്നോ? ഭർത്തൃമാതാവായിരുന്നോ? ഗുരുസ്ഥാനിയായിരുന്നോ? അതോ ആത്മാർത്ഥസുഹൃത്തായിരുന്നോ? ഒന്നും നിർവ്വചിക്കാൻ എനിക്കു കഴിയുന്നില്ല. എന്റെ ഇത്ര

കാലത്തെ ചിറയ്ക്കൽ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഏടുകൾ മാത്രമായി രമേച്ചി മാറി...

ജീവിതത്തിന്റെ തീച്ചൂളയിൽ കിടന്ന് നീറുമ്പോൾ ശീതളമായ ഒരു നീരുറവയായിരുന്നു ആ സ്നേഹം. തിക്തമായ ജീവിത യാഥാർത്ഥ്യങ്ങളിൽ എങ്ങിനെ മുന്നോട്ടുപോകണമെന്ന വ്യാകുലതയിൽ തളർന്നു നിൽക്കുമ്പോൾ എന്നോടൊപ്പം ഒരു കൈതാങ്ങായി നിന്നിരുന്നു രമേച്ചി.

25 വർഷമായി എന്നെ വിട്ടുപോയ എന്റെ ശരേട്ടൻ (രമേച്ചിയുടെ സഹോദരൻ) എനിക്കുതന്ന ഒരു അത്താണിയായിരുന്നു രമേച്ചി.

മക്കൾക്കു വേണ്ടി മാത്രം ജീവിക്കണമെന്ന ഒരു ചിന്ത ഉണ്ടായതുകൊണ്ട് പോയ കാലങ്ങളിൽ പകച്ചു നിന്നപ്പോൾ സർവ്വേശ്വരൻ തന്ന മനഃശക്തിയും സ്നേഹിക്കുന്നവരുടെ സാന്ത്വനവാക്കുകളും ജീവിതം മുന്നോട്ടു പോകാൻ സഹായിച്ചെങ്കിലും സ്നേഹമസൃണമായ വ്യക്തിബന്ധങ്ങൾ ശക്തി പകർന്നു തന്നിരുന്നു. അതിൽ ഒരിക്കലും മറക്കാൻ കഴിയാത്ത, വേർപിരിയാൻ വിഷമം തോന്നുന്ന വ്യക്തിബന്ധത്തിലെ ഒരു സുവർണ്ണ കണ്ണിയായിരുന്നു എനിക്കു രമേച്ചി.

കുടുംബബന്ധങ്ങളുടെയും വ്യക്തിബന്ധങ്ങളുടെയും മൂല്യം കാത്തുസൂക്ഷിക്കുന്ന വ്യക്തിപ്രഭാവം. ആരോടും തുറന്ന, ആത്മാർത്ഥമായ പെരുമാറ്റം. അടുത്തവരായാലും അകന്നവരായാലും മറക്കാൻ പ്രയാസപ്പെടുന്ന വ്യക്തിത്വം. സത്യവും നീതിയും മാത്രം കൈമുതലായുള്ള മനസ്സ്. അപ്രിയ സത്യങ്ങൾ തുറന്നുപറയാനും തല പോയാലും തല കുനിക്കില്ല എന്ന മനോധൈര്യം. ഇതൊക്കെയാണെങ്കിലും ജീവിതത്തിലെ ചടുല വികാരങ്ങളിൽ ദുർബലമാകുന്ന ഒരു കൊച്ചു മനസ്സിന്റെയും കൂടി ഉടമയാണ് രമേച്ചി.

നമ്മുടെ ഭജനസംഘത്തിന്റെ അതായത് (ചിറയ്ക്കൽ കോവിലകം ഭജനസന്ധ്യ) കാവലാളായിരുന്നു രമേച്ചി. ഭജനസംഘത്തിന്റെ സ്വരമാധുര്യമായിരുന്ന ചന്ദ്രിക, വിട്ടുപോയി. അതോടുകൂടി ഭജന സംഘത്തിന്റെ കൂട്ടായ്മയും നഷ്ടപ്പെട്ടു. ആ വിരഹത്തിൽ നിന്നും കരകയറാൻ പ്രയാസപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ഒരിക്കലും പ്രതീക്ഷിക്കാത്ത സമയത്തുള്ള രമേച്ചിയുടെ വേർപാട്. പ്രായവും, അനാരോഗ്യവും ശരീരത്തെ തളർത്തിയിരുന്നെങ്കിലും, ഒട്ടും പ്രായമാകാത്ത തളരാത്ത, ഊർജ്ജസ്വലമായ ഒരു മനസ്സായിരുന്നു രമേച്ചിക്ക് എന്ന് എനിക്ക് എപ്പോഴും തോന്നാറുണ്ടായിരുന്നു. ഇത് എഴുതാൻ പ്രധാന കാരണം രമേച്ചിയുടെ കൂടെയുള്ള നമ്മുടെ അവസാനയാത്ര വാരണാസി യാത്ര – യാത്രയ്ക്ക് ദൂരെയിരുന്ന് ചുക്കാൻ പിടിച്ചിരുന്ന മിനിയ്ക്ക് മാത്രമല്ല, കൂടെപ്പോയ നമുക്കെല്ലാവർക്കും ധൈര്യം പകർന്നു തന്നത് രമേച്ചിയായിരുന്നു.

രമേച്ചിയുടെ ശാരീരികാസ്വസ്ഥത നല്ലവണ്ണം മനസ്സിലാക്കിയിരുന്നെങ്കിലും ആ ആഗ്രഹസാഫല്യത്തിനായി ആ ശരീരത്തെ ഒപ്പത്തിനൊപ്പം പ്രാർത്ഥനയോടും പരിചരണത്തോടും കാത്തുസൂക്ഷിച്ചിരുന്ന രാജേട്ടൻ മൗനസമ്മതം നൽകുകയായിരുന്നോ? ആ മനസ്സിൽ അപ്പോൾ എന്തായിരുന്നു? ഇപ്പോൾ എന്താണ്? ഒന്നും മനസ്സിലാകുന്നില്ല.

കൃത്യനിർവ്വഹണത്തിന്റെ കൃതാർത്ഥതയോടെ ജീവിത യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാനുള്ള മനഃക്കരുത്തോ എന്തോ? സർവ്വേശ്വരൻ രാജേട്ടന് സർവ്വ ശക്തിയും നൽകട്ടെ.

എന്തായാലും കാശിദർശനം കഴിഞ്ഞ് തിരിച്ചെത്തിയ രമേച്ചി മഹാദേവന്റെ പാദാരവിന്ദത്തിൽ ജീവിതം സമർപ്പിച്ചാണോ വന്നത് എന്ന് തോന്നിപ്പോകുന്നു.

എന്റെ നിത്യനിദാന ജീവിതത്തിലെ തന്നെ ഒരു ഭാഗമായിരുന്ന രമേച്ചി ഇനി ഒരിക്കലും കാണാൻ കഴിയാത്തവിധം കാലയവനികയിലേക്ക് മറഞ്ഞുപോയി എന്ന് ഓർക്കുമ്പോൾ ഉള്ളിന്റെ ഉള്ളിൽ ഒരു തേങ്ങൽ മാത്രം അവശേഷിക്കുന്നു.

മഹാമാരിയുടെ ഘോരത കൊണ്ട് ലോകം മുഴുവൻ സ്തംഭിച്ചു നിൽക്കുമ്പോൾ ഒരു യാത്ര പോലും പറയാതെ എന്നെ അല്ല, നമ്മളെ വിട്ടുപോയ രമേച്ചിയുടെ ആത്മാവിന് നിത്യശാന്തി നൽകാൻ ജഗദീശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട് കോടികോടി പ്രണാമങ്ങളോടെ ബേബി... ●

## "റിയാക്ടിനു നന്ദി"

**(ചികിത്സാ സഹായം ലഭിച്ച സോമനാഥൻ നായരുടെ മകൾ റിയാക്ടിനു അയച്ച സന്ദേശം)**

"എന്റെ അച്ഛന്റെ ചികിത്സാ സഹായമായി REACTൽ നിന്നും തുക അനുവദിച്ച സംസ്ഥാന നേതൃത്വത്തിനു നന്ദി. അതിനു വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുകയും ചെക്ക് വീട്ടിൽ വന്ന് തരികയും ചെയ്ത ഹരികൃഷ്ണ വർമ്മ ആറന്മുള, സൂര്യകുമാർ തിരുവല്ല, ഒപ്പം വന്ന രാജേന്ദ്ര വർമ്മ, വർമ്മാജി വള്ളിക്കോട് എന്നിവരോടുള്ള കടപ്പാടും അനുസ്മരിക്കുന്നു. ഇത്തരം ജീവകാരുണ്യ പ്രവർത്തികൾ ശ്രേഷ്ഠവും എത്ര വലുതുമാണെന്ന് എനിക്ക് ഈ സന്ദർഭത്തിലാണ് നേരിട്ട് ബോധ്യം വന്നത്.

എല്ലാവർക്കും കൂപ്പു കൈ."

സവിത, മരുരേത്ത് വീട്, വള്ളിക്കോട്

# അനന്തം അജ്ഞാതം അപാരം

**ഹൈമവതി വർമ്മ,** ചേർത്തല

കൊറോണ എന്ന മഹാമാരിയുടെ പിടിയിൽപെട്ട് മരിച്ചു മരവിച്ച് നിൽക്കുന്ന പ്രകൃതി. ലോകം മുഴുവൻ നിശ്ചലം. ആളനക്കമില്ല. യന്ത്രവാഹനങ്ങൾ ഓടുന്നില്ല. കളിതമാശകൾ പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന സുഹൃത് സംഗമങ്ങളില്ല.

ആകാശവും ഭൂമിയും തിരകൾ ഒഴിഞ്ഞ കടൽപോലെ ശാന്തം. അദൃശ്യതയിൽ നിന്ന് തുടങ്ങി അനന്തതയിലേക്ക് കളകളാരവം മുഴക്കി സാന്ദ്രമായി ഒഴുകിക്കൊണ്ടിരുന്ന മനുഷ്യജീവിതം ബ്രേക്ക് ഇട്ട് നിർത്തിയതുപോലെ.

കോവിലകത്തിന്റെ തുറന്നിട്ട ജനൽപടിയിൽ പുറത്തേക്ക് നോക്കിയിരുന്ന സുഭദ്രക്കുഞ്ഞിന്റെ മനവും അസ്വസ്ഥമായിരുന്നു. ചുറ്റുപാടും ഏകാന്തത നിറഞ്ഞിരിക്കുകയാണ്. പിന്നിലെ റോഡിൽ ചലനങ്ങളില്ല. മുന്നിലെ ഇടവഴി ശൂന്യം. കരിയിലകൾ ചവുട്ടി ഒച്ചയും ബഹളവുമായി നടന്നു പോകാറുള്ള തൊഴിലാളികളില്ല. എവിടെയും ശ്മശാന മൂകത തളം കെട്ടിനിന്നു.

എങ്കിലും സുഭദ്രക്കുഞ്ഞിന് ചില ആശ്വാസ കിരണങ്ങൾ കിട്ടിയിരുന്നു. മുറ്റത്ത് അരിമണികൾ കൊത്തി അങ്ങോട്ടും ഇങ്ങോട്ടും തത്തിത്തത്തി നടന്ന് വിശപ്പ് അടക്കുന്ന പ്രാവുകൾ. കൂട്ടത്തിൽ കാക്കകളും ഒന്നു രണ്ടു കുരുവികളും. നീലാകാശത്തു കൂടി വരിവരിയായി പറന്നു നീങ്ങുന്ന പറവകൾ. അടുത്തുള്ള കുടുംബക്ഷേത്രത്തിൽ, കോവിലകത്തെ പരദേവതയ്ക്ക് പൂജയ്ക്കായി മുടങ്ങാതെ രാവിലെയും വൈകിട്ടും നടന്നുപോകുന്ന പൂജാരി. സ്നേഹസമ്പന്നരും കരുതലും ഉള്ള ചുറ്റുപാടിലെ ബന്ധുക്കൾ. എല്ലാറ്റിനും ഉപരി, സായാഹ്നങ്ങളിൽ അമ്പലപ്പറമ്പിൽ കളിക്കാനെത്തുന്ന കുഞ്ഞുങ്ങൾ. നീലയും വെള്ളയും മഞ്ഞയും ചുവപ്പും കലർന്ന വിവിധ വർണ്ണങ്ങളിലുള്ള ഉടുപ്പുകൾ ഇട്ട് കുഞ്ഞുങ്ങൾ തുള്ളിച്ചാടി കളിക്കുമ്പോൾ, മാനത്തെ മഴവില്ല് താഴെ ഇറങ്ങി നൃത്തമാടുന്നതുപോലെയാണ് സുഭദ്രക്കുഞ്ഞിന് തോന്നാറുള്ളത്.

ഭദ്രയുടെ ഏകാന്തവാസം തുടങ്ങിയിട്ട് അഞ്ചു വർഷങ്ങളിലേറെയായി. സ്വപ്നങ്ങളുടെ ഉന്മാദവും യാഥാർത്ഥ്യങ്ങളുടെ നിരാശയും വേദനയും പകർന്നു പങ്കിട്ട ജീവിതപങ്കാളിയുടെ വേർപാട് നികത്താനാവാത്ത വിടവായി ജീവിതത്തിൽ തങ്ങിനിന്നു. അനന്തതയിൽ അലയുന്ന ആ ആത്മാവിനോട് ചേരാൻ ഭദ്രയുടെ ആത്മാവ് ദാഹിച്ചു. പക്ഷേ ജീവൻ തുടിക്കുന്ന ശരീരം മണ്ണിനോട് എപ്പോഴാ ചേരുന്നതെന്ന് ആർക്കും പ്രവചിക്കാൻ കഴിയില്ലല്ലോ.

ഇടയ്ക്കിടെ ഏകാന്തവാസത്തിന്റെ ശൂന്യമായ താളുകളിൽ വർണ്ണച്ചായം പൂശുവാൻ ഭദ്രക്കുഞ്ഞ് മക്കളുടെ ഒപ്പം പോയി താമസിക്കാറുണ്ട്. കൂടിയാൽ രണ്ടോ മൂന്നോ ആഴ്ചകൾ.

തിരികെ വന്ന് കോവിലകത്തിന്റെ നാലുകെട്ടിൽ കയറുമ്പോഴേ ഭദ്രയുടെ ശ്വാസം നേരെ ആവുള്ളു. അങ്ങിനെ ആവാതെ പറ്റില്ലല്ലോ.

ഇരുന്നൂറ് വർഷങ്ങൾക്കു മേൽ പഴക്കമുള്ള കോവിലകം. വിശാലമായ നാലുകെട്ടും അറയും നിലവറയും ഉള്ള ഓടുമേഞ്ഞ കെട്ടിടം. പറമ്പിലെ സർപ്പക്കാവും കുളങ്ങളും എല്ലാം മാഞ്ഞ് ഓർമ്മ മാത്രം ബാക്കിയായി. എന്നാലും ജന്മം നൽകിയ അമ്മയും അച്ഛനും അന്തി ഉറങ്ങുന്ന മണ്ണും കളിച്ചു വളർന്ന പത്തായപ്പുരയും തൊട്ടടുത്ത കുടുംബക്ഷേത്രത്തിലെ പരദേവതയും അമ്പലമുറ്റത്തെ പഞ്ചാരമണലും ഭദ്രക്കുഞ്ഞിന്റെ ഞരമ്പുകളിലോടുന്ന രക്തത്തിന്റെ ഭാഗമായിരുന്നു.

അതാണ് ആ തിരിച്ചുവരവുകളിൽ അവർക്ക് ആശ്വാസം പകർന്നത്. അങ്ങിനെ ഒരു ദിവസം സായാഹ്നത്തിലാണ് കഥ തുടങ്ങുന്നത്.

സുഭദ്രക്കുഞ്ഞ് സന്ധ്യയ്ക്ക് നിലവിളക്കു കൊളുത്തി നാമം ജപിച്ച് കഴിഞ്ഞിരിക്കുന്ന സമയം.

അവിചാരിതമായി ഒരു ശബ്ദം. വാതുക്കൽ ആരോ മുട്ടുന്നതുപോലെ.

ഭദ്രയുടെ മനസ്സിൽ വല്ലാത്ത ഭയം തോന്നി. തനിച്ച് താമസിക്കുന്ന തന്നെ തേടിവരാൻ ഈ അസമയത്ത്. പ്രത്യേകിച്ചും ലോക്ക്ഡൗൺ നിലവിലുള്ള ഈ സമയത്ത്.

എങ്കിലും ധൈര്യം വിടാതെ അവർ ചോദിച്ചു. ‘‘ആരാണ് അവിടെ?”

ഉത്തരമില്ല.

പുറത്ത് പിറുപിറുക്കുന്ന ചെറിയ ശബ്ദം കേൾക്കാം.

ഭദ്ര വീണ്ടും ചോദ്യം ആവർത്തിച്ചു.

"ആരാണ് അവിടെ? ഈ അസമയത്ത് എന്തിനു വന്നു? എന്താണ് വേണ്ടത് ?"

ഈ പ്രാവശ്യം മറുപടി കേട്ടു.

"തമ്പുരാട്ടി. ഞാൻ അബ്ബു. റാവുത്തരുടെ മകൻ. വളരെ അത്യാവശ്യമാണ്. ഒന്നു കാണണം."

റാവുത്തർ എന്ന പേര് കേട്ടപ്പോൾ ഭദ്രക്കുഞ്ഞിന് പിന്നെ ഒന്നും ആലോചിക്കേണ്ടി വന്നില്ല.

ജപിച്ചുകൊണ്ടിരുന്ന ആവണിപ്പലകയിൽ നിന്ന് പെട്ടെന്ന് എഴുന്നേറ്റു. ഊന്നുവടിയുടെ സഹായത്തോടെ ഉമ്മറത്തേക്ക് നടന്നുചെന്ന് വാതിൽ തുറന്നു.

ചവിട്ടുപടിയിൽ തന്നെ നിൽക്കുകയാണ് അബ്ബു. കൂടെ അഞ്ചു വയസ്സായ ചെറുമകനുമുണ്ട്. ഇടത്തെ കൈയ്യിൽ പിടിച്ച കത്തി എരിയുന്ന റാന്തലിന്റെ വെളിച്ചത്തിൽ ഭദ്ര ശ്രദ്ധിച്ചു. അബ്ബുവിന്റെ മുഖത്ത് വല്ലാത്ത പരിഭ്രമം.

അവൻ വല്ലാതെ വിയർത്തൊഴുകുന്നുണ്ട്. വലത്തെ കൈകൊണ്ട് മകനെ ചേർത്ത് പിടിച്ചിരിക്കുകയാണ്. അത് ശ്രദ്ധിച്ച് ഭദ്ര ചോദിച്ചു.

"എന്താ അബ്ബു? റാവുത്തർക്ക് എന്തെങ്കിലും വിശേഷം?"

കുറച്ചുകാലമായി റാവുത്തർ സുഖമില്ലാതെ കിടപ്പിലാണെന്ന് കേട്ടിരുന്നു. ഒന്നുപോയി കാണാൻ പോലും പറ്റിയില്ല. മൂന്നാലു പറമ്പുകൾക്ക് അപ്പുറമാണ് റാവുത്തരുടെ വീട്. കുറെ നാളുകളായിട്ട് ഭദ്രയ്ക്കും മുട്ടുവേദനയും കാൽ പത്തികളിൽ നീർവീഴ്ചയുമായി നടക്കാൻ ബുദ്ധിമുട്ട് ആയിരുന്നല്ലോ.

അബ്ബു പറഞ്ഞു.

"ഉപ്പ തീരെ കിടപ്പായിട്ട് ഒരു വർഷമായി. എപ്പോഴും എന്തോ ചിന്തയിലാണ്. ഓർക്കാപ്പുറത്ത് ഞെട്ടി ഉണരുന്നതും കൈകൂപ്പി നിസ്കരിക്കുന്നതും കാണാം. ഇന്നലെ മുതൽ സ്ഥിതി വഷളാണ്. ഉരിയാട്ടമേ ഇല്ല. ഭക്ഷണവും കഴിക്കുന്നില്ല." അബ്ബുവിന്റെ വാക്കുകൾ ഇടറി.

തുടർന്ന് പറഞ്ഞത് അബ്ബുവിന്റെ മകൻ കുഞ്ഞബ്ബുവാണ്.

"ഉപ്പാപ്പയ്ക്ക് അമ്മേനെ കാണണമെന്ന് പറഞ്ഞു. ഇപ്പം തന്നെ."

സുഭദ്രക്കുഞ്ഞ് അന്തിച്ചു നിന്നുപോയി. എന്തു ചെയ്യണമെന്നറിയില്ല. റാവുത്തരുടെ ഒരു ഛായാചിത്രം മിന്നൽപോലെ മനസ്സിലൂടെ പാഞ്ഞുപോയി.

ഭദ്രയ്ക്ക് പന്ത്രണ്ടു വയസ്സുള്ളപ്പോൾ നാടുവിട്ട് പോയതാണ് റാവുത്തർ. എവിടെയോ ജോലി കിട്ടി എന്നാണറിഞ്ഞത്.

പതിമൂന്ന് വർഷം കഴിഞ്ഞ് ഭദ്രക്കുഞ്ഞ്, പൊള്ളാച്ചിക്ക് അടുത്തുള്ള സ്കൂളും കോളേജും ഒക്കെ ചേർന്ന ഒരു എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനിൽ ജോലിക്ക് ചേർന്നപ്പോഴാണ് അവിചാരിതമായി റാവുത്തരെ കാണുന്നത്. ആ കോളേജിലെ വാച്ച്മാൻ (സെക്യൂരിറ്റി) ആയിരുന്നു അയാൾ. ആറടി പൊക്കം. അരോഗദൃഢ ഗാത്രൻ. കഷണ്ടിത്തല കറുത്തിരുണ്ട കട്ടിമിനുക്കും കൃതാവിനും താടിരോമങ്ങൾക്കും മദ്ധ്യത്തിലെ വട്ടമുഖം. ഒറ്റനോട്ടത്തിൽ പകുതിയെ കാണാൻ പറ്റൂ. സാന്ദ്രമായ മുഖഭാവവും പെരുമാറ്റവും.

ഭദ്ര ജോലിക്ക് ചേർന്ന ദിവസം.

പ്രിൻസിപ്പാളിന്റെ മുറിയിൽ അറ്റന്റൻസ് രജിസ്റ്റർ ഒപ്പിടാനായിട്ടാണ് റാവുത്തർ കടന്നു വന്നത്. പ്രിൻപ്പാളിന് അഭിമുഖമായി ഇരുന്ന ഭദ്രയെ അയാൾ കണ്ടത് ഒപ്പിട്ടിട്ട് തിരിഞ്ഞപ്പോഴാണ്.

വിശ്വസിക്കാനാവാതെ സ്തംഭിച്ചു നിന്നുപോയി റാവുത്തർ. ഒന്നുരണ്ടു നിമിഷങ്ങൾ. അയാൾ സ്വബോധത്തിലേക്ക് തിരിച്ചെത്തി.

"ഭദ്രക്കുഞ്ഞ് ഇവിടെ?" അടുത്തേക്ക് വന്ന് അയാൾ ചോദിച്ചു.

ഭദ്രയും അന്തംവിട്ട് നിന്നു. റാവുത്തർ എവിടെയോ ജോലിക്ക് പോയി എന്നല്ലാതെ കൂടുതലൊന്നും അറിഞ്ഞിരുന്നില്ല. അതും പതിമൂന്ന് വർഷങ്ങൾക്കു മുമ്പ്.

അവർ കസേരയിൽ നിന്ന് എഴുന്നേറ്റ് പറഞ്ഞു.

''ദൈവത്തിന്റെ നിശ്ചയം എന്നു പറയുന്നത് ഇതാണല്ലേ. അല്ലെങ്കിൽ നമ്മൾ തമ്മിൽ ഇങ്ങിനെ ഒരു ചുറ്റുപാടിൽ ഇത്രയും വർഷങ്ങൾക്കുശേഷം കണ്ടത് എന്തതിശയം!"

"പടച്ചോന്റെ നിശ്ചയം ആർക്ക് അറിയാം കുഞ്ഞേ."

ഇതു പറഞ്ഞ് റാവുത്തർ പ്രിൻസിപ്പാളിന്റെ നേർക്ക് തിരിഞ്ഞു പറഞ്ഞു.

"സാഹിബ്. ഈ കുഞ്ഞിനെ എനിക്കറിയാം. ഞങ്ങളുടെ ഗ്രാമത്തിന്റെ സർവ്വാധികാരികളായ കോവിലകത്തെ തമ്പുരാട്ടി കുട്ടിയാണ്."

പ്രിൻസിപ്പാൾ ഭദ്രയുടെ നേരെ നോക്കി അംഗീകാരത്തോടെ മന്ദഹസിച്ചു.

ഭദ്രക്കുഞ്ഞും റാവുത്തരും ഒരുമിച്ച് പതിനെട്ടു കൊല്ലം ജോലി ചെയ്തു. അയാൾ തികച്ചും സസ്യഭുക്കായിരുന്നു. ഇടക്കിടയ്ക്ക് കോവിലകത്തു നിന്ന് കഴിച്ച മാമ്പഴപുളിശ്ശേരിയുടെയും വറുത്തുപ്പേരിയുടെയും സ്വാദുകളൊക്കെ ഓർത്ത് അയവിറക്കും. പാൽപായസമുള്ള ഓണസദ്യയും തിരുവാതിരപ്പുഴുക്കും വിഷുക്കണിയും എല്ലാം അതിൽ ഉൾപ്പെടും.

ആയിടെ എപ്പോഴോ അയാൾക്ക് മലമ്പനി പിടിപെട്ടു. പനി വന്നാൽ പിന്നെ ഒരാഴ്ച കിട

പ്പാണ്. തിരിച്ച് ഡ്യൂട്ടിക്ക് പ്രവേശിക്കുമ്പോഴും ക്ഷീണിച്ച് കോലം കെട്ട മാതിരി ഇരിക്കും കണ്ടാൽ.

പെട്ടെന്നാണ് റാവുത്തർ ജോലി മതിയാക്കി പോയത്. മലമ്പനിയുടെ ആഘാതം നിയന്ത്രണാതീതമായി കൂടി എന്നാണ് കേട്ടത്. പക്ഷേ അതിന് വേറെ ഒരു കാരണം കൂടി ഉണ്ടായിരുന്നു.

റാവുത്തർ സ്വന്തം പേരക്കുട്ടിയെപ്പോലെ ഓമനിച്ച് സ്നേഹിച്ച 'അമ്പോറ്റിക്കുഞ്ഞിന്റെ' അതായത് ''ലക്ഷ്മിക്കുഞ്ഞിന്റെ' അകാല മരണം.

അതിന്റെ ആഘാതം അയാളുടെ മനസ്സിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ചിലപ്പോൾ ഹൃദയതുടിപ്പിന്റെ താളം തന്നെ തെറിച്ചു കാണും.

ഹൃദയസ്തംഭനം മൂലം മരണമടഞ്ഞ ലക്ഷ്മിക്കുഞ്ഞിന്റെ ശവശരീരം കോളേജ് ഹാളിൽ പ്രദർശനത്തിനു വച്ചപ്പോൾ ഒന്നു കാണാൻ പോലും അയാൾ കൂട്ടാക്കിയില്ല.

എല്ലാവർക്കും അറിയാമായിരുന്നു അത്രയ്ക്ക് തകർന്നുപോയി അയാൾ എന്ന്.

ഭദ്രയ്ക്ക് ഇപ്പോൾ അതൊന്നും ആലോചിക്കുവാനോ ഓർമ്മിക്കുവാനോ ഉള്ള സന്ദർഭവും മാനസികാവസ്ഥയും അല്ല.

വേഷ്ടിയും രണ്ടാംമുണ്ടും മാറി അവർ ഉടൻ തന്നെ അബ്ബുവിനോടും മകനോടും ഒപ്പം പുറപ്പെട്ടു.

ശ്മശാനമൂകത പടർന്ന അതിനിശ്ശബ്ദവും വിജനവുമായ ഇടവഴികളിലൂടെ റാന്തലിന്റെ മങ്ങിയ വെളിച്ചത്തിൽ അവർ മൂന്നുപേരും നടന്നു. ഇടയ്ക്ക് കുഞ്ഞബ്ബു തമ്പുരാട്ടിയുടെ കൈപിടിച്ച് നിഴലിൽ കാലു തട്ടാതെ ശ്രദ്ധിച്ചു.

അമാവാസിയിലെ കൂരിരുട്ട് ചുറ്റും പടർന്നിരിക്കുകയാണ്. ആൾസഞ്ചാരമില്ലാത്തതുകൊണ്ട് കുറ്റിക്കാടുകളിൽ സ്വാതന്ത്ര്യത്തോടെ വിലസുന്ന കുറുക്കന്റേയും നായ്ക്കളുടേയും കുരയും ഓരിയിടുന്നതും കേൾക്കാം. ഇടയ്ക്ക് ഒരു ഉടുമ്പ് (അതോ കരിംപൂച്ചയോ) മുമ്പിലൂടെ കുറുകെ ചാടി. പേടി കൊണ്ട് വിറച്ച സുഭദ്രയുടെ കൈവിരലുകൾ കൂട്ടിപ്പിടിച്ച് കുഞ്ഞബ്ബു ചോദിച്ചു.

"ഉമ്മാമ്മ പേടിച്ചു പോയോ?"

തമ്പുരാട്ടിയുടെ മനസ്സിൽ നിന്നും വാത്സല്യത്തിന്റെ അലിവ് പുറത്തേക്ക് ഒഴുകി. പേരക്കുട്ടിയുടെ കൈ പിടിച്ച് നടക്കുമ്പോൾ ഭയമുണ്ടാകില്ല കുഞ്ഞു. ആനന്ദം മാത്രമേ ഉള്ളു." അവർ കുഞ്ഞിന്റെ പിഞ്ചു കൈയിൽ മെല്ലെ തലോടി.

പത്തു മിനിട്ടിനകം അവർ വീടെത്തി.

ചെറിയ വാർത്ത കെട്ടിടം.

മുൻപ് ഓലപ്പുര ആയിരുന്നു.

റാവുത്തർ ജോലിയിൽ നിന്ന് പിരിഞ്ഞുപോന്നപ്പോൾ നല്ലൊരു തുക കിട്ടിയത്രേ.

അതുകൊണ്ടാണ് പുതിയ വീട് പണിഞ്ഞതെന്നൊക്കെ അമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്. അബ്ബു ഉയർത്തിയ റാന്തലിന്റെ വെളിച്ചത്തിൽ ഭദ്ര ചവിട്ടുപടികൾ കയറി.

തളത്തിൽ നിന്ന് അകത്തേക്കുള്ള വാതിൽ ചാരിയിരുന്നു. അത് തള്ളി തുറന്ന് കുഞ്ഞബ്ബു ഉള്ളിലേക്ക് കയറി. തെക്കുവടക്കായി ഭിത്തിയോട് ചേർന്നു കിടക്കുന്ന കട്ടിലിന്റെ അരികിലേക്ക് ചെന്നു.

കട്ടിലിൽ നീണ്ടുനിവർന്നു കിടക്കുക ആയിരുന്നു റാവുത്തർ.

കണ്ണ് അടച്ച് കൈ രണ്ടും നെഞ്ചത്ത് ചേർത്തുവച്ചാണ് കിടപ്പ്.

അപ്പൂപ്പനെ തട്ടിവിളിച്ച് കുഞ്ഞബ്ബു പറഞ്ഞു.

"ഉപ്പാപ്പ. ദേ. ഉമ്മാമ്മ വന്നു. കണ്ണു തുറന്ന് നോക്കൂ."

കണ്ണുകൾ തുറന്ന് റാവുത്തരുടെ ദയനീയമായ നോട്ടം. ഭദ്രയുടെ നെഞ്ച് ഇടറി.

ഭയാനകമായ ഒരു നിശ്ശബ്ദത ചുറ്റുപാടും പടർന്നതുപോലെ സുഭദ്രക്ക് തോന്നി. നിമിഷങ്ങൾ എണ്ണപ്പെടാതെ കടന്നുപോയി.

ഇടയ്ക്ക് റാവുത്തരുടെ ഒരു ചെറിയ ഞരക്കം ഉയർന്നു.

"ഞാൻ ... എനിക്ക്..." വാക്കുകൾ തടഞ്ഞുപോയതുപോലെ.

വിമ്മിഷ്ടം കൊണ്ട് അയാളുടെ നെഞ്ച് പുകഞ്ഞു.

കണ്ണുകളിൽ തീവ്രമായ ഒരു ഭാവമാറ്റം. പെട്ടെന്ന് അതു മാറി കണ്ണുനീർ നിറഞ്ഞ് കുതിർന്ന് ഒഴുകി.

കുഞ്ഞബ്ബു പേടിച്ച് വാവിട്ടു.

സുഭദ്രക്കുഞ്ഞ് അവന്റെ കവിളിൽ തലോടിപ്പറഞ്ഞു. "കുഞ്ഞു പോയി ഉറങ്ങിക്കോളൂ. ഉമ്മാമ്മ ഇവിടെ ഉപ്പാപ്പയുടെ കൂടെ ഇരിക്കാം."

മനസ്സില്ലാമനസ്സോടെ ആണെങ്കിലും അവൻ പോയി.

വീണ്ടും പഴയ ഭയാനകത തിരിച്ചുവന്നു.

നിർവികാരമായ നിസ്സംഗതയിൽ നിന്ന് ഒതു തേങ്ങൽ.

പെട്ടെന്നു തന്നെ റാവുത്തരുടെ ഇടറിയ ശബ്ദം സുഭദ്ര തെളിഞ്ഞു കേട്ടു.

"അമ്പോറ്റിക്കുഞ്ഞിനെ ചതിച്ചത് ഞാനാണ്. എന്റെ തങ്കക്കുടം പോയി."

അയാളുടെ ശബ്ദം നിന്നു.

കാറ്റ് അടിച്ചതുപോലെ തരിച്ചു നിന്ന സുഭദ്ര പിടഞ്ഞ് സ്തംഭിച്ചു.

എങ്കിലും തലതാഴ്ത്തി ചെവി കൂർപ്പിച്ച് അവർ ചോദിച്ചു.



# വിവാഹ മംഗളാശംസകൾ





തിരുവനന്തപുരം മുടവൻമുഗൾ 'വരദ'യിൽ രാജരാജവർമ്മയുടെയും സുധർമയിദേവിയുടെയും മകൻ **ഗൗതം**
കൽക്കട്ട, ബാറക്ക്പൂരിൽ ഈസ്റ്റേൺ റിവിയേറെയിൽ മുകുൾ മജൂംദാറിന്റെയും
സുനിൽ കുമാർ മജൂംദാറിന്റെയും മകൾ **ഖേയാലി** എന്നിവർ 2020 നവംബർ 24 നു വധൂഗൃഹത്തിൽവച്ചു വിവാഹിതരായി.





**വരദ വർമ്മ**

ഡോ. വിശാഖ് വർമ്മയുടെയും ഡോ. ശാലിനി വർമ്മയുടെയും (തിരുവനന്തപുരം) മകൾ

**പ്രണവ് വർമ്മ**

ഹരികുമാർ വർമ്മയുടെയും അഞ്ജലി വർമ്മയുടെയും (തിരുവനന്തപുരം) മകൻ










**കശ്യപ് വർമ്മ**

പി.കെ. കൃഷ്ണദാസ് വർമ്മയുടെയും ശ്രീലേഖ വർമ്മയുടെയും (ചാലക്കുടി) മകൻ







# വിവാഹ മംഗളാശംസകൾ







തിരുവനന്തപുരം പനവിള 'കൃഷ്ണവിഹാറി'ൽ കൃഷ്ണൻ അള്ളക്കാടിന്റെയും അജിതകുമാരിയുടെയും പുത്രൻ **കുമാർ വർമ്മ**യും മാമ്പ്ര വെസ്റ്റ് കൊരട്ടി 'നന്ദന'ത്തിൽ ശ്യാം കേരള വർമ്മ യുടെയും സിന്ധു വർമ്മയുടെയും പുത്രി **ശാരിക വർമ്മ**യും തമ്മിലുള്ള വിവാഹം 2020 ആഗസ്ത് 30 ഞായറാഴ്ച ശ്രീകണ്ഠപുരം മഹാദേവ ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.



# ROYAL EDUCATIONAL AND CHARITABLE TRUST

*(Registration Number: 233/2008)*
Sundaravilasom Palace Compound,
Fort, Thiruvananthapuram – 695 023
Email: royaleducationalandcharity@gmail.com

**Income Tax Exemption**
under Section 80 G(5) (vi) of IT Act, 1961

**Bank Account Details**
**Canara Bank**
**Fort Branch, Trivandrum 695023**
**Account Number : 40052210014950**
**IFS Code SYNB 0004005 (S.B. Account)**

**Dr.M.Lalithambika**
Mob No. 94465 09414
Lalithambika43@gmail.com

**P.K.Reghu Varma**
Mob No.94460 71057
reghuvarma.pk@gmail.com

“എന്തിനു വേണ്ടി?”

റാവുത്തർ പിന്നെ ഒന്നും സംസാരിച്ചില്ല.

അല്പസമയം കഴിഞ്ഞ് പതുക്കെ പതുക്കെ ചുണ്ടിന്റെ നേരിയ അനക്കം. ഒരു മർമ്മര ശബ്ദം. “സാഹിബ്ബ്....”

ഫുൾസ്റ്റോപ്പ് ഇട്ടതുപോലെ അയാളുടെ ശബ്ദം നിന്നു. ഒപ്പം ബോധവും. പാതി അടഞ്ഞ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞിരുന്നുവോ?

സുഭദ്രക്കുഞ്ഞിന്റെ മനസ്സിൽ ഇടിമുഴക്കം.

അലറിപ്പായുന്ന മിന്നൽപ്പിണറുകൾ തുടർന്ന് പേമാരി. എല്ലാം മനസ്സിനകത്തും പുറത്തും.

ഭ്രാന്തു പിടിച്ച വികാരങ്ങളുടെ വേദനയോടെ, കൊടുങ്കാറ്റിൽ ആടി ഉലഞ്ഞ കളിയോടം പോലെ സുഭദ്രക്കുഞ്ഞ് കോവിലകത്ത് തിരിച്ചെത്തി.

വീണുടഞ്ഞ മനസ്സുമായി പൂമുഖത്തു തന്നെ തൂണും ചാരി ഇരുന്നു. മനസ്സിന്റെ അഗാധ ഗർത്തങ്ങളിലൂടെ ഓർമ്മകൾ ഓടി എത്തുകയാണ്. ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായി.

“റാവുത്തർ എന്തിന് അതു ചെയ്തു? സാഹിബ്ബ് എന്തിന് അത് ആവശ്യപ്പെട്ടു? നിഷ്കളങ്കയായ ലക്ഷ്മി എന്തിന് മരണപ്പെട്ടു?”

കെട്ടിപ്പിണഞ്ഞ നൂലാമാലകൾ ഒന്നൊന്നായി ഇഴ അഴിഞ്ഞ് വിടർന്നുവന്നു ഭദ്രയുടെ ഹൃദയത്തിൽ.

സംതൃപ്തമായ ഒരു കുടുംബമായിരുന്നു രാജാസാഹിബ്ബിന്റേത്. സമ്പത്തും പ്രതാപവും പേരും പെരുമയും ഉള്ള ഒരു മനുഷ്യസ്നേഹിയായിരുന്നു സാബിബ്ബ്. പ്രസിദ്ധി ആർജ്ജിച്ച കലാശാലയുടെയും ഹോസ്പിറ്റലിന്റെയും ഉടമസ്ഥൻ.

ഭാര്യ എസ്തർ വില്യംസ്. ഫോർട്ട് വില്യംസിലെ കേണലിന്റെ മകൾ സ്കൂളിലെ പ്രൈമറി സെക്ഷന്റെ പ്രിൻസിപ്പാൾ.

ഒരേ ഒരു മകൻ. ആര്യൻ. വിദേശത്ത് പഠനം കഴിഞ്ഞ് പപ്പയുടെ ബിസിനസ്സിന്റെ പുതിയ എം.ഡി. ആയി ചേർന്നു.

സാഹിബ്ബിന്റെ വിശാല മനസ്സിന്റേയും സർവ്വമത വിശ്വാസങ്ങളുടെയും ദൃഷ്ടാന്തമായിരുന്നു മകന് ആര്യൻ എന്ന് നാമകരണം ചെയ്തത്.

സുഹൃത്തുക്കൾ തമാശയായി പറയുമായിരുന്ന രാജാസാഹിബ്ബിന് രണ്ടു ജാതിയെ ഉള്ളു. പുരുഷൻ – സ്ത്രീ. അത്രമാത്രം.

കലാശാലയിലെ അഡ്മിനിസ്ട്രേറ്റീവ് (Administrative) ഓഫീസറായിട്ടാണ് ലക്ഷ്മി ചേർന്നത്.

ഉഡുപ്പി ശ്രീകൃഷ്ണ ക്ഷേത്രത്തിലെ പൂജാരിയുടെ മകൾ.

ബിരുദത്തിനുപുറമെ എം.ബി.എ, സി.എ തുടങ്ങിയ യോഗ്യതകൾ.

ഇരുപത്തിനാലു വയസ്സുണ്ടെങ്കിലും മധുര പതിനേഴിന്റെ ഉശിരും ഊർജ്ജവും. മിന്നാമിനുങ്ങിനെപ്പോലെ തിളങ്ങുന്ന കണ്ണുകൾ. പഠിക്കുമ്പോൾ കലാതിലകവും Quiz Master- ഉം ഒക്കെ ആയിരുന്നതിന്റെ അനുഭവസമ്പത്ത്.

പ്രത്യേകം ഓഫീസ് മുറി ഉണ്ടെങ്കിലും സമയം കിട്ടുമ്പോഴൊക്കെ സ്കൂൾ വളപ്പിലും കോളേജ് വരാന്തകളിലുമൊക്കെ പാറിനടക്കും. ചില സന്ദർഭങ്ങളിൽ ടീച്ചറായി ക്ലാസ്സുകളിലും പങ്കെടുക്കും.

ജോലിക്ക് ചെന്ന് ഒരു മാസത്തിനകം ലക്ഷ്മി എല്ലാവരുടേയും കൺമണി ആയി. വികൃതിക്കുട്ടികൾ രഹസ്യമായി അവൾക്കൊരു പേരും ഇട്ടു. ‘butterfly’ അഥവാ ചിത്രശലഭം. സൗന്ദര്യവും കുസൃതിയും പൊട്ടിച്ചിരിയുമായി പറന്നു നടക്കുന്ന പൂമ്പാറ്റ.

റാവുത്തർ അവളെ ‘അമ്പോറ്റിക്കുഞ്ഞ്’ എന്നാണ് വിളിച്ചിരുന്നത്. ശരിക്കും അവൾ ഒരു പൗർണ്ണമി തിങ്കൾ ആയിരുന്നു.

കണ്ട നിമിഷം മുതൽ സുഭദ്രയുമായി ലക്ഷ്മിയ്ക്ക് ഒരു പ്രത്യേക അടുപ്പം തോന്നി. ‘അക്ക’ എന്നാണ് വിളിച്ചു തുടങ്ങിയതു തന്നെ. ‘ഭദ്രാക്ക’ എന്ന്. കേൾക്കുമ്പോൾ ഭദ്രയുടെ മനസ്സിൽ വാത്സല്യം നിറയും. കൂടപ്പിറപ്പുകൾ ഇല്ലാത്ത ഭദ്രയ്ക്ക് ഒരു കുഞ്ഞനിയത്തിയെ കിട്ടിയ സന്തോഷമായിരുന്നു ലക്ഷ്മി.

പുതിയ കഥ ഇവിടെ തുടങ്ങുകയാണ്.

ലക്ഷ്മിയും ആര്യനും ആയുള്ള വിവാഹം കെങ്കേമമായി നടന്നു. രണ്ടു വർഷം പ്രേമിച്ചതിനു ശേഷമായിന്നു വിവാഹം.

സാഹിബ്ബിനും എസ്തറിനും ഒരു നല്ല മരുമകളെ കിട്ടിയ സന്തോഷം. കലാശാലയ്ക്ക് പ്രതിഭയായ ഒരു നേതൃത്വം കിട്ടിയതിന്റെ ഉണർവ്വ്. എല്ലാം വളരെ ഭംഗിയായി മുന്നോട്ട് പോയ്ക്കൊണ്ടിരുന്നു.

“പക്ഷേ എവിടെയാണ് തെറ്റു പറ്റിയത്? വീഴ്ച സംഭവിച്ചത്?” സുഭദ്രയുടെ ചിന്തകൾക്ക് കടിഞ്ഞാൺ വീണു.

ഭദ്രയുടെ ക്വാർട്ടേഴ്സിലെ സ്ഥിരം സന്ദർശകയായിരുന്നു ലക്ഷ്മി. ചിലപ്പോൾ സംസാരം മണിക്കൂറുകൾ നീണ്ടു.

ആദ്യമാദ്യം ലോകകാര്യങ്ങളും വീട്ടുവർത്തമാനങ്ങളുമൊക്കെ ആയിരുന്നു. മെല്ലെമെല്ലെയാണ് ലക്ഷ്മിയുടെ വ്യക്തിപരമായ വിഷയങ്ങളിലേക്ക് സംസാരം നീങ്ങിയത്.

ഒരു ആമുഖവും ഇല്ലാതെ അവൾ പറഞ്ഞു തുടങ്ങി.

"നീതിരഹിതമായ നിഗൂഢരഹസ്യങ്ങൾ - സുതാര്യമല്ലാത്ത സാമ്പത്തിക ഇടപാടുകൾ - വഴിവിട്ട രാഷ്ട്രീയക്കളികൾ - നൈതികത ഇല്ലാത്ത നിക്ഷിപ്ത താത്പര്യങ്ങൾ..."

എല്ലാറ്റിന്റേയും ചുരുൾ അഴിക്കണം. ലക്ഷ്മി പറഞ്ഞുനിർത്തി.

മാലപ്പടക്കം പോലെ തുരുതുരെ പൊട്ടിവീണ വാക്കുകൾ.

സുഭദ്ര ഞെട്ടിപ്പോയി. അവരുടെ മനസ്സ് വീർപ്പുമുട്ടി.

സോഫയിൽ അവളുടെ അരികിലേക്ക് നീങ്ങി ഇരുന്ന് അവർ പറഞ്ഞു.

''മോളെ. എന്റെ കുട്ടി ഇതിലൊന്നും ഇടപെടേണ്ട.'' ഭീതികൊണ്ട് അവരുടെ തൊണ്ട ഇടറി.

ലക്ഷ്മി വിടാൻ ഭാവമില്ല.

"എസ്തറമ്മക്ക് ഒന്നും അറിയില്ല. ആര്യന് പലതും അറിയാമെന്നാണ് എന്റെ വിശ്വാസം. പക്ഷേ കണ്ടില്ലെന്ന് നടിക്കേണ്ടി വരുന്നു. എന്നാൽ എനിക്കതു പറ്റില്ല അക്കാ."

"ഉഡുപ്പിയിലെ കൃഷ്ണഭക്തനായ പൂജാരിയുടെ പരമ്പരയാണവൾ. സത്യത്തിനും നീതിയ്ക്കും വേണ്ടി അവൾ പൊരുതുക തന്നെ ചെയ്യും.'' സുഭദ്ര മനസ്സിൽ ഉറപ്പിച്ചു.

അവിശ്വാസം - തെറ്റിദ്ധാരണകൾ വരുത്തുന്ന ദുരൂഹതകൾ. പരസ്പരം കുറ്റപ്പെടുത്തലുകൾ തുടങ്ങിയ എല്ലാ കുരുക്കുകളിലും ബന്ധങ്ങൾ ഉലഞ്ഞു.

ഒരിക്കൽ റാവുത്തർ സുഭദ്രയോട് പറഞ്ഞു.

"ഭദ്ര തമ്പുരാട്ടി അമ്പോറ്റിക്കുഞ്ഞിനെ ഉപദേശിക്കണം. ഇത് തീക്കളിയാണ്. അവരെല്ലാം പിടിപാടുകൾ ഉള്ള വലിയ ആളുകൾ. ഒന്നും കണ്ടില്ല എന്ന് നടിക്കണം. ഓഫീസിലും വീട്ടിലും നടക്കുന്ന വാക്കുതർക്കങ്ങൾ- പഴികൾ - ഭീഷണികൾ. എല്ലാത്തിനും ഞാൻ - ഞാൻ സാക്ഷിയാണ് കുഞ്ഞേ."

ഏതാണ്ട് രണ്ടു മാസത്തിനു ശേഷമാണ് അതു സംഭവിച്ചത്. ലക്ഷ്മിയുടെ മരണം.

അന്നു നടന്ന സംഭവവികാസങ്ങൾ അവൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

മണിക്കൂറുകളോളം നീണ്ട മീറ്റിംഗ്. ചർച്ചകൾ, ചോദ്യം ചെയ്യലുകൾ. ഒടുവിൽ വിരുന്ന് സൽക്കാരം. സസ്യഭുക്കായ അവൾക്കു വേണ്ടി റാവുത്തർ പ്രത്യേകമായി വെജിറ്റമ്പിൾ സൂപ്പ് ഉണ്ടാക്കി. അയാൾ തന്നെ അവൾക്കത് വിളമ്പി. ലക്ഷ്മിയുടെ അവസാനത്തെ അത്താഴം.

ശരീരത്തിൽ വിഷാംശം കലർന്ന അസ്വസ്ഥത. മനസ്സിലേറ്റ അഗാധ മുറിവിന്റെ വേദന. രണ്ടും ചേർന്ന വിഷമത്തിലാണ് അവൾ ഉറങ്ങാൻ കിടന്നത്.

ഹൃദയാഘാതം - ഹൃദയമിടിപ്പ് നിന്നു. ശ്വാസം നിലച്ചു.

അവിശ്വസനീയം.

പക്ഷേ ഭദ്രക്ക് അതിശയം തോന്നിയില്ല.

ആ കുട്ടിയുടെ ഹൃദയം വീണുടഞ്ഞ സ്ഫടികപാത്രത്തിന്റെ ചില്ലുകൾ പോലെ പൊട്ടിച്ചിതറി കാണും.

ആ ദുർവിധി, ജന്മജന്മാന്തരങ്ങളിൽ അവൾ ചെയ്ത പുണ്യപാപങ്ങളുടെ കൂട്ടലും കിഴിക്കലും കഴിഞ്ഞ് കിട്ടിയ ഉത്തരമാവാം.

ലക്ഷ്മിയുടെ മരണം കഴിഞ്ഞ് ഒരു വർഷത്തിനകം സുഭദ്രക്കുഞ്ഞിന്റെ വിവാഹം നടന്നു. ജോലി രാജി വച്ച് ഭർത്താവിനൊപ്പം പല സ്ഥലങ്ങളിലും മാറിമാറി താമസിച്ചു. ഒടുവിൽ അദ്ദേഹത്തിന്റെ വേർപാടോടെ കോവിലകത്ത് ശേഷിച്ച ജീവിതം കഴിക്കുകയാണ്.

മണിക്കൂറുകൾക്കു ശേഷം സുഭദ്ര വർത്തമാനകാലത്തിലേക്ക് തിരിച്ചുവന്നു.

ഒരു ദുഃസ്വപ്നത്തിൽ നിന്ന് ഉണർന്നതുപോലെ.

അവർ സാവധാനം എഴുന്നേറ്റു.

ആഞ്ഞടിച്ച കൊടുങ്കാറ്റിൽ ആടി ഉലഞ്ഞ് അണഞ്ഞുപോയ നിലവിളക്കിന്റെ തിരി കൊളുത്തി.

മുറിയിൽ പ്രകാശം പരന്നു പടർന്നു.

തുറന്നിട്ട ജനൽപാളിയിലൂടെ അവർ പുറത്തേക്ക് നോക്കി. തെളിഞ്ഞ ആകാശം. സ്വർണ്ണം ഉരുക്കി പൂശിയ അരുണോദയം. ഉദയസൂര്യന്റെ ചെങ്കതിരുകളിൽ ചക്രവാളം ഒരു നവവധുവിനെപ്പോലെ അണിഞ്ഞൊരുങ്ങി.

ഇരുട്ട് മാറി വെളിച്ചം വന്നു. മനസ്സിലും പ്രകൃതിയിലും. അവരുടെ മനസ്സിലെ ചോദ്യത്തിന് ഉത്തരം കിട്ടി. കടങ്കഥയുടെ അവസാന യവനിക വീണു.

''അമ്പോറ്റിക്കുഞ്ഞിന്റെ മരണം."

അത് വിധിയാണ്.

എല്ലാം നേടി എന്ന് അഹങ്കരിക്കുന്ന മാനുഷഗർവ്വിന്നപ്പുറം ഒരു അമാനുഷശക്തിയുണ്ട്. പ്രകൃതിയേയും സകല ചരാചരങ്ങളേയും നിയന്ത്രിക്കുന്ന അത്ഭുത തേജസ്സ്.

സർവ്വസാക്ഷിയായ ജഗന്നിയന്താവ്.

ഏതു രൂപത്തിലും ഭാവത്തിലും വിശ്വാസത്തിലും ആരാധിക്കാം. പക്ഷേ അനന്തവും അജ്ഞാതവും അപാരവുമായ ഒരു പരമസത്യമാണത്.

കാവൽ വിളക്കായി ആ തേജസ്സിനെ സുഭദ്രക്കുഞ്ഞ് കണ്ടു. ചക്രവാളത്തിൽ ജ്വലിക്കുന്ന ഒരു അഗ്നിഗോളം പോലെ.

ഭദ്ര തമ്പുരാട്ടി സാവധാനം എഴുന്നേറ്റ് പതിവുപോലെ പ്രഭാത കർമ്മങ്ങളിൽ മുഴുകി. ●

# മാടായിക്കാവിലമ്മ

**ഡോ. സി.കെ. അശോക വർമ്മ,** ചിറയ്ക്കൽ, കണ്ണൂർ





കോലത്തിരി രാജവംശത്തിന്റെ പരദേവതയാണ് മാടായിക്കാവിലമ്മ. മാതൃഭാവമാർന്ന പ്രപഞ്ചശക്തിയാണ് ദേവി. എല്ലാ തിന്മകളെയും സംഹരിക്കുന്ന ശക്തിസ്വരൂപിണി. മൂഷികരാജവംശം ഏഴിമല ആസ്ഥാനമായി ഭരിച്ചിരുന്ന കാലത്ത് കേരളൻ എന്ന രാജാവാണ് മാടായിക്കാവിൽ പ്രതിഷ്ഠ നടത്താൻ കളമൊരുക്കിയത്. ഐതിഹ്യത്തിൽ ദാരികന്റെ കോട്ടയെന്നു വിശേഷിപ്പിക്കപ്പെടുന്ന മാടായിക്കോട്ട കെട്ടിയത് ചരിത്രമനുസരിച്ച് വളഭനാണ്.

തളിപ്പറമ്പ് രാജരാജേശ്വരന്റെ ക്ഷേത്രസന്നിധിയിലാണ് പണ്ട് ഈ ദേവീസാന്നിധ്യം ഉണ്ടായിരുന്നത്. തമ്പുരാൻ പെരുംതൃക്കോവിലപ്പൻ ശാന്തമൂർത്തിയാണ്. പക്ഷെ ദേവിയുടേത് ദാരികനിഗ്രഹം കഴിഞ്ഞ് ഉഗ്രകോപത്താൽ ജ്വലിച്ചു നിൽക്കുന്ന ഭാവമാണ്. മാത്രമല്ല അവിടെയുള്ള ദേവീപ്രഭാവത്തിന് നാൾക്കുനാൾ ശക്തിയും രൗദ്രവും വർദ്ധിച്ചുവരുന്നത് പൂജാരിമാരെയും ദേശവാസികളെയും പ്രതിസന്ധിയിലാക്കി. ഇതിനൊരു പരിഹാരമുണ്ടാക്കാൻ, ദേവിയെ രൗദ്രഭാവത്തിൽ നിന്നും സാത്വിക ഭാവത്തിലേക്ക് കൊണ്ടുവരാനായി, പിതൃസ്ഥാനീയനായ മഹാദേവൻ പരശുരാമനെ നിയോഗിച്ചു. മഹാകാളിയെ ഭദ്രയാക്കുക, അഥവാ മംഗളരൂപിണിയാക്കുക എന്നതായിരുന്നു പരശുരാമന്റെ ദൗത്യം. ആ മുനിശ്രേഷ്ഠൻ രാജരാജേശ്വര സന്നിധാനത്തിലെ കാളിദേവിയെ ശംഖിൽ ആവാഹിച്ച് പുറത്തേക്ക് വലിച്ചെറിഞ്ഞു. ശംഖിന്റെ വാൽഭാഗം വന്നുവീണ സ്ഥലത്തെ കടൽ പിൻവാങ്ങി മേടായി മാറി. അതാണ് മാടായി. തിരുശക്തി നിറഞ്ഞ പരിസരത്തെ കാട് വിറകൊണ്ടു. തിരുവിറയൽ കൊണ്ട കാട് – അത് കാലക്രമത്തിൽ തിരുവർകാട്ടു കാവായി. ശങ്കരൻ ദേവിക്ക് നീരാടാൻ ശൂലം കൊണ്ട് സമീപത്ത് ഒരു ചാലു കീറിയതാണ് വടുകുന്ദപ്പുഴയെന്നത് ഇതിനോട് ചേർന്നു പോകുന്ന കഥ. ഒരിക്കൽ രാജരാജേശ്വര ക്ഷേത്രത്തിലെ വെളിച്ചപ്പാട് ഉറഞ്ഞു തുള്ളിക്കൊണ്ട് കത്തിക്കൊണ്ടിരുന്ന വിറക് എടുത്തെറിഞ്ഞപ്പോൾ വീണ സ്ഥലം ചൂണ്ടി "ഇനി എന്റെ സ്ഥാനം അവിടെയാണ്." എന്ന് പറഞ്ഞുവെന്നും അതാണ് തിരുവിറക് കാട് എന്നുമാണ് വേറൊരു ഐതിഹ്യം.

ഇനിയൊരു ഭാഷ്യം ഇങ്ങിനെയാണ്. രാജരാജേശ്വരന്റെ സമീപത്തിൽ വിളങ്ങിയിരുന്ന ദേവീസന്നിധാനത്തിൽ കോലത്തിരിരാജാവിന്റെ അപേക്ഷപ്രകാരം മഹാബ്രാഹ്മണർ ഒരു ശക്തിപൂജ നടത്തുകയും, അതിൽ തൃപ്തയായ ദേവി ആ കർമ്മങ്ങളിലും, കർമ്മം നടത്തിച്ച രാജാവിങ്കലും സന്തുഷ്ടയായി ആനന്ദനടനമാടുകയും ചെയ്തു. ഈ അമിതാഹ്ലാദപ്രകടനത്തിലും, അഹങ്കാരത്തിലും അതൃപ്തനായ ശാന്തമൂർത്തിയായ ശങ്കരൻ ദേവിയെ ശൂലത്തിലെടുത്ത് സമുദ്രത്തിലേക്ക് തള്ളി. ശൂലം ചെന്നുവീണ സ്ഥലം ക്രമേണ മേട് ആകുകയും ആ ദേവീശക്തി അവിടെ പരിപൂർണ്ണമായി നിലനില്ക്കുകയും ചെയ്തു. ഈ മേടായ സ്ഥലമാണ് പിന്നീട് മാടായി ആയിത്തീർന്നത്. ആ ശക്തിസ്വരൂപിണിയുടെ ആരൂഢസ്ഥാനമാണ് മാടായിക്കാവ്. ദേവിയിങ്കൽ ശക്തി പൂജ നടത്തിയ കർമ്മികളെയും കർമ്മം നടത്തിച്ച രാജാവിനെയും ക്ഷേത്രാധികാരികളായ ബ്രാഹ്മണർ നിഷ്കാസിതരാക്കി. അതാണ് കോലത്തിരി രാജാക്കന്മാർക്ക് ഇന്നും തളിപ്പറമ്പ് ക്ഷേത്രത്തിൽ പ്രവേശനം നിഷിദ്ധമായിരിക്കുന്നത്.

തങ്ങൾക്ക് വന്നുചേർന്ന വിപരീതാവസ്ഥയിൽ ദുഃഖിതരായ കോലത്തിരി രാജാക്കന്മാർ അവരുടെ സങ്കടം ദേവിയിൽത്തന്നെ സമർപ്പിച്ച് ആത്മാർത്ഥമായി ആശ്രയിച്ചുപോന്നതിൽ പ്രസാദിച്ച ദേവി അവർക്ക് വേണ്ട രക്ഷ ചെയ്ത് അവരെ മാതാവിനെപ്പോലെ സംരക്ഷിക്കാൻ തയ്യാറായി. അങ്ങിനെയാണ് ആ ദേവി 'കോലസ്വരൂപത്തിങ്കൽ തായ്' എന്ന പേരിൽ പ്രസിദ്ധയായത്. രാജാവാകട്ടെ തളിപ്പറ

മ്പിനടുത്ത കരിപ്പത്തു നിന്നും ആ സ്ഥാനം മാറ്റി ദേവീസന്നിധാനത്തി നടുത്തു തന്നെ രാജകൊട്ടാരവും നിർമ്മിക്കുകയും മാടായിയിൽ ഒരു കോട്ട കെട്ടുകയും ചെയ്തു. ഇന്നും മാടായിക്കാവിലെ പൂരോത്സവ ദിവസങ്ങളിൽ ഈ കോട്ടയിലേക്ക് ദേവീവിഗ്രഹം എഴുന്നെള്ളിച്ച് പൂജ നടത്തിവരുന്നു.

തളിപ്പറമ്പ് ക്ഷേത്രത്തിന്മേലുള്ള അധികാരം വിടേണ്ടി വരുന്നതുവരെ അവിടെ പൂജ കഴിഞ്ഞാലുടൻ രാജാവ് നാലമ്പലത്തിനുള്ളിൽ കടന്ന് സോപാനത്തിൽ കയറി അർച്ചന നടത്തിക്കഴിഞ്ഞു മാത്രമെ മേൽശാന്തി ശ്രീകോവിലിൽ നിന്നും പുറത്തുവരികയോ മറ്റുള്ളവർ ദർശനത്തിനായി ക്ഷേത്രത്തിനകത്ത് പ്രവേശിക്കുകയോ ചെയ്തിരുന്നുള്ളു. ഈ പതിവാണ് കോലത്തിരി വംശത്തിലെ അംഗങ്ങൾ പിന്നീട് അവരുടെ ദേവീസ്ഥാനങ്ങളായി വന്ന മാടായിക്കാവ്, കളരിവാതുക്കൽ ക്ഷേത്രം തുടങ്ങിയ ആരാധനാലയങ്ങളിൽ സോപാനത്തിൽ അർച്ചന നടത്തുന്നതിന്റെ ആധാരം. പഴയങ്ങാടിക്കടുത്ത് അടുത്തില താമസിക്കുന്ന സമയത്ത് ദേവിയുടെ നിത്യദർശനം. കുടുംബാംഗങ്ങളുടെ ദിനചര്യയുടെ ഭാഗമായിരുന്ന കാലത്ത് തുടങ്ങിയതാണ് ഈ ആചാരം. പൂരോത്സവസമയത്ത് ദേവിയുടെ ബലിബിംബം പുറത്തേക്കെഴുന്നെള്ളിച്ചാൽ ആറാട്ടു കഴിഞ്ഞ് അകത്തേക്ക് എഴുന്നെള്ളിക്കുന്നതുവരെ പലതവണ ദേവി താൻ ഏറ്റിരിക്കുന്ന രക്ഷാദൗത്യത്തിന്റെ അടയാളമായി അവിടെയെത്തുന്ന കോലത്തിരി രാജകുടുംബാംഗങ്ങളെ മൂന്നുവട്ടം വലംവച്ച് കാത്തരുളുന്ന ആചാരം ഇന്നും നടന്നുവരുന്നു. ഒപ്പം അവർ ദേവിയുടെ രക്ഷാവലയത്തിനുള്ളിൽ നിന്നുകൊണ്ട് ദേവിയോടൊപ്പം മൂന്നു പ്രാവശ്യം ചുറ്റുന്നു. അന്യോന്യാശ്രയത്തിന്റെ സൂചകമാണിത്. എഴുന്നെള്ളത്തിന് ദേവി മുമ്പിലും അനുഗമിച്ചുകൊണ്ട് രാജാവ് പിമ്പിലും നടക്കുന്നു. മറ്റുള്ള ക്ഷേത്രങ്ങളിൽ ഉത്സവാവസരങ്ങളിൽ സാധാരണയായി രക്ഷകന്മാരാണ് എഴുന്നെള്ളിപ്പിന് മുമ്പിൽ നടക്കുന്നത് എന്നതാണ് ഈ ആചാരത്തെ വ്യത്യസ്തമാക്കുന്നത്.

മാടായിക്കാവിനു പുറത്ത് എല്ലാ ക്ഷേത്രപരിസരങ്ങളിലും കാണുന്നതുപോലെ ഒരു വലിയ ആൽമരം ഉണ്ട്. പക്ഷെ അതിനൊരു പ്രത്യേകതയുണ്ട്. ആ അശ്വത്ഥം ദേവിയുടെ മൂലസ്ഥാനമായി കരുതപ്പെടുന്നതുകൊണ്ട് പ്രത്യേകം വന്ദിക്കപ്പെടേണ്ടതാണ്. ഇവിടെയാണ് ദേവിയുടെ സാന്നിദ്ധ്യം ആദ്യമായി അനുഭവപ്പെട്ടത് എന്നാണ് വിശ്വാസം. ബലിക്കൽപുരയുടെ നാലു തൂണുകളിൽ സാധാരണ ക്ഷേത്രങ്ങലിലേതുപോലെ കൊത്തുപണികളില്ല. പക്ഷെ ദേവലോകത്തിലെ നാലു പക്ഷികളെ തൂണുകൾക്കു മുകളിൽ ആലേഖനം ചെയ്തിരിക്കുന്നു. വലിയ ബലിക്കല്ലു കടന്ന് നാലമ്പലത്തിനുള്ളിൽ പ്രവേശിച്ചാൽ മുമ്പിൽ ദർശിക്കുന്നത് കിഴക്കോട്ട് തുറന്ന മഹാദേവന്റെ തിരുനടയാണ് പ്രദക്ഷിണ പഥത്തിൽ ആദ്യം വണങ്ങേണ്ടത് ശാസ്താവിനെയാണ്. ചന്ദ്രക്കലയോടു കൂടിയ ചെറിയ കൽവിഗ്രഹം. പിന്നീട് ക്ഷേത്രപാലനെ തൊഴുത് പ്രദക്ഷിണം പൂർത്തിയാക്കി വീണ്ടും ശിവന്റെ നടയിൽ നിന്നു തൊഴണം. തുടർന്ന് വടക്കോട്ടു ദർശനമായി കടുശർക്കര യോഗത്തിൽ പ്രതിഷ്ഠിച്ച സപ്തമാതൃക്കളുടെ മുമ്പിൽ. അവരോടൊപ്പം ഗണപതി കിഴക്കും, വീരഭദ്രൻ പടിഞ്ഞാറും അഭിമുഖീകരിച്ചിരിക്കുന്നു. ഈ പള്ളിയറയ്ക്കു മുമ്പിൽ തൊഴുത് പിൻവാങ്ങിയെത്തുന്നത് പടിഞ്ഞാറോട്ടു മുഖമായിട്ടുള്ള മാടായിക്കാവിലമ്മയുടെ ശ്രീകോവിലിനു മുന്നിലാണ്. അഞ്ചടിയോളം പൊക്കം വരുന്ന, ഇരിക്കുന്ന രൂപത്തിലുള്ള കടുശർക്കര യോഗത്തിലുള്ള ഉഗ്രസ്വരൂപിണിയായ ദേവിയുടെ വിഗ്രഹം. ഇടതുകാൽ നീട്ടിച്ചവിട്ടിയിരിക്കുന്നത് ദാരികന്റെ കഴുത്തിലാണെന്ന് സങ്കല്പം. വലതുകയ്യിൽ ശൂലം. കണ്ഠത്തിൽ വട്ടത്തിലുള്ള വലിയ താലിമാലയും മറ്റാഭരണങ്ങളും. ദീപപ്രഭയിൽ ഭയങ്കരിയായിത്തോന്നാം. പക്ഷെ ഭക്തന്മാർക്ക് അഭയംകരിയാണമ്മ.

വലിയ വിഗ്രഹത്തിനു മുന്നിൽ അഭിഷേകം ചെയ്യാനുള്ള പഞ്ചലോഹവിഗ്രഹവും വെള്ളിയിൽ തീർത്ത ശീവേലി വിഗ്രഹവും കാണാം. പൂരോത്സവസമയത്തും, വിഷുവിളക്കിനും വെള്ളിവിഗ്രഹം നിറമുള്ള പൂമാലകൾ കൊണ്ടും, നിരവധി ആഭരണങ്ങൾ കൊണ്ടും കുത്തിച്ചാർത്തി പ്രൗഢവും ചേതോഹരവുമാക്കുന്നു. ക്ഷേത്രത്തിന്റെ വടക്കേനടയിൽ കലശവും ബലിയും നടക്കുന്ന സ്ഥലമായതുകൊണ്ട്, വടക്കുഭാഗം മുറിച്ച് വലംവെക്കാൻ പാടില്ല. കാവിലെ ആരാധനാരീതി താമസാചാരത്തിൽപ്പെടുന്നതാണ്. ഇവിടുത്തെ പൂജാരിമാർ പിടാരർ സമുദായത്തിൽപ്പെട്ടവരാണ്. വലിയ ഗുരുഡിയാണ് കാവിലെ പ്രധാനപ്പെട്ട ശക്തിപൂജ. രാവിലെ സരസ്വതിയും ഉച്ചയ്ക്ക് മഹാലക്ഷ്മിയും അതിനുശേഷം മഹാകാളിയുമായിട്ടാണ് ഇവിടെ ദേവി പൂജിക്കപ്പെടുന്നത്. മഹാദേവൻ പിതൃസ്ഥാനീയനായി നിലകൊള്ളുന്നു. രുരുജിത് വിധാനം എന്നതാണ് ഇവിടുത്തെ ആരാധനാസങ്കല്പം. ശിവന്റെ നട കിഴക്കോട്ടും മാതൃശാല വടക്കോട്ടുമായി നില്ക്കുന്നതാണ് രുരുജിത് വിധാനം എന്നു പറയുന്നത്. പിതാവിന്റെ അരികിൽ പുത്രീഭാവത്തിൽ നില്ക്കുന്ന ദേവിയെയാണ് രുരുജിത് വിധാനത്തിൽ പ്രതിഷ്ഠിക്കുന്നത്. രുരു എന്ന അസുരനെ ദേവി ജയിച്ചുനില്ക്കുന്ന ഭാവവും സങ്കല്പിക്കപ്പെടുന്നു. രുരു എന്നാൽ

കരച്ചിൽ എന്നും അർത്ഥമുണ്ട്. രുരുജിത് എന്നാൽ സങ്കടങ്ങളെ ഇല്ലാതാക്കുന്ന ദേവി.

ക്ഷേത്രത്തിന്റെ രക്ഷാസ്ഥാനം കോലത്തിരി രാജാവിലാണ് കല്പി ച്ചിരിക്കുന്നത്. രക്ഷകൻ കർമ്മകാ ര്യങ്ങളിൽ ആയുധത്തോടുകൂടിയ ല്ലാതെ പങ്കെടുക്കരുതെന്ന നിഷ്ഠ യനുസരിച്ച് ക്ഷേത്രദർശനത്തിനു പോകുമ്പോഴും, ദേവിയുടെ ഉത്സ വങ്ങളിൽ പങ്കെടുക്കുമ്പോഴും രാജാവ് വാൾ കയ്യിലേന്തുന്ന രീതി ഇന്നും പിന്തുടർന്നുപോരുന്നു. ആൺകുട്ടികൾക്ക് ഉപനയനം കഴി ഞ്ഞതിനുശേഷമേ ക്ഷേത്രത്തിന കത്ത് പ്രവേശനമുള്ളൂ. കോല ത്തിരി തമ്പുരാക്കന്മാർ ദർശനം നടത്തുന്നതിന് പ്രത്യേക ചടങ്ങു ണ്ട്. ഇടതുഭാഗത്ത് വാൾ ചേർത്തു വെച്ചുകൊണ്ട് എല്ലാ നടയിലും പൂക്കൾ അർച്ചിച്ച് തൊഴുതു കഴി ഞ്ഞാൽ ദേവിയുടെ തിരുനടയിൽ നിന്നും പൂജാരി വെള്ളിക്കിണ്ണ ത്തിൽ പ്രസാദം നല്കുന്നു. അത് ഒരു ഇലയിലാക്കിയശേഷം കിണ്ണം തിരിച്ചുവെക്കുന്നു. വീണ്ടും ഒരു പ്രദക്ഷിണം നടത്തി തൊഴുത് പ്രസാദം വാങ്ങുന്ന ചടങ്ങ് ആവർത്തിക്കുന്നു. പിന്നീട് മൂന്നാ മത്തെ പ്രദക്ഷിണം പൂർത്തിയാക്കി മണ്ഡപത്തിനു മുമ്പിൽ തൊഴുത് നമസ്ക്കരിച്ച് പിൻവാങ്ങിപോകു ന്നു. കോലത്തിരി തമ്പുരാട്ടിമാർ വിവാഹം കഴിഞ്ഞാൽ മാത്രമെ കാവിൽ കയറി തൊഴുന്ന പതിവു ള്ളു. കഴകം ഒപ്പിച്ച് തൊഴുക എന്ന താണ് ചടങ്ങ്. അരി നിറച്ച ഉരുളി യിൽ നാളികേരം വെച്ച് സമർപ്പി ക്കുകയാണ് ചെയ്യുക. അരി ദേവിക്ക് നിവേദ്യത്തിനും നാളി കേരം ശാസ്താവിനു മുന്നിൽ ഉട ക്കാനുമാണ്.

മിഥുനം 13-ാം തീയതിയാണ് മാടായിക്കാവിലെ പ്രതിഷ്ഠാദിനം. പ്രതിഷ്ഠാദിനപൂജകൾ നടത്തു ന്നത് തന്ത്രിയാണ്. കാട്ടുമാടം ഇല്ല ത്തേക്കാണ് തന്ത്രം. പിന്നീടുള്ള വിശേഷാൽചടങ്ങ് കന്നിമാസ ത്തിലെ കൂത്താണ്. കൂത്ത് നടക്കു ന്നത് ശിവന്റെ നടയ്ക്കു മുന്നി ലുള്ള മണ്ഡപത്തിലാണ്. അവിടെ വലിയ പീഠത്തിൽ വിരിച്ച പട്ടിൽ നാന്ദകം വാൾ വെക്കുന്നു. ദേവി കൂത്തു കാണാൻ മണ്ഡപത്തിൽ എഴുന്നെള്ളിയിരിക്കും എന്നാണ് സങ്കല്പം. കാഴ്ചക്കാർ മണ്ഡപ ത്തിനു മുന്നിൽ നിന്നുവേണം കൂത്തുകാണാൻ. അമ്മയുടെ തിരു നാളായി കൊണ്ടാടുന്നത് വൃശ്ചി കത്തിലെ കാർത്തികയാണ്. അന്ന് വെറ്റിലയും അടക്കയും ചുക്കും ഒപ്പംവെച്ച് കുരുമുളക് നിവേദ്യത്തി നായി സമർപ്പിക്കുന്ന് ചിറക്കൽ രാജാവിന്റെ വകയാണ്. ധനുസം ക്രമം തൊട്ട് മകരം 13-ാം തീയതി വരെ (14 ദിവസം) കളംപാട്ടുത്സവം നടക്കുന്നു. ആ സമയത്ത് ചുകന്ന പട്ടുകൊണ്ട് കാവിലെ തൂണു കളടക്കം വിതാനിച്ച് കമനീയമാ ക്കുന്നു. നിറഞ്ഞു കത്തുന്ന വിള ക്കുകൾ ചുറ്റും ചാരുത ചേർക്കു ന്നു. വാദ്യഘോഷങ്ങളോടെയുള്ള നാന്ദകം വാൾ എഴുന്നെള്ളത്ത് ചടങ്ങിന് ഗാംഭീര്യം നൽകുന്നു. ഉത്സവ സമാപന ദിവസം മൂത്ത പിടാരർ മണ്ഡപത്തിൽ കളത്തില രിയിട്ട് പൂജിച്ച് അരിപ്രസാദമായി ഭക്തർക്ക് നല്കുന്നു. പൂജയ്ക്കിട യിൽ തെയ്യമ്പാടി നമ്പ്യാരുടെ കളം പാട്ടുമുണ്ടാകും. സന്ധ്യയ്ക്ക് നട ക്കുന്ന കളത്തിലരിപൂജ അനിർവ ചനീയമായ അനുഭൂതി നൽകുന്ന താണ്. ആ പൂജാസമയത്തും വാളെഴുന്നെള്ളത്തിലും കോല ത്തിരി രാജാവിന്റെ സാന്നിദ്ധ്യമു ണ്ടായിരിക്കണം എന്നചിട്ട ഇന്നും പാലിക്കപ്പെടുന്നു.

കന്യകമാർ കാമനെ പൂജി ക്കുന്ന സവിശേഷമായ അനുഷ്ഠാ നമാണ് വടക്കെ മലബാറിലെ പൂരം. മീനമാസത്തിലെ കാർത്തിക തൊട്ട് പൂരം വരെയുള്ള 9 ദിവസം നടക്കുന്ന പൂരോത്സവം മാടായി ക്കാവിൽ അതിഗംഭീരമായി ആഘോഷിക്കപ്പെടുന്നു. പൂരക്കാ ലത്ത് രാവിലെ 4 മണിക്ക് തെക്കി നിക്കൽ കോട്ടയിലേക്ക് അലങ്കരിച്ച തിടമ്പും നാന്ദകം വാളും എഴുന്നെ ള്ളിക്കുകയും 7 മണിയോടു കൂടി തിരിച്ചെഴുന്നെള്ളിക്കുകയും ചെയ്യും. തിടമ്പ് കുത്തിച്ചാർത്തു ന്നത് സപ്തമാതൃക്കളുടെ പള്ളിയ റയിൽ വെച്ചാണ് ആദ്യത്തെ കോട്ട യിൽ നാന്ദകം വാൾ കൊണ്ടുള്ള പയറ്റ് ഇളയപിടാരർ നിർവ്വഹിക്കു ന്നു. കാളി ദാരികനോട് ഏറ്റുമുട്ടു ന്നതാണ് സങ്കല്പം. രണ്ടാമത്തെ കോട്ടയിൽ പൂരക്കളി. മൂന്നാമത്തെ കോട്ടയിൽ അപ്പം നിവേദ്യം. പൂരംകുളി ദിവസം ഇവിടെ അപ്പം ഏറ് എന്ന ഒരു ചടങ്ങുണ്ട്. നമ്പൂ തിരി നിവേദിച്ച അപ്പം എറിയു മ്പോൾ ഭക്തർ അത് പിടിക്കാൻ മത്സരിക്കുന്ന കാഴ്ച ആവേശം പകരുന്നതാണ്. അന്ന് കോട്ടയിൽ പൂരക്കളിയില്ല. മൂത്ത പിടാരർ തലയിൽ ദേവിയുടെ തിടമ്പും, ഇളയ പിടാരർ കയ്യിൽ നാന്ദകം വാളെമെടുത്തുള്ള പൂരംകുളി എഴു ന്നെള്ളത്തിൽ ആനയോ, വെടി ക്കെട്ടോ ഇല്ല. വടുകുന്ദ ശിവക്ഷേ ത്രത്തിൽ എതിരേറ്റ് പൂജയ്ക്കു ശേഷം ക്ഷേത്രത്തിനു മുന്നിലുള്ള വടുകുന്ദപ്പുഴ' എന്നറിയപ്പെടുന്ന ജലാശയത്തിൽ ദേവിയുടെ പൂരം കുളി. തടാകത്തിനു ചുറ്റും തിരയ ടിച്ചെത്തുന്ന ജനം. തിരിച്ച് കാവി ലെത്തുന്നതോടെ പൂരാഘോഷ ങ്ങൾ സമാപിക്കുന്നു. ഇടവത്തിലെ പെരുങ്കളിയാട്ട ദിവസമാണ് കൂറ്റൻ തിരുമുടിയോടു കൂടിയതായ് പര ദേവതാ തെയ്യത്തിന്റെ രൂപത്തിൽ അമ്മ ദർശനം നല്കുന്നത്. തിരു വർകാട്ടമ്മ, സോമേശ്വരി, കാളരാ ത്രി, വേട്ടുവ ചേകവർ, ചുഴലി ഭഗ വതി, ക്ഷേത്രപാലൻ, മാഞ്ഞാളമ്മ – ഇങ്ങനെ ഏഴു തെയ്യങ്ങൾ അന്ന് രംഗത്തുണ്ടാകും. വിസ്മയവും, ഭക്തിയുമണർത്തുന്ന ഒരപൂർവ്വാനു ഭവമാണ് പെരുങ്കളിയാട്ടം.

'തിരുവാറാട്ടുകാവ്' എന്ന പേരിൽ പ്രസിദ്ധമായ ഒരു ക്ഷേത്രം തിരുവനന്തപുരം ജില്ലയിലെ ആറ്റി

ങ്ങലിലുണ്ട്. കോലത്തിരി രാജവംശത്തിൽ നിന്നും മുമ്പ് തിരുവിതാംകൂർ രാജവംശത്തിലേക്ക് ദത്തുപോയിരുന്നു. അതിനെ തുടർന്ന് കുടുംബപരദേവതയായ തിരുവർകാട്ടുകാവിലമ്മയുടെ ഒരു വിഗ്രഹം അന്ന് ആറ്റിങ്ങലേക്കു കൊണ്ടുപോയി കൊട്ടാരത്തിനടുത്ത് പ്രതിഷ്ഠിച്ചു. അതാണ് ആറ്റിങ്ങൽ തിരുവാറാട്ടുകാവ്. അവിടെ പ്രതിഷ്ഠ ഭദ്രകാളിയുടേതാണ്. മാടായിക്കാവിലേതുപോലെ സപ്തമാതൃക്കളുടെ സങ്കല്പസാന്നിദ്ധ്യവുമുണ്ട്. മീനമാസത്തിൽ പൂരാഘോഷവും പൂരംകുളിയുടെ ഇവിടെ നടത്താറുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എന്നാൽ തെയ്യങ്ങൾ ഉറഞ്ഞാടുന്ന പെരുങ്കളിയാട്ടവും, ശാക്തേയ കർമ്മവും ഇവിടെയില്ല.

'തിരുവർകാട്ടു ഭഗവതി ഗദ്യം' എന്ന പഴയ ഒരു സ്തുതി മാടായിക്കാവിലമ്മയെ പ്രകീർത്തിക്കുന്നതായുണ്ട്. അതിൽ 'ക്ഷേത്രജനോടും, ഭൈരവനോടും ഭൈരവിയോടും മാതൃക്കളോടും, ഭൂതങ്ങളോടും പ്രേതങ്ങളോടും കൂടി ക്രീഡിച്ചഴകിയ തിരുവർകാടാണ്ടരുളീടിനദേവി" എന്നത് ദേവിയുടെ കൃത്യമായ ചിത്രമാണ്. കോലത്തിരിയുടെ പരദേവതയാണ് ദേവി എന്നെടുത്തു പറയുന്നു.

*"കോലക്ഷ്മാപതിവംശമശേഷം*
*പാലിപ്പാൻ പരികല്പിതദീക്ഷേ"*

എന്ന ഭാഗവുംഈ കൃതിയിലുള്ളതാണ്. ഇത് പഠിച്ചില്ലെങ്കിലും നമുക്കൊക്കെ നിത്യവും ചൊല്ലാൻ മാടായിക്കാവിലമ്മയെക്കുറിച്ചുള്ള ധ്യാനശ്ലോകം ഇതാ:

*ശൂലാഗ്രം കൊണ്ടു ഭിത്വാ രിപുകു*
*ലമഖിലം രംഹസാ സംഹരിപ്പാൻ*
*കാല പ്രധ്വംസി ഫാലാന്തരനയന*
*പുടേ സംഭവിച്ചോരു മൂർത്തേ*
*കോലക്ഷ്മാ പാലവംശത്തിനു മകു*
*ടലസൽദീപമാം ലോകമാന്യേ*
*പാലിക്കേണം സദാ മാം പെരിയ*
*തിരുവർകാട്ടമ്പുമെൻ തമ്പുരാട്ടീ* ●

# പ്രഭാതഭേരി



**സുലേഖ വർമ്മ, ആലുവ**

ദലമർമ്മരങ്ങൾ പൊഴിക്കുന്ന ഭൂപാള
സ്തുതി കേട്ടു നിദ്ര വിട്ടുണരുന്നു സൂര്യനും..
പൂർവ്വാംബരത്തിൻ കപോലങ്ങൾ കുങ്കുമ
ശോണിമയാർന്നു നവവധുവെന്നപോൽ

അർക്കന്റെ കൈകൾ പുണരവേ ലജ്ജയാൽ
രാജീവ വദനം ചുവന്നു ഗഗനം പോൽ..
പൊൻ കിരണങ്ങൾ പതിക്കെപ്പുഴയുടെ
മെയ്യിൽ പൊന്നോളങ്ങൾ കസവണിയിക്കയായ്

പശ്ചിമാകാശത്തിൻ സീമയിൽ മെല്ലവേ
യാത്രാമൊഴി ചൊല്ലി മായുന്നു ചന്ദ്രനും
സൂര്യ ഖഡ്ഗത്താൽ പരാജിതനായൊരു
ക്ഷീണിതനാം പടനായകനെന്നപോൽ
മരതകശോഭ പൊഴിക്കുമിലകളിൽ
തൂമഞ്ഞുതുള്ളികൾ രത്നഹാരം ചാർത്തി
എൻ പുഷ്പവാടിയിൽ പവിഴമല്ലിപ്പൂക്കൾ
മെത്ത വിരിച്ചു വെൺ മുത്താൽ പവിഴങ്ങളാൽ

സ്വർണ്ണ ദലങ്ങൾ വിടർത്തിയും പൊൻമുഖ
കാന്തി പരത്തിയും കുസുമകുമാരികൾ
പകലിന്റെ രാജനെ വരവേറ്റിടാൻ നൂറു
പൂത്താലമേന്തി നിരന്നു നിന്നീടുന്നു

നിദ്രതന്നാലസ്യമോടെ പറവകൾ
വിഭ്രാന്തമായ് മുഴക്കീ കള കൂജനം
കണ്ണുതിരുമ്മിയുണർന്ന പുൽനാമ്പുകൾ
മൊത്തിക്കുടിക്കുന്നു തൂമഞ്ഞുതുള്ളികൾ

കുടമണി മെല്ലെ കിലുക്കിയെൻ നന്ദിനി
അലിവോടെ നിൽക്കുന്നു നറുപാൽ ചുരത്തുവാൻ
അരികത്തായമ്മിഞ്ഞപ്പാൽ ചുണ്ടിലിറ്റിച്ചു
മൊത്തിക്കുടിക്കുന്നു കുഞ്ഞിളം പൈതലും

കണ്ണിന്നു കർപ്പൂരം കാതിന്നു പീയൂഷം
മാനസമോ മഞ്ചലേറുന്നു മോദത്താൽ
എത്രമാത്രം മനം തുള്ളിത്തുളുമ്പുന്നു
സുപ്രഭാതത്തിന്റെ ഭേരി മുഴങ്ങുമ്പോൾ . ●



# KOTTARAM SRIKRISHNA SWAMY

**E. Rama Varma Raja,** Ennakkad Palace

Here and now I shall tell you how Lord Unnikrishna reached Ennakkad in the Company of Villwa Mangalam Swamiyar. By chance he visited our palace taking the silver deity of the Lord with butter in both hands. A warm and cordial reception was given by the then members of the royal family, heard chanting 'Narayana' as well. Whole members of the Kottaram were ecstatic to greet him with folded hands. He found a holy place, installed divine idol then and there. He lit a lamp with oil and wicks, performed water abhishakem etc. In the morning Palppayasam, in the evening unniappam were offered daily. Days passed followed by weeks and months. One day the priest made up his mind to return with Srikrishna idol. So far the joyous Valiya Thampuratty who developed liking Sri Krishna sobbed painfully, for she couldn't bear his separation. Tears rolled down her cheeks, so to say and begged the Swamiyar not to leave with Sri Krishna since it was unbearable if he did against her wish. She was an ardent devotee of Krishna. Ignoring all this Swamiyar sat in boat along with the idol to go. A miraculous incident occurred at that time. Despite mighty efforts the rower of the boat couldn't row as it stuck on the shore. The swamiyar immediately grasped that the Lord was unwilling to part from her owing to her Bhakthi. Revealing truth, priest reminded members of palace to offer good palpayasam and appam daily as said before without failure. If not, the Lord would remain on the banyan tree planted by Manorama Thampuratty, Kottakkal Kizhakke Kovilakam of Zamorin Lineage, kozhikode. Sub sequently idol of Sri Krishna transferred to the present temple permanently. Thus far spoke my father to me of God, unnikrishna. Pious and religious members of Kottaram classified to locate the silver idol of Krishna in the Sreekovil on a higher position facing towards west. Not only that; installation of Siva Linga with Sri Parvathi on left facing west in a lower position found a prominent place in the Sreekovil. Thiuvonam Ashtami Rohnini, annual chirups Siva Pooja etc are celebrated yearly.

On the Eastern side of the Mandir, Ganapathi the God of obstacles, Saraswati the Goddess of learning too are worshipped by all of us. Vinayaka Chathurthi, Homam, Navarathri annual Chirup etc are conducted accordingly with pomp and splendour.

From 1997 to 2005 I had been managing all affairs of shrine with the whole hearted support esp. monetary and otherwise thereby served for nine (9) years so much so I could deposit in the Ennakkad SBT Rs. 50200 (Fifty thousand two hundred) 5 fixed deposits for and on behalf of Srikrishna after meeting all expenses. My successor accepted them. My humble prayer to unnikrishna is bless me for good. ●

---

*കവി സിദ്ധി വരുത്തുന്ന...തുടർച്ച...*

നിലവാരം ഇതൊക്കെയാണ് സർക്കാരിന്റെ മാനദണ്ഡങ്ങൾ. പത്ത് ശ്ലോകം ചൊല്ലിക്കുമ്പോൾ പത്തു ശ്ലോകങ്ങളും ഭംഗിയായി ചൊല്ലുക ഒരു സിദ്ധി തന്നെയാണ്. ഏതക്ഷരത്തിനും ശ്ലോകം ചൊല്ലുന്നത് ശ്ലോക നൈപുണ്യം കാട്ടിത്തരുന്നു. സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം എന്നീ വൃത്തത്തിലുള്ള ദീർഘശ്ലോകങ്ങൾ ചൊല്ലുമ്പോൾ ഇതേ വൃത്തത്തിൽ തന്നെ ശ്ലോകം ചൊല്ലുക. ചെറിയ ശ്ലോകങ്ങൾ ചൊല്ലുമ്പോൾ ചെറിയവയും തിരിച്ച് ചൊല്ലുക, സങ്കരമായി ചൊല്ലരുതെന്ന് സാരം. *(തുടരും)*

# THE SKY STANDS STILL, OR IS IT THE GROUND BENEATH?

**Roshini Varma,** California



The mighty 'magnolia*' outside my window still
Is green and tall with it's red seeds trying to make up for the colorless fall
It stands in solidarity with the sky above, not moving, not breathing,
As if it is scared to break the late evening stillness.

The overgrown rose bush below the tree
Has found its way to the sun,
twisting and turning like the vine that has curled around its thorny stems
It too is holding its breath, like the tree, like the sky, not wanting to stand out.

The humming bird seems to be unaffected
It is grey and it is green and it's wings flutter so fast one can't stop looking
But no, it too retires to some place humans are not allowed,
Does it sense the need to be still too?

The convoluted mind still is restless
The heart beats too fast. The stillness around me too strange.
The book moves too slow. The eyes looking back from the mirror seems too lost. ●

* a type of tree

## അഭിനന്ദനങ്ങൾ

അടുത്തകാലത്തായി യു. എസ്സിലെ സ്റ്റാൻഫോർഡ് സർവകലാശാല ലോകത്താകമാനമുള്ള ശാസ്ത്രജ്ഞരുടെ കഴിഞ്ഞ 60 വർഷത്തെ ശാസ്ത്രനേട്ടങ്ങളുടെ ഒരു Rating Survey നടത്തിയിരുന്നു. അതിൽ ആദ്യത്തെ രണ്ടു ശതമാനത്തിൽ ഇൻഡ്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ഏതാണ്ട് 1500 പേർ. ഇവരിൽ 15 പേർ തിരുവനന്തപുരത്തു പാപ്പനംകോട് പ്രവർത്തിക്കുന്ന സി.എസ്.ഐ.ആർ.ന്റെ ലബോറട്ടിയായ NIIST ൽ നിന്നായിരുന്നു എന്നത് ഏറെ സന്തോഷം തരുന്നു.

ക്ഷത്രിയക്ഷേമസഭയിലെ അംഗമായ **ഡോ. സതി ചന്ദ്രശേഖർ** ഇവരിൽ ഒരാളാണ് എന്നുള്ളത് നമുക്ക് ഏറെ അഭിമാനകരം.



ഭർത്താവ്: കേണൽ ചന്ദ്രശേഖർ, മക്കൾ: അംബിക ചന്ദ്രശേഖർ, മാധവ് ചന്ദ്രശേഖർ

രണ്ടുപേരും ഐ.റ്റി. ഉദ്യോഗസ്ഥരാണ്.

ഡോ. സതി ചന്ദ്രശേഖറിന് ക്ഷത്രിയക്ഷേമസഭയുടെ അഭിനന്ദനങ്ങൾ!

## എം. ജി. സർവകലാശാലാ സിൻഡിക്കേറ്റിൽ



കോട്ടയം കാരാപ്പുഴ 'സൂര്യഗായത്രി'യിൽ **ഡോ. ബി. കേരള വർമ്മ** എം ജി സർവകലാശാല സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

നാട്ടകം ഗവ.കോളജ് റിട്ട. അസോ. പ്രഫസറാണ്.

ഭാര്യ: എസ്. ഉഷ പണ്ടാല (ബാങ്ക് ഓഫ് ബറോഡ, കോട്ടയം) മക്കൾ: കെ. ഗൗതം വർമ്മ, കെ. ഗായത്രി.

കോട്ടയം ക്ഷത്രിയ ക്ഷേമസഭയുടെയും സംസ്ഥാന സമിതിയുടെയും അഭിനന്ദനങ്ങൾ .!

# കോയിയ്ക്കലിൽ നിന്നുമൊരു ക്രോസ്ബെൽറ്റുകാരൻ

**റ്റി.ആർ. രാമവർമ്മരാജ,** തിരുവനന്തപുരം



*കഴിഞ്ഞ ലക്കം തുടർച്ച....*

ദാരിദ്ര്യം മനുഷ്യരെ ഏത് നിലവാരത്തിലേക്കും താഴ്ത്തുമെന്ന് അറിവുള്ള ഞാൻ കമ്പനി തൊഴിലാളികളുടെ പരാതിക്ക് പരിഹാരം കണ്ടെത്തണമെന്ന് ഉറപ്പിച്ചു. രണ്ടും കൽപ്പിച്ച് എസ്.എസ്. റാവിനോട് അവരുടെ ശമ്പളം കൂട്ടുന്ന കാര്യം പറഞ്ഞു. തള്ളാനും കൊള്ളാനും വയ്യാത്ത നിലയിൽ മാനേജ്മെന്റ് ജോലിക്കാർക്ക് ശമ്പളം കൂട്ടി. പക്ഷേ മാനേജ്മെന്റിന്റെ കണ്ണിൽ ഞാൻ കരടായി മാറി.

താമസിയാതെ അമ്പലക്കുളത്തിനു വടക്കുവശം ഒരു രണ്ടുനില കെട്ടിടത്തിന്റെ മുകളിൽ ഒരു മുറി വാടകക്കെടുത്തു താമസം തുടങ്ങി. ജോലിയിൽ അങ്ങേയറ്റം സംതൃപ്തനായി. ആലപ്പുഴ അമ്മാവന്റെ തോളത്തുനിന്ന് കുടുംബഭാരം ഒരളവുവരെ ഞാൻ ഏറ്റെടുത്തു. അമ്മ പിന്നെയും പ്രസവിച്ചു. ഉദയൻ, ഭാസ്കരൻ, മരിച്ചുപോയ രണ്ടനുജന്മാർ എന്നിങ്ങനെ അഞ്ച് ആൺമക്കൾ ഉള്ളപ്പോൾ ഒരു മകൾക്കുവേണ്ടി അച്ഛനമ്മമാർ കൊതിച്ചു. വഴിപാടുകൾ പലതും നടത്തി. മണ്ണാർശാലയിൽ ഉരുളി കമഴ്ത്തൽ എന്നുവേണ്ട വഴിപാടുകൾ തകൃതിയോടെ തകൃതി! അമ്മ, ഓമനയെ പ്രസവിക്കുന്നതിന് മുന്നെ, കുട്ടിയമ്മ ചിറ്റ പ്രസവിച്ചു ഒരു പെൺകുഞ്ഞിനെ, 'ചന്ദ്രിക'. അധികം താമസിക്കാതെ ചിറ്റ മരിച്ചുപോയി. ഞങ്ങളെല്ലാവരും അമ്മയില്ലാത്ത ആ കുഞ്ഞിനെ ഞങ്ങളുടെ കൂടപ്പിറപ്പിനെപ്പോലെ വളർത്തി. ഓമനയെ അച്ഛൻ കൂടുതൽ കൊഞ്ചിച്ച് വളർത്തി. വരവ് നിന്നില്ല. പെൺകുഞ്ഞുങ്ങളുടെ വരവായി. പിന്നീട് ഓമനയ്ക്ക് താഴെ കമലം, ജഗദം, രാധാമണി, വെള്ളത്തിൽ വീണു മരിച്ചുപോയ അമ്മിണിക്കുട്ടി എന്ന അനുജത്തി എന്നിങ്ങനെ. തങ്കമ്മ ചേച്ചിയെ ഈശ്വരനു തുല്യം സ്നേഹിച്ച് ആദരിച്ചു കൊണ്ടിരുന്ന ആലപ്പുഴ അമ്മാവൻ, "ഒരു മസാൽ, ഒരു നെയ്യ് റോസ്റ്റ്" എന്നിങ്ങനെ ഡൈനിംഗ് ഹാളിന്റെ ഒരറ്റത്തുനിന്ന് അടുക്കളമുറിയോളം എത്തത്തക്കവണ്ണം വിളിച്ചുകൂവി ബില്ലുകൾ കൊടുക്കുന്ന 'അച്ചൻ' എന്നറിയപ്പെടുന്ന ആലപ്പുഴ അമ്മാവൻ എന്ന കൃഷ്ണഭവൻ ബ്രാഹ്മണഹോട്ടലിലെ സപ്ലൈയറുടെ കുടുംബഭാരം സാരമായി കുറച്ചത് 'നെടിയന്റെ തലേൽ വടി' എന്ന പഴഞ്ചൊല്ല് അന്വർത്ഥമാക്കിയ ഞാനാണ്. ചന്ദ്രികയുടെ അച്ഛൻ സുബ്രഹ്മണ്യൻ നമ്പൂതിരി വേളി കഴിച്ച് വേളിയും കുട്ടികളും അവരുടെ കുട്ടികളും ഒക്കെയായി ചെന്നിത്തല പുത്തില്ലത്ത് മഠത്തിൽ പാർത്തു. ആദ്യപുത്രി ചന്ദ്രികയെ തിരിഞ്ഞുനോക്കീട്ടേ ഇല്ല.

അങ്ങനെ നവരത്നയിൽ ജോലി തുടരുന്ന സമയമാണ് എക്സൈസിലേക്കുള്ള അപേക്ഷ അയയ്ക്കലും നിയമനവും.

ആദ്യ നിയമനം എറണാകുളത്തായിരുന്നല്ലോ. ക്ലിനിക്കൽ ആൻഡ് ഫാർമസ്യൂട്ടിക്കൽ ലാബറട്ടറിയിൽ എക്സൈസ് ഇൻസ്പെക്ടറായി. 16.08.1955 ൽ അവിടെ ജോലിയിൽ പ്രവേശിച്ചു. പുതിയ ലാവണത്തിൽ ജോലിയൊന്നുമില്ലായിരുന്നു. എസൻസ് നിർമ്മിച്ച് കോയമ്പത്തൂർ, ഈറോഡ്, പൊള്ളാച്ചി മുതലായ സ്ഥലങ്ങളിലെ മെഡിക്കൽ ഷാപ്പുകളിലേക്ക് അയയ്ക്കുന്നതായിരുന്നു പണി. കൂടിയ ശതമാനം ആൽക്കഹോൾ ഉള്ള ഈ വക എസൻസുകൾ ഇരട്ടിയും മൂവിരട്ടിയും വെള്ളമോ, സോഡയോ ചേർത്ത് കഴിച്ചാൽ നല്ല 'കിക്ക്' കിട്ടും. തമിഴ്നാട് ഗവൺമെന്റ് മദ്യനിരോധനം കൂടുതൽ കർക്കശമാക്കിയതോടുകൂടി എസൻസ് കച്ചവടം നിന്നു എന്നു തന്നെ പറയാം. മാനേജർ ഒരു രാമൻകുട്ടി മേനോനും ഒന്നുരണ്ടു തൊഴിലാളികളും മാത്രമേ ഉള്ളൂ. എന്നാലും എക്സൈസ് ഇൻപെക്ടറുടെയും രണ്ട് ഗാർഡ്സിന്റെയും പെൻഷൻ വിഹിതം വരെ കമ്പനി കെട്ടണം. അത് ഒരു ദുർചിലവല്ലേ?

എസൻസ് കച്ചോടം ഉണ്ടായിരുന്ന കാലത്ത് നൂറിന്റെ നോട്ടു കൊണ്ടാറാട്ട് എന്ന് പറഞ്ഞതുപോലെയായിരുന്നു വരുമാനം. 5, 6 ആളുകളാണ് നോട്ട് എണ്ണി കെട്ടിവെക്കാൻ. കമ്പനി ഉടമ തൃപ്പൂണിത്തുറ രാജകുടുംബത്തിലെ തമ്പുരാൻ. തമ്പുരാൻ നടുവിലിരിക്കും. ഒരിക്കൽ എണ്ണുന്ന ഒരാൾ ഒരു നൂറുരൂപ നോട്ട് 'ഇസ്കി' വെച്ചു കാണുന്നില്ലെന്നു പറഞ്ഞു.

പാവം തമ്പുരാൻ കല്പിച്ചു, അതു പോകട്ടെ ബാക്കിയെണ്ണാൻ. നോട്ടുകളുടെ കൂമ്പാരങ്ങളൊക്കെ ഇരുമ്പലമാരയിൽ തമ്പുരാൻ സൂക്ഷിച്ചുവെക്കുമായിരുന്നു. ഒരു ദിവസം അലമാര തുറന്നുനോക്കിയപ്പോൾ പണം ഒന്നും തന്നെ കാണുന്നില്ല. നെയ്ത്യാരമ്മ കുളിക്കുകയായിരുന്നു. തമ്പുരാന്റെ വിളിയും ബഹളവും കേട്ട് കാര്യം അന്വേഷിച്ചപ്പോളല്ലേ മനസ്സിലായത്, നെയ്ത്യാരമ്മ കാശ് മുഴുവൻ അടിച്ചുമാറ്റിയിരുന്നു. അന്നുമുതൽ തമ്പുരാൻ മാനസികവിഭ്രാന്തിയിലായി. ഒരു ദിവസം യൂണിഫോം ഇട്ട് ഓഫീസിൽ ഇരിക്കയായിരുന്നു. തമ്പുരാൻ വന്നപ്പോൾ സാധാരണ പോലെ വിഷ് ചെയ്തു. തമ്പുരാൻ ആകെ പേടിച്ച് പരിഭ്രമിച്ച് ഓഫീസിൽ ചെന്ന് മാനേജരോട് കാര്യം അന്വേഷിച്ചു. മാനേജർ രാമൻകുട്ടി മേനോൻ ചിരിച്ചു. അദ്ദേഹം അദ്ദേഹത്തിന്റെ യൂണിഫോം ഇട്ടിരുന്നു എന്നേ ഉള്ളൂ.

യൂണിഫോമിന്റെ ചരിത്രം പറയാം! യൂണിഫോം ഉള്ള ഉദ്യോഗസ്ഥന്മാർ പെൻഷൻ പറ്റുമ്പോൾ ഡിപ്പാർട്ട്മെന്റിനെ തിരിച്ചേല്പിച്ച് രസീത് വാങ്ങണം എന്നാണ് നിയമം. കച്ചേരിപ്പടിയിലുള്ള അസിസ്റ്റന്റ് കമ്മീഷണറുടെ സ്റ്റോർ മുറിയിൽ പഴയ യൂണിഫോം കിടപ്പുണ്ട്. അസി.എക്സൈസ് കമ്മീഷണർ രാവുണ്ണിമേനോൻ സാറിനോട് "എനിക്ക് പാകത്തിനുള്ള ഒന്ന് തൽക്കാലം എടുത്തുകൊള്ളട്ടെ" എന്നു ചോദിച്ചു. "ഹേ, അങ്ങനൊന്നും കൊടുക്കില്ല. മുകളിൽ നിന്ന് അനുവാദം വരണം". ഞാൻ വിവരം സഹപ്രവർത്തകൻ ശ്രീ ജനാർദ്ദനൻ ചെട്ടിയാരോടു പറഞ്ഞു. അദ്ദേഹം ഉറക്കെ ചിരിച്ചു. എന്നിട്ട് പറഞ്ഞു. ഡ്യൂട്ടി ഗാർഡിന് 25 രൂപ കൊടുത്ത് ആവശ്യമുള്ളത് എടുത്തുകൊണ്ട് പോരൂ!

സ്ഥാപനത്തിന്റെ വിറ്റുവരവ് കുറവായതിനാൽ ലാബറട്ടറി മാനേജർ മേനോനെ ഞാൻ ഉപദേശിച്ചു. "നിങ്ങൾ വെറുതേ ഞങ്ങളുടെ എസ്റ്റാബ്ലിഷ്മെന്റിന് കാശ് എന്തിന് അടക്കണം? തൽക്കാലം എക്സൈസ് സ്റ്റാഫിനെ പിൻവലിക്കാൻ എഴുതി കൊടുക്കണം. കാറ്റ് നേരെ വീശുമ്പോൾ വീണ്ടും സ്റ്റാഫിനെ കൊണ്ടു വരാമല്ലോ?" എനിക്കും സ്ഥലം മാററുതോ? ഇലക്കും മുള്ളിനും കേടുവരാത്ത ഈ ഉപദേശം ഏറ്റു. അപേക്ഷ കൊടുത്ത് സ്റ്റാഫിനെ പിൻവലിച്ചു. എനിക്ക് സ്ഥലം മാറ്റം തൃശൂർക്ക്.

### ആദ്യ സ്ഥലം മാറ്റം

തൃശൂർ സതേൺ യൂണിയൻ ഫാർമസ്യൂട്ടിക്കൽ നടത്തുന്നത് ജഗന്നാഥൻ എന്ന തമിഴ്നാട്ടുകാരനാണ്. എസൻസ്, കച്ചോടം നടക്കാത്തപ്പോൾ പുതിയ മാർഗ്ഗങ്ങൾ തേടി പിടിച്ചു. കൂടിയ ആൽക്കഹോളിക് ടിങ്ങ്ച്ചേഴ്സ് ഡ്യൂട്ടി കുറഞ്ഞ മരുന്നിൽ ലേബൽ ഒട്ടിച്ച് റിലീസ് ചെയ്ത് വേറെ ലേബൽ ഒട്ടിക്കും. മൂന്ന് ഇരട്ടി വെള്ളം ചേർത്ത് ലഹരിക്കുവേണ്ടി കുടിക്കാൻ പാകത്തിന് മരുന്നുകൾ കുറച്ചുമാത്രം ഇട്ട് ടിങ്ചേർസ് ഉണ്ടാക്കി മരുന്നിന്റെ പേരിൽ റിലീസ് ചെയ്യുക, അതാതു സബ് സ്റ്റാൻഡേർഡ് മരുന്നുകൾ നിർമ്മിച്ച് ലാഭം കൊയ്യുക. എക്സൈസ് സ്റ്റാഫിന് ഭൂരിപക്ഷം പേർക്കും ചുക്കും ചുണ്ണാമ്പും അറിയുകയുമില്ല. ലൈസൻസി തയ്യാറാക്കുന്ന ചെലാൻ പ്രകാരം ഡ്യൂട്ടി അടച്ച് സാധനം പുറത്തേക്കു പോകുന്നു. മരുന്നുകടകളിലും അസാരം വീശാം. ടിഞ്ചർ സിഞ്ചിബരീസ് മൈറ്റിസ് എന്നൊരു ടിഞ്ചർ ഉണ്ട്. അത് 20% ചുക്കുപൊടിയിൽ കൂടി ആൽക്കഹോൾ കടത്തിവിട്ട് 20 ദിവസം കൊണ്ട് അരിച്ചെടുക്കേണ്ടതാണ്. ഈ സാധനം രണ്ട് ഇരട്ടി വെള്ളം ചേർത്ത് അകത്താക്കിയാൽ ചുക്കിന്റെ നേരിയ എരിവും ആൽക്കഹോളിന്റെ ലഹരിയും കിട്ടും. ഞാൻ ഒരു ദിവസം അവധിയിൽ പോയ അവസരത്തിൽ 2000 ലിറ്റർ പ്രസ്തുത 'മരുന്ന്' ഉല്പാദിപ്പിച്ചതായി കാണിച്ച് ഡ്യൂട്ടി അടച്ച് റിലീസ് ചെയ്യാൻ പാകത്തിൽ തയ്യാറാക്കിയിരിക്കുന്നു. ഞാൻ ചെലാൻ ഒപ്പിട്ട് കൊടുത്തില്ല. റിലീസ് ചെയ്യുകയില്ലെന്നും പറഞ്ഞു. ഒരു സാമ്പിൾ അന്നുതന്നെ തൃശൂർ സെന്റ് തോമസ് കോളെജിൽ കൊണ്ടു പോയി അനലൈസ് ചെയ്തു സബ് സ്റ്റാൻഡേഡ് എന്ന് ഉറപ്പു വരുത്തി. തൃശൂർ എ.ഇ.സി., മാനേജർ, ഇ.ഐ. എന്നു വേണ്ട എല്ലാവരും എന്റെ പ്രവൃത്തിയിൽ എതിർ പറഞ്ഞു. എ.ഇ.സി. രാവുണ്ണി മേനോൻ ഓഫീസിൽ വിളിച്ചു വരുത്തി ശാസിച്ചു. "തന്റെ പണി ഇതോടെ പോകും. ഇപ്പോൾ 6 മാസം പോലുമായിട്ടില്ലല്ലോ സർവ്വീസിൽ കയറിയിട്ട് ഡ്യൂട്ടി ഈടാക്കാനല്ലാതെ റിലീസ് ചെയ്യാതിരിക്കാൻ ആര് അനുവാദം തന്നു." ഞാനെല്ലാം കേട്ടു. വിഷണ്ണനായി തിരിച്ചുപോന്നു. പിറ്റേദിവസം എ.ഇ.സി. യുടെ വീടന്വേഷിച്ച് നിജസ്ഥിതി ബോധ്യപ്പെടുത്താൻ ചെന്നപ്പോൾ നമ്മുടെ ലൈസൻസി ജഗന്നാഥൻ മധുരമുള്ള ചന്ത്രക്കാരൻ മാങ്ങ പൂളി എ.ഇ.സി. യുടെ വായിൽ വെച്ചുകൊടുക്കുന്നു.

റവന്യൂ ബോർഡിൽ നിന്ന് എന്നോട് വിശദകരണം ചോദിച്ച് ഇണ്ടാസ് വന്നു. വിശദീകരണം കൊടുത്തു. മേലുദ്യോഗസ്ഥന്മാരെല്ലാവരും ഇതോടെ വർമ്മ 'തീർന്നു' എന്ന് ചീട്ട് എഴുതി. റവന്യൂ ബോർഡ് സൂപ്രണ്ട് സുബ്രഹ്മണ്യ പിള്ള നല്ല ഒരു കളി കളിച്ചു. ഇതോടെ തൃശൂര് ഞാനൊരു അനഭിമതനായി.

ആയിടക്ക് എക്സൈസ് കമ്മീഷണർ കാസിം സാഹിബ് തൃശൂർ വിസിറ്റ് വന്നു. ആലപ്പുഴ അമ്മാവൻ അനന്തിരവന് അടുത്തെങ്ങാനും

സ്ഥലം മാറ്റം കിട്ടിയാൽ കുടുംബ പ്രാരാബ്ധം ഒട്ടൊന്ന് കുറയുമല്ലോ എന്നു മോഹിച്ചു. ആലപ്പുഴക്കാരനും തിരവനന്തപുരത്ത് സ്ഥിര താമസക്കാരനുമായ കമ്മീഷണറെ കാണാൻ സാഹിബിന്റെ ഒരു സ്നേഹിതനെയും കൂട്ടി അമ്മാവൻ തിരുവനന്തപുരത്തിന് പോയി. "സലാം മാലേക്കും" "മാലേക്കും സലാം". ചെന്ന കാര്യം പറഞ്ഞപ്പോൾ "ഞാൻ തൃശൂർക്ക് പോകുന്നുണ്ട്" നോക്കട്ടെ എന്നുപറഞ്ഞ് സമാധാനിപ്പിച്ചു വിട്ടു. പാവം അമ്മാവൻ മോഹിച്ചു മരുമകൻ അടുത്തെവിടെയെങ്കിലും വരുമെന്ന്. കാസിം സാഹിബ് തൃശൂർ വന്നു. ഗാർഡ് ഓഫ് ഓണർ വാങ്ങി. സ്റ്റാൻഡ് ഈസിയിൽ നിർത്തി സംസാരിച്ചു. ഒരു ആലപ്പുഴക്കാരൻ വർമ്മയിതിലേതാ. ഞാൻ സ്റ്റെപ്പ് ഔട്ട് ആയി അറ്റൻഷനിൽ നിന്ന് സല്യൂട്ട് "കാച്ചി" – "ചേർത്തല ഒരു വേക്കൻസി വരുന്നുണ്ട്. അങ്ങോട്ട് സ്ഥലം മാറ്റം മതിയോ? സർ," "അതല്ലെങ്കിൽ തിരുവല്ലായിൽ ഇരിക്കുന്ന ആളെ മാറ്റി അങ്ങോട്ടു മാറ്റിയാലോ?'' സർ,''പക്ഷേ ഇതൊന്നും ഇപ്പോൾ നടക്കില്ല. ഓരോ നല്ല ചോദ്യത്തിനും അനുകൂല മറുപടിക്കും കൊടുങ്ങല്ലൂർ ഇൻസ്പെക്ടർ ഗോവിന്ദൻകുട്ടി മേനോൻ സന്തോഷപുരസ്സരം എന്റെ ക്രോസ് ബെൽറ്റിൽ പുറകിൽ നിന്നും ചൊറിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ ചൊറിച്ചിൽ നിർത്തി. ''ആനകൊടുത്താലും ആശ കൊടുക്കരുത്" എന്ന പഴഞ്ചൊല്ല് എന്റെ മനസ്സിൽ തത്തിക്കളിച്ചു.

അതിനിടയിലാണ് എന്റെ കൂടെ താമസിച്ചിരുന്ന അനുജന്റെ വേർപാട്. മൂന്നാമത്തെ അനിയനാണ് ഉദയൻ എന്നു വിളിക്കുന്ന ഉദയവർമ്മ സെന്റ് ആൽബർട്ട്സ് കോളേജിൽ ചേർന്ന് പഠിപ്പിക്കുന്ന കാലം. ഹോസ്റ്റൽ വിട്ട് എന്റെ കൂടെ താമസമാക്കി. അത്രയും ചിലവ് കുറക്കാമല്ലോ? ഞങ്ങളിൽ ഏറ്റവും സുന്ദരനും ധിഷണാശാലിയും അവനായിരുന്നു. പക്ഷേ അവനെ ഞങ്ങൾക്ക് കിട്ടിയില്ല. ഒരവധിക്കാലത്ത് കൊട്ടാരക്കര മഠത്തിൽ പോയി അവന് പനി പിടിച്ച് ജ്വരമായി. നല്ല ചികിത്സ കിട്ടാത്തതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞാൻ വരുമ്പോഴേക്കും തറയിൽ കിടത്തിയിരിക്കുന്ന മൃതദേഹം കണ്ട് ഞാൻ വിറങ്ങലിച്ചു പോയി. ഞാൻ കരഞ്ഞുകൊണ്ട് അമ്മയോട് ചോദിച്ചു. "ഉദയനെ തറയിൽ കിടത്തിയതെന്തിന്?'' എടാ അത് ഉദയനല്ല. അവന്റെ മൃതദേഹം മാത്രമല്ലേ? മൃതദേഹം ഞാൻ എടുത്താണ് ചിതയിൽ വെച്ചതും ദഹിപ്പിച്ചതും. മരണാന്തരചടങ്ങുകൾ നടത്തിയതും മറ്റാരുമല്ല. നെടിയവന്റെ തലേൽ വടി!! ഇന്നത്തെ പോലെ ആരോഗ്യമേഖലയിൽ സൗകര്യങ്ങളുണ്ടായിരുന്നെങ്കിൽ ആ അനുജൻ ഇന്നും ജീവിച്ചിരുന്നേനേം.

എനിക്ക് സൗകര്യമായ ഒരു സ്ഥലം മാറ്റം തന്ന് കുടുംബ പ്രാരാബ്ധങ്ങളിൽ ഒരു അയവു വരുത്താൻ ആരും സഹായത്തിനില്ലേ എന്നാലോചിച്ചപ്പോൾ ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിലെ സി.കെ. കേരളവർമ്മയുടെ പേര് മനസ്സിൽ വന്നു. നേരെവിട്ടു അങ്ങോട്ട്, അദ്ദേഹം റവന്യൂ സെക്രട്ടറിയായിരുന്നു. ബോർഡ് മെമ്പറോട് ഒന്നു പറഞ്ഞാൽ എന്റെ സ്ഥലംമാറ്റം റെഡി. ഞാൻ അദ്ദേഹത്തിനെ കാണാൻ ചെല്ലുമ്പോൾ അദ്ദേഹം അലക്കിതേച്ച മുണ്ട് ഉടുത്ത് ഒരു അലക്കുതോർത്ത് പുതച്ച് ഈസി ചെയറിൽ കിടക്കുകയായിരുന്നു. കൊട്ടാരത്തിൽ നിന്നും വെറും പത്ത് പതിനഞ്ച് കി.മീ. വടക്ക് കിഴക്ക് ഭാഗത്ത് ആണ് എന്റെ ജന്മസ്ഥലമായ കടപ്ര നിരണം. ഈ സ്ഥലത്ത് ചെമ്പ്രോൽ കൊട്ടാരത്തിലേക്ക് ധാരാളം വസ്തുവകകളുള്ള കാലം. എന്റെ വിഷമതകൾ എല്ലാംകേട്ട ശേഷം അദ്ദേഹം എന്നോട് പറഞ്ഞു. "സ്ഥല മാറ്റവും സ്ഥാന കയറ്റവും ആഗ്രഹിക്കരുത്. ഗവൺമെന്റ് പറയുന്നിടത്ത് പോയി ജോലി ചെയ്ത് ശീലിക്കണം". ''സാർ'' ശ്രീ. സി.കെ. കേരള വർമ്മയെ ഇന്നും ഞാൻ ആരാധിക്കുന്നു. സ്വതസിദ്ധമായ സൗഹൃദ ഭാവത്തിൽ എന്നെ യാത്രയാക്കി. ഈ വാക്കുകളാണ് എന്റെ 30 വർഷത്തിലെ സർവ്വീസിൽ ഒരിക്കലും സ്ഥലമാറ്റത്തിന് അപേക്ഷ നൽകാൻ അനുവദിക്കാതിരുന്നത്. പരിഭവമോ, പരാതിയോ ഇല്ലാതെ, സ്ഥലകാലഭേദമെന്യേ പറയുന്നിടത്തുപോയി ജോലി ചെയ്യുമായിരുന്നു.

ജോലി സ്ഥിരമായതോടെ വിവാഹത്തിനുള്ള തയ്യാറെടുപ്പുകളായി. 15.04.1956 ൽ ആണ് വിവാഹം. ഞാൻ മുമ്പ് പരിചയപ്പെടുത്തിയ പല അമ്മാവന്മാരിൽ ഒരു അമ്മാവനായ മുട്ടായി അമ്മാവന്റെ മകൾ ഇന്ദിരയാണ് വധു. അക്കഥ ഇങ്ങനെ:

1956 മാർച്ച് മാസത്തോടുകൂടി മാത്തൂരെ അമ്മാവി 9-ാമത്തെ പ്രസവത്തിൽ ഒരു ചാപിള്ളയെ പ്രസവിച്ചു. (അതൊരു ആൺ കുഞ്ഞ് ആയിരുന്നു). 8 പെൺ കുട്ടികൾക്ക് ജന്മം നൽകിയിട്ടാണ് അമ്മാവി മരിച്ചത്. ഒരു ആൺതരിക്കുവേണ്ടിയാണ് വീണ്ടും വീണ്ടും ഗർഭം ധരിച്ചത്. അതോടെ സ്വന്തം ജീവൻ വിലകൊടുക്കേണ്ടിവന്നു. 8 പെൺമക്കളെയും കൊണ്ട് പണ്ടേ ദുർബലനായ അമ്മാവൻ എന്തുചെയ്യാൻ. മൂത്ത മൂന്നുമക്കളെയും മൂത്തപേരമ്മയുടെ മകൻ എസ്.കെ. പണിക്കൽ എന്നു പേരുള്ള കുട്ടപ്പച്ചേട്ടൻ കൊണ്ടുപോയി എന്റെ താമസസ്ഥലമായ പുത്തൻചിറയിൽ താമസിപ്പിച്ചു. തൊട്ടുതെക്കുവശം താമസിക്കുന്ന കൊച്ചുപേരമ്മയുടെ മകൾ പൊന്നുചേച്ചിയും, അച്ഛൻ തേവ

ണങ്കോട് നമ്പൂതിരിയും ചേർന്ന് എന്നോടു പറഞ്ഞു. “കൊച്ചമ്മയുടെ ആഗ്രഹപ്രകാരം അനിയൻ ഇന്ദിരക്കുട്ടിയെ വിവാഹം കഴിച്ച് കുടുംബം സംരക്ഷിക്കണം അതല്ലെങ്കിൽ ആ കുടുംബം അനാഥമാകും.” ഇത് ഒരു പക്ഷേ നിയോഗമാവാം. ‘നെടിയവന്റെ തലയിൽ വീണ്ടും വടി.’ എന്റെയമ്മ ഇതറിഞ്ഞപ്പോൾ പറഞ്ഞതിങ്ങനെയാണ്. “പാപ്പയുടെ മോളേ വിവാഹം കഴിക്കുന്നതിലല്ല എന്റെ വിഷമം. താഴെ അനുജത്തിമാർ ഇവിടെ 3 പേർ വിവാഹപ്രായം എത്തിയും അതിന് താഴെ 3 അനിയത്തിമാർ വളർന്ന് വലുതായിക്കൊണ്ടുമിരിക്കുകയും ചെയ്യുന്നു. ഈ പ്രാരാബ്ധമെല്ലാം നീ എങ്ങനെ താങ്ങും?” അമ്മേ ഈശ്വരകൃപയുണ്ടെങ്കിൽ എല്ലാം ഈസിയായി നടക്കും. കൊച്ചമ്മാവൻ അതായത് 20 വർഷമായി കുടുംബം നോക്കുന്ന ആലപ്പുഴ അമ്മാവൻ എക്സൈസ് ഇൻസ്പെക്ടറായ മരുമകനുവേണ്ടി കിളിമാനൂർ കൊട്ടാരത്തിൽ നിന്ന് ഒരു വിവാഹാലോചന ഉറപ്പിച്ച മട്ടായിരുന്നു. മാത്തൂരെ വിവാഹാലോചന കേട്ടപ്പോൾ എന്നോടുള്ള അമ്മാവന്റെ സ്നേഹവും വിശ്വാസവും അറ്റുപോയി. തിണ്ണയിലെ ഉത്തരത്തിൽ ബലംകൊടുത്ത് അമ്മാവൻ പറഞ്ഞു. “ഞാനീ വിവാഹത്തിന് വരില്ല. നിനക്ക് നിന്റെ വഴി”. “അമ്മാവാ എന്നും ഞാൻ അമ്മാവന്റെ മരുമകനായിരിക്കും’’. ഒരു നീണ്ട മൂളൽമൂളി അമ്മാവൻ അകത്തേക്കുപോയി.

വിവാഹത്തലേന്ന് കൊട്ടാരക്കര താമസിക്കുന്ന അച്ഛനെ കണ്ട് അനുഗ്രഹാശ്ശിസുകൾ വാങ്ങാൻ ഞാൻ അച്ഛന്റെ സവിധത്തിൽ എത്തി. ദക്ഷിണ കൊടുത്തപ്പോൾ അച്ഛൻ പറഞ്ഞു “പണം വേണ്ട”. നിറഞ്ഞ മനസ്സിൽ അനുഗ്രഹിച്ച അച്ഛൻ “ഒരു കുസൃതി” ചോദ്യം മാത്രം ചോദിച്ചു. നിനക്കിഷ്ടമാണെന്നറിയാം. ‘പെണ്ണിനു നിന്നെ ഇഷ്ടമാണോടാ’? “അതേ അച്ഛാ”. രാത്രി വൈകി ഞാൻ നടന്നു വരുമ്പോൾ വാളകത്ത് വച്ച് ഒരു പാമ്പ് റോഡിനു കുറുകെ ഇഴഞ്ഞു പോകുന്നു. ഞാൻ അതു കടന്നു പോകും വരെ കാത്തുനിന്നു. എന്തു നിമിത്തമാണിതെന്ന് ഞാൻ ആലോചിച്ചു തല പുണ്ണാക്കിയില്ല. ‘നെടിയവന്റെ തലയിൽ വടി’. വധു എന്റെ വിരലിൽ ചാർത്തിയ മോതിരം ഞാൻ കൈമാറി! അമ്മാവൻ പറഞ്ഞു “എന്റെ കയ്യേൽ സ്വർണ്ണം ഒന്നുമില്ലല്ലോടാ” ഞാൻ മോതിരം ഊരി കൊടുത്തു. വിവാഹം കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ തന്നെ! 15.4.1956 കൊച്ചുവെളുപ്പാൻ കാലത്തായിരുന്നു താലികെട്ട്. മാത്തൂരമ്പലത്തിന്റെ തിരുനടയിൽ. സൽക്കാരമൊന്നും തന്നെയുണ്ടായില്ല. വിവാഹത്തിൽ പങ്കെടുക്കില്ലെന്നു പറഞ്ഞ കൊച്ചമ്മാവന്റെ നിറഞ്ഞസാന്നിദ്ധ്യം എന്നിൽ ആത്മവിശ്വാസം പകർന്നു. ഏറിയാൽ 15 പേർ പങ്കെടുത്തു. കൂടിയവരെല്ലാം മാലയിടീൽ കഴിഞ്ഞ് അന്നേരം തന്നെ പിരിഞ്ഞുപോയി. ‘‘അലമേലുവീട്ടിലെ കല്യാണം കൊട്ടും ഘോഷോം കോവിലിലെ അവരോരാത്തിലെ ശാപ്പാട്” എന്ന തമിഴ് പഴഞ്ചൊല്ല് അന്വർത്ഥമാക്കി. ഇതുപോലൊന്ന് ഇക്കാലത്തെ കല്യാണമെങ്കിൽ ഭക്ഷണസാധനങ്ങൾ നശിപ്പിക്കുന്നത് ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കുമായിരുന്നു.

*(തുടരും)*

# ഭക്തിയും വിഭക്തിയും



**പി.കെ. നന്ദനവർമ്മ, ആലുവ**

ഭക്തിയും വിഭക്തിയും അറിയില്ലെന്നാകിലും
കൃഷ്ണാ നിൻ ലീലാചിത്രം തെളിഞ്ഞു മറയുന്നു

ഗുരുവിൻ നികടത്തിൽ രാത്രിതൻ രഹസ്യത്തിൽ
സുദാമാ വാരിത്തിന്ന അവിലിൻ കഥകളും
മോഷണകുറ്റത്തിനായ് മാലോകർ വിധിച്ചതും
മണ്ണ് വാരിത്തിന്ന കുസൃതിക്കഥകളും
എണ്ണിയാലൊടുങ്ങില്ല
ഭക്തിയോ വിഭക്തിയോ

സോദരസമാനനാം അർജ്ജുനസഖാവിന്റെ
തേർ തെളിച്ചതും പിന്നെ
ശത്രുസംഹാരത്തിന്നായ് ആയുധമെടുക്കാതെ
യുദ്ധത്തിൽ ജയിച്ചതും
ഭക്തിയോ വിഭക്തിയോ

വിഭക്തിയല്ലെനിക്കിഷ്ടം ഭക്തിയാണെനിക്കിഷ്ടം
പ്രേമമാണെൻ വഴി ലക്ഷ്യവുമതു തന്നെ
പ്രേമജീവിതം നയിച്ചീടുവാൻ സേവിക്കുന്നു
സത്യമോ വീണ്ടും ചൊല്ലൂ
ഭക്തിയോ വിഭക്തിയോ ●

# ധനവും ഭാഗ്യവും



**ധനഞ്ജയവർമ്മ,** പിലാത്തറ

എന്താണ് ധനം, എന്താണ് ഭാഗ്യം എന്നുള്ളതിനെക്കുറിച്ച് നമുക്കറിയാം. നാം ഒരാപത്തിൽ നിന്ന് രക്ഷപ്പെട്ടാൽ, അറിയാതെ സമ്പത്ത് വന്നു ചേർന്നാൽ, എന്ന് വേണ്ട സ്വപ്നത്തിൽ വിചാരിക്കാത്ത കാര്യം എന്ത് നടന്നാലും അതൊരു ഭാഗ്യമായിട്ടാണ് നമ്മൾ കരുതുക. ഭാഗ്യമുള്ളവന് ധനവും, ധനമുള്ളവന് ഭാഗ്യവും ഒന്നിച്ചു വന്നുചേരുന്ന സ്ഥിതി വിശേഷം നമുക്ക് കാണാനാകും. ഇവ രണ്ടും പരസ്പര പൂരകങ്ങളാണെന്ന് പറഞ്ഞുകൂട. പൂരകങ്ങളായെന്നുംവരാം. ധനവും ഭാഗ്യവും വെവ്വേറെ അസ്തിത്വത്തിൽ നിലനിന്നിരുന്ന കാലത്തെ ഒരു കഥയാണിത്. നമുക്ക് കഥയിലേക്ക് പോകാം.

രത്നപുരി എന്ന ഗ്രാമത്തിൽ ദരിദ്രനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. തന്റെ അന്തർജ്ജനത്തേയും, സന്താനങ്ങളേയും പോറ്റാൻ യാതൊരു മാർഗ്ഗവും കാണാതെ അയാൾ നീറിപ്പുകഞ്ഞു. ഒടുവിൽ, വനത്തിൽ ചെന്ന് വിറക് ശേഖരിച്ച് പട്ടണത്തിൽ കൊണ്ടുപോയി വിൽക്കുക തന്നെ എന്ന് സ്വയം ഒരു തീരുമാനത്തിലെത്തി. പിറ്റേ ദിവസം തന്നെ അയാൾ ആ ജോലി ആരംഭിക്കുകയും ചെയ്തു. അതിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് പട്ടിണി കൂടാതെ കഴിയാമെന്നായി. അയാൾ എന്നും പോകുന്ന യാത്രാമദ്ധ്യേ ഒരു സ്ഥലത്ത് ധനവും അല്പം അകലെ മാറി ഭാഗ്യവും നിന്നിരുന്നു. ഈ രണ്ട് അവസ്ഥകളെയും നമുക്ക് ഓരോ വ്യക്തിയിലേക്ക് ആവാഹിക്കാം.

എല്ലാ ദിവസവും ബ്രാഹ്മണൻ കഷ്ടപ്പെട്ട് വിറക് വെട്ടിക്കൊണ്ടുവരുന്നത് രണ്ടുപേരും (ധനവും ഭാഗ്യവും) കാണുന്നുണ്ടായിരുന്നു. അങ്ങനെ കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ധനത്തിന് ഒരു ബുദ്ധി തോന്നി. ഈ ബ്രാഹ്മണന്റെ ദാരിദ്ര്യവും കഷ്ടപ്പാടും ഞാൻ മാറ്റിയെടുക്കും. ആവശ്യത്തിന് വേണ്ട ധനം കൊടുക്കുകയാണ് അതിന്റെ പോംവഴി. കൊടുത്ത് കളയാം. ഇങ്ങനെ തീരുമാനമെടുത്ത് ധനം ബ്രാഹ്മണനെ വിളിച്ച് ഒരു രത്നമാല കാണിച്ചിട്ട് പറഞ്ഞു. ‘‘ഹേ, ബ്രാഹ്മണാ നിങ്ങൾ ഇനി കാട്ടിൽ പോയി വിറക് വെട്ടി കഷ്ടപ്പെടേണ്ട. ഈ രത്നമാല കൊണ്ടുപോയി വിറ്റാൽ ജീവിതകാലം മുഴുവൻ സുഖമായി കഴിഞ്ഞുകൂടാനുള്ള വക കിട്ടും. ഇത് കൊണ്ടുപോയ്ക്കോളൂ’’ എന്ന് പറഞ്ഞ് രത്നമാല അയാളുടെ കയ്യിൽ കൊടുത്തു. അപ്പോൾ ബ്രാഹ്മണന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.

അയാൾ മാലയും കൊണ്ട് നേരെ പോയത് കുളക്കടവിലേക്കാണ്. സഖമായി ഒന്ന് കുളിച്ചിട്ട് നേരെ ഇല്ലത്തേക്ക് പോകാം എന്ന് വിചാരിച്ച് മാല പടവിൽ സുരക്ഷിതമായൊരിടത്ത് വെച്ച് കുളിക്കാനിറങ്ങി. അപ്പോളതാ എവിടെ നിന്നോ ഒരു പരുന്ത് വന്ന് മാലയും റാഞ്ചിക്കൊണ്ട് പറന്നകന്നു. ബ്രാഹ്മണൻ ഇതറിഞ്ഞതേയില്ല. കുളി കഴിഞ്ഞ് അയാൾ മാലയ്ക്ക് വേണ്ടി നോക്കിയപ്പോൾ മാല കാണാനില്ല. അയാൾ ഞെട്ടി വിറച്ച് നിരാശയിലും വേദനയിലും നീറി. “എന്തു ചെയ്യാം, പോകേണ്ടത് പോകും, പോകട്ടെ. എനിക്കെന്റെ പഴയ ജോലിയുണ്ട്, അത് തുടരാമല്ലോ” എന്ന് സമാധാനിച്ച് ബ്രാഹ്മണൻ വീണ്ടും കാട്ടിലേക്ക് പോയി പഴയ പടി ജോലി തുടങ്ങി. അങ്ങനെ കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ബ്രാഹ്മണൻ വീണ്ടും വിറക് വെട്ടാൻ പോകുന്നത് ധനം കണ്ടു. “ങേ! ഇയാൾക്കെന്ത് പറ്റി, ഞാൻ കൊടുത്ത മാല! അതെവിടെ പോയി?” അറിയാനുള്ള ആകാംക്ഷയിൽ ധനം ബ്രാഹ്മണനോട് കാര്യം തിരക്കി. എല്ലാം ശ്രദ്ധിച്ച് കേട്ട ധനം ബ്രാഹ്മണന് ഒരു പാത്രം നിറയെ സ്വർണ്ണനാണയം കൊടുത്തിട്ട് പറഞ്ഞു “പോയത് പോകട്ടെ, സാരമില്ല, അതോർത്ത് വിഷമിക്കണ്ട. ഉം ഇത് കൊണ്ടു പോയ്ക്കോളൂ. അങ്ങയ്ക്ക് സുഖമായി ജീവിക്കാം. വയസ്സുകാലമാവുകയില്ല, വിറകിനു വേണ്ടി ഇനി കാട്ടിൽ പോയി കഷ്ടപ്പെടേണ്ടി വരില്ല.” ബ്രാഹ്മണൻ അത്ഭുതപരതന്ത്രനായി. ഇത്രയും സ്വർണ്ണനാണയങ്ങൾ! ജീവിതത്തിൽ ഇന്നു വരെ കാണാത്ത കാഴ്ച! അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. നാണയങ്ങൾ ബ്രാഹ്മണൻ തുവർത്തിൽ കെട്ടി എടുത്തുകൊണ്ടുപോയി. ജോലി കഴിഞ്ഞാൽ തിരിച്ച് വീട്ടിലേക്ക് കയറുന്നത് കുളിച്ചിട്ട്

മാത്രമേ ആകാവൂ എന്ന ഒരു ചിട്ടയുണ്ട് പഴമക്കാർക്ക്. ഇന്ന് അതിന് വലിയ മാറ്റം വന്നിട്ടില്ല. അതുകൊണ്ട് സ്വർണ്ണനാണയം മുഴുവൻ അയാൾ നീട്ടി വാതിൽക്കലേക്കിട്ടു. ഇതങ്ങെടുത്ത് കൊണ്ട് വെയ്ക്ക്.' പക്ഷെ ഇല്ലത്ത് അടുക്കളയിൽ ജോലിയിലായിരുന്ന അന്തർജ്ജനം ഇതൊന്നും അറിഞ്ഞതേയില്ല. അൽക്കാരി വെള്ളം കോരാൻ കിണറ്റിൻകരയിൽ വന്നപ്പോൾ വാതിൽക്കൽ വീണു കിടക്കുന്ന സ്വർണ്ണനാണയങ്ങൾ കണ്ട് ആശ്ചര്യപ്പെട്ടു. പിന്നെ സമയം കളഞ്ഞില്ല. അവൾ അത് വാരിയെടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി. കുളി കഴിഞ്ഞെത്തിയ ബ്രാഹ്മണൻ നാണയത്തെക്കുറിച്ച് അന്തർജ്ജനത്തോട് അന്വേഷിച്ചു. മറുപടി കേട്ടപ്പോൾ കഷ്ടകാലം മാറിയിട്ടില്ലെന്ന് അയാൾക്ക് മനസ്സിലായി. വീണ്ടും പഴയപടി ജോലി തുടർന്നു.

ധനം ബ്രാഹ്മണനോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ഇതെല്ലാം കണ്ടും കേട്ടുമിരുന്ന ഭാഗ്യം പറഞ്ഞു. "സാധ്യമല്ല, എത്ര ശ്രമിച്ചാലും ഇയാളുടെ ദാരിദ്ര്യം മാറ്റാൻ നിന്നെക്കൊണ്ട് സാധ്യമല്ല; അതുകൊണ്ട് തൽക്കാലം മാറി നിൽക്ക്. ഇനി ഞാനൊന്ന് നോക്കട്ടെ." ഭാഗ്യം ബ്രാഹ്മണനെ വിളിച്ച് ഒരു കാശ് കൊടുത്തിട്ട് പറഞ്ഞു, "ബ്രാഹ്മണാ, ഈ കാശ് നിങ്ങൾ നിങ്ങളുടെ പണപ്പെട്ടിയിൽ കൊണ്ടുപോയിടണം." പറഞ്ഞ ദിവസം തന്നെ ബ്രാഹ്മണൻ ആ കാശ്, മറക്കാതെ തന്റെ പണപ്പെട്ടിയിൽ കൊണ്ടു വന്നിട്ടു. അതൊരു വ്യാഴാഴ്ചയായിരുന്നു. ബ്രാഹ്മണൻ തന്റെ പത്നിയോട് "മറ്റന്നാൾ മോന്റെ പിറന്നാളല്ലേ വരുന്നത്. നാളികേരം വേണ്ടേ; പിന്നെന്തൊക്കെ വേണം? പിറന്നാൾ കഴിഞ്ഞേ ഇനി കാട്ടിലേക്കുള്ളു" എന്ന് പറഞ്ഞ് തേങ്ങയിടാനായി തെങ്ങിൽ കയറി. അത്ഭുതമെന്നേ പറയേണ്ടു, തെങ്ങിൻ മണ്ടയിലതാ കാണാതായ രത്നമാല! അപ്പോൾ അയൽ വീട്ടിലുള്ളവർ സ്വർണ്ണനാണയം എണ്ണുന്ന തിരക്കിലായിരുന്നു. ബ്രാഹ്മണൻ തെങ്ങിൽ നിന്ന് സന്തോഷം കൊണ്ട് വിളിച്ചുകൂവി. "ദാ, കണ്ടു. ഈയിടെ കാണാതായത് കണ്ടു." ഇതുകേട്ട് നമ്മൾ ഈ സ്വർണ്ണനാണയം എണ്ണുന്നത് അയാൾ കണ്ടെന്നാ തോന്നുന്നത്. നമ്മുടെ കളവ് വെളിച്ചത്തായി. ഇനി ഇതിന്റെ പേരിൽ കുഴപ്പം വേണ്ട. മുഴുവൻ വാരി പഴയ സ്ഥലത്ത് കൊണ്ടിട്ട് കളയാം" അവർ സ്വർണ്ണനാണയം മുഴുവൻ വീട്ടുപടിക്കൽത്തന്നെ കൊണ്ടിട്ടു. രത്നമാലയുമായി ബ്രാഹ്മണൻ തെങ്ങിൽ നിന്നിറങ്ങി. അപ്പോൾ അയാളെ അത്ഭുതപ്പെടുത്തുന്ന കാഴ്ച കണ്ടു. കോലായിൽ സ്വർണ്ണക്കൂമ്പാരം! അത്യധികം സന്തോഷത്തോടെ സഹധർമ്മിണിക്ക് കോലായിലെ സ്വർണ്ണം അയാൾ കാണിച്ചുകൊടുത്തു. ഇതാ ഞാൻ മുമ്പു പറഞ്ഞ മാലയും സ്വർണ്ണനാണയങ്ങളും. ഇതിനെക്കുറിച്ച് കൂടുതലൊന്നും ചിന്തിക്കാൻ അവർ മിനക്കെട്ടില്ല.

ധനം ഭാഗ്യത്തെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു; ഇതാ ഞാൻ കീഴടങ്ങിയിരിക്കുന്നു. നീയില്ലെങ്കിൽ ഞാനില്ല, എന്റെ നിലനിൽപിന്നാധാരം നീ തന്നെ. കാരണങ്ങൾക്കെല്ലാം കാരണം നീ തന്നെ.

ധനം മാത്രം ഉണ്ടായാൽ പോര; അതിന് അർത്ഥം നൽകാൻ ഭാഗ്യം കൂടി വേണം. ഭാഗ്യമുള്ളിടത്ത് ധനവും ഐശ്വര്യവും സമൃദ്ധിയും വന്നുചേരും. ധനവും ഭാഗ്യവും എന്ന കഥ ഇവിടെ അവസാനിക്കുന്നു. വളരെ പഴക്കമുള്ള മുത്തശ്ശിക്കഥകളിൽ ഒന്നാണിത്. ●



## SNOW FLAKES

**Anaswara Varma,** Manjeri

The snow is falling and I am so envious on them
With your care I feel the warmth filled with love
I wish this moment won't pass, until last breath
Every crystal reflects our love, like a diamond

The snow is falling now, how envious I am
Now and forever I want you beside me
Like a fairy tale story, you always shine in my heart
If there are no snowflakes left in this world
It will take away lot of fun from this world,

You were born to protect me,
Love is gentle my dear, until we fail each other
Let us watch the winter and enjoy ourselves
Snow is falling, I am overwhelmed with joy ●

# നെപ്പോളിയന്റെ നാട്ടിൽ

ശ്രീപ്രസാദ് വടക്കേപ്പാട്ട്



### ബ്രെസ്റ്റിലേക്ക് ഒരു യാത്ര

ഈ യാത്രാകുറിപ്പിന്റെ തലക്കെട്ട് കണ്ട് നിങ്ങൾ നെറ്റി ചുളിക്കരുതേ. ബ്രെസ്റ്റ്(Brest) പടിഞ്ഞാറൻ ഫ്രാൻസിലെ ഒരു തുറമുഖപട്ടണമാണ്. 2008-ൽ ഏതാണ്ട് ഒരുമാസം, ലൂയിരാജാവിന്റെയും നെപ്പോളിയന്റെയും നാടായ ഫ്രാൻസ് സന്ദർശിക്കാനും അവിടുത്തെ രണ്ട് നഗരങ്ങളെ കുറച്ചെങ്കിലും അറിയാനും എനിക്കൊരവസരം കിട്ടിയിരുന്നു. പന്ത്രണ്ടു വർഷം മുൻപുനടന്ന യാത്രയുടെ ഓർമ്മകളാണ് ഈ കുറിപ്പുകളിലൂടെ ചികഞ്ഞെടുക്കാൻ ശ്രമിക്കുന്നത്.

2008 ഒക്ടോബർ അവസാനം. അക്കൊല്ലത്തെ ദീപാവലി ഒക്ടോബർ ഇരുപത്തേഴാം തീയ്യതി തിങ്കളാഴ്ച ആയിരുന്നു. അന്നുതന്നെയാണ് ഫ്രാൻസിലെ ബ്രെസ്റ്റ് നഗരത്തിലെ ഒരു സ്ഥാപനത്തിൽ എനിക്ക് പങ്കെടുക്കേണ്ട ട്രെയിനിങ് ആരംഭിക്കുന്നതും. പാസ്സ്പോർട്ടും, വിസയുമെല്ലാം കയ്യിൽ കിട്ടുന്നതിനു മുൻപേ തന്നെ ഇരുപത്തിയാറാം തീയ്യതി പുലർച്ചേ മുംബൈയിൽനിന്നും പാരീസിലേക്ക് പോകുന്ന എയർ ഫ്രാൻസ് വിമാനത്തിന്റെ ഒരു ടിക്കറ്റ് മെയിലിൽ എത്തി. യാത്രക്ക് പത്തുദിവസം മാത്രം ബാക്കിയുള്ളപ്പോഴാണ് വെള്ള നിറത്തിലുള്ള പാസ്സ് പോർട്ട് ലഭിക്കുന്നത്. ഔദ്യോഗിക യാത്രകൾക്ക് സർക്കാർ നമുക്ക് നൽകുന്നതാണ് ഈ white passport. പലതരത്തിൽ പാസ്സ് പോർട്ടിന്റെ ഈ നിറം യാത്രയിൽ എന്നെ സഹായിച്ചിട്ടുണ്ട്. അതിലേക്ക് വഴിയേ വരാം.

പാസ്സ്പോർട്ട് കയ്യിൽ വന്ന ശേഷമുള്ള അടുത്തപടി വിസ അടിച്ചു കിട്ടലായിരുന്നു. അന്നത്തെ മുംബയിലെ ഫ്രഞ്ച് കോൺസുലേറ്റ് നരിമാൻ പോയിന്റിൽ. ആദ്യമായാണ് ഒരു വിദേശരാജ്യത്തിന്റെ ഓഫീസ് സന്ദർശിക്കുന്നത്. പരിചയമില്ലാത്ത അന്തരീക്ഷം. കൗണ്ടറുകളിൽ ഇരിക്കുന്നവരെല്ലാം വിദേശികളാണ്. നല്ല തിരക്ക്. ദീപാവലി അവധിദിവസങ്ങൾ അടുത്തെത്തിയതുകൊണ്ടായിരിക്കാം ഒരുപാട് ആളുകൾ വിസ ആവശ്യങ്ങൾക്കായി അവിടെ ഉണ്ട്. കയ്യിലിരിക്കുന്നത് വെള്ളനിറത്തിലുള്ള പാസ്സ്പോർട്ട് ആയതുകാരണം വലിയതിരക്കില്ലാത്ത ഒരു കൗണ്ടറിൽ നിൽക്കാനായി അവിടുത്തെ ഒരു ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടു. ചില്ലുകൂട്ടിലിരിക്കുന്ന വിദേശവനിതയാണ് ഒരു ചെറിയ ദ്വാരത്തിലൂടെ അകത്തേക്കിട്ട പാസ്സ്പോർട്ടും പേപ്പറുകളും പരിശോധിക്കുന്നത്. അകത്തും പുറത്തും സംസാരിക്കുന്നതിനായി മൈക്കും സ്പീക്കറും വച്ചിട്ടുണ്ട്. ഇന്ന് ഇതെല്ലാം പലർക്കും സുപരിചിതമായി തോന്നാം. 2008ൽ ഇതെല്ലാം എനിക്ക് പുതുമയായിരുന്നു.

ചില്ലുകൂട്ടിൽനിന്നും ചോദ്യങ്ങൾ വരുന്നു. ഇംഗ്ലീഷാണെങ്കിലും ചെവി കൂർപ്പിച്ച് പിടിച്ചാലേ മനസ്സിലാവൂ. പോകുന്ന സ്ഥലത്തെക്കുറിച്ചും യാത്രാ ഉദ്ദേശത്തെക്കുറിച്ചും താമസിക്കുന്ന ഹോട്ടലിനെപ്പറ്റിയുമൊക്കെ ചില ചോദ്യങ്ങൾ. ചോദ്യങ്ങളുടെ എണ്ണം കുറയാൻ വെള്ളപാസ്സ്പോർട്ട് സഹായിച്ചെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ! വിസ അടിച്ച് പാസ്സ്പോർട്ട് കയ്യിൽ കിട്ടിയപ്പോഴാണ് അതിലെഴുതിയിരിക്കുന്നത് ശ്രദ്ധിച്ചത് "ETATS SCHENGEN". SCHENGEN വിസ കൊണ്ട് ഇരുപത്തിയാറോളം രാജ്യങ്ങൾ സന്ദർശിക്കാൻ സാധിക്കുമെന്ന് അന്നാണ് മനസ്സിലായത്. SCHENGEN കരാർ നിലവിൽ വരുന്നത് 1995-ൽ ആണ്. Luxembourg-se Schengen എന്ന സ്ഥലത്തുവച്ച് ഒപ്പുവച്ച ഉടമ്പടിയായതിനാലാണ് ഈ പേര് കിട്ടിയത്. അന്ന് അഞ്ചോളം യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ അതിർത്തികൾ പരസ്പരം തുറന്നുകൊടുത്തുകൊണ്ട് ആരംഭിച്ച SCHENGEN വിസ ഉടമ്പടിയിലേക്ക് 2008 അവസാനമായപ്പോഴേക്കും വലിയ വിഭാഗം യൂറോപ്യൻ രാജ്യങ്ങൾ അംഗങ്ങളായി. വിനോദ സഞ്ചാരമേഖലയിൽ വലിയ ഒരു കുതിച്ചുചാട്ടത്തിന് ഈ സൗകര്യം വഴി തെളിയിച്ചു. അന്ന് ഈ വിസകൊണ്ട് അംഗരാജ്യങ്ങളിൽ മറ്റ് നൂലാമാലകളില്ലാതെ സഞ്ചരിക്കാമെങ്കിലും നമ്മൾ 'കി' ചെയ്ത രാജ്യത്തുനിന്നും മാത്രമേ "Exit" അനുവാദമുണ്ടായിരുന്നുള്ളു. ഇപ്പോൾ ആ നിയന്ത്രണവും ഇല്ലാതായിട്ടുണ്ടെന്ന് തോന്നുന്നു.

ഫ്രാൻസ് യാത്രക്ക് വേണ്ട രേഖകൾ കയ്യിലെത്തിയതിനു ശേഷമാണ് ബാക്കി തയ്യാറെടുപ്പുകൾ തുടങ്ങിയത്. തണുപ്പുകാലമാണ്. അതിനെ പ്രതിരോധിക്കാനായി ജാക്കറ്റ്, കമ്പിളി വസ്ത്രങ്ങൾ, ഗ്ലൗസ് തുടങ്ങിയവയെല്ലാം സംഘടിപ്പിച്ചു. താമസത്തിനായി

ബുക്ക് ചെയ്ത ഫ്ളാറ്റുകളിൽ അടുക്കള സൗകര്യം ഉണ്ടെന്ന് അറിയിച്ചിരുന്നു. അതേതായാലും നന്നായി. അത്യാവശ്യം പാചക ത്തിനുവേണ്ട അരി, ഗോതമ്പുമാവ്, പരിപ്പ് തുടങ്ങിയ അല്ലറചില്ലറ സാധനങ്ങളും ബാഗിൽ നിറച്ചു. ആദ്യ വിദേശയാത്ര മാത്രമല്ല ആദ്യ വിമാനയാത്ര കൂടിയാണ്. അതിന്റെ മാനസിക സംഘർഷ ങ്ങളും ഇല്ലാതില്ല. അങ്ങനെ എല്ലാ തയ്യാറെടുപ്പുകളുമായി ആകാം ക്ഷാഭരിതമായ ആദ്യആകാശ വിദേശ യാത്രക്കായി ഇരുപത്തിയ ഞ്ചാം തീയതി രാത്രി പത്തുമണി ക്ക് മുംബൈ അന്താരാഷ്ട്ര വിമാ നത്താവളത്തിലേക്ക് പോകാനായി വീട്ടിൽനിന്നും ഇറങ്ങി.

താമസസ്ഥലത്തുനിന്നും സഹറിലെ മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് ഏതാണ്ട് ഇരുപത് കിലോമീറ്റർ ദൂരം മാത്രമേയുള്ളൂ. പക്ഷെ അതിൽ കാര്യമില്ല, മുംബൈയിൽ ദൂരം അളക്കുന്നത് മിനിറ്റിലും മണിക്കൂറിലുമാണ്. അതുമാത്രമല്ല ഈ ദൂരം ഒരു ദിവസത്തിലെ സമയത്തിനനുസരിച്ച് മാറി മറിയുകയും ചെയ്യും. യാത്രക്കായി ഇറങ്ങിയത് രാത്രിപത്തുമണിക്കു ശേഷ മായതിനാൽ അപ്പോഴത്തെ എയർപോർട്ടിലേക്കുള്ള ദൂരം ഏകദേശം ഒരു മണിക്കൂറാ യിരുന്നു. പതിനൊന്ന് മണിയോടെ അവിടെ എത്തിയപ്പോഴോ ടാക്സി കളുടെയും യാത്രക്കാരുടെയും ബഹളമയം. ഒരുവിധം അന്താ രാഷ്ട്ര വിമാനങ്ങളുടെയെല്ലാം പുറപ്പാട് പുലർച്ചെയാണ്. അതു മാത്രമല്ല ദീപാവലി അവധി കാലമാണ്. വലിയ വലിയ പെട്ടി കളും ബാഗുകളുമായി ആൾക്കൂട്ടം പ്രവേശന കവാടത്തിൽ കൂടിനിൽ ക്കുന്നു. ഇന്നത്തെപ്പോലെയല്ല അന്ന്, ആകെ ഒരു ഗേറ്റ് മാത്രമാണ് പ്രവേശനത്തിനായി ഉള്ളത്. അരമണിക്കൂറോളം വരിനിന്ന് ഒരുവിധം അകത്തുകടന്നു. അവിടെ കൗണ്ടറുകൾക്കു മുന്നിൽ നീണ്ട നിരകൾ.

ആദ്യ വിമാനവിദേശയാത്ര യായതിനാൽ വിമാനത്താവള ത്തിൽ കയറിക്കഴിഞ്ഞുള്ള സംഗ തികളെല്ലാം പുതുമയാണ്. ചെയ്യേണ്ട കാര്യങ്ങളെലാം അനുഭവജ്ഞാന മുള്ളവരോട് ചോദിച്ച് ഹൃദ്യസ്ഥ മാക്കിയിരുന്നു. അകത്തുമുഴുവൻ വിദേശികളും സ്വദേശികളു മായിട്ടുള്ള യാത്രക്കാരുടെ തിര ക്കാണ്. ആ തിരക്കിനിടയിൽ ബോർഡിങ് പാസ് എടുക്കേണ്ട കൗണ്ടർ തപ്പി നടക്കുമ്പോഴേക്കും ഒരു സായിപ്പ് 'എയർ ഫ്രാൻസ് '.....എയർ ഫ്രാൻസ്...' എന്ന് ഉറക്കെ വിളിച്ചുപറയുന്നു. അയാൾ ചൂണ്ടിക്കാണിച്ച നീണ്ട വരിയിൽ കയറിനിന്നു. ആ വരിയിൽ കണ്ട തിരക്ക് അത്ഭുതപ്പെടുത്തി. ഇന്ത്യക്കാരേക്കാൾ കൂടുതൽ വിദേശികളായിരുന്നു. ബോർഡിങ് പാസ് എടുത്ത് ലഗേജ് കയ്യിൽനിന്നും ഒഴിവായ പ്പോൾ വലിയ ആശ്വാസം.

അടുത്ത കടമ്പ എമിഗ്രേഷ നാണ്. ഓരോ സ്ഥലത്തും നമ്മെ സഹായിക്കാനും സംശയങ്ങൾ ദൂരീകരിയ്ക്കാനും ഇഷ്ടംപോലെ ആളുകളുണ്ട്. എമിഗ്രേഷൻ കൗണ്ടറിൽ യാത്രയുടെ ഉദ്ദേശ്യ വും ഇന്ത്യയിലെ ഓഫീസ് വിലാസവുമൊക്കെ ഒരു ഔപ ചാരികതപോലെ ചോദിച്ചു. പാസ്സ്പോർട്ടിന്റെ നിറംതന്നെ യാണ് അവിടെയും കാര്യങ്ങൾ എളുപ്പമാക്കിയത്. എമിഗ്രേഷൻ കൗണ്ടറിൽ പാസ്സ്പോർട്ടിൽ "Exit" അടിച്ച് തരും. ഒരാൾ രാജ്യത്തിന് പുറത്തുപോകുന്നതിന്റെ ഔദ്യോ ഗിക അടയാളപ്പെടുത്തലാണ് ഇത്. സ്വന്തം രാജ്യത്തിൽനിന്നും "Exit" അടിച്ച പാസ്സ്പോർട്ട് ഒരു സഞ്ചാരിയുടെ ശരീരത്തിന്റെ ഭാഗമാവുന്നു. ഇത് വിദേശ മണ്ണിൽ കാൽകുത്തിയശേഷമാണ് എനിക്ക് ശരിക്കും ബോധ്യം വന്നത്. 'ഇത് നിന്റെ നാടല്ല. നീ ഇവിടെ ഒരു രണ്ടാം പൗരനാണ്' എന്ന സത്യം അത് സഞ്ചാരിയെ എപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരി ക്കുകയും ചെയ്യും. എയർപോർ ട്ടിലെ യാത്രക്ക് മുൻപുള്ള അവ സാന ചടങ്ങായ സുരക്ഷാ പരി ശോധനയും പൂർത്തിയായി. ഇതെല്ലാം കഴിഞ്ഞപ്പോഴേക്കും സമയം പുലർച്ചെ ഒരു മണി യായിരുന്നു. എനിക്കു കയറേണ്ട മുംബൈപാരീസ് വിമാനം പുറപ്പെടുന്നത് രണ്ടര മണിക്കാണ്. ബാക്കി സമയം ബോർഡിങ് പാസ്സിൽ കാണിച്ചിരിക്കുന്ന ഗേറ്റിൽ കാത്തിരിപ്പ്.

വിമാനത്താവളങ്ങളിലെ കാത്തിരിപ്പിൽ സമയം പോ കുന്നതറിയില്ല. വൈവിധ്യമാർന്ന വേഷങ്ങൾ. പലതരം ആളുകൾ. വൃത്തിയുള്ള അന്തരീക്ഷം. ഒരു മൂലയിലിരുന്ന് ഓരോരുത്തരെയും ശ്രദ്ധിക്കുക. അപ്പോൾ വാച്ചിലെ സൂചിയുടെ പ്രയാണം അതിവേഗ ത്തിലാണെന്ന് തോന്നും. ഒന്നര മണി കഴിഞ്ഞപ്പോൾ ഗേറ്റ് തുറന്നു. അപ്പോഴാണ് ശരിക്കും അത്ഭുതം തോന്നിയത്. പോകാ നായി വലിയ ഒരു ജനക്കൂട്ടമുണ്ട്. ഇത്രയും ആളുകൾ ഒരു വിമാന ത്തിൽ കൊള്ളുമോ! വരിവരിയായി വന്ന ബസ്സുകളിൽ ഒന്നിൽ ഞാനും കയറി. എയർപോർട്ടിലെ അരണ്ട വെളിച്ചത്തിൽ ആളുകളെ നിറച്ച ബസ്സ് പ്രയാണമാരംഭിച്ചു. മങ്ങിയ വെളിച്ചത്തിൽ ഭീമാകാരരൂപി കളായ ആകാശയാനങ്ങൾ. അവിടവിടെയായി ചെറിയവ യുമുണ്ട്. അടുക്കും ചിട്ടയുമി ല്ലാതെ പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്നു. യന്ത്രപ്പക്ഷി കളെ ഇത്ര അടുത്ത് കണ്ടിട്ടില്ല. ഒരു സ്വപ്നലോകത്തിലെന്ന പോലെ ആ ബസ്സ് ഇരുപത് മിനിറ്റോളം ഓടി.

എയർപോർട്ടിലെ കറുത്ത റോഡുകളിലൂടെ സാവധാനം

ഓടിയ ബസ്സ് ചെന്നുനിന്നത് ഭീമാകാരനായ ഒരു വിമാനത്തിനരികിലായിരുന്നു. Air France എന്ന് വലിയതായി എഴുതിയിട്ടുണ്ട്. കറുപ്പും ചുവപ്പും കലർന്ന ചില വരകൾ. അതിന്റെ വാലിലും. മുന്നിലും പിന്നിലുമായി രണ്ട് വാതിലുകളിലൂടെ ഗോവണി വച്ച് ആളുകളെ അകത്തേക്ക് കയറ്റുന്നു. മുന്നിലെ വാതിലിലൂടെ വിമാനത്തിനകത്തെത്തിയപ്പോൾ വലിയ ഒരു ഓഡിറ്റോറിയത്തിലേക്ക് കയറിയപോലെ. ആദ്യത്തെയെല്ലാം ബിസിനസ് ക്ലാസ്സ് സീറ്റുകളാണ്. പിന്നിലേക്ക് നടന്നു. അവിടെ ഇക്കോണമി വിഭാഗത്തിൽ ഇരിപ്പിടവിന്യാസം 3-4-3 രീതിയിലാണ്. അതായത് ഒരു നിരയിൽ പത്ത് ഇരിപ്പിടങ്ങൾ. ഇടയിൽ രണ്ട് നടപ്പാതകളും. മുന്നൂറ്റമ്പതോളം യാത്രക്കാർക്ക് കയറാവുന്ന Airbus-340 ഇനത്തിൽപ്പെട്ടതായിരുന്നു ആ വിമാനം! വലതുഭാഗത്ത് അരികിലെ മൂന്ന് സീറ്റിൽ ഏറ്റവും ആദ്യ സീറ്റാണ് എന്റെ ഇരിപ്പിടം. ഒരച്ഛനും മകനുമാണ് അടുത്തിരിക്കുന്നത്. ഗുജറാത്തികളായ അവർ പോർട്ടുഗലിൽ സ്ഥിരതാമസമായ സഹോദരന്റെ അടുത്തേക്ക് അവധി ചെലവഴിക്കാനുള്ള യാത്രയിലാണ്. എനിക്കു പോവേണ്ട സ്ഥലം പറഞ്ഞപ്പോൾ ആയാളും ഒന്ന് ചിരിച്ചു. ഈ പേരിലും ഒരു സ്ഥലമോ!

ധാരാളം കേട്ടുപരിചയമുള്ളതും പലർക്കും അബദ്ധങ്ങൾ പറ്റാറുള്ളതുമായ സീറ്റ് ബെൽറ്റ് പതിയെ തപ്പി കയ്യിലെടുത്തു. ഒരു ഊഹം വച്ച് അത് ലോക് ചെയ്തു. ഇനി ഒന്ന് തുറക്കണം. അവിടെയും ഇവിടെയും ഒക്കെ ഞെക്കി നോക്കി. പറ്റുന്നില്ല. ലൂസായി ക്കിടന്ന ഭാഗം ഒന്ന് വലിച്ചു നോക്കി. ബെൽറ്റ് മുറുകുന്നു. ആകെ വിമ്മിഷ്ടം. സഹയാത്രികനോട് ചോദിക്കാനൊരു മടി. ആദ്യ വിമാനയാത്രയാണെന്ന് എങ്ങിനെ പറയും? ഒൻപത് മണിക്കൂറിൽ കൂടുതൽ കൂടെയിരുന്ന് യാത്ര ചെയ്യേണ്ടതാണ്. മോശമല്ലേ! വിമാനത്തിനകത്തെ തണുപ്പിലും ചെറുതായി വിയർക്കാൻ തുടങ്ങി. ഭാഗ്യം അപ്പോഴേക്കും വിമാനം പുറപ്പെടാനുള്ള തയ്യാറെടുപ്പുകളായി. ഒരു എയർ ഹോസ്റ്റസ് യാത്രക്കാർക്കായി വിവരണങ്ങൾ തുടങ്ങി. തത്സമയം മുന്നിലെ ചെറിയ ടി.വി സ്ക്രീനിലും അത് കാണിച്ചിരുന്നു. അതിൽ വിശദമായി സീറ്റ് ബെൽറ്റിന്റെ കാര്യങ്ങൾ പറഞ്ഞത് ആശ്വാസമായി!

ചില അന്താരാഷ്ട്രവിമാനങ്ങളിൽ സംഭവിക്കുന്ന മറ്റൊരു ചടങ്ങുകൂടി അന്നത്തെ യാത്രയിൽ അനുഭവിച്ചു. യാത്രക്കാരെല്ലാം വിമാനത്തിൽ കയറിയശേഷം വാതിലുകൾ അടയുന്നു. ശേഷം എയർ ഹോസ്റ്റസ്സുമാർ നടന്നുകൊണ്ട് മുകളിലേക്ക് ഒരു spray അടിക്കുന്നു. 'disinfection' എന്നാണ് ഇതിന് പറയുക. 'Permethrin' എന്ന പേരിലുള്ള WHO അംഗീകരിച്ച ഒരു കീടനാശിനിയാണ് സാധാരണ ഇതിനായി ഉപയോഗിക്കുന്നത്.

പുലർച്ചെ രണ്ടരമണിയോടെ ഞാൻ കയറിയ വിമാനം റൺവേയിലേക്ക് പതിയെ ഉരുണ്ടുനീങ്ങി. ഇനി വിദേശമണ്ണിലേക്ക്. മണിക്കൂറുകളോളം ആകാശയാത്ര....

*തുടരും*

# അവാർഡ് കരസ്ഥമാക്കി



സംസ്ഥാന ശാസ്ത്ര - സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 2019-ലെ ശാസ്ത്രഗ്രന്ഥ വിവർത്തനത്തിനുള്ള അവാർഡിന് **പ്രസന്ന കെ. വർമ്മ** അർഹയായി. ഇസ്രയേലി ചരിത്രകാരനായ യുവാൽ നോവ ഹരാരിയുടെ 'Homo Deus A brief History of Tomorrow' എന്ന പുസ്തകത്തിന്റെ മലയാള വിവർത്തനത്തിനാണ് അവാർഡ് ലഭിച്ചത്. 50000 രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് അവാർഡ്.

മനു എസ്. പിള്ളയുടെ Ivory Throne, The Courtesan the Mahatma and the Italian Brahmin, ടോണി ജോസഫിന്റെ Barly Indians എന്നീ കൃതികൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത് പ്രസന്ന വർമ്മയാണ്.

കൊച്ചി രാജകുടുംബാംഗവും കൊച്ചിൻ റിഫൈനറീസ് റിട്ട. ജനറൽ മാനേജരുമായ എസ്. അനുജൻ തമ്പുരാന്റെ പത്നിയും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി മുൻ ചെയർമാൻ പി. കേരളവർമ്മയുടെയും കിളിമാനൂർ കൊട്ടാരത്തിലെ സുമംഗല തമ്പുരാട്ടിയുടെയും പുത്രിയുമാണ്. ഏക മകൾ കൃഷ്ണ അനുജൻ അമേരിക്കയിലെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ ശാസ്ത്രഗവേഷക വിദ്യാർത്ഥിനിയും ശാസ്ത്ര/സഞ്ചാര സാഹിത്യകാരിയുമാണ്.

# ഭീമന് ദ്രൗപദി കൊടുത്തയച്ച 'പാഥേയം'



**കെ. ഗോദവർമ്മ**, കുറ്റിലഞ്ഞി

പ്രിയതമയുടെ ആഗ്രഹ പ്രകാരം സൗഗന്ധിക പുഷ്പമന്വേഷിച്ചു പോകുന്ന ഭീമസേനന് അവൾ ഒരു 'പാഥേയം' (വഴിച്ചോറ്) കൊടുത്തയച്ചതായി ഇതിഹാസ കർത്താവ് വ്യാസദേവൻ പറയുന്നുണ്ട്. കഥ ആട്ടക്കഥയായപ്പോൾ കോട്ടയത്തു തമ്പുരാനും ബഹുവിശേഷമായ ഈ 'വഴിച്ചോറിനെപ്പറ്റി പറയുന്നുണ്ട്. പക്ഷേ ഒരു വ്യത്യാസം എന്തെന്നാൽ ഇതിഹാസത്തിൽ കൊടുത്തയച്ച 'പാഥേയ' മല്ല ആട്ടക്കഥയിലേത് എന്നുള്ളതാണ്. ഏതായാലും ബഹുവിശേഷപ്പെട്ട ഒന്നാണ് ഈ പാഥേയം' എന്നേ പറയേണ്ടു. ഇതിന്റെ വൈശിഷ്ട്യങ്ങളെപ്പറ്റി അനന്തനും വർണ്ണിച്ചു പറയാൻ കഴിയില്ല. അതായത് ഇതിന്റെ മഹത്വം ഇത്രേയുള്ളു എന്നാർക്കും പറയാൻ സാദ്ധ്യമല്ല എന്നു തന്നെ. 'മൂകം കരോതി വാചാലം' എന്നൊക്കെപ്പറയുന്നതുപോലെ തളർന്നു കിടക്കുന്നവനെ മലയിലേക്കോടിക്കേറ്റുന്ന പ്രോത്സാഹന ദായിനിയാണ് ഈ 'വഴിച്ചോറ്'. വിശ്വസാഹിത്യത്തിൽത്തന്നെ ഇതുപോലൊരു 'പാഥേയം' മറ്റെവിടെയെങ്കിലുമുണ്ടോ എന്ന കാര്യവും സംശയമാണ്. അതൊക്കെക്കൊണ്ടാണ് ഇതിനെപ്പറ്റി ചിലതു പറയാനുദ്ദേശിക്കുന്നത്.

ഇതിഹാസ കർത്താവ് 'പാഥേയ'ത്തെ കാണിച്ചുതരുന്നു.

*“ദ്രൗപദീ വാക്യപാഥേയൗ*
*ഭീമം ശീഘ്രതരംഗത...”*

(മഹാഭാരതം: വനപർവ്വം: തീർത്ഥയാത്ര 36-ാം ശ്ലോകം)

ദ്രൗപദിയുടെ വാക്ക് - അതായത് അഭ്യർത്ഥന അതാണ് ഭീമന് പാഥേയമായി വഴിനീളെ പ്രോത്സാഹനദായകമാകുന്നത്. എന്താണ ഭ്യർത്ഥനയെന്നുള്ളത് ഇതിഹാസകാരൻ വ്യക്തമാക്കുന്നു. വനവാസക്കാലത്ത് നാരദന്റെ ഉപദേശ പ്രകാരം അർജ്ജുനൻ തീർത്ഥാടനത്തിനും ശ്രീ പരമേശ്വരന്റെ വരലാഭത്തിനും വേണ്ടി കൈലാസാചലത്തിലേക്കു പോയ അവസരത്തിൽ ദ്രൗപദി ഭീമനോട് പറഞ്ഞു:

അന്നൊരു ദിവസം വടക്കു കിഴക്കു ഭാഗത്തു നിന്ന് കാറ്റിൽ പറന്ന് സൂര്യതേജസ്സുള്ള ആയിരം ഇതളുകളുള്ള സൗഗന്ധിക പുഷ്പം യദൃച്ഛയാ മനോമോഹനാംഗിയായ പാഞ്ചാലിയുടെ മുന്നിൽ വന്നുവീണു. ദിവ്യമായ സൗരഭ്യം വർഷിക്കുന്നതും അതീവ ഭംഗിയേറിയതുമായ ആ പുഷ്പം അവളെ വളരെയേറെ ആകർഷിച്ചു. ശുഭമായ ആ പുഷ്പം ശുഭാംഗിയായ കൃഷ്ണ കണ്ട് സന്തോഷത്തോടു കൂടി ഭീമസേനനോട് പറഞ്ഞു 'പ്രിയനെ, ഈ മനോഹരമായ പുഷ്പം കണ്ടുവോ? ഇതിൽപ്പരം വിശേഷമായി മറ്റു പുഷ്പങ്ങളില്ല. എന്തൊരു ഹൃദയാവർജ്ജകമായ ഭംഗി! എന്തൊരു മനം കുളിർപ്പിക്കുന്ന സുഗന്ധം! എനിക്കു പ്രിയത്തിനായി നീ ചെന്ന് ഈ പൂവുകൾ കുറെ കൊണ്ടു വന്നു തരണം.” (മഹാഭാരതം: കദളീവന പ്രവേശം)

ഇതിലെന്താണ് പുതുമ? ഭാര്യമാർ ഭർത്താക്കന്മാരോട് പല ആഗ്രഹങ്ങളും അറിയിക്കും. അവർ കഷ്ടപ്പെട്ട് നേടിക്കൊടുക്കും; ഇത്രയല്ലേയുള്ളു എന്നാണെങ്കിൽ ഈ കാര്യത്തിൽ അങ്ങനെയല്ല. അഞ്ചു പേർക്കും കൂടിയുള്ള ഭാര്യയാണ് ദ്രൗപദി. നാട്ടിൽ വച്ച് 5 കൊല്ലം കൂടുമ്പോഴേ ഭാര്യയുമൊത്ത് ഒരു വർഷം കഴിയാൻ സാധിക്കുകയുള്ളു. കാട്ടിലായതോടുകൂടി അതുമില്ല. സ്വതവേ ദ്രൗപദി എന്തെങ്കിലും ആവശ്യപ്പെടുന്നത് അർജ്ജുനനോടാണ്. അവർക്ക് പ്രിയമേറെയും അർജ്ജുനനോടാണ്. ഇതേപ്പറ്റി ധർമ്മപുത്രർ തന്നെ ഒടുവിൽ മഹാപ്രസ്ഥാനകാലത്ത് ഭീമനോട് പറയുന്നുമുണ്ട്. മഹാപ്രസ്ഥാനത്തിൽ ദ്രൗപദി വീണതു കണ്ട് ഭീമൻ ധർമ്മപുത്രരോട് അവളുടെ പതനകാരണമാരായുന്നുണ്ട്. അപ്പോൾ ധർമ്മപുത്രൻ പറഞ്ഞു. “അഞ്ചു പേരിലും സമമായി പെരുമാറേണ്ടവളായിരുന്നെങ്കിലും അവൾക്ക് അർജ്ജുനനോടു മാത്രമായിരുന്നു പ്രതിപത്തിയും പ്രിയവും. മറ്റു നാലുപേരോടുമുള്ള അടുപ്പമൊക്കെ ഒരാചാരം പോലെ ജീവനില്ലാത്ത പെരുമാറ്റങ്ങളാണ്. ഇവിടെ ഇപ്പോൾ അർജ്ജുനൻ സ്ഥലത്തില്ലാത്തതുകൊണ്ടാണ് ഭീമനോട് ആഗ്രഹം അറിയിച്ചത്. ഒരു പത്നിയുടെ പരിചരണവും സാമീപ്യവും സദാ ആഗ്രഹിക്കുന്ന ഭീമനെപ്പോലൊരു പുരുഷകേസരിക്ക് ദ്രൗപദിയുടെ ആഗ്രഹം കേട്ട മാത്രയിൽ വളരെ സന്തോഷമായി. അവൾക്ക് ഇപ്പോഴെങ്കിലും തന്നോടൊരു ഇഷ്ടം തോന്നിയല്ലോ. പക്ഷെ ഈയവസരത്തിൽ ഭീമസേനന്റെ കരബലത്തെ ആശ്രയിച്ചാണ് രാജാവും പത്നിയും അനിയന്മാരും പരിവാരങ്ങളുമെല്ലാം കഴിഞ്ഞുകൂടുന്നത്. ഇക്കാര്യം ഭീമസേനൻ, ദ്രൗപദിയുടെ ആഗ്രഹം കേട്ട മാത്രയിൽ മറന്നുപോയതു

പോലായി. ഉടനെ തന്നെ ആരോടും പറയാതെ, ആരോടുമാലോചിക്കാതെ ജ്യേഷ്ഠന്റെ സമ്മതവും ചോദിക്കാതെ ഗദയുമെടുത്ത് ചാടിപ്പുറപ്പെട്ടു. ഈ യാത്ര തന്നെ ദ്രൗപദീ വാക്യ 'പാഥേയ' ത്തിന്റെ പ്രബലത തെളിയിക്കുന്നുണ്ട്. ഈ നിരീക്ഷണങ്ങളിൽ നിന്നും സിദ്ധിക്കുന്നത്, ഇതിഹാസ കർത്താവ് പാഥേയം എന്നു തന്നെ ദ്രൗപദിയുടെ വാക്കുകളെ വിശേഷിപ്പിച്ച തിന്റെ സാകല്യതയാണ്.

എന്നാൽ ആട്ടക്കഥാകൃത്തായ കോട്ടയം തമ്പുരാൻ കാട്ടുന്ന 'പഥേയം' മറ്റൊന്നാണ്; നോക്കുക *"ശാതോദരീ ചടുലചാരു കടാക്ഷ പാത പാഥേയവാൻ..."* എന്നാണ്

തന്റെ നേർക്കുള്ള പാഞ്ചാലിയുടെ സ്നേഹമസൃണമായ ആ കടക്കൺ നോട്ടത്തിന്റെ പ്രേരക ശക്തി. അതാണിവിടത്തെ 'പാഥേയം'. ആട്ടക്കഥാ കർത്താവും കാട്ടിത്തരുന്ന 'പാഥേയത്തിന്' ഇതിഹാസകാരന്റെ 'പാഥേയ' ത്തേക്കാൾ കുറച്ചുകൂടി മാധുര്യമേറുന്നുമുണ്ട്. വശ്യതയും കൂടുന്നുണ്ട്. ആ കടാക്ഷത്തിന്റെ ഓർമ്മ മാത്രം മതി അയാൾക്ക് ഏതു പ്രതിബന്ധങ്ങളെയും തകർത്തു മുന്നേറി ലക്ഷ്യം പ്രാപിക്കാനെന്നു കാണാം.

അങ്ങനെ പുറപ്പെട്ടു പോകുന്ന ഭീമസേനനു നിരവധി പ്രതിബന്ധങ്ങളെ നേരിടേണ്ടി വന്നതായി പറയുന്നുണ്ട്. ഇതിഹാസത്തിൽ ഇങ്ങനെ പറയുന്നു. ''ഭീമനു ക്ഷീണമില്ല, ഉത്സാഹക്കുറവില്ല. വായുപുത്രനായ അവൻ ദ്രൗപദിയുടെ ഇഷ്ടത്തെ കൈയൂക്കു കൊണ്ട് നിർവ്വഹിക്കുവാൻ കരുതിത്തന്നെയാണ് പുറപ്പെട്ടിരിക്കുന്നത്. അവൻ ധീരനായി മല കയറി. മരങ്ങൾ, വള്ളികൾ എന്നിവ കൊണ്ട് മൂടി കരിംപാറകൾ നിറഞ്ഞുകിടക്കുന്ന പർവ്വതപ്രദേശങ്ങളിലൂടെ ഈ 'പാഥേയ' ത്തിന്റെ പ്രേരണയാൽ അനായാസമായിത്തന്നെ സഞ്ചരിച്ചു. അശനിപാതം പോലുള്ള കാൽവെപ്പുകളാൽ ഭൂമി കുലുക്കി ആനക്കൂട്ടത്തെ വിരട്ടി ഓടിച്ച് പോകുന്ന പോക്കിൽ സിംഹക്കൂട്ടങ്ങൾ വരെ ഭയന്നോടി ഗുഹയിൽക്കേറി വിറച്ചിരുന്നു. കാടു മുഴുവൻ അവന്റെ ഗർജ്ജനത്താൽ മുഖരിതമായി. പക്ഷിമൃഗാദികൾ പേടിച്ചു നാലുപാടും പാഞ്ഞു."

പക്ഷെ പ്രതിബന്ധങ്ങൾ വരാനിരിക്കുന്നതേയുള്ളു. അടുത്തതായി നേരിടേണ്ടി വന്ന പ്രതിബന്ധം വായുസുതനായ ഹനുമാന്റെ വഴി തടയലാണ്. ഭീമന്റെ പ്രക്ഷുബ്ധമായ വരവു കണ്ടപാടെ ഹനുമാൻ അത്ഭുതപ്പെട്ടു. ഇതെന്തിനുള്ള പുറപ്പാടാണ്? അയാൾ തന്റെ അനിയനാണെന്നു മനസ്സിലായപ്പോൾ മമത പെരുകി. ഹനുമാൻ ഭീമന്റെ വരവു കാണുന്ന ഭാഗം ആട്ടക്കഥാകാരൻ വളരെ തന്മയത്വമായി അവതരിപ്പിച്ചിട്ടുണ്ട്. ഈ വരവു കണ്ട് ഹനുമാൻ ചിന്തിച്ചു. "ഈ വരുന്നവനാരാണ്? ഇവനാരും എതിരില്ലെന്നോ? വീരരസം ഒരു മനുഷ്യാകൃതി പൂണ്ട് വരുംപോലെ കാണപ്പെടുന്നു. ചലനവേഗം കൊണ്ട് ഇയാൾ വൻവൃക്ഷങ്ങളെ കടപുഴക്കി താഴെ വീഴ്ത്തുന്നു. കാട്ടാനക്കൂട്ടങ്ങൾ ആ വരവു കണ്ട് വിരണ്ടോടുന്നു. സിംഹങ്ങൾ ഭയന്ന് ഓടി ഗുഹയിൽക്കേറി വിറച്ചു വിറച്ചു മരുവുന്നു. ഇത്രയുമൊക്കെ കണ്ടപ്പോൾ വരുന്നത് മറ്റാരുമല്ല തന്റെ അനുജനായ ഭീമസേനനാണെന്നു മനസ്സിലായി. അപ്പോൾ അമിതമായിത്തന്നെ വാത്സല്യവും തോന്നി. എന്താണിയാളുടെ പ്രസ്ഥാനലക്ഷ്യം എന്നുള്ളത് ഹനുമാൻ ദിവ്യജ്ഞാനം കൊണ്ട് മനസ്സിലാക്കി. ഇവൻ ലക്ഷ്യം നേടുമോ അതോ തോറ്റു പരിഹാസ്യനായി മടങ്ങുമോ എന്നറിയേണ്ടതുണ്ടെന്ന് അദ്ദേഹത്തിന് തോന്നി. അതിനായി ഒരു വൃദ്ധവാനരന്റെ വേഷം ധരിച്ച് വഴി മുടക്കിക്കിടന്നു. ബല പരീക്ഷണത്തിൽ തന്നോട് കിട നിൽക്കില്ലെങ്കിലും ആള് അസാമാന്യനാണെന്നും ജയം നേടുമെന്നും ഹനുമാന് മനസ്സിലായി. അങ്ങനെ അഗ്രജനായ ഹനുമാന്റെ പരീക്ഷണത്തെയും അതിജീവിച്ച് അനുഗ്രഹങ്ങൾ സമ്പാദിച്ച് ഭീമസേനൻ യാത്ര തുടങ്ങി.

ഇതിനിടെ ഭീമസേനനു തന്റെ യാത്രയെച്ചൊല്ലി ചില ചിന്തകൾ ഉടലെടുത്തു. ആരോടും പറയാതെയാണ് പോന്നിരിക്കുന്നത്. ഞാൻ മടങ്ങിച്ചെല്ലാൻ വൈകിയാൽ ജ്യേഷ്ഠനും പത്നിയും മറ്റുള്ളവരും അത്യന്തം അരക്ഷിതാവസ്ഥയിലാകും. താനെവിടെപ്പോയെന്ന് അറിയാതെ ജ്യേഷ്ഠൻ ചിലപ്പോൾ നകുല വനദേവന്മാരെ തന്നെ തിരയാനായി അയച്ചെന്നു വരാം. അവരെ അങ്ങനെ വിട്ടാൽപ്പിന്നെ രാജാവിന്റെയും ദ്രൗപദിയുടെയും അവസ്ഥ തീർത്തും അരക്ഷിതാവസ്ഥയിലാകും. അപ്പോഴെന്തെങ്കിലും ആപത്തു വന്നാൽ എന്താണ് രക്ഷ? കഷ്ടം! ദ്രൗപദി പറഞ്ഞതുകേട്ട് മുൻപിൽ നോക്കാതെ ആരോടും ചോദിക്കാതെ, പറയാതെ, അനുജ്ഞ വാങ്ങാതെ ഇറങ്ങിത്തിരിച്ചതു മഹാസാഹസമായി! ഇനിയിപ്പോൾ പദ്ധതി മുടക്കി തിരിച്ചു ചെന്നാൽ പാഞ്ചാലിയുടെ മനസ്സിൽ തന്നോടുള്ള മതിപ്പ് ഒട്ടുമില്ലാതാകും. അതുകൊണ്ട് ലക്ഷ്യം നേടുകയല്ലാതെ മറ്റു വഴികളില്ല. അങ്ങനെയൊക്കെ ചിന്തിച്ച് ഗ്ലാനിയോടു കൂടി അയാൾ തന്റെ പ്രസ്ഥാനം തുടർന്നു. ഇതേകാലത്ത് ധർമ്മപുത്രരും ചില ദുശ്ശകുനങ്ങളൊക്കെ കണ്ട് ഭയചകിതനായി. ഉടനെ തന്റെ ഒരേ ഒരു ആശ്രയമായ ഭീമനെ അന്വേഷിച്ചു. അപ്പോഴാണ് അയാളവിടെ ഇല്ലെന്ന് മനസ്സിലാകുന്നത്. എന്നുതന്നെയല്ല ആരോടും പറയാതെയാണ് യാത്ര പോയതെന്നറിഞ്ഞതോടുകൂടി അസ്തപ്രജ്ഞനായി. പിന്നീട് പാഞ്ചാലിയിൽ നിന്നും വിവരങ്ങളറിഞ്ഞപ്പോൾ അദ്ദേഹത്തിന് ദുഃഖമേറി. ഇങ്ങനെ

ഒരു സാഹസ കർമ്മത്തിനയാളെ പറഞ്ഞയച്ച പാഞ്ചാലിയോട് രാജാവ് തന്റെ സങ്കടം അറിയിച്ചു. ഇനിയിപ്പോൾ കരണീയമായിട്ടുള്ളത് അയാളെ തിരഞ്ഞു കണ്ടുപിടിച്ച് വല്ല സാഹസത്തിലും ചെന്നു ചാടും മുമ്പ് ഉടനെ രക്ഷപ്പെടുത്തണമെന്ന ചിന്തയായി. അതനുസരിച്ച് ധർമ്മപുത്രരും പത്നിയും അനിയന്മാരും മറ്റനുചരന്മാരും എല്ലാം കൂടി ക്ലേശകരമായ യാത്രയ്ക്കായി ഒരുങ്ങി. അവർ ഭീമൻ പോയ വഴിയേ ഗന്ധമാദനത്തിലേക്ക് തിരിച്ചു. അവിടെ വല്ലപാടും എത്തിയപ്പോൾ സൗഗന്ധിക പൊയ്കയുടെ തീരത്ത് ക്രോധത്താൽ കണ്ണുകളുരുട്ടി തുറിച്ച് മിഴിച്ച് ചുണ്ട് കടിച്ച് ദണ്ഡേന്തി നില്ക്കുന്ന അന്തകനെപ്പോലെ ഭീമസേനനെ അവർ കണ്ടു. കണ്ണും കാലും തലയും എല്ലാം മുറിഞ്ഞ് ചതഞ്ഞ് മരിച്ചു കിടക്കുന്ന എണ്ണമറ്റ രാക്ഷസന്മാരെയും അവർ കണ്ടു. യുധിഷ്ഠിരൻ ഓടിച്ചെന്ന് ഭീമനെ കെട്ടിപ്പിടിച്ച് സാന്ത്വനവാക്കോതി "ഭീമാ! നീ എന്ത് സാഹസമാണ് ചെയ്തത്? ദേവന്മാർക്കു പ്രിയമല്ലാത്ത ഈ കർമ്മം നീ എന്തിനു ചെയ്തു? എനിക്കു പ്രിയം ചെയ്യണമെന്നാഗ്രഹിക്കുന്നെങ്കിൽ മേലിൽ ഇങ്ങനെയുള്ള സാഹസത്തിലെടുത്തു ചാടരുത്. യുധിഷ്ഠിരന്റെ സാന്ത്വനവാക്കുകൾ കേട്ട് ഭീമൻ ശാന്തനായി. അയാൾ താൻ ശേഖരിച്ച സൗഗന്ധികപ്പൂക്കളെല്ലാം ജ്യേഷ്ഠനു മുന്നിൽ സമർപ്പിച്ചു. പിന്നീടവർ ആ പൊയ്കയിൽ ഇറങ്ങി സ്നാനം നിർവ്വഹിച്ചു. കുബേരഭൃത്യരുമായി രമ്യതയിലായി. അവർ വന്ന് ധർമ്മപുത്രനെ വണങ്ങി. (മ.ഭാ. വനപർവ്വം ഗന്ധമാദനപർവ്വം Vol. 1)

ഇവിടെ ധർമ്മപുത്രർ ഭീമനോട് 'നീയെന്തുകൊണ്ട് പാഞ്ചാലിയുടെ മൊഴി കേട്ട് ഒന്നുമാലോചിക്കാതെ സാഹസത്തിനു തുനിഞ്ഞു?'' എന്ന വ്യംഗ്യമായ ഒരു ചോദ്യം കൂടി തെളിഞ്ഞു കാണാം. അർജ്ജുനനെപ്പോലെ മറ്റു നാൽവർക്കും മറ്റു ദ്രൗപദി തുല്യ പരിഗണനയും പ്രിയവും നൽകിയിരുന്നെങ്കിൽ ഒരുപക്ഷേ ഇങ്ങനെ ഒരു സാഹസത്തിന് ഭീമൻ തുനിയില്ലായിരുന്നു എന്ന കവിവാക്യം ഇതിൽ നിഗൂഢമായിട്ടുണ്ട്. ഏതു സാഹസത്തിലൂടെയും പത്നിയുടെ ഏതാഗ്രഹവും സാധിച്ചുകൊടുക്കാൻ ശ്രമിക്കുന്ന ഒരു ഭർത്താവിന്റെ പ്രതീകമായി ഭീമൻ മാറിപ്പോയതായി കഥ സൂചിപ്പിക്കുന്നുണ്ട്. അഞ്ചുപേരും തമ്മിൽ മത്സരമൊഴിവാക്കാനാണ് കുന്തീദേവി അഞ്ചുപേർക്കുമായി അവളെ പത്നിയാക്കിയത്. പക്ഷെ അപ്പോൾ അവർക്ക് വേണ്ട സമയത്ത് വേണ്ടതായ പരിഗണനകൾ ലഭിക്കാതെ പോയി എന്ന കാര്യം തെളിഞ്ഞു കാണുന്നു. അഞ്ചുപേർക്കും ഇതനുഭവപ്പെട്ടിട്ടുമുണ്ട്. അവരഞ്ചുപേരും വേറെ വിവാഹം കഴിച്ചതായി ഇതിഹാസം പറയുന്നു. ധർമ്മപുത്രർ ശിബി രാജകുമാരിയായ ദേവികയെയും ഭീമൻ കാശി രാജകുമാരിയായ ബലന്ധരയെയും അർജ്ജുനൻ കൃഷ്ണ സഹോദരിയായ സുഭദ്രയെയും നകുലൻ ചേദി രാജപുത്രിയായ രേണുമതിയേയും സഹദേവൻ മാദ്രി രാജകുമാരിയായ വിജയയേയും വിവാഹം കഴിക്കുന്നുണ്ട്. പുരുഷനും സ്ത്രീക്കും ഊഴം വച്ചുള്ള പരിചരണം പോരാ, നിറസാന്നിദ്ധ്യമായി ജീവിതം മുഴുവൻ ഇണയുടെ സ്നേഹം ലഭിക്കേണ്ടതുണ്ടെന്ന പ്രകൃതി നിയമം ദാർശനിക കവി കൂടിയായ ഇതിഹാസ കർത്താവ് ഇതിൽക്കൂടി വെളിവാക്കുന്നതാകാം. എന്തായാലും ആ 'പാഥേയ'ത്തിന്റെ വശ്യത – ശക്തി – അപ്രമേയം തന്നെ. അനുപമം അതുല്യം. ഇതിഹാസ കവിക്കു നമസ്ക്കാരം.

●

## പൂജാ ക്രിക്കറ്റിന് സപ്തതി



ഭാരതത്തിലെന്നല്ല ലോകത്തിൽ തന്നെ നിയന്ത്രിത ഓവർ ക്രിക്കറ്റിനു തുടക്കം കുറിച്ച തൃപ്പൂണിത്തുറയിലെ പൂജാക്രിക്കറ്റ് ടൂർണമെന്റ് 70 വയസ്സിലെത്തി നിൽക്കുന്നു. 1951–ൽ കൊച്ചി രാജകുടുംബത്തിലെ യുവതലമുറ ആരംഭിച്ച പ്രിൻസസ്സ് ക്ലബ്ബാണ് പൂജ ക്രിക്കറ്റിനും തുടക്കം കുറിച്ചത്. കെ.വി. കേളപ്പൻ തമ്പുരാന്റെ ആശയത്തിലും നേതൃത്വത്തിലും ആരംഭിച്ച പരിമിത ഓവർ ടൂർണമെന്റിൽ ആദ്യ വിജയി ആതിഥേയർ തന്നെയായിരുന്നു. കോട്ടയം ക്ലബ്ബിനെയാണ് ഫൈനലിൽ അവർ തോല്പിച്ചത്. നിരവധി ഇൻഡ്യൻ/സംസ്ഥാന താരങ്ങൾ വിവിധ ക്ലബ്ബുകളെ പ്രതിനിധീകരിച്ച് തൃപ്പൂണിത്തുറ 'പാലസ് ഓവലി'ൽ നടക്കുന്ന ഈ ടൂർണമെന്റിൽ പങ്കെടുത്തു വരുന്നു.

# അനന്തപദ്മനാഭൻ



**യു. അപർണ മുള്ളത്ത്,** തിരുവനന്തപുരം

**ഈ** ദേശത്തെത്തിയിട്ട് നാളുകൾ കുറച്ചായി. അനന്തപദ്മനാഭൻ ഓർത്തു. നാടും, നാട്ടുകാരും സ്നേഹമുള്ളവരാണെങ്കിലും അവന് ചിലപ്പോഴൊക്കെ ഏകാന്തത തോന്നാറുണ്ട്. ജനിച്ചത് എവിടെയാണെന്ന് അറിയില്ലെങ്കിലും വളർന്നത് മറ്റൊരു ദേശത്തെ ഒരു ഹാജിയാരുടെ വീട്ടിലാണ്. ഏതു പ്രായത്തിൽ എന്നറിയില്ല. പക്ഷെ വളരെ ചെറുപ്പത്തിലെ തന്നെ അവിടെ എത്തപ്പെട്ടതാണ്. ഹാജിയാരും, കുടുംബാംഗങ്ങളുമായിരുന്നു അവന്റെ സ്വന്തക്കാർ. അവിടുത്തെ കുട്ടികളുടെ കൂടെ കളിച്ചു വളർന്നു. പ്രത്യേകിച്ച് ഹാജിയാരുടെ മകൾ സൈനബ, അവന്റെ ഇഷ്ട കളിക്കൂട്ടുകാരി. സൈനബയ്ക്ക് സങ്കടം വന്നാലും, സന്തോഷം വന്നാലും എല്ലാം പറയുന്നത് അവനോടാണ്.

കാലങ്ങൾ ഒന്നൊന്നായി കടന്നുപോയി. അവൻ വളർന്നു. നല്ല പൊക്കവും അതിനൊത്ത വണ്ണവും. കണ്ടാൽ ആരുമൊന്ന് നോക്കി നിന്നുപോകുന്ന അഴക്. വെറുതെയിരുത്താതെ ഹാജിയാർ അവനെ തടിമില്ലിലേക്കയച്ചു. താമസമെല്ലാം ഹാജിയാരുടെ വീട്ടിൽ തന്നെ. നീളമുള്ള പാവാടയും ബ്ലൗസുമിട്ട് സൈനബ വലിയ പെൺകുട്ടിയായി. ഇപ്പോൾ പണ്ടത്തെപ്പോലെ അവനോട് വലിയ ചങ്ങാത്തമില്ല. വിഷമമുണ്ടെങ്കിലും സൈനബയോട് അവനൊരിക്കലും പിണക്കം തോന്നിയിട്ടില്ല. പച്ച പട്ടുപാവാടയും ബ്ലൗസുമിട്ട് സൈനബയെ കാണാൻ നല്ല ശേലാണ്. അവനത് നോക്കി നിൽക്കും.

ഒരു ദിവസം ഹാജിയാർ വന്നു പറഞ്ഞു, "നാളെ സൈനബാന്റെ നിക്കാഹ് ആണ്. നീ വേണം മുൻപിൽ നിന്ന് എല്ലാവരേയും സ്വീകരിക്കാൻ."

കല്യാണം കഴിഞ്ഞ് സൈനബ പോയത് അവനെ നന്നെ വിഷമിപ്പിച്ചു. ഭർത്താവുമൊന്നിച്ച് വീട്ടിൽ ആദ്യമായി വന്ന ദിവസം അവൾ അവന്റെയടുത്തേക്ക് ചെന്നതേയില്ല. അന്ന് രാത്രി മുഴുവൻ അവൻ കരഞ്ഞു. പിറ്റേ ദിവസം മുതൽ ഒരു ഭ്രാന്തമായ അവസ്ഥ. ഹാജിയാർ അവനെ മാസങ്ങളോളം ചികിത്സിച്ചു. എല്ലാം ഭേദമായി അവൻ പഴയതുപോലെ ഉത്സാഹവാനായി. പോലീസുകാരും വേറെ കുറെ ആൾക്കാരും ഹാജിയാരുടെ വീട്ടിലും തടിമില്ലിലുമൊക്കെ വന്നത് അവൻ ശ്രദ്ധിച്ചു. അവരുടെ വരവിനുശേഷം ഹാജിയാർ വളരെയധികം വിഷമം അനുഭവിക്കുന്നതായി അവന് തോന്നി.

കുറച്ചു ദിവസങ്ങൾക്കുശേഷം ഹാജിയാർ അവന്റെയടുത്തെത്തി. വളരെ വിഷണ്ണനായി പറഞ്ഞു. "എനിക്കിനി ഒന്നിനും ആവതില്ല. എന്റെ സമ്പാദ്യങ്ങളെല്ലാം ബാങ്കുകാർ കൊണ്ടുപോയി. എന്റെ കൂടെ നിന്നാൽ നിനക്കും ക്ഷീണമാകും. അതുകൊണ്ട് ഇവരുടെ കൂടെ പൊയ്ക്കോളൂ. നിനക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഇവർ തരും. ഒന്നിനും ബുദ്ധിമുട്ടുണ്ടാവില്ല. "മനസ്സില്ലാമനസ്സോടെ അവൻ ഹാജിയാരെ പിരിഞ്ഞു. അന്നെത്തിപ്പെട്ടതാണ് ഈ സ്ഥലത്ത്. ഇവിടെയും അവനെ എല്ലാവർക്കും ഇഷ്ടമാണ്.

"എന്താ, നിൽപ്പ് കണ്ടിട്ട് വലിയ ആലോചനയിലാണെന്ന് തോന്നുന്നല്ലൊ?'' പപ്പേട്ടൻ, ഇവിടെ അവനെ അച്ഛന്റെ കരുതലോടെ സ്നേഹിക്കുന്ന മനുഷ്യൻ. അവന് ഏറ്റവും പ്രിയപ്പെട്ട ആൾ.

"ഇങ്ങനെ നിന്നാൽ മതിയോ, ഇന്ന് ഉത്സവം കൊടിയേറുന്ന ദിവസമല്ലെ അണിഞ്ഞൊരുങ്ങി ഒന്ന് ഗ്ലാമറാവണ്ടെ?"

പപ്പേട്ടൻ അങ്ങനെയാണ് - സരസൻ, വർത്തമാനത്തിൽ എപ്പോഴും ഫലിതമുണ്ടാവും.

അവൻ പതുക്കെ മുൻകാലുകൾ മടക്കി മുട്ടുകുത്തിനിന്നു. പപ്പേട്ടൻ അവന്റെ പുറത്തു കയറി കൈയ്യിലിരുന്ന നെറ്റിപ്പട്ടം അണിയിച്ചു. "ഹായ്!!! ഇപ്പോൾ എന്റെ കുട്ടിയെക്കണ്ടാൽ ആരുമൊന്ന് നോക്കി നിൽക്കും.'' പപ്പേട്ടൻ അവന്റെ മുന്നിൽ വന്നു നിന്ന് സൗന്ദര്യം ആസ്വദിച്ചു.

പപ്പേട്ടന്റെ തമാശ ആസ്വദിച്ചിട്ടെന്നവണ്ണം അവൻ ചെവികൾ വീശി ആട്ടി, തുമ്പിക്കൈ അഗ്രമൊന്ന് മുറുക്കി, എഴുന്നേറ്റ് തല ഉയർത്തിപ്പിടിച്ച് ക്ഷേത്രസന്നിധിയിലേക്ക് മെല്ലെ നടന്നു. ●


## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | |
|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- |
| കളർ പേജ് (ഹാഫ്) | : | ₹1500/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹1250/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| വിവാഹ പരസ്യം | : | ₹ 500/- |

# നവോത്ഥാനം

**രാധിക വർമ്മ,** ചെന്നിത്തല



ഉണരുക സോദരരേ... ഉണരുക വൈകാതെ.
കാലത്തിൻ കുത്തൊഴുക്കിൽ വീണുപിടയാതെ...
ഉണരുക... മേധയാം അശ്വത്തെ ഉണർത്തുക...
തെളിയ്ക്കുക സമർത്ഥമായ് ഈ യാഗാശ്വത്തിനെ.

അവനീശവംശജരെ ഉണരുക വേഗം
സ്വന്തമാണീ പൃഥ്വി നമുക്കുമെന്നോർക്കുക.
മാഞ്ഞുപോയ് ഗതകാല പ്രൗഢികളെങ്കിലും
മായാതെ കാക്കുന്നു നാം ഗതകാല സംസ്കൃതി

വഞ്ചീശമംഗളം പാടികഴിഞ്ഞനാൾ
കേരളക്കരയുടെ ഗതകാല സ്മരണയായ്
പാണ്ഡ്യഭൂപതി തന്റെ പുണ്യമായീടുന്ന
ശ്രീ ഹരിഹരനന്ദൻ എന്നും തുണയ്ക്കണം

പരിതപിയ്ക്കാനാരുമില്ലാത്ത ക്ഷത്രിയർ
പരിഭവമുള്ളിലൊതുക്കിക്കഴിയുന്നു
പ്രത്യാശ മങ്ങിയ മിഴികൾക്കുടമകൾ;
പഴയൊരു പാരമ്പര്യത്തിൻ സാക്ഷികൾ

വറ്റിവരണ്ട വാരിധിപോലവേ...
ഒരിറ്റുനീരിനായ് കേഴും വേഴാമ്പലായ്
നാലുകെട്ടിൽ പലയിടത്തായ് കാൺമൂ
തമസ്സിലൊതുങ്ങുന്ന മാനുഷക്കോലങ്ങൾ

എന്തേ നമുക്കിതു വന്നീടുവാൻ?
എന്തേ, കഴിവില്ലാതായീടുവാൻ??
ധീര നേതാവിന്നഭാവത്താലാണിന്ന്
ഈ നില വന്നു ഭവിച്ചെതെന്നോർക്കുക.

ശിഥിലമാക്കി ഒരു വംശത്തെ പൂർണ്ണമായ്
ആരുടേയോ അതിക്രൂരമാം മനസ്സുകൾ,
ധർമ്മത്തിൻ കാവലാളായതിൻ, ശിക്ഷയോ?
നാം സാത്വികരായ് കഴിഞ്ഞതിൻ ശിക്ഷയോ?

രജപുത്രവംശജരായോരു ക്ഷത്രിയർ
ധീരനാം ശിവജിതൻ പിൻമുറക്കാരല്ലോ.

പഴശ്ശിതൻ കഥകളെ ഓർത്തീടുക...
പിന്നെ മനക്കരുത്തായുധമാക്കീടുക...

ഭാരതവർഷത്തിൻപ്രൗഢരാം മാനുഷർ
അവനീശ വംശജരായിരുന്നോർക്കുക
ഗായത്രീമന്ത്രം അവനിയ്ക്കു നൽകിയ
ശ്രേഷ്ഠൻ, വിശ്വാമിത്രൻ തന്നുടെ ഗോത്രക്കാർ

സൂര്യ-ചന്ദ്ര വംശ ശ്രേഷ്ഠരെ ഓർക്കുക...
ചിന്തിച്ചിരിയ്ക്കുവാൻ നേരമില്ല!!
വംശമഹിമകൾ ചൊല്ലീട്ടു കാര്യമില്ല
പുതിയൊരുണർവ്വിനായ് ശ്രമിക്കുക നാം.

പത്മവ്യൂഹത്തിൽ നിരായുധനായപ്പോൾ
ഊരിത്തെറിച്ച രഥചക്രത്തെ തന്റെ
ആയുധമാക്കി നിന്നു പൊരുതിയ
വീരനാം അഭിമന്യുവിനെ ഓർക്കുക

യുദ്ധഭൂമിയിൽ വിവശനായ് നിന്നൊരു
പാർത്ഥനെ ശക്തനാക്കിയ ദുഗ്ദ്ധമാം
'ഗീത' യെന്ന മഹാജ്ഞാനമുൾക്കൊണ്ട്
ധർമ്മയുദ്ധം നടത്തുക മാനസേ...

യുവതീയുവാക്കളെ അണിനിരന്ന്
പുതിയ കഥകൾ രചിക്കുക നാം
നമ്മുടെ വരും തലമുറകൾക്കായി
ചെയ്തീടാം ചില ത്യാഗങ്ങളെങ്കിലും

ധർമ്മവും സത്യനീതിയും പിന്നെയോ
നല്ല രീതിയിൽ സംസ്ക്കാരവും നൽകി
സജ്ജന സമ്പർക്കങ്ങളിലൂടെയും
ക്ഷത്രീയ വംശത്തേ നിലനിർത്തിടാം

മൃത്യുവിൻ മുൻപ് ദർശിയ്ക്കാനാകുമോ.
എന്റെ വംശത്തിൻ ഉയർത്തെഴുന്നേൽപ്പിനെ
അശ്രുബിന്ദുവിൻ നനവിനാൽ ഞാനിതാ...
എന്റെ സാഹിതീസേവ ചെയ്തീടുന്നു... ●

# പറഞ്ഞറിവുകൾ

**സമാഹരണം: സൂര്യകുമാർ എം.കെ**

പറഞ്ഞറിവുകൾ ആകയാൽ ചില ദേശങ്ങളിൽ പാഠഭേദം കണ്ടേക്കാം.

### ശാന്തിമന്ത്രം

ഓം സഹനാവവതു സഹനൗ ഭുനക്തു
സഹവീര്യം കരവാവഹൈ
തേജസ്വിനാവധീതമസ്തു
മാ വിദ്വിഷാവഹൈ
ഓം ശാന്തി: ശാന്തി: ശാന്തി:

### പ്രഭാതവന്ദനം

കരാഗ്രേ വസതേ ലക്ഷ്മീ
കരമദ്ധ്യേ സരസ്വതി
കര മൂലേതു ഗോവിന്ദ പ്രഭാതേ കര ദർശനം

### ഭൂമിദേവി വന്ദനം

സമുദ്ര വസനേ ദേവി
പർവ്വത സ്തന മണ്ഡലേ
വിഷ്ണു പത്നി നമസ്തുഭ്യം
പാദസ്പർശം ക്ഷമസ്വ മേ

### സ്നാനവന്ദനം

ഗംഗേ ച യമുനേ ചൈവ
ഗോദാവരീ സരസ്വതീ
നർമ്മദേസിന്ധു കാവേരീ
ജലേസ്മിൻ സന്നിധിം കുരു

### സൂര്യഗായത്രി

ഓം ഭൂർ ഭുവസ്വ തത് സവിതുർ വരേണ്യം ഭർഗോ
ദേവസ്യ ധീമഹി:
ധിയോ യോന: പ്രചോദയാത്

### വിഭൂതി ധാരണ മന്ത്രം

ഓം ശ്രീകരം ച പവിത്രം ച
ശോക രോഗ നിവാരണം
ലോകേഷു വസുതാം പുണ്യം
ഭസ്മം ത്രൈലോക്യ പാവനം

### പഠനത്തിനു മുമ്പ്

സരസ്വതി നമസ്തുഭ്യം വരദേ
കാമരൂപിണീ,
വിദ്യാരംഭം കരിഷ്യാമി
സിദ്ധിർ ഭവതു മേ സദാ

### ഭക്ഷണത്തിന് മുമ്പ്

ബ്രഹ്മാർപ്പണം ബ്രഹ്മ ഹവി :
ബ്രഹ്മാഗ്നൗ ബ്രഹ്മണാഹുതം
ബ്രഹ്മൈവ തേന ഗന്തവ്യം
ബ്രഹ്മ കർമ്മ സമാധിനാ

### ഭക്ഷണത്തിന് ശേഷം

അന്നപൂർണ്ണേ സദാ പൂർണ്ണേ
ശങ്കര പ്രാണ വല്ലഭേ
ജ്ഞാന വൈരാഗ്യസിദ്ധ്യർത്ഥം
ഭിക്ഷാംദേഹി ച : പാർവ്വതീ

### സന്ധ്യാ ദീപ വന്ദനം

ശുഭം കരോതി കല്യാണം ആരോഗ്യം ധനസമ്പദ:
ശത്രു ബുദ്ധിവിനാശായ
ദീപദ്യോതിർ നമോസ്തുതേ

### ഉറങ്ങാൻ പോകുമ്പോൾ

കരചരണ കൃതം വാ കായജം കർമ്മജം വാ
ശ്രവണ നയന ജം വാ മാനസം വാ പരാധം
വിദിതമവിദിതം വാ സർവ്വമേ തത്ക്ഷമസ്വ ജയ
ജയ കരുണാബ്ധേ ശ്രീ മഹാദേവ ശംഭോ

### ക്ഷമാപണമന്ത്രം

കായേന വാചാ മനസേന്ദ്രിയൈർവാ
ബുദ്ധ്യാത്മനാ വാ
പ്രകൃതേർ സ്വഭാവാത് കരോമി യദ്യത്
സകലം പരസ്മൈ
നാരായണായേതി സമർപ്പയാമി ●




## ശ്രീ അനന്തപുരി അന്യോന്യം

**പത്മതീർത്ഥക്കരയ്ക്കു വടക്കുവശം, കോട്ടയ്ക്കകം, തിരുവനന്തപുരം**

ബ്രാഹ്മണ - ക്ഷത്രിയ വംശജരുടെ സീമന്തം, അന്നപ്രാശം, ചൗളം, ഉപനയനം, സമാവർത്തനം, സപിണ്ഡി, ആണ്ടുശ്രാദ്ധം എന്നീ ചടങ്ങുകൾ വിധിയാംവണ്ണം നടത്തുന്നതിനുള്ള പുണ്യസ്ഥലം

**ബന്ധപ്പെടുക: ജി. രാമവർമ്മ ( സെക്രട്ടറി) : 9447744915**



# പുസ്തകജാലകം



## ജ്യോതിഷത്തിന്റെ ആഗോളപ്രസക്തി

## പാശ്ചാത്യ ജ്യോതിഷദർശനം




**എം.ആർ. കേരളവർമ്മ**
**ചന്ദ്രാ പ്രസ്സ് & ബുക്ക് ഡിപ്പോ,തമ്പാനൂർ, തിരുവനന്തപുരം**
**പേജ് 192 വില 190 രൂപ**

പ്രശസ്ത ജ്യോതിഷ പണ്ഡിതനും പ്രഗത്ഭനായ അഭിഭാഷകനുമായിരുന്ന എം.ആർ.കേരളവർമ്മ ദശാബ്ദങ്ങൾക്ക് മുൻപ് രചിച്ച 'പാശ്ചാത്യജ്യോതിഷം' എന്ന വിശിഷ്ട ഗ്രന്ഥം വർഷങ്ങളായി വിപണിയിൽ ലഭ്യമല്ലായിരുന്നു. ആ ഗ്രന്ഥത്തിന്റെ പരിഷ്കരിച്ച പതിപ്പ് ഇപ്പോൾ 'പാശ്ചാത്യ ജ്യോതിഷ ദർശനം' എന്ന പേരിൽ പുന:പ്രസിദ്ധീകരിച്ചിരിക്കുകയാണ്.

ജ്യോതിഷത്തിന്റെ ഈ കാണാപ്പുറങ്ങൾ തേടിയുള്ള യാത്രയാകാം ഗ്രന്ഥകാരനെ പാശ്ചാത്യജ്യോതിഷത്തിലേക്ക് ആകൃഷ്ടനാക്കിയത് എന്നു അനുമാനിക്കാം. അദ്ദേഹം ജ്യോതിഷ പ്രേമികൾക്കായി 'പാശ്ചാത്യ ജ്യോതിഷ' എന്ന ഗ്രന്ഥം രചിച്ചപ്പോൾ അത് ഈ വിഷയവുമായി ബന്ധപ്പെട്ട ആദ്യ ഗ്രന്ഥമായി മാറുകയായിരുന്നു. പാശ്ചാത്യർ ജാതകചിന്ത ചെയ്യുന്ന പൊതുവായ രീതികളും അതിനുവേണ്ടി ഉപയോഗിക്കുന്ന നിയമങ്ങളും ലളിതമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ഉത്തമ ഗ്രന്ഥത്തിൽ പാശ്ചാത്യവും പൗരസ്ത്യവുമായ ജ്യോതിഷ വിജ്ഞാന ശാഖകളുടെ ഒരു താരതമ്യ പഠനവും ലഭിക്കുന്നതാണ്.

ഭാരതീയ ജ്യോതിഷത്തിൽ ദശാഗണന, ഗോചരഫലം മുതലായ അതിപ്രധാനങ്ങളായ പല പദ്ധതികളും ചന്ദ്രനെ ആസ്പദമാക്കി ആണ് നിർണ്ണയിക്കുന്നത്. പാശ്ചാത്യ ജ്യോതിഷത്തിൽ ഇവ സൂര്യനെ ആധാരമാക്കിയാണ് വിശകലനം ചെയ്യുന്നത്. എങ്കിലും ജാതകത്തിലെ മറ്റു വിഷയങ്ങളിൽ ചന്ദ്രനെ അത്യാവശ്യ ഘടകമായി പരിഗണിച്ചു വരാറുണ്ട്. പാശ്ചാത്യർ സായന രീതി പിന്തുടരുമ്പോൾ ഭാരതീയർ നിരയനരീതിയെ ആണ് അവലംബിക്കുന്നത്. ആദ്യത്തെ അദ്ധ്യായത്തിൽ തന്നെ ഈ മൗലികമായ വ്യത്യാസത്തെക്കുറിച്ച് ഗ്രന്ഥകാരൻ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഗ്രഹദൃഷ്ടിയിൽ അനുവർത്തിച്ചു വരുന്ന വൈവിധ്യത്തെക്കുറിച്ച് വിദഗ്ദ്ധമായി സൂചനകൾ നല്കുന്നുമുണ്ട്.

ജ്യോതിഷം ഏറെ വിമർശനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു കപടശാസ്ത്രമാണ് ജ്യോതിഷം എന്നും അത് ഭാരതത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നു എന്നും തെറ്റിദ്ധരിച്ചിരിക്കുന്ന ചിലരെങ്കിലും നമ്മുടെ സമൂഹത്തിൽ ഉണ്ട്. എന്നാൽ പാശ്ചാത്യലോകത്തും ജ്യോതിഷത്തിന് പ്രാധാന്യവും പ്രസക്തിയും ഉണ്ടെന്ന വസ്തുത മനസ്സിലാക്കാൻ ഈ ഗ്രന്ഥം ഉപകരിക്കും. കൂടാതെ, പ്രവചന സിദ്ധിക്ക് സഹായകമാകുന്ന പാശ്ചാത്യരീതികൾ ജ്യോതിഷ പഠിതാക്കൾക്കും ജ്യോതിഷികൾക്കും പരീക്ഷണ വിധേയമാക്കാവുന്നതുമാണ്. ഭാരതീയ ജ്യോതിഷ ഗ്രന്ഥങ്ങളിൽ ലഭ്യമല്ലാത്ത ഇന്ദ്രൻ (യുറാനസ്) വരുണൻ(നെപ്റ്റ്യൂൺ) എന്നീ ഗ്രഹങ്ങളുടെ ഭാവിഫലവും രാശിഫലവും ഈ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്.

സ്വതന്ത്രമായ ഒരു ശാസ്ത്ര പദ്ധതിയായ ജ്യോതിശാസ്ത്ര മേഖലയ്ക്ക് ഈ ഗ്രന്ഥം ഒരു മുതല്ക്കൂട്ടായിരിക്കും എന്നു നിസ്സംശയം പറയാം.

**നിരൂപണം: ശ്രീകുമാർ പെരിനാട്**

## സ്കോളർഷിപ്പ് കരസ്ഥമാക്കി



കഴിഞ്ഞ വർഷം മലപ്പുറം GLP പണിക്കരപ്പുറായ സ്കൂളിൽ നിന്നും LSS സ്കോളർഷിപ്പ് നേടിയ **സ്നിഗ്ധ നിരീഷ്.**


മലപ്പുറം എടവണ്ണപ്പാറ ചന്ദ്രാലയത്തിൽ നിരീഷ് ഹരിദാസിന്റെയും കാഞ്ഞൂർ ചൊവ്വര കോയിക്കൽ മഠത്തിൽ രാകേന്ദുവിന്റേയും മകളാണ്.

## പന്തളം രാജപ്രതിനിധി



ഈ വർഷത്തെ മകരവിളക്ക് ഉത്സവത്തിന് ശബരിമല അയ്യപ്പസ്വാമിക്ക് ചാർത്തുവാനുള്ള തിരുവാഭരണങ്ങളുമായി പന്തളം വലിയ തമ്പുരാൻ രേവതിനാൾ പി. രാമവർമ്മ രാജയുടെ പ്രതിനിധിയായി പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ **മൂലം നാൾ ശങ്കർ വർമ്മ**യെ നിശ്ചയിച്ചിരുന്നെങ്കിലും കുടുംബത്തിൽ വാലായ്മ വന്നതു കാരണം ചടങ്ങുകളിൽ പങ്കെടുക്കാൻ സാധിച്ചില്ല.

## അക്കരെ (കഥകൾ)
## പി.കെ. നന്ദനവർമ്മ




**ചാരുത ബുക്സ്, കോട്ടയം**
**പേജ് 176 വില 200 രൂപ**

യുക്തിബോധത്തിന് നിരക്കുന്ന ഇതിവൃത്തം, യഥാർത്ഥ മനുഷ്യരുടെ ഛായയും പ്രകൃതിയുമുള്ള കഥാപാത്രങ്ങൾ, വിശ്വസനീയമായ ജീവിത ചിത്രീകരണം, ഭാവസൂചകമായ അന്തരീക്ഷ സൃഷ്ടി, ധ്വന്യാത്മകമായ ആഖ്യാനം, ഗുണപാഠ പരാമർശത്തെക്കാൾ ഒരു ജീവിതാവസ്ഥയുടെ അന്തർഭാവത്തെ സ്ഫുരിപ്പിക്കാനുള്ള കഴിവ് തുടങ്ങിയവയൊക്കെയാണ് ചെറുകഥയെ പരമ്പരാഗതമായ കഥാരൂപങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. വീക്ഷണസമാനം, ബിംബവിന്യാസം, ഭാഷാശൈലി തുടങ്ങിയ ഘടകങ്ങളിലൊക്കെ സൂക്ഷ്മത പുലർത്തുന്ന രചനയാണ് ചെറുകഥ. (ചെറുകഥ: വാക്കും വഴിയും – ഡോ. കെ.എസ്. രവികുമാർ). എന്റെ മുമ്പിലുള്ള 'അക്കരെ' എന്ന കഥാസമാഹാരത്തിലെ 31 കഥകളിലും ഈ ഘടകങ്ങൾ ഏറിയും കുറഞ്ഞും ദൃശ്യമാണ്. ഏതാണ് മെച്ചമെന്ന് മത്സരിക്കുന്നതുപോലെയുള്ള കഥകൾ. സമാഹാരത്തിലെ ആദ്യത്തെ കഥയാണ് "അക്കരെ." ഗൾഫ് എന്ന തൊഴിൽ മേഖല കേരളത്തിന്റെ സാമൂഹ്യജീവിതത്തിനെ എത്രത്തോളം സ്വാധീനിച്ചെന്ന് വരച്ചു കാട്ടുന്ന ആ കഥയുടെ സിനിമാവിഷ്ക്കാരം വളരെയധികം ശ്രദ്ധിക്കപ്പെട്ടു. ഭരത്ഗോപി, മമ്മൂട്ടി, മോഹൻലാൽ, മാധവി, നെടുമുടിവേണു തുടങ്ങിയ താരങ്ങൾ അണിനിരന്ന ആ ചലച്ചിത്രം ഇന്ത്യൻ പനോരമയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

റിയലിസം, ഫാന്റസി (ഭ്രമകല്പന) പ്രേമം, കാമം, മനുഷ്യസ്നേഹം, നർമ്മം, സാമൂഹ്യവിമർശനം തുടങ്ങിയ വിവിധ ധാരകൾ ഈ കഥകളെ മെനഞ്ഞെടുത്തു. മനുഷ്യസ്നേഹം നിറഞ്ഞു നില്ക്കുന്ന "പാട്ട്", പ്രേമത്തിന്റെ അന്ധതയുള്ള "അഭയം, പ്രേതകഥയുടെ ഞടുക്കമേകുന്ന "പവിഴമല്ലിപ്പൂക്കളും ഒരു മരക്കുരിശും" കുടുംബ ബന്ധങ്ങളുടെ അസ്വാരസ്യങ്ങൾ സ്ഫുരിക്കുന്ന 'ശബ്ദമില്ലാത്ത താഴ്‌വര', 'ചെറിയമ്മ' 'തീരം', നഗ്നൻ', 'ഉയരത്തിൽ പറക്കുന്ന പക്ഷി' ജീവിതമെന്ന സമരത്തിന്റേയും സ്വാർത്ഥതയുടെയും 'നവാബ്', 'യജ്ഞപ്പശു, സാമൂഹ്യവിമർശനം ഉൾക്കൊള്ളുന്ന 'കാറ്റാടി, 'ഭഗവദ്ഗീത, ഒരു കൊലപാതകത്തിന്റെ കാരണം തേടിയുള്ള 'അന്വേഷത്തിന്റെ അവസാനം', അസാധാരണ സ്ത്രീ പുരുഷ ബന്ധങ്ങളുടെ 'കുഞ്ഞുപാത്തുമ്മയുടെ സ്വർണ്ണവാച്ച്, 'ഇഗ്നേഷ്യസ് നിങ്ങൾക്കെന്തുപറ്റി', 'സീത' , സർക്കാർ ഓഫീസുകളിലെ ചുവപ്പുനാട് പരാജയപ്പെടുത്തുന്നവരുടെ ജീവിതം തുടിയ്ക്കുന്ന 'രാമൻ നാരായണന്റെ ദുഃഖം', ഭ്രമാത്മകതയിലേക്കു പോകുന്ന 'മതിലുകൾക്കുള്ളിൽ' 'അപമൃത്യു', മനസ്സിനൊരു നൊമ്പരം തരുന്ന 'ശവത്തിന്റെ മരണം' എന്നിവ എടുത്തു പറയുന്നുവെന്നു മാത്രം. ഈ സമാഹാരത്തിലെ ഓരോ കഥയും ഓരോ വായനാനുഭവമാണ് കഥാകാരൻ നമുക്കേകുന്നത്.

ഈ കഥാസമാഹാരത്തിന് അവതാരിക എഴുതിയത് പ്രശസ്ത ചലച്ചിത്ര നിരൂപകനും സംവിധായകനുമായ ശ്രീ. വിജയകൃഷ്ണനാണ്. നമ്മുടെ കഥാസാഹിത്യത്തിലെ വേറിട്ട ഒരു സ്വരമാണ് 'അക്കരെ' യിലൂടെ നാം കേൾക്കുന്നതെന്നും പലരെയും അലോസരപ്പെടുത്തുകയും ചിലരെയെങ്കിലും പുനരാലോചനയ്ക്ക് പ്രേരിപ്പിക്കുന്ന സ്വരമാണെന്നും അവതാരകൻ പ്രസ്താവിക്കുന്നു.

കഥാകൃത്ത് റെയിൽവേയിലെ ഉദ്യോഗവുമായി ബന്ധപ്പെട്ട് ഉത്തരേന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ താമസിച്ചിരുന്ന അനുഭവം കഥാപാത്രങ്ങളുടെയും കഥയുടെ സൃഷ്ടിയിലും ഹേതുവായിട്ടുണ്ട്. അര നൂറ്റാണ്ടു കടന്നുവന്ന സഞ്ചാരത്തിനിടെ താൻ കടന്നുവന്ന ജീവിതസന്ധികൾ തന്നെയാണ് കഥകൾക്ക് ആധാരമെന്ന് അദ്ദേഹം ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. മലയാള ചെറുകഥയുടെ ചരിത്രത്തിൽ തനിക്കുമൊരു ഇടമുണ്ടെന്ന് വിളിച്ചു പറയുന്നതാണ് ഈ കഥകളെന്ന് വായനയെ ഗൗരവമായി സമീപിക്കുന്ന മലയാളിക്ക് ഉറപ്പിച്ചു പറയാൻ കഴിയും. ലഭ്യമാകുന്ന പുസ്തകങ്ങൾ വായിക്കാനും അതിൽ ആസ്വദിച്ചവ സുഹൃത്തുക്കളുമായി പങ്കുവയ്ക്കാനും മാത്രം അറിവുള്ള എന്നെ സംബന്ധിച്ചിടത്തോളം നല്ലൊരു ചാകരക്കോളായിരുന്നു 'അക്കരെ'.

**നിരൂപണം: കിഷോർകുമാർ വർമ്മ**

# ബാലവേദി

## My Passion

Devika Balram, New Delhi



Passion is something your heart likes, not something others want you to do. My passion is painting. What is yours? When I was small I did not know what my passion was. I liked to do many things. I liked to dance, sing, play on guitar and even got some training in Karate, but none of them was my passion. After a few months one of my friends sent a link to my mother for a class which was for 5 days. Each day it was something different like decoupage, home made clay modeling etc. One day it so happened that the teacher decided to teach us acrylic painting. My mother had bought some acrylic paints and canvas the day before, so I took them out and started painting. At first I was a little afraid because this was my first experience and also there was a lot of blending and I did not know how to blend. But surprisingly my painting came out very good and I enjoyed every second of it. And that is how I found my passion - painting. So friends, no one can decide what your passion is, the only person who can decide is - you.

## വരൂ അറിയാം എന്റെ ആലപ്പുഴയെ

**ശ്രീദ ശ്രീകാന്ത്,** മാവേലിക്കര



കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയാണ് ആലപ്പുഴ. ആലപ്പുഴയെ കിഴക്കിന്റെ വെനീസ് എന്ന് വിശേഷിപ്പിക്കുന്നു. കയർ വ്യവസായത്തിന് പ്രാധാന്യമുള്ള ജില്ലയാണ് ആലപ്പുഴ. ഏറ്റവുമധികം കയർ ഫാക്ടറികളും കയർ തൊഴിലാളികളും മത്സ്യത്തൊഴിലാളികളും ഉള്ളത് ആലപ്പുഴ ജില്ലയിലാണ്. കേരളത്തിലെ ആദ്യത്തെ പോസ്റ്റാഫീസും ഫിലിം സ്റ്റുഡിയോയും ഇവിടെയാണുള്ളത്. ഈ ജില്ലയെ ജലോത്സവങ്ങളുടെ നാടെന്നു വിശേഷിപ്പിയ്ക്കാറുണ്ട്. ലോകപ്രശസ്തമായ നെഹ്റു ട്രോഫി വള്ളംകളി നടക്കുന്നത് ആലപ്പുഴയിലെ പുന്നമടക്കായലിലാണ്. കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ ആസ്ഥാനം ആലപ്പുഴയിലാണ്. നൂൽ ഉല്പാദനത്തിലും കേരളത്തിൽ രണ്ടാംസ്ഥാനം ആലപ്പുഴ ജില്ലയ്ക്കാണ്. ഈ ജില്ലയിലുള്ള കുട്ടനാടിനെ കേരളത്തിന്റെ നെല്ലറ എന്നും കേരളത്തിന്റെ 'നെതർലാൻഡ്സ്' എന്നും വിശേഷിപ്പിക്കുന്നു. നീണ്ട കടലോരമുള്ള ജില്ലയുമാണിത്. ദിവാനായിരുന്ന രാജാ കേശവദാസനെ ആലപ്പുഴയുടെ ശില്പി എന്നറിയപ്പെടുന്നു. ഓട്ടൻതുള്ളൽ എന്ന കലാരൂപത്തിനു തുടക്കം കുറിച്ചത് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ചാണെന്നു പറയപ്പെടുന്നു.

ബുദ്ധമതത്തിന് ഏറെ സ്വാധീനമുള്ള പ്രദേശമാണ് ആലപ്പുഴ ജില്ല. പ്രശസ്ത ബുദ്ധമത കേന്ദ്രമായിരുന്ന ശ്രീമൂലവാസം ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴയിലായിരുന്നു. കേരളത്തിലെ ഏറ്റവും വലിയ ബുദ്ധവിഗ്രഹങ്ങൾ ആലപ്പുഴ ജില്ലയിലാണുള്ളത്.

# ബാലവേദി

കേരളത്തിന്റെ പക്ഷിഗ്രാമം എന്നു പറയുന്നത് ഈ ജില്ലയിലെ നൂറനാടാണ്. രാഷ്ട്രീയ, സാമൂഹ്യ സാംസ്ക്കാരിക, സാഹിത്യ രംഗത്തെ നിരവധി പ്രമുഖരുടെ ജന്മം കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും അനുഗ്രഹീതമായ ജില്ലയാണ് ആലപ്പുഴ. എനിക്ക് എന്തിഷ്ടമാണെന്നോ പ്രകൃതി രമണീയമായ ഈ നാട്.

## I am a Magician

**Tanvi Varma,** Bangalore



I do magic everywhere
Oh, I have more magic to spare
So can you guess my favourite tool ?
It's black and strong but not too long.

As I take my magic wand
And brandish it all around
My magic is always near
And it's crystal clear

Whenever I hold my wand
I feel magic spreading around
Magic is nice and lot of fun
From my hat I pulled out a bun !

## പ്രകൃതിയുടെ പ്രണയിനി

**ഭാവന വർമ്മ,** ഇളയകോവിലകം, കാരാപ്പുഴ, കോട്ടയം



കാർമേഘം പോൽ ഒന്നായി ജനിച്ചിട്ടും
സമുദ്രത്തിനോടു ചേരാനുള്ള യാത്രയിൽ
മഴത്തുള്ളികൾ പോൽ, നാം പിരിയുന്നു.

ഒന്നായി പിറന്ന്, ഒന്നായി പൊഴിഞ്ഞ്
ഒന്നായി ചേരുന്ന മഴത്തുള്ളികൾ പോലും
യാത്രാ മധ്യേ പലതായി പിരിയുന്നു.

മഴയ്ക്ക് ശേഷം അവർ ഒഴുകി
ഒന്നാകുമെന്ന വിശ്വാസത്തിൽ.

പ്രതീക്ഷിക്കാതെ വീശുന്ന കാറ്റിൽ
ആനന്ദത്താൽ നൃത്തമാടും;
പൂക്കളേയും നാം കാണുന്നു.
എന്നാൽ, അവരെ ആ മണ്ണിൽബന്ധിച്ചു നിർത്തിയ
വേരുകളോടുള്ള
കോപമാണോ ആ നൃത്തം, ആർക്കറിയാം?

സൂര്യകിരണത്താൽ വിരിയുന്ന
പൂക്കളുടെ നിറങ്ങൾക്കായിരിക്കാം സൗന്ദര്യം
എന്നാൽ, ഇരുട്ടിൽ പെയ്യുന്ന മഴയെ
പ്രണയിക്കുന്നവൾക്ക്
രാത്രിയിൽ വിടരുന്ന പൂവിന്റെ ,
സൗരഭ്യത്തിനോടായിരിക്കാം പ്രണയം.

രശ്മിയുടെ തിളക്കമുള്ള നിൻ മിഴികൾക്കും
ഇരുട്ടിന്റെ ഏകാന്തതയിൽ പെയ്യുന്ന
മഴത്തുള്ളിയായ നിൻ കണ്ണുനീരിനും
തിരിയുടെ അറ്റത്തു കത്തുന്ന പ്രകാശമായ
നിൻ പുഞ്ചിരിക്കും
കേൾക്കാൻ കൊതിക്കുന്ന ഈണത്തിൽ പാടും
കിളിയുടെ ശബ്ദത്തിലും...

പ്രിയപ്പെട്ടപ്രകൃതി,
നീയൊരു മനുഷ്യനായിരുന്നെങ്കിൽ
നിന്നെ പ്രണയിക്കാൻ
ഒപ്പം ഞാനുമുണ്ടാകുമായിരുന്നു. ●

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

നവംബർ - ഡിസംബർ മാസങ്ങളിൽ രണ്ടു മീറ്റിംഗുകൾ സഭാ ഓഫീസിൽ വച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് കൂടുകയുണ്ടായി.

**അനുശോചനം**

എണ്ണയ്ക്കാട്ട് കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി ഉമാദേവി തമ്പുരാട്ടി

പൂഞ്ഞാർ കൊട്ടാരത്തിലെ അംഗവും സഭയിലെ മുതിർന്ന അംഗവുമായ അംബികാദേവി വർമ്മ

കവിയും അന്തരിച്ച അംബികാദേവി വർമ്മയുടെ ഭർത്താവുമായ പ്രൊഫ. പ്രഭാകരൻ നായർ (സൂര്യചൈതന്യൻ)

സഭയിലെ മുതിർന്ന അംഗങ്ങളായ ആർ. രാജരാജ വർമ്മ, ആർ. രാമവർമ്മ എന്നിവരുടെ മാതാവ് ചേർത്തല കോപ്പുഴ കോവിലകത്തെ എൻ. രാജാംബിക തമ്പുരാട്ടി എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചു.

**റിയാക്ട്**
**ദീപാവലി ധനസഹായം**

ദീപാവലി ധനസഹായ പദ്ധതി പ്രകാരം നിർദ്ധനരായ ക്ഷത്രിയ കുടുംബാംഗങ്ങൾക്കുള്ള ധനസഹായമായ 5000 രൂപ സലിൽകുമാർ വർമ്മ, കിളിമാനൂർ കൊട്ടാരത്തിലെ മിനി വർമ്മ എന്നിവർക്ക് നൽകി.

സഭയുടെ വാർഷിക വരിസംഖ്യയായ 250 രൂപ (കുടുംബത്തിന്) എന്നത് ഒരു കുടുംബത്തിലെ 18 വയസ്സിന് മുകളിലുള്ള ഒരു അംഗത്തിന് 150 രൂപ എന്നാക്കി പുതുക്കി നിശ്ചയിച്ചു. ഏപ്രിൽ 1-ാം തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതാണ്

രാമായണപാരായണ മത്സര വിജയികൾക്കുള്ള സമ്മാനദാനം അവരവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രസിഡന്റ് എ.സി. ഗോദവർമ്മ വിതരണം ചെയ്തു.സെക്രട്ടറി അജയ വർമ്മ രാജ, എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ അജിത്ത് വർമ്മ, വനിതാവിഭാഗം സെക്രട്ടറി ശ്രീകല വർമ്മ എന്നിവർ നേതൃത്വം നൽകി.

**രാമായണ പാരായണ മത്സര വിജയികൾ**



ഒന്നാം സമ്മാനം: മഞ്ജുള വർമ്മ



രണ്ടാം സമ്മാനം: ആർ. രഘുനാഥവർമ്മ

**തിരുവാതിര ആഘോഷം**

ഈ വർഷത്തെ തിരുവാതിരയും എട്ടങ്ങാടി നിവേദ്യവും ഡിസംബർ 28ന് സഭാ ഓഫീസിൽ അരങ്ങേറി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ ചടങ്ങിൽ ഇരുപതോളം അംഗങ്ങൾ



പങ്കെടുത്തു. കുമാരി തീർത്ഥ വർമ്മ നിവേദ്യം സമർപ്പിച്ചു. വനിതാ പ്രസിഡന്റ് ഉഷാ രാമവർമ്മ ചടങ്ങുകൾക്ക് നേതൃത്വം നൽകി. പ്രസിഡന്റ് ഏ.സി. ഗോദവർമ്മ, സെക്രട്ടറി അജയവർമ്മ രാജ, കേന്ദ്രസഭാ വൈസ് പ്രസിഡന്റ് ശോഭനാ വർമ്മ എന്നിവരും സന്നിഹിതരായിരുന്നു.

## പന്തളം

യൂണിറ്റ് ഭരണസമിതി എല്ലാ മാസവും യോഗം ചേരാറുണ്ട്. ക്ഷാത്രസ്പന്ദനം, 2020-21 വർഷത്തെ മെമ്പർഷിപ്പ് പുതുക്കൽ എല്ലാം പൂർത്തിയായി. കൊവിഡ് പ്രതിസന്ധി മൂലം പൊതുയോഗം വിളിച്ചുകൂട്ടുന്നതിനോ, വാർഷികം, വിനോദയാത്ര തുടങ്ങിയവ നടത്താനോ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. സാഹചര്യം അനു

കൂലമായി വന്നാൽ ജനുവരി-ഫെബ്രുവരി മാസത്തോടെ വാർഷിക സമ്മേളനം നടത്താൻ ആലോചിക്കുന്നു.

കൊവിഡ് നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും, കൊട്ടാരം വക ശിവക്ഷേത്രത്തിൽ പ്രദോഷപൂജ മുടക്കമില്ലാതെ നടന്നുവരുന്നു. ഈ കാലയളവിൽ REACT-ൽ നിന്നുള്ള ചികിത്സാ സഹായം പന്തളം യൂണിറ്റിന്റെ പരിധിയിൽ ഉള്ള ആറന്മുള, ഓമല്ലൂർ എന്നീ സ്ഥലങ്ങളിലെ രണ്ട് ബന്ധുക്കൾക്ക് ലഭിക്കുകയുണ്ടായി.

**തിരുവാതിര ആഘോഷം**

*ധനുമാസത്തിൽ തിരുവാതിര*
*ഭഗവാൻ തന്റെ തിരുനാളല്ലോ...*
*ഭഗവതിക്കും തിരുനോയമ്പ്...*
*കുളിക്കണം പോൽ, തുടിക്കണം പോൽ...*
*ആതിര പൂനുള്ളി ചൂടണം പോൽ...*

ധനുമാസ കുളിരിനിടയിലും, പന്തളം, കൈപ്പുഴ മണ്ണടി ക്ഷേത്രാങ്കണം ഉണർന്നിരുന്നു. എട്ടങ്ങാടി തിരുവാതിര രാത്രികൾ. ശ്രീ പരമേശ്വരനേയും, പാർവ്വതീദേവിയേയും മനസ്സിൽ ധ്യാനിച്ച്, മങ്കമാർ ആനന്ദനൃത്തമാടി. പന്തളം ക്ഷത്രിയക്ഷേമസഭയുടെ നേതൃത്വത്തിൽ, വനിതാവിഭാഗത്തിന്റെ ആതിരരാവ് ഗംഭീരമായി.

നിറഞ്ഞാടിയും, പാടിയും തിരുവാതിരരാവുകളെ ധന്യമാക്കി. അക്കരെയിക്കരെയുള്ള എല്ലാ ക്ഷത്രിയരുടേയും കൂട്ടായ്മയാണ് പരിപാടി മനോഹരമാക്കിയത്.കൊവിഡ് രോഗഭീതിക്കിടയിലും ഇങ്ങനെയൊരു കൂട്ടായ്മ ഉണ്ടായതിന് നന്ദിയോടെ എല്ലാവരേയും സ്മരിക്കുന്നു.

രണ്ടു ദിവസവും ഓമല്ലൂർ നിന്നുള്ള കമ്മിറ്റി അംഗങ്ങളും പങ്കെടുത്തിരുന്നു.

“ശ്രീ മഹാദേവനൊരാനയായി...” പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിലെ ലത ചേച്ചിയും, ചന്ദ്രിക ചേച്ചി (ചിന്മയ പാലസ്) യും, തെക്കേടത്തു കൊട്ടാരത്തിലെ അനിയത്തി ചിറ്റയും ചേർന്നു പാടിയ തിരുവാതിര പാട്ടിൽ, ശ്രുതിയുടേയും (മുണ്ടയ്ക്കൽ കൊട്ടാരം), പ്രസീദ ചേച്ചിയുടേയും നേതൃത്വത്തിൽ മങ്കമാർ ചുവടുവച്ചു.

*“വെൺ താമര പൂവിൽ മേവും പെണ്ണേ....*
*വെളുവെളെ മേനി നിറമുള്ളോളെ...*
*വെൺമുത്തുമാല അണിഞ്ഞവളെ..??”*




“ദേവി സതീദേവി ചെന്നു.... പിന്നെ ഹിമവാൻ തന്റെ മകളായ് ജനിച്ചു....

പാർവ്വതി എന്നൊരു നാമവുമിട്ടിട്ടന്നവുമൂട്ടി വളർത്തി...” മാളിക കൊട്ടാരത്തിലെ ലേഖ ചേച്ചിയുടേയും, ലതിക ചേച്ചിയുടേയും പാട്ട്.

“തൃശ്ശിവപേരൂർ മതിലകത്ത്... സാരസാക്ഷികൾ കേൾപ്പതിനെല്ലാരും...

ധന്യമാം ദശപുഷ്പം ചൂടുവാൻ... തോഴിമാരേ...പോരുനിങ്ങൾ...” മണ്ണടി ഭഗവതിയുടെ തിരുമുറ്റത്തു നടന്ന എട്ടങ്ങാടി തിരുവാതിര ചടങ്ങുകൾ നയനാനന്ദകരമായി.

സന്തോഷവും, പ്രതീക്ഷയും നിറഞ്ഞ ഒരു പുതുവർഷം ആശംസിച്ചു കൊണ്ട്,

പന്തളം ശാഖാംഗങ്ങൾ.

## വൈക്കം

കോവിഡ് വ്യാപന ആശങ്കയിൽ സാധാരണനിലയിൽ ഉള്ള പ്രവർത്തനങ്ങൾ മുടങ്ങിയിട്ടുണ്ട്. ക്ഷാത്രസ്പന്ദനം വിതരണത്തിനായി എല്ലാ കുടുംബങ്ങളും സന്ദർശിച്ചു. അവരുടെ മംഗളകാര്യങ്ങളിൽ സഭാപ്രവർത്തകർ പങ്കെടുക്കുന്നുണ്ട്. കേന്ദ്രസഭയുടെ ദീപാവലി സമ്മാനം രണ്ട് അംഗങ്ങൾക്ക് ലഭ്യമാക്കി. സഭയുടെ വരുമാനമാർഗ്ഗമായ ഫോട്ടോസ്റ്റാറ്റ്, ഡി.ടി.പി സെന്ററിൽ പുതിയ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിച്ചു.

## തിരുവല്ല

തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ 2020-21 വർഷത്തെ ആദ്യ കമ്മിറ്റി മീറ്റിംഗ് 6/12/2020-ൽ പാലിയേക്കര കൊട്ടാരത്തിൽ വച്ച് പ്രസിഡന്റ് പി.ആർ. വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടി. കോവിഡ് മാനദണ്ഡപ്രകാരം സാമൂഹ്യ അകലം പാലിച്ചുകൊണ്ടും മാസ്ക് ധരിച്ചു കൊണ്ടും ആണ്

എല്ലാവരും മീറ്റിങ്ങിൽ പങ്കുകൊണ്ടത്. കേന്ദ്രസഭ അംഗീകരിച്ച പ്രാർത്ഥനാ മന്ത്രം ആലപിച്ചു.

കഴിഞ്ഞ കമ്മിറ്റി മീറ്റിങ്ങിനു ശേഷം അന്തരിച്ച സമുദായാംഗങ്ങൾക്ക് ആദരാഞ്ജലി അർപ്പിച്ചു. സെക്രട്ടറി സൂര്യകുമാർ റിപ്പോർട്ടും ട്രഷറർ രാജേന്ദ്രവർമ്മ 2019–'20 ലെ വാർഷിക കണക്കും 2020–21 ലെ നവംബർ 30 വരെയുള്ള കണക്കും അവതരിപ്പിച്ചു. ചർച്ചകൾക്കു ശേഷം അവ അംഗീകരിച്ചു. ദക്ഷിണമേഖലാ സമ്മേളനം വിജയിപ്പിക്കുവാൻ സഹായിച്ച എല്ലാ യൂണിറ്റുകൾക്കും സമുദായാംഗങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചു. പ്രവർത്തനത്തിൽ ഭാഗഭാക്കായ എല്ലാ കമ്മറ്റി അംഗങ്ങളേയും അനുമോദിച്ചു. കോവിഡുകാലത്ത് നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി സെക്രട്ടറി വിശദീകരിച്ചു. കോവിഡ് ഭീതിയിൽ പുറത്തിറങ്ങാൻ കഴിയാതിരുന്ന സഭാംഗങ്ങൾക്ക് അത്യാവശ്യ സാധനങ്ങൾ വീട്ടിൽ എത്തിക്കുക, സാമ്പത്തിക സഹായം, വൈദ്യ സഹായം, ഓൺലൈനായി ബില്ലുകൾ അടച്ചു കൊടുക്കുക എന്നിവ പ്രവർത്തനങ്ങളിൽപ്പെടുന്നു.

**സ്കോളർഷിപ്പ്**

2020–21 വർഷത്തേക്ക് സ്കോളർഷിപ്പ് നൽകേണ്ട കുട്ടികളുടെ ലിസ്റ്റ് അംഗീകരിച്ചു.

| | |
|---|---|
| 5 to 7 Std - | 1000 |
| 8 to 10 Std - | 2000 |
| +1& +2 - | 3000 |

നിർമ്മൽ സ്കോളർഷിപ്പ് 1000 എന്നിവയാണ് സ്കോളർഷിപ്പുകൾ. തൻവർഷം 6 പേർക്ക് ആണ് സ്കോളർഷിപ്പ് നൽകുന്നത്. 2021 വർഷത്തിലെ കലണ്ടർ അച്ചടിപ്പിച്ചു സൗജന്യമായി അംഗങ്ങൾക്കു നൽകാൻ തീരുമാനിച്ചു. സഭയുടെ കാരുണ്യ പദ്ധതിയിൽ നിന്നും 2019–20, 2020–21 വർഷങ്ങളിലായി മൂന്നു കുടുംബാംഗങ്ങളെ സഹായിച്ചു. റിയാക്കിലേക്കു സംഭാവന നൽകാനും കഴിഞ്ഞു. രണ്ടിനും കൂടി 40000 രൂപ ചിലവഴിച്ചു. കൂടാതെ ശവസംസ്കാര ചടങ്ങുകൾ നടത്തുന്നതിനായി രണ്ടു കുടുംബങ്ങൾക്ക് 5000 രൂപ വീതം 10000 രൂപ വീതം നൽകി.

തിരുവല്ലയിലെ വനിതാ വിഭാഗം ഭഗവദ് ഗീതാപാരായണം, നാരായണീയ പാരായണം എന്നിവ കേന്ദ്ര വനിതാസഭയുടെ നിർദേശ പ്രകാരം നടത്തി.

കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുടെ ഭാഗമായി മേൽക്കൂര നിർമ്മിക്കുക, പെയിന്റിംഗ് നടത്തുക, റീ വയറിങ് നടത്തി എല്ലാ കടക്കാർക്കും പ്രത്യേക മീറ്റർ സ്ഥാപിക്കുക തുടങ്ങിയവ ചെയ്യാൻ തീരുമാനിച്ചു. ദക്ഷിണമേഖലാ സമ്മേളനത്തിൽ തിരുവല്ല സഭ പ്രഖ്യാപിച്ച 'യോഗക്ഷേമം വഹാമ്യഹം' പദ്ധതിയുടെ ഭാഗമായി കാരുണ്യ പ്രവർത്തനം വിപുലപ്പെടുത്താൻ വീടുകളിൽ വിതരണം ചെയ്യാനായി വാങ്ങിയ ഭഗവദ്ഗീതയും വഞ്ചികയും എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിന് തീരുമാനിച്ചു. കമ്മിറ്റി അംഗങ്ങൾ കൂടുതൽ അംഗങ്ങളിൽ നിന്നും കാരുണ്യ ഫണ്ട് സ്വരൂപിക്കാനും വിദ്യാഭ്യാസ, ചികിത്സാ ആവശ്യങ്ങൾക്കുള്ള സഹായം കൂടുതൽ പേർക്ക് നൽകാനും തീരുമാനമെടുത്തു. നന്ദി പ്രകാശനത്തിനു ശേഷം യോഗം അവസാനിച്ചു.

## കരിവെള്ളൂർ

യൂണിറ്റ് ഭരണസമിതിയോഗം 3–01–2021–ന് പ്രസിഡന്റ് പി.എം സുബ്രഹ്മണ്യന്റെ ഓണക്കുന്നിലുള്ള വസതിയിൽ വെച്ച് നടന്നു. യൂണിറ്റ് വനിതാവിഭാഗം പ്രസിഡന്റ് എൻ.പി വത്സല സുബ്രഹ്മണ്യന്റെ ഈശ്വരപ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. യൂണിറ്റ് ട്രഷറർ എൻ.കെ.കെ ഉണിത്തിരി സ്വാഗതം പറഞ്ഞു. പ്രസിഡന്റ് പി.എം സുബ്രഹ്മണ്യൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമുദായത്തിലെ മുതിർന്ന അംഗമായ നൂഞ്ഞിയിൽ പുതിയ മഠത്തിൽ ലക്ഷ്മിഭായ് എന്ന ഉമ്മുക്കുട്ടിപിള്ളയാർതിരിയമ്മയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് യൂണിറ്റ് സെക്രട്ടറി ടി.എം ശ്രീകുമാർ 2019–20 വർഷത്തെ വിശദമായ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. ട്രഷറർ എൻ.കെ.കെ ഉണിത്തിരി വാർഷിക വരവ്–ചിലവ് കണക്കും ഓഡിറ്റ് റിപ്പോർട്ടും യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന് റിപ്പോർട്ടിന്മേലും വരവ്–ചിലവ് കണക്കിന്മേലും വിശദമായ ചർച്ച നടന്നു. യൂണിറ്റ് രക്ഷാധികാരി വി.എം ദാമോദരൻ, വൈസ് പ്രസിഡന്റ് ഇ.മാധവൻ, ജോയിന്റ് സെക്രട്ടറി ഇ.എം കൃഷ്ണകുമാർ കമ്മിറ്റി അംഗങ്ങളായ സി.കെ രാഘവവർമ്മ, കെ. ചന്ദ്രകാന്തൻ, എൻ.പി കുഞ്ഞിനാരായണൻ, സി.കെ ശ്രീധരവർമ്മ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ചർച്ചയ്ക്ക് ശേഷം റിപ്പോർട്ടും വരവ്–ചിലവ് കണക്കും അംഗീകരിച്ചു. തുടർന്ന് പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്ന നടപടി ആരംഭിച്ചു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നിലവിലുള്ള ഭരണസമിതി തന്നെ 31–03–2021 വരെ തുടരുന്നതാണ് ഉചിതമെന്ന യോഗത്തിന്റെ പൊതുവികാരം യോഗം അംഗീകരിച്ചു.

തുടർന്ന് സമുദായ ശ്മശാനത്തിന് നിബന്ധനകളോടെ ജില്ലാ കളക്ടറിൽ നിന്ന് ലൈസൻസ് അനുവദിച്ചു കിട്ടിയതായി പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു.

നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായി വരുന്ന തുക സഭയുടെ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് യോഗം അംഗീകാരം നൽകി. തുടർന്ന് ഇ.എം കൃഷ്ണകുമാർ നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.



**REACT ധനസഹായ വിതരണം**

കരിവെള്ളൂർ യൂണിറ്റിന്റെ പരിധിയിൽ വരുന്ന കരിവെള്ളൂർ തെക്കെ മണക്കാട്ട് താമസിക്കും ശ്രീദേവി അന്തർജനം പുളിമ്പ ഇല്ലം എന്നിവർക്ക് REACT-ൽ നിന്നും അനുവദിച്ച സാമ്പത്തിക സഹായമായ 10000/-രൂപയുടെ ചെക്ക് കരിവെള്ളൂർ യൂണിറ്റ് പ്രസിഡന്റ് പി.എം.സുബ്രഹ്മണ്യൻ ശ്രീദേവി അന്തർജനത്തിന് 03-01-2021-ന് കൈമാറി.

ക്ഷത്രിയക്ഷേമസഭ മുൻ സംസ്ഥാന വൈസ് പ്രസിഡന്റും, യൂണിറ്റ് സെക്രട്ടറിയുമായ ടി.എം ശ്രീകുമാർ, യൂണിറ്റ് ട്രഷറർ എൻ.കെ.കെ ഉണിത്തിരി എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

## കോട്ടയം

പന്തളത്തു നിന്നുള്ള തിരുവാഭരണ പല്ലക്ക്വാഹകർക്കു തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ സൗജന്യ കോവിഡ് പരിശോധന നടത്തണമെന്നു ക്ഷത്രിയ ക്ഷേമസഭയുടെ ആചാരാനുഷ്ഠാന സംരക്ഷണ സമ്മേളനം ആവശ്യപ്പെട്ടു. ശബരിമല തീർഥാടകർക്കായി നിലയ്ക്കലിൽ കോവിഡ് പരിശോധന കേന്ദ്രം ആരംഭിക്കണമെന്ന പ്രമേയവും യോഗം അംഗീകരിച്ചു. നിലയ്ക്കലിൽ എത്തുന്ന തീർഥാടകരെ എരുമേലിയിലും പത്തനംതിട്ടയിലുമുള്ള ആശുപത്രികളിലേക്ക് അയക്കുകയാണ്. സ്വകാര്യആശുപത്രികളിൽ പരിശോധനയ്ക്ക് ഭീമമായ തുകയാണ് വാങ്ങുന്നത്. തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ ഏർപ്പെടുത്തിയ കോവിഡ് ടെസ്റ്റ് കേന്ദ്രം (സ്റ്റെപ് കിയോസ്ക്) മാതൃക നിലയ്ക്കലിൽ സ്വീകരിക്കണം.

ആന്റിജൻ പരിശോധന ഫലം ഒരു മണിക്കൂറിനകവും ആർടിപിസിആർ ഫലം 24 മണിക്കൂറിനകവും ലഭ്യമാക്കണം. മകരവിളക്ക് തീർഥാടനം സുഗമമാക്കുന്നതിനു സമുദായ സംഘടനാ പ്രതിനിധികളുടെ യോഗം മുഖ്യമന്ത്രി വിളിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

തിരുവാഭരണ ഘോഷയാത്രയ്ക്കു നേതൃത്വം നൽകുന്ന പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ എൻ. ശങ്കർ വർമ്മയ്ക്ക് സ്വീകരണം നൽകി. സ്വാഗത സംഘം രക്ഷാധികാരി യു. അജിത്ത് വർമ്മ അധ്യക്ഷത വഹിച്ചു. സംഗീതജ്ഞൻ കെ.ജി. ജയൻ (ജയവിജയ) സമ്മേളനം ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ ബി. ഗോപകുമാർ, ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി ആത്മജവർമ്മ തമ്പുരാൻ, മേഖല സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ, ടി.ആർ.അശോകൻ, പി. ദാസപ്പൻ നായർ, കെ.എ.മുരളി, കെ.എൻ. നാരായണൻ നമ്പൂതിരി, എച്ച്.രാമനാഥൻ, സി.പി. മധുസൂദനൻ, കെ.പി.കമലപ്പൻ നായർ, എം.മധു, പി.സി.ഗിരീഷ്കുമാർ, രാജേഷ് നട്ടാശേരി എന്നിവർ പ്രസംഗിച്ചു.

അയ്യപ്പസ്വാമിക്ക് മകര സംക്രമ ദിനത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ വഹിച്ചുള്ള ഘോഷയാത്ര 12ന് ഉച്ചയ്ക്ക് ഒരു മണിക്ക് പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിൽ നിന്നു പുറപ്പെടും. 14 നാണ് മകരവിളക്ക്.

## കരപ്പുറം

2020 നവംബർ 14ന് നടന്ന നിർവ്വാഹക സമിതി യോഗത്തിൽ നമ്മുടെ വാർഷിക പൊതുയോഗം നടത്തുന്നതിനെ സംബന്ധിച്ചാണ് പ്രധാനമായും ചർച്ച നടന്നത്. മെയ് മാസത്തിൽ നടക്കേണ്ട വാർഷിക സമ്മേളനം കൊറോണാ പ്രതിസന്ധി മൂലം രണ്ടു തവണ നീട്ടിവെച്ചു കഴിഞ്ഞു. നിർവ്വാഹക സമിതിയിൽ ഇക്കാര്യത്തെ സംബന്ധിച്ചു വിശദമായ ചർച്ച നടന്നു എങ്കിലും പൊതുധാരണ പ്രകാരം 2021 ജനുവരി അവസാനം ഒരു നിർവ്വാഹക സമിതി കൂടി സാഹചര്യങ്ങൾ വിലയിരുത്തിയതിനുശേഷം വാർഷിക പൊതുയോഗത്തിന്റെ തീയതി നിശ്ചയിക്കാം എന്നു തീരുമാനിക്കുകയാണ് ഉണ്ടായത്.

1196 ലെ തിരുവാതിര ആഘോഷം ഡിസംബർ 28, 29 തീയതികളിൽ വിപുലമായ രീതിയിൽ സഭാമന്ദിരത്തിൽ നടത്താൻ തീരുമാനിച്ചെങ്കിലും നമ്മുടെ ഒരു കുടുംബത്തിൽ ചില അംഗങ്ങൾക്ക് കൊറോണ പോസിറ്റീവ് ആയ സാഹചര്യം ഉണ്ടായതിനാൽ ആ ആഘോഷവും നടത്തേണ്ട എന്നു തീരുമാനിക്കേണ്ടിവന്നു.

കരപ്പുറം ക്ഷത്രിയ സഭാംഗങ്ങളുടെ സാമ്പത്തിക സമാഹരണ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മാർച്ചിൽ നടപ്പിൽ വരുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## നീലേശ്വരം

**16.12.2020ന് വടക്കേ കോവിലകത്തുവെച്ച് നടന്ന ഭരണസമിതി യോഗ തീരുമാനങ്ങൾ**

2020 ഡിസംബർ 31നു മുമ്പ് അംഗത്വ വരിസംഖ്യ പിരിച്ചെടുക്കാൻ തീരുമാനിച്ചു.

2021 ജനുവരി മാസം മുതൽ സഭയുടെ സമ്പാദ്യപദ്ധതി തുടങ്ങാൻ തീരുമാനിച്ചു.

2021 മാർച്ച് മാസത്തിൽ സഭയുടെ പൊതുയോഗം നടത്താൻ തീരുമാനിച്ചു.

കൊറോണ കാലഘട്ടത്തിൽ നടത്തിയ റിയാക്ടിന്റെ ക്ഷേമ പ്രവർത്തനങ്ങളെ യോഗം പ്രത്യേകം അഭിനന്ദിച്ചു.

**അനുശോചനം**

നീലേശ്വരം കോവിലകം അള്ളട സ്വരൂപം കിണാവൂർ കോവിലകത്ത് തങ്കമണി മൂത്ത തമ്പുരാട്ടിയുടെ ഭർത്താവ് കടന്നമണ്ണ കോവിലകത്ത് വള്ളുവക്കോനാതിരി ജനാർദ്ദനൻ വലിയരാജയുടെ ദേഹവിയോഗത്തിൽ നീലേശ്വരം ക്ഷത്രിയക്ഷേമസഭ അനുശോചനം അർപ്പിച്ചു. ചടങ്ങിൽ യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മരാജ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എ.സി. രാകേഷ് സ്വാഗതവും കെ.സി. മാനവർമ്മരാജ, ടി.സി. കൃഷ്ണവർമ്മ രാജ, കെ.സി. രവിവർമ്മരാജ, ടി.സി. ഭാഗ്യപ്രഭ, പി.കെ. സുഭാഷ് തുടങ്ങിയവർ അനുശോചനമർപ്പിച്ചു സംസാരിച്ചു.

**തളിയിൽ ക്ഷേത്രോത്സവം**

നീലേശ്വരം തളിയിൽ ശ്രീ നീലകണ്ഠേശ്വരം ക്ഷേത്രത്തിലെ ഈ വർഷത്തെ ഉത്സവാഘോഷ നടത്തിപ്പിനെക്കുറിച്ചുള്ള ഒരു യോഗം തെക്കെ കോവിലകത്തു വെച്ച് ക്ഷേത്രം ട്രസ്റ്റി ടിസി. ഉദയ

*ശേഷം പേജ് 77 ൽ*

**കമലാവതി കോവിലമ്മ**



കോട്ടയ്ക്കൽ പരേതനായ സി. പി. ഉദയവർമ്മൻ ഏറാടിയുടെ ഭാര്യ കല്ലറക്കുഴിയിൽ കമലാവതി കോവിലമ്മ (95) അന്തരിച്ചു.

മക്കൾ: ഇന്ദിരാ വർമ്മ (ആർ ബി ഐ റിട്ട. ഉദ്യോഗസ്ഥ), ഹരികുമാർ (ജർമൻ റെമഡീസ്, തിരുവനന്തപുരം). മരുമക്കൾ: അനിത, പരേതനായ സുകുമാര വർമ്മ.

**ചെറിയേട്ടൻ രാജ**



മാങ്കാവ് കോവിലകത്തെ ചെറിയേട്ടൻ രാജ (റിട്ട. എംപ്ലോയ്മെന്റ് ഓഫീസർ) അന്തരിച്ചു.
ഭാര്യ:വത്സല ടീച്ചർ (ചെറുകുന്ന് കവിനിശ്ശേരി കോവിലകം)
മകൻ. അംബാദാസ്.

**കേരള വർമ്മ**



തൃപ്പൂണിത്തുറ കണ്ണെഴുത്ത് പുറത്തെ മഠത്തിൽ കേരള വർമ്മ (അപ്പുകുട്ടൻ-88) നിര്യാതനായി.

കൊച്ചി ക്ഷത്രിയ സമാജം അംഗം ആണ്. ഭാര്യ: പൂഞ്ഞാർ കൊട്ടാരത്തിൽ തങ്കമണി തമ്പുരാട്ടി. മക്കൾ: സുധീർ, രാധിക, അംബിക.

**ഭാനുമതിതമ്പുരാട്ടി**



പടിഞ്ഞാറെ ചിറക്കൽ കോവിലകത്ത് ഭാനുമതി തമ്പുരാട്ടി (82) അന്തരിച്ചു. ഭർത്താവ്: പന്തളം കൊട്ടാരത്തിലെ പരേതനായ രാജരാജവർമ്മ. മക്കൾ: സിന്ധു വർമ്മ, രാജേഷ് വർമ്മ, മഹേഷ് വർമ്മ. മരുമക്കൾ: പരേതനായ വീരവർമ്മ, പൂർണ്ണിമാ വർമ്മ.

**പങ്കജാക്ഷി തമ്പുരാട്ടി**




തിരുവല്ല കടപ്ര തുളിശാല കോയിക്കൽ പങ്കജാക്ഷി തമ്പുരാട്ടി (96) നിര്യാതയായി. പയ്യന്നൂർ ചെറുതാഴം കുടൽവള്ളി ഇല്ലത്ത് പരേതനായ നാരായണൻ നമ്പൂതിരിയുടെ പത്നിയാണ്.

മക്കൾ: പരേതനായ മധുസൂദനൻ തമ്പുരാൻ, അമ്മിണി തമ്പുരാട്ടി (കോഴിക്കോട്), ശ്യാമള തമ്പുരാട്ടി (ചങ്ങനാശ്ശേരി), പ്രശസ്ത കവി പ്രഭാ വർമ്മ (തിരുവനന്തപുരം).

# ബാഷ്പാഞ്ജലി

## കേരളവർമ്മ മൂത്ത കോയി തമ്പുരാൻ



കിളിമാനൂർ കൊട്ടാരം വലിയ തമ്പുരാനും ശ്രീപണ്ടാരകാര്യം ചെയ്‌വാർകളും ആയിരുന്ന ഉത്യട്ടാതി തിരുനാൾ കേരളവർമ്മ മൂത്ത കോയി തമ്പുരാൻ (104) അന്തരിച്ചു. പുല്യാട് മനയ്ക്കൽ വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും കിളിമാനൂർ കൊട്ടാരത്തിലെ മകയിരം തിരുനാൾ ചെറൂട്ടി തമ്പുരാട്ടിയുടെയും പുത്രനാണ്. ഏഴ് വർഷം തിരുവിതാംകൂർ ഭരിച്ച റീജന്റ് മഹാറാണി സേതു ലക്ഷ്മീഭായി തമ്പുരാട്ടിയുടെ മൂത്ത പുത്രി പരേതയായ ഉത്രം തിരുനാൾ ലളിതാഭായി തമ്പുരാട്ടിയാണ് ഭാര്യ.

പ്രാഥമിക വിദ്യാഭ്യാസം കിളിമാനൂരിലും ഹൈസ്ക്കൂൾ, ബിരുദ പഠനം തിരുവനന്തപുരത്തും ആയിരുന്നു.

മക്കൾ: രുഗ്മിണി, ഉമ, പരേതയായ പാർവതി, ലക്ഷ്മി, അംബിക, ബാലഗോപാൽ, ദേവിക

മരുമക്കൾ: പരേതനായ ദേവിപ്രസാദ്, ഗോദവർമ്മ, ആർ. ടി. രവിവർമ്മ, പരേതനായ രഘുനന്ദനൻ തമ്പുരാൻ, ഡോ. കെ.എം. കേരളവർമ്മ, വിദ്യാവർമ്മ, രാധാകൃഷ്ണൻ തമ്പുരാൻ.

## കൊടുങ്ങല്ലൂർ കോവിലകം വലിയ തമ്പുരാൻ




ചിറയ്ക്കൽ കോവിലകം രാമവർമ്മ രാജ (97) അന്തരിച്ചു. ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളിലെ സ്ഥാനീയനാണ്. തെക്കേടത്ത് കടലായിൽ നാരായണൻ നമ്പൂതിരിയുടെയും കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകം കുഞ്ചുക്കുട്ടി തമ്പുരാട്ടിയുടെയും മകനായി 1923ലാണ് ജനനം. റേഡിയോ എൻജിനീയറിംഗിൽ ബിരുദം നേടിയ ശേഷം എറണാകുളം റേഡിയോ കമ്പനി മാനേജരായി ദീർഘകാലം തൃശൂരിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തെയും ചിറയ്ക്കൽ കോവിലകത്തെയും വലിയ തമ്പുരാൻ സ്ഥാനമാണ് വഹിച്ചിരുന്നത്.

ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിലെ ഉത്സവ ചടങ്ങുകൾക്ക് അനുമതി നൽകുന്നതും ക്ഷേത്രത്തിലെ ആചാരങ്ങളിലെ അവസാന വാക്കും വലിയ തമ്പുരാന്റേതാണ്. ചരിത്ര പ്രസിദ്ധമായ ഭരണി, താലപ്പൊലി ചടങ്ങുകൾക്കും അനുമതി നൽകുന്നതും വലിയ തമ്പുരാണ്.

ഭാര്യ: പന്തളം കൊട്ടാരത്തിൽ പരേതയായ അംബാലിക തമ്പുരാട്ടി. മകൾ: ഐഷ.

## ചിറക്കൽകോവിലകം വലിയരാജ



ചിറക്കൽ കോവിലകം വലിയ രാജ തിരുവാതിര നാൾ സി.കെ. ഉദയവർമ്മരാജ (89) അന്തരിച്ചു. പരേതരായ ചിറക്കൽ കിഴക്കേ കോവിലകത്ത് കാർത്തിക നാൾ കുഞ്ഞാണ്ടിക്കുട്ടി തമ്പുരാട്ടിയുടേയും ബേപ്പൂർ പുതിയ കോവിലകത്ത് പി.സി. കേരളവർമ്മ രാജയുടേയും മകനാണ്. ഭാര്യ കിളിമാനൂർ കൊട്ടാരത്തിൽ പരേതയായ രമണീബായ് തമ്പുരാട്ടി. മക്കൾ വേണു വർമ്മ (ഡെപ്യൂട്ടി മാനേജർ, SBI , മട്ടന്നൂർ ), വിനോദ് വർമ്മ (ഡെപ്യൂട്ടി മാനേജർ, SBI, RACPC,കോഴിക്കോട്).മരുമക്കൾ ലളിതാ വർമ്മ (പൂഞ്ഞാർ കൊട്ടാരം), മായാ വർമ്മ (മാങ്കാവ് കോവിലകം-അസിസ്റ്റന്റ് പ്രൊഫസർ, ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട് )

ചിറക്കൽ രാജാസ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചിറക്കലിലെ ഉദയ കമേർസിയൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനാണ്.


ചിറക്കൽ കോവിലകം ദേവസ്വത്തിൽ പെട്ട 38 ഓളം ക്ഷേത്രങ്ങളുടെ പാരമ്പര്യ ട്രസ്റ്റിയായിരുന്നു

## കെ.രാജരാജവർമ്മ



തിരുവല്ല നെടുമ്പ്രത്തു കൊട്ടാരത്തിലെ വലിയ തമ്പുരാൻ കെ.രാജരാജവർമ്മ (90) അന്തരിച്ചു. ഭാര്യ: രുഗ്മിണി വർമ്മ. ടി.കെ. മാർത്താണ്ഡവർമ്മ, എൻ കെ കേരളവർമ്മ, പരേതരായ രാമവർമ്മ, ജി. കേരള വർമ്മ, കെ. ഉദയവർമ്മ എന്നിവർ സഹോദരങ്ങളാണ്

## വള്ളുവക്കോനാതിരി കെ.സി. ജനാർദ്ദനൻ രാജ



വള്ളുവക്കോനാതിരി വള്ളുവനാട്ടുകര വല്ലഭ രാജ കടന്നമണ്ണ കോവിലകത്തെ ജനാർദ്ദനൻ രാജ (87) തീപ്പെട്ടു. തിരുമാന്ധാം കുന്ന് ഭഗവതി ക്ഷേത്രം ട്രസ്റ്റിയായിരുന്നു

ഭാര്യ: തങ്കമണി തമ്പുരാട്ടി നീലേശ്വരം അള്ളട സ്വരൂപത്തിലെ വലിയ തമ്പുരാട്ടിയാണ്. മക്കൾ: കെ.സി.ചിത്ര (റിട്ട. പ്രിൻസിപ്പൽ, ചെന്നൈ ഡിഎവി സ്കൂൾ) ജ്യോതി വർമ്മ (എംഡി റൈസർ എച്ച്.ആർ.കൺസൽറ്റിംഗ്, ചെന്നൈ), മരുമക്കൾ: കേരള വർമ്മ (എസ്ബിഐ. റിട്ട. മാനേജർ), ദിനേശ് വർമ്മ (ദ് ഹിന്ദു).

## രേവതിനാൾ ഉദയവർമ്മ രാജ



കോട്ടയം നട്ടാശ്ശേരി തെക്കുംകൂർ പാലസിൽ വലിയ തമ്പുരാൻ (കിഴക്കേടത്തിൽ) രേവതി നാൾ ഉദയവർമ്മ രാജാ(95) ചെന്നൈയിൽ അന്തരിച്ചു. ആറന്മുള കൊട്ടാരത്തിലെ പരേതയായ രാധാഭായി തമ്പുരാട്ടിയാണ് ഭാര്യ. മക്കൾ: ഗീതാ വർമ്മ (ദേശമംഗലം), ജ്യോതി വർമ്മ (ചെന്നൈ). മരുമക്കൾ: ജയരാജ് വർമ്മ, മണികണ്ഠ പ്രസാദ്.

### രാജാംബിക തമ്പുരാട്ടി



ചേർത്തല കോപ്പുഴ കോവിലകം കുടുംബാംഗം തിരുവല്ല കാവുംഭാഗം അഴിയിടത്തുചിറ പുതിയ മഠത്തിൽ രാജാംബിക തമ്പുരാട്ടി (91) നിര്യാതയായി.

മക്കൾ: ആർ. രാജരാജവർമ്മ (റിട്ട: സീനിയർ ആഡിറ്റ് ആഫീസർ ഏജീസ് ഓഫീസ്, ശ്രീപത്മനാഭസ്വാമി ടെമ്പിൾ ട്രസ്റ്റ് അഡ്മിനിസ്ട്രേറ്റർ), ആർ. രാമവർമ്മ (റിട്ട. Dy. Director, VSSC), പരേതനായ പി. ആർ. രവിവർമ്മ (തിരുവല്ല), ദിനേശ് കുമാർ വർമ്മ (റിക്കവറി ഓഫീസർ, ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ, പൂനെ), ശ്രീദേവി വർമ്മ.

മരുമക്കൾ: ആർ. ലക്ഷ്മി വർമ്മ (മണ്ണൂർ മഠം കൊട്ടാരം, മാവേലിക്കര), ഡോ. ആർ. ലക്ഷ്മി വർമ്മ (റിട്ട: Scientist CSIR തിരുവനന്തപുരം), ബിന്ദു തമ്പുരാട്ടി (പുഷ്പഗിരി ഹോസ്പിറ്റൽ, തിരുവല്ല), അനുരാധ വർമ്മ (അദ്ധ്യാപിക, DAV ഹയർ സെക്കന്ററി സ്കൂൾ മുംബായ്), കൃഷ്ണ കുമാർ കെ. (മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം).

### രാധാകൃഷ്ണൻ



പിലാത്തറ: ചെറുതാഴം കോക്കാട് വടക്കെ മഠത്തിൽ രാധാകൃഷ്ണൻ (59) അന്തരിച്ചു. കുറുവേലി വിഷ്ണു ശർമ്മ എൽ പി സ്കൂൾ റിട്ട. അധ്യാപകൻ പരേതനായ എൻ.കെ. നാരായണൻ ഉണ്ണിത്തിരി-വി.എം. ദേവിക്കുട്ടിയമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ: എൻ. എം. രാജേശ്വരി (ചെന്നൈ). മകൻ: രജിത് കുമാർ വർമ്മ (ബൽജിയം).

### വിക്രംരാജ് വർമ്മ



ക്ഷത്രിയക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റും പിലാത്തറ യൂണിറ്റ് പ്രസിഡന്റും ആയ മോഹനവർമ്മ പി.കെ. യുടെ സഹോദരൻ വി.കെ.വിക്രം രാജ് വർമ്മ (57) അന്തരിച്ചു. ഭാര്യ: ചെറുകുന്ന് കവിണിശ്ശേരി കോവിലകത്ത് മംഗള വർമ്മ. മകൾ: ആതിര വർമ്മ.

**രാധ തമ്പുരാട്ടി**



നട്ടാശ്ശേരി തെക്കുംകൂർ പാലസിൽ (കിഴക്കേടത്തിൽ) ഉദയവർമ്മ രാജായുടെ പത്നി രാധ തമ്പുരാട്ടി (ആറന്മുള കോവിലകം-84) അന്തരിച്ചു.

മക്കൾ: ഗീതാ വർമ്മ (ദേശമംഗലം), ജ്യോതി വർമ്മ (ചെന്നൈ). മരുമക്കൾ: ജയരാജ് വർമ്മ, മണികണ്ഠ പ്രസാദ്.

**തങ്കം അരവിന്ദ്**



ചാലക്കുടി വടക്കേ മഠം കുടുംബാംഗം തങ്കം അരവിന്ദ് (86) നിര്യാതയായി. ഭർത്താവ്: അഞ്ചേരി മഠത്തിൽ പരേതനായ എ.വി. അരവിന്ദ്.

മക്കൾ: അജിത് കുമാർ, അനിൽകുമാർ, രാജി. മരുമക്കൾ: പ്രിയ അജിത്, പ്രിയ അനിൽ, പ്രസന്ന വർമ്മ.

**രാജേശ്വരി തമ്പുരാട്ടി**




എഴുമറ്റൂർ കോയിക്കൽ കുടുംബാംഗമായ രാജേശ്വരി തമ്പുരാട്ടി (63) തൃപ്പൂണിത്തുറയിൽ നിര്യാതയായി.

ഭർത്താവ്: തൃപ്പൂണിത്തുറ മംഗള മഠത്തിൽ ശ്രീകുമാര വർമ്മ.

മക്കൾ: ഡോ. സൂരജ് വർമ്മ (ആസ്ട്രേലിയ), സ്വപ്ന വർമ്മ.

മരുമക്കൾ: ഡോ. നിഷ വർമ്മ (ആസ്ട്രേലിയ), ശ്രീജിത്ത് വർമ്മ.

**ലക്ഷ്മിഭായ് പിള്ളയാർതിരി അമ്മ**



നൂഞ്ഞിയിൽ പുതിയ മഠത്തിൽ ലക്ഷ്മിഭായ് പിള്ളയാർതിരി അമ്മ (95) നിര്യാതയായി.

ഭർത്താവ്: പരേതനായ ഇ.പി. നാരായണൻ നമ്പൂതിരി (മുൻ മേൽശാന്തി, കരിവെള്ളൂർ ശ്രീ കാമാക്ഷിക്ഷേത്രം).

മക്കൾ: എൻ.പി ശാന്തകുമാരി (റിട്ട.ടീച്ചർ, പിലാത്തറ എ. യു. പി സ്കൂൾ), എൻ.പി ബാലകൃഷ്ണൻ (കരിവെള്ളൂർ), എൻ.പി. വേണുഗോപാലൻ (സിംഗപ്പൂർ), മരുമക്കൾ: കൃഷ്ണൻ നമ്പൂതിരി (റിട്ട. പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, മാതമംഗലം), സി.കെ വത്സല (കരിവെള്ളൂർ), സ്വപ്ന (തൃശ്ശൂർ)

**വസുമതി തമ്പുരാട്ടി**



കണ്ണൂർ ചിറക്കൽ കോവിലകം വസുമതി തമ്പുരാട്ടി (84) അന്തരിച്ചു. ചെറുകോൽ കൊട്ടാരത്തിൽ പരേതനായ കേരള വർമ്മയുടെ ഭാര്യയാണ്.

മക്കൾ: ശ്യാം കേരളവർമ്മ, സുഭാഷ് രാജ വർമ്മ, പ്രസാദ് രവി വർമ്മ.

മരുമക്കൾ: സിന്ധു വർമ്മ (കൊരട്ടി), രഞ്ജിനി വർമ്മ (ഇടപ്പിള്ളി)

*ശേഷം 74 ൽ*

*74-ൽ നിന്നും തുടർച്ച...*

വർമ്മരാജയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. വാദ്യാഘോഷങ്ങളും മറ്റു ആഘോഷങ്ങളും ഒഴിവാക്കി ഉത്സവച്ചടങ്ങുകൾ മാത്രം നടത്താൻ തീരുമാനമായി. പള്ളിവേട്ടയും ആറാട്ടും ചടങ്ങുകൾ മാത്രമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്താനും തീരുമാനിച്ചു. ചടങ്ങിൽ എ.സി.നന്ദകുമാർ സ്വാഗതം പറഞ്ഞു. കെ.സി. മാനവർമ്മ രാജ, വി.സി. കൃഷ്ണവർമ്മ രാജ, കെ.സി. രവിവർമ്മ രാജ, ഡോ. കെ.സി.കെ. രാജ, ടി.സി. ഭാഗീരഥി തമ്പുരാട്ടി തുടങ്ങിയവർ സംസാരിച്ചു. തളിയിൽ ക്ഷേത്ര അയ്യപ്പ സേവാസമിതി ഭാരവാഹികളും തളിയിൽ ക്ഷേത്രഗോപുര നിർമ്മാണ കമ്മിറ്റി ഭാരവാഹികളും യോഗത്തിൽ സംബന്ധിച്ചു. ടി.സി. മനോരമ തമ്പുരാട്ടി നന്ദിയും പറഞ്ഞു.

# വൈവാഹികം

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2111

| | | | |
|---|---|---|---|
| മാ | - | ശു ശി | ച ബു |
| ശ | ഗ്രഹനില | | ര |
| ല | | | കു |
| - | സ | - | ഗു |

| | | | |
|---|---|---|---|
| - | ച | ബു ശി ഗു | ല ശു |
| - | നവാംശം | | ര |
| - | | | മാ |
| - | സ ശ | കു | - |

ക്ഷത്രിയ യുവാവ് 28 വയസ്സ് ( 18-07-1993), പുണർതം നക്ഷത്രം, 165 സെ.മി ഉയരം.
B.Tech Mechanical (Working at Abu Dhabi. UAE)
Contact number- 8078004151, 8547101728.

### BOX No. 2112

| | | | |
|---|---|---|---|
| - | - | - | ശി |
| - | ഗ്രഹനില | | - |
| മ മാ | | | ഗു |
| സ ല | ച ര കു ബു | ശു | - |

| | | | |
|---|---|---|---|
| ബു ശി മ | മാ | ല | - |
| - | നവാംശം | | - |
| - | | | ച |
| ര | ശു | കു | ഗു സ |

ജന്മശിഷ്ടദശ - ശനി 14 വർഷം 3 മാസം 25 ദിവസം.

Kshatriya boy 29 yrs. (5-12-1991), Anizham star, 5ft.7in. M Tech from NIT Calicut working in a Multi National Company. Seeks suitable alliance.Contact: Mail id: kdedoop@gmail.com or whatsapp no: 9037501057

# ശർമ്മിളവർമ്മയ്ക്ക് ദേശീയ അവാർഡ്

ഇന്ത്യയിലെ മികച്ച സ്കൂൾ അധ്യാപകരെ കണ്ടെത്തുന്നതിനു പി.സി.എം. സ്കോളർഷിപ്പ് അതോറിറ്റി ദേശീയ അടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിൽ എസ്. ശർമ്മിള വർമ്മ മൂന്നാം സ്ഥാനം നേടി. മാള ഡോ. രാജു ഡേവിസ് ഇന്റർനാഷനൽ സ്കൂൾ അധ്യാപികയാണ്. കാഷ് അവാർഡും മെമന്റോയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം പിന്നീട് സമ്മാനിക്കും.

ക്ഷത്രിയ ക്ഷേമസഭയുടെ വെള്ളാരപ്പിള്ളി യൂണിറ്റിൽ നിന്നുള്ള സംസ്ഥാന സമിതി അംഗമാണ്. ചേർത്തല ബാലരാമവർമ്മയുടെയും ശാന്താമണിയുടെയും മകളും വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ കെ. രാജേന്ദ്രവർമ്മയുടെ (സോളാർ വാട്ടർ ഹീറ്റർ കമ്പനി, തൃപ്പൂണിത്തുറ) ഭാര്യയുമാണ്.

10 സംസ്ഥാനങ്ങളിൽ നിന്നായി 600 സ്കൂളുകളിൽ നിന്നുള്ള 1500 അധ്യാപകരിൽ നിന്നാണ് അവാർഡ് ജേതാക്കളെ കണ്ടെത്തിയത്.



# ബാഷ്പാഞ്ജലി



## രാജാംബിക തമ്പുരാട്ടി (91)

മക്കൾ :

ആർ.രാജരാജവർമ്മ (രാജൻ),
ആർ. രാമവർമ്മ (വിജയൻ)
പരേതനായ പി. ആർ. രവിവർമ്മ,
ദിനേശ്കുമാർ വർമ്മ, ശ്രീദേവി വർമ്മ

മരുമക്കൾ

ആർ ലക്ഷ്മി വർമ്മ (മണ്ണൂർ മഠം കൊട്ടാരം, മാവേലിക്കര)
ഡോ. ആർ. ലക്ഷ്മി വർമ്മ
ബിന്ദു തമ്പുരാട്ടി, അനുരാധ വർമ്മ (മിനി)
കൃഷ്ണകുമാർ കെ.


കൊച്ചുമക്കൾ

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

January 2021
Annual Subscription ₹150


# വൈവാഹിക പംക്തികളോടു വിടപറയൂ
# ക്ഷത്രിയരുടെ സ്വന്തം സ്വയംവരത്തെ വരവേൽക്കൂ




തിരഞ്ഞെടുക്കാൻ ധാരാളം
ചെറുപ്പക്കാരുടെ വിവരങ്ങളുമായി
ക്ഷത്രിയം സ്വയംവരം ഉള്ളപ്പോൾ
നമ്മൾ മറ്റെങ്ങു പോകാൻ.
സ്വയംവരത്തിൽ അംഗം ആകൂ,
സേവനങ്ങൾ സ്വന്തമാക്കൂ. വരൂ,
കാണൂ, തിരഞ്ഞെടുക്കൂ !
വിശദ വിവരങ്ങൾക്ക്..






## ടീം സ്വയംവരം
## ഫോൺ: 623 511 8140


Printed & Published by Admaja Varma Thampuran, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org